
History of India - INSCRIPTIONS PART 6



INDIAN HISORY I
RICH WITH
INSCRIPTIONS
GIVING PROOF O
EACH ROYAL
DYNASTY ,
GURUPARAMPAI
AND THEIR
CONTRIBUTIONS
TO SOCIETY

For those who have an eye to see and an ear to listen the inscriptions offer the story of the rich heritage of India.



History of India Inscriptions Part 6

Dr Suvarna Nalapat

ഐഹോൾലിഖിതം. പുലികേശി 2

പഴയ കലാഡ്ഗി (ബീജാപൂർ)ജില്ലയിലെ ഹുങ്കുണ്ഡ് താലൂക്ക് ഐഹോളിലെ മേഗുതിക്ഷേത്രത്തിലെ കിഴക്കേ ചുമരിലെ ലിഖിതം. 19 വരി. തെക്കൻ ലിപി. സംസ്കൃതം ഭാഷ, പദ്യം. നിരവധി വൃത്തങ്ങളിലായ് 37 ശ്ലോകം രചിച്ചിരിക്കുന്നു. ചാലൂക്യസത്യാശ്രയ പുലികേശി 2 ന്റെ കാലത്തെ രവികീർത്തിയാണ് കവി. പുലികേശി

ജൈനമുനി ജിനേന്ദ്രനു വേണ്ടി പണിത ക്ഷേത്ര ത്തിന്റെ ചുമരിലാണ് ലിഖിതം. പുലികേശിക്കും ചാലൂക്യവംശത്തിനുമുള്ള കീർത്തിയാണ് ഈ കവിത. പ്രൊ ഭണ്ഡാർക്കറും ഫ്ലീറ്റും ഇതിന്റെ ചരിത്രപരമായ കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട്. ഇതിൽനിന്ന് വ്യത്യസ്തമായ ചിലത് കിൽബോ ൺ പറയുന്നുണ്ട്.17ആം വരിയിലെ ഭൈമരഥ്യാ എന്ന വാക്ക്. ഭീമരഥി നദിയുടെ വടക്കുനിന്നാണ് അപ്പയ്യികയും ഗോവിന്ദയും പുലകേശിയെ ആക്രമിക്കാനെത്തിയത്. വടക്കേ സമുദ്രമെന്ന് ലിഖിതം പറയുന്നില്ല. വരി 22ൽ ലാട, മാളവ, ഗുർജ്ജരന്മാരെ പുലികേശി കീഴടക്കി എന്നല്ല അവർ സ്വമേധയാ പുലികേശിയുടെ സഹായം ചോദിച്ചുവന്ന് കീഴടങ്ങി എന്നാണ്. വരി 28ലെ കൌണാലജലം (ദ്വീപുകളോടു കൂടിയ കുണാല എന്ന ജലാശയം) പുലികേശിയുടെ സൈന്യത്താ ൽ ചുറ്റപ്പെട്ടു എന്നാണ്. വരി 26 (കലിംഗ,കോസ ലങ്ങളെ കീഴടക്കി) വരി 27 (പിഷ്ടപുരം കോട്ട പിടിച്ചു ഗോദാവരി ജില്ലയിലെ) വരി 28 (കുണാ ലം പ്രതിരോധിച്ചു), വരി 29 (പല്ലവരാജാവിനെ കാഞ്ചീപുരത്തിനടുത്ത് തോൽപ്പിച്ചു) വരി 30 (കാവേരി നദി കടന്നു) ഇതാണ് ക്രമം. അത് തെ ക്കേ ഇന്ത്യയുടെ കിഴക്കൻതീരം ഓരോന്നായി കീഴടക്കിയ ക്രമമാണ്. വടക്കുനിന്ന് തെക്കോട്ടാ ണ് വന്നിരിക്കുന്ന ക്രമം. അതായത് കുണാലജലം പിഷ്ഠപുരത്തിനു തെക്ക് ഗോദാവരി, കൃഷ്ണ നദികളുടെ ഇടയിലെ കൊല്ലേരു തടാകമാണ്.

വേറെ ചില രാജാക്കന്മാരുടെ ലിഖിതങ്ങളിലും ഈ പ്രദേശം കോട്ടയോടുകൂടിയ സ്ഥാനമായിരുന്നു എന്നും ആക്രമങ്ങളുണ്ടായിട്ടുണ്ടെന്നും പറയുന്നുണ്ട്. കിഴക്കൻ ചാലൂക്യ കുലോത്തുംഗ ചോള 2 ന്റെ ശകം 1056 ലിഖിതം (ഈ ലിഖിതത്തിന് 500 വർഷം കഴിഞ്ഞ്) വെങ്കിമണ്ഡലത്തിൽ വിഷ്ണുവിന്റെ ദ്വാരകാപുരിയെപ്പോലെ ജലമദ്ധ്യത്തിൽ സരസീപുരി എന്ന നഗരമുണ്ടെന്നും അതിനെ ആർക്കും ജയിക്കാനാവില്ല എന്നും അതിനെ കോലനുവിലെ കാടമനായക്കനാണ് സംരക്ഷിക്കുന്നതെന്നും പറയുന്നു. കോലനു എന്നത് തെലുങ്കിൽ തടാകമാണ്. തെലുങ്കിൽ കോലനുവും തമിഴിൽ കൊല്ലേരു എന്നും വിളിക്കുന്നതാണ് ഈ ലിഖിതത്തിലെ കുണാലം. സമുദ്രഗുപ്തന്റെ അലഹബാദ് സ്തംഭലിഖിതത്തിലെ കൌർദ്ദലകം പിഷ്ടപുരത്തിനു തൊട്ടുമുമ്പാണ് പറയുന്നത്. ഡോ ഫ്ലീറ്റ് ഇതിനെ കൌരാലകം എന്നാണ് വായിച്ചത്. ഇത് കൊല്ലേരുവിനു സമാനമാണ്. രലയോരഭേദം വന്നതാണ്.

ഭാരതയുദ്ധത്തിനു ശേഷം കലി 3735 ശകസംവത് 556 കഴിഞ്ഞ്, എഡി 634-35 ലാണ് പുലകേശിയുടെ ലിഖിതം. സംസ്കൃതസാഹിത്യചരിത്രവിദ്യാർത്ഥികൾക്കും ഈ ലിഖിതം പ്രധാനമാണ്. രവികീർത്തിയെ കാളിദാസനോടും ഭാരവിയോടും തുലനം ചെയ്തിരിക്കുന്നത് ആത്മപ്രശംസയാണെന്ന് ചിലർ പറഞ്ഞേക്കാം. എന്നാൽ

രവികീർത്തി അലങ്കാരശാസ്ത്രത്തിൽ പ്രാവീണ്യം ഉള്ളവനാണെന്നും ദാക്ഷിണാത്യകവികളുടെ പ്രത്യേകതയായ ഉൽപ്രേക്ഷയിൽ അദ്ദേഹത്തിനെ അതിശയിക്കാനാരുമില്ല എന്നും മനസ്സിലാവുന്നു.കാളിദാസന്റെ രഘുവംശം അദ്ദേഹത്തിന് അറിയാം. ഇന്ത്യയിൽ മറ്റു സ്ഥലങ്ങളിലും കാളിദാസൻ അന്നേ പ്രശസ്തനാണ്. എഡി 588ലെ ബോധിഗയയിലെ മഹാനാമന്റെ ലിഖിതത്തിൽ രഘുവംശത്തിലെ ശ്ലോകം ഉണ്ട്. മൌഖാരി അനന്തവർമ്മന്റെ നാഗാർജ്ജുനഗുഹാലിഖിതത്തിലും കാളിദാസശ്ലോകത്തിന്റെ അനുകരണം ഉണ്ട്. 7ആം നൂറ്റാണ്ടിന്റെ ആദ്യത്തിലെ ആദ്യകംബോഡിയൻ ലിഖിതത്തിലും കൂടി കാളിദാസശ്ലോകമുണ്ട് (രഘുവംശത്തിലെ) രഘുവംശത്തിലെ യഥാവിധി ഹുതാഗ്നീനാം യതാകാമാർത്ഥിനാർച്ചിനാം (രഘു 1.6) മംഗലേശന്റെ മഹാകൂട സ്തംഭലിഖിതത്തിൽ (എഡി 602) ഉണ്ട്. രവികീർത്തി രഘുവംശത്തിലേയും കിരാതാർജ്ജുനീയത്തിലേയും വരികളെ ആശ്രയിക്കുന്നുണ്ട്. രഘുവംശത്തിലെ ദിഗ്വിജയമാണ് ഇവിടെ പുലകേശിയുടെ ദിഗ്വിജയത്തിനു മാതൃകയായി സ്വീകരിക്കുന്നത്. കാവ്യം, ചരിത്രം, ഇവ പരസ്പരം ബന്ധിതമായി ഈ ലിഖിതത്തിൽ കാണാം. അതിനാൽ വെറും ആത്മപ്രശംസയല്ല രവികീർത്തിയുടേതെന്ന് വ്യക്തം. സ്വന്തം കഴിവിനെ നന്നായി അറിയുന്ന ഒരാളുടെ ആത്മവിശ്വാസമാണത്,

ലിഖിതം

1.ജയതി ഭഗവാൻ ജിനേന്ദ്രോ വീതജരാമരണ ജന്മനോ യസ്യ ജ്ഞാനസമുദ്രാന്തർഗ്ഗതം അഖിലാൻജഗദന്തരീപം ഇവാ തദനു ചിരം അപരിമേയശ്ചാലൂക്യകുലവിമലജലനിധിർ ജയതി. പർഥ്വീമൌലിലലാമ്നാം യ പ്രഭവ പുരുഷരത്നാനാം. ശൂരേ വിദുഷി ച വിഭജൻ ദാനം മാനാഞ്ച യുഗപദ് ഏകത്ര

2 അവിഹിതയാഥാസംഖ്യോ ജയതി ച സത്യാശ്ര യ സുചിരം. പൃഥ്വീവല്ലഭശബ്ദോ യേഷാം അനവർത്ഥതാൻ ചിരാൻ ജാതാ. തദ് വംശേഷു ജിഗീഷുഷു തേഷു ബഹുഷ്വപി അതീതേഷു. നാനാഹേതിശതാഭിഹാതപതിതഭ്രാന്താശ്വ പത്തിദ്വീപേ നൃത്യാത്ഭീമകബന്ധഖഡ്ഗകിരണ ജ്വാലാസഹസ്രാണേ.

3 ലക്ഷ്മീർഭാവിതചാപലാപി ച കൃതാ ശൌര്യേണ യേനാത്മസാത് രാജാസിജ്ജയസിംഹവല്ലഭ ഇതി ഖ്യാത ചാലൂക്യാന്വയ. തദ് ആത്മജോ ഭൂത് രരണരാഗനാമ ദിവ്യാനുഭാവോ ജഗദേകനാഥ. അമാനുഷത്വം കില യസ്യ ലോകസ്സുപ്തസ്യ ജാനാതി വപുപ്രകർഷാത്. തസ്യാഭവത് തനുജ പുലകേശി യ ശ്രിതേന്ദു കാന്തിരപി

4 ശ്രീവല്ലഭോപി അയാസീത് വാതാപിപുരി വധൂവരതാം. യത് ത്രിവർഗ്ഗപദവീമലം

ക്ഷിതൌ നാനുഗന്തും അധുനാപി രാജകാം. ഭൂശ്ചയേന ഹയമേധയാജിനാ പ്രാപിത് അവഭൃതമജ്ജനാ ബഭൌ. നളമൌര്യകദംബ കാലരാത്രിതനയസ്തസ്യാ ബഭൂവ കീർത്തിവ ർമ്മ(1) പരദാരനിവൃത്തചിത്തവൃത്തേരപി ധീർ യസ്യ രിപു ശ്രീ-

5 യാനുകൃഷ്ട. രണപരാക്രമലബ്ധജയശ്രിയാ സപദി യേന വിരുഘ്നമാശേഷത. നൃപതിഗ ന്ധഗജേന മഹൌജസ പൃഥുകദംബകദംബ കദംബകം. തസ്മിൻ സുരേശ്വരവിഭൂതിഗതാ ഭിലാഷേ രാജാഭവത് തദാനുജ കില മംഗലേശ. യപൂർവ്വപശ്ചിമസമുദ്ര തതോഷിതാശ്വസേനാ രജത്പദവിനിർമ്മിത ദിഗ്വിതാനാ. സ്ഫുരൻ മയൂഖൈരസിദീപികാശതൈർ

6 വ്യുതസ്യമാതംഗതമിസ്രസഞ്ചയം. അവാപ്തവാൻ യോ രണരംഗമന്ദിരേ കടച്ചുരി ശ്രീലലനാപരിഗ്രഹം. പുനരപി ച ജിഘ്ബൃക്ഷോസ്സൈന്യം ആക്രാന്തശാലം രുചിരബഹുപതാകം രേവതീദ്വീപമാശു സപദി മഹദുദന്വാത്തോയസംക്രാന്തബിംബം. വരുണബലം ഇവാഭൂതാഗതം യസ്യ വാചാ. തസ്യാഗ്രജസ്യ തനയേ നഹുഷാനുഭാഗേ (വേ) ലക്ഷ്മ്യാകിലാ-

7 ഭിലഷിതേ പൊലെകേശിനാമ്നി സാസൂയമാ ത്മനി ഭവന്തം അത പിതൃവ്യാം ജ്ഞാത്വാപരുദ്ധ ചരിതവ്യവസായബുദ്ധൌ. സ യദുപചിതമ

ന്ദ്രോത്സാഹ ശക്തിപ്രയോഗക്ഷപിത ബലവി ശേഷോ മംഗലേശസമ്ന്താത്. സ്വതനയഗതരാ ജ്യാരംഭയത്നേന സാർദ്ധം നിജമതനും ച രാജ്യാൻ ജീവിതാൻചോജ്ജഹതി സ്മ. താവത് തച്ഛത്രഭംഗേ ജഗദഖിലം അരാത്യന്ധകാരോ പരുദ്ധം.

8. യസ്യസഹ്യപ്രതാപദ്യുതിതതിഭിർ ഇവാക്രാ ന്ത ആസീത് പ്രഭാതം. ന്യൃത്യാത് വിദ്യുത്പതാ കൈ പ്രജവനി മരുതി ക്ഷുണ്ണപര്യന്തഭാഗൈർ ഗർജ്ജദ്ഭിർ വാരിവാസൈരളികുലമലിനം വ്യോമയാതം കദാ വാ. ലബ്ധ്വാ കാലം ഭുവം ഉപഗതേ ജേതും ആപ്പായികാഖ്യേ ഗോവിന്ദേ ച ദ്വിരദനികരൈർ ഉത്തരാം ഭീമരഥ്യാ. യസ്യാനികൈർ യുധി ഭയരസജ്ഞാത്വമേക പ്രയാതസതത്രാവാപ്തം ഫലം ഉപക്രിതസ്യാ-

9 പരേനാപി സദ്യ. വരദാതുംഗതരംഗരംഗവില സദ് ദംശാവലീമേഖലാം വനവാസിമാവമ്രിദ്നത സ്സുരപുരപ്രസ്പർദ്ധിനീം സംപദാ. മഹതാ യസ്യ ബലാർണ്ണവേന പരിതസ്സാഞ്ചാദിതോർവ്വീ തലം. സ്ഥലദുർഗ്ഗാൻ ജലദുർഗ്ഗതാം ഇവ ഗത തത് തത്ക്ഷണേ പശ്യതാം. ഗംഗാലൂപേന്ദ്രാനി വ്യസനാനി സപ്ത ഹിത്വാ പുരോപാർജ്ജിത സമ്പദോാപി യസ്യാനുഭാവോപനതാസ്സദാസന്നാ-

10 സന്നസേവാമൃതപാനസൌന്ദാ. കൊങ്കണേഷു യദാദിഷ്ടചണ്ഡദണ്ഡാംബുവിചരിഭി. ഉദസ്തസ്തരസാ മൌര്യപൽവലാംബുസമൃ

ഝയാ.അപരജലധേർലക്ഷ്മിം യസ്മിൻ പുരിം പുരഭിത്ത് പ്രഭേ മദഗജഘടാകാർണ്ണിർ നന്നാവാം ശതൈർ അവംർദ്ദിനതി. ജലദപ ടലാനികാകീർണ്ണൻ നവോത്പലമേച്ചകാൻ ജലനിധിഇവ വ്യോമവ്യോമ്നസ്സ-

11 മോ ഭവദംബുഭി. (ധി). പ്രതാപോപനതാ യായ ലാടമാളവഗുർജ്ജരാ. ദണ്ഡോപനത സാമന്തചര്യാച്ചാര്യഇവാഭവൻ. അപരിമിതവിഭൂതിസ്ഫീതസാമന്തസേനാമകുട മണിമയൂഖാക്രാന്തപാദാരവിന്ദ. യുധി പതിതഗജേന്ദ്രാണീകവിഭീഭത്സഭൂതോ ഭയവികലിതഹർഷോ യേന ചാകാരി ഹർഷ. ഭുവമുരുഭിരാനികൈസ്സ-

12 സതോ യസ്യ രേവാവിവിധപുളിനശോഭാ വന്ദ്യ വിന്ധ്യോപകാന്താ. അധികതരമരാജത് സ്വേന തേജോമഹിമ്നാ ശിഖരിഭിരിഭവർജ്ജ്യാ വർമ്മണാ സ്പർദ്ധയേവ. വിധിവത് ഉപചിതാ ഭിശ്ശക്തിഭശ്ചക്രകകൽപ്പസ്ത്രിഭിരപി ഗുണൈകെസ്സാവൈശ്വ മഹാകുലാദ്യൈ. അഗമത് അധിപതിവം യോ മഹാരാഷ്ട്രകാനാം നവനവതിസഹസ്രഗ്രാമഭാജം ത്രയാണാം.ഗൃഹിണീം സ്വ-

13 സ്വഗുണൈസ്ത്രിവർഗ്ഗ തുംഗാ വിഹിതാന്യ ക്ഷിതിപാലമാനഭംഗാ. അഭവന്നുപജാതഭീതി ലിംഗാ യദ് അനീകേന സകോസലാൻ കലിംഗാ. പിഷ്ടം പിഷ്ടപുരം യേന ജാതം ദുർഗ്ഗം

അദുർഗ്ഗമാന ചിത്രം യസ്യ കലേർവൃത്തം ജാതം ദുർഗ്ഗമദുർഗ്ഗമം. സന്നദ്ധവാരണഘടാസ്തഗി താന്തരാളം നാനായുദ്ധക്ഷതനരക്ഷതാജംഗരാഗം. ആസിജ്ജലം യദ് അവമർദ്ദിതം അഭ്രഗർഭം കൌണാലം

14 അതബരമിവോജിതസന്ധ്യരാഗം. ഉദ്ധൂതാമല ചാമരധ്വജശതശ്ചത്രാന്ധകാരൈർവഹൈ ശൌര്യോത്സാഹരസോദ്ധതാരിമത്തനൈർ മൌലദിഭിഷ് ഷഡ്വിധൈ ആക്രാന്താത്മബലോ ന്നതിം രാജസാൻഛരന്ന കാഞ്ചീപുരപ്രാകാരാ ന്തരിതപ്രതാപം അകരോത് യ പല്ലവാനാം പതിം. കാവേരീ ധർതശഫരീവിലോലനേത്രാ ചോളാനാം സപദി ജയോദ്യതസ്യ യസ്യപ്രഛോ ദൻമദഗജസേ-

15 തുരുദ്ധനിരാ സംസ്പർശം പരിഹരതി സ്മ രത്നരാശേ . ചോളകേരളപാണ്ഡ്യാനാം യോഭൂ ത്തത്ര മഹാർദ്ധയേ . പല്ലവാനീകനിഹാരതുഹി നേതരദിധിതി. ഉത്സാഹപ്രഭുമന്ത്രശക്തിസഹി തേ യസ്മിൻ സമസ്താദിശോ ജിത്വാ ഭൂമിപ തിൻ വിശ്രിയ മഹിതാനാരാദ്ധ്യ ദേവദ്വിജാൻ. വാതാപീനഗരിം പ്രവിശ്യ നഗരീം ഏകം ഇവോർവ്വീം ഇമാം ചാഞ്ചന്നീരധി നീലനീര പരിഘാം.

പല്ലവന്മാരെന്ന ശത്രുക്കളുടെ നീഹാരം നീക്കി ചോളകേരളപാണ്ഡ്യന്മാർക്ക് ഐശ്വര്യം നൽകിയെന്ന് പറയുന്നതിനാൽ പുലകേശി 2

അവരുടെ ശത്രുവായിരുന്നില്ല എന്നും മിത്രം അഥവാ ബന്ധു ആയിരുന്നു എന്നും മനസ്സിലാക്കാം.

രണ്ട് കദംബ പ്ലേറ്റുകൾ:-ദ 1 വിജയശിവ മാന്ധാതൃവർമ്മന്റെ രണ്ടാം വർഷത്തിലെ കുദ്ഗേരേ ലിഖിതം.2. കൃഷ്ണവർമ്മൻ 2 വിന്റെ ഏഴാം ഭരണവർഷത്തിലെ ബന്നഹല്ലി പ്ലേറ്റ് .

കുദ്ഗേരേ പ്ലേറ്റ് 3 എണ്ണം. ബോക്സ് ഹെഡ്ഡഡ് തെക്കൻലിപി. മഹാരാജാ മൃഗേന്ദ്രവർമ്മന്റെ 4ആം വർഷത്തെ ദേവഗേരേ പ്ലേറ്റിനോടും ഹരിവർമ്മന്റെ ഹൽസി പ്ലേറ്റിനോടും സദൃശം. കോലാല എന്നതിൽ ദ്രാവിഡലിപി ള കാണുന്നു. ഭാഷ സംസ്കൃതം. 2 ശ്ലോകം ഒഴികെ എല്ലാം ഗദ്യം. കദംബവംശത്തിലെ ധർമ്മമഹാരാജാ വിജയ ശിവ മാന്ധാതൃവർമ്മൻ ബനവാസി (വനവാസി) യിലെ വൈജയന്തിയിൽ നിന്ന് രണ്ടാം ഭരണവർഷത്തിലെ വൈശാഖപൌർണ്ണമിക്ക് കോളാല ഗ്രാമത്തിലെ ഭൂമി ആത്മീയ ഗുരുവായ ദേവശർമ്മന് ദാനം ചെയ്തു. പട്ടിക (പത്രിക) എഴുതിയത് രഹസ്യാധികാരി (പ്രൈവറ്റ് സെക്രട്ടറി) ദാമോദരദത്തൻ. ലിഖിതങ്ങൾ വെച്ച് 2 രാജാക്കന്മാരാണ് വൈജയന്തിയിൽ വസിച്ചിരുന്നത്, വിജയശിവ മാന്ധാതൃവർമ്മനും, വിജയശിവ മൃഗേന്ദ്രവർമ്മനും.

Kudgere Plates of Vijaya-Siva-Mandhatrivarman.


i.


ii a.

J. F. FLEET.

FULL-SIZE.

W. GRIGGS, PHOTO-LITH.





അനേകസുചരിതാപചിത വിപുലപുണ്യ സ്കന്ധ ,ആഹവാർജ്ജിതവിപുലപരമ ധൃത സത്വ എനിനവ ഈ ലിഖിതത്തിലെ ബിരുദങ്ങ ളാണ്. മൃഗേശവർമ്മന്റെ ലിഖിതങ്ങളിൽ

അനേകജന്മാന്തരോപാർജ്ജിതവിപുലപുണ്യ സ്കന്ധ, ആഹവാർജ്ജിതപരമരുചിരധൃതസത്വ, നൈകാഹവാർജ്ജിതപരമധൃതസത്വ എന്നാണ്. ശാന്തിവർമ്മന്റെ അനുജനും മൃഗേശവർമ്മന്റെ മുൻഗാമിയുമെന്ന് മാന്ധാതൃവർമ്മനെ വിചാരിക്കുന്നു. മൈസൂരിലെ തുങ്കൂർജില്ലയിലും തുപ്തൂർ താലൂക്കിലെ തിരുവെക്കരേയിലും കോളാല ഗ്രാമമുണ്ട്.

1 സിദ്ധം ശ്രീവിജയവൈജയന്തം ധർമ്മമഹാരാജാ സ്വാമിമഹാസേന മാതൃഗണാനുധ്യാതാഭിഷിക്ത മാണവ്യഗോത്രോ ഹാരീതിപുത്ര പ്രതികൃതസ്വാദ്ധ്യായചർച്ചികാ കദംബാനാം ശ്രീവിജയശിവമാന്ധാതൃവർമ്മ

2അനേകസുചരിതോപചിതവിപുലപുണ്യസ്കന്ധ ആഹവാർജ്ജിതവിപുലപരമധൃതസത്വ സവത്സരേ ദ്വിതീയേ വൈശാഖപൌർണ്ണമാസ്യാം കോളാലഗ്രാമേ സീമ്നി സപാണീയപാടം സദക്ഷിണം അഖത്വാവാസന്തനം

3 അഭടപ്രവേശം അന്തങ്കരവിപ്തികം കൌണ്ഡിന്യ സഗോത്രായ ദത്താനുയോഗായ തൈത്തിരീയ സബ്രഹ്മചാരിണേ ദേവശർമ്മണേ മൊദേകരണീനാമ ഹലം രാജമാനേന വിംശതിനിവർത്തനം കേദാരം ദത്തവാൻ

4. പ്രമാദാത് അധർമ്മാത് വാ യോസ്യാഭിഹർത്താ സ പാതകസംയുക്തോ ഭവതി ഉക്താഞ്ച

സ്വദത്തം പരദത്തം വാ യോ ഹരേണ (ത) വസുന്ധരാം ഷഷ്ഠിം വർഷസഹസ്രാണി നരകേ പച്യതേ തു സ. യോസ്യഭിരക്ഷിതാ സ തത്ഫലഭാക്ക് ഉക്താഞ്ച ബഹുഭി വസുധാ ഭുക്താ രാജഭിസ്സഗരാദിഭി. യസ്യ യസ്യ യഥാ ഭൂമി ഭൂമസ്തസ്യ തസ്യ തഥാ ഫലം. ദാമോദര ദത്തേന രഹസ്യാധികൃതേന ലിഖിതേയം പട്ടികാ.

ഇതിലെ ചർച്ചിക ചർച്ചയിൽ പ്രാവീണ്യമുള്ള എന്ന അർത്ഥമാണ്. സ്വാദ്ധ്യായത്തിലും ചർച്ച കളിലും മുഴുകിയവരെന്ന് സാരം. മാതൃഗണങ്ങ ൾ സപ്തമാതൃക്കൾ. ഹാരീതവംശജരായ കദം ബന്മാർ സപ്തമാതൃക്കളെ ആരാധിക്കുന്നവരും അവരാൽ സംരക്ഷിക്കപ്പെടുന്നവരുമാണ്. വള രെ പുരാതനമായ വംശമാണ്. കദംബവംശം ബ്രാഹ്മണവംശമായതിനാൽ അവർ സ്വാദ്ധ്യായ ചർച്ചാപരന്മാരുമാണ്.

ബണ്ണഹല്ലി പ്ലേറ്റ്:- മൈസൂരിലെ കടൂർ ജില്ല ചിക്കമെംഗലൂർ താലൂക്കിലാണ് ബണ്ണഹല്ലി. 4 താമ്രപത്രം. പ്ലേറ്റുകൾ നമ്പറിട്ടത് വിപരീതക്രമ ത്തിലാണ്. ആദ്യത്തെ പ്ലേറ്റിൽ 4, രണ്ടാമത്തേതി ൽ 3, മൂന്നാമത്തേതിൽ 2 നാലാമത്തേതിൽ 1 വീ തം ചെറിയ കുഴിയുമ്ടാക്കിയാണ് നമ്പറിട്ടിരി ക്കുന്നത്. ഒന്നര ഇഞ്ച് വ്യാസത്തിൽ വൃത്താകൃ തിയുള്ള സീലുണ്ട്. വലത്തോട്ട് തിരിഞ്ഞുനി ൽക്കുന്ന സിംഹമുണ്ട്. ഹാംഗലിലേയും

ഗോവയിലേയും കദംബലിഖിതങ്ങളിലും സിം ഹലാഞ്ഛന ഉണ്ട്. തെക്കൻ ലിപി. ഹരിവ ർമ്മന്റെ ഹൽസി പ്ലേറ്റിനോട് സാമ്യം. മറ്റു കദം ബലിഖിതങ്ങളേക്കാളും വിക്രമേന്ദ്രവർമ്മ 2 ന്റെ ചിക്കുല്ല പ്ലേറ്റിനോടാണ് സാമ്യം. ഓരോ വരിയു ടേയും അവസാനം ചെറിയ വൃത്തങ്ങളിട്ടിരിക്കു ന്നു. ഇത് പല്ലവയുവമഹാരാജാ വിഷ്ണുഗോപ വർമ്മന്റെ ഉറുവപ്പള്ളി പ്ലേറ്റിലും കാണാം. വള്ളവി, കോളനള്ളൂര എന്നീ വാക്കുകളിൽ ദ്രാവിഡ ള കാണുന്നു. ഭാഷ സംസ്കൃതം. തുട ക്കം ഹരിയെ സ്തുതിച്ചാണ്. ഇതും 20-26 വരെ യുള്ള മനുവാക്യവും ഒഴികെ മറ്റെല്ലാം ഗദ്യമാ ണ്. 3-17 വരെ ഒറ്റ വാക്യമാണ്. ഈ ഭാഗത്തിന് പല്ലവഗ്രാന്റുകളോടാണ് സാദൃശ്യം.

വംശാവലിഃ- ധർമ്മമഹാരാജാ കൃഷ്ണവർമ്മ ൻ 1 കേകയത്തിലെ രാജപുത്രിയെ വിവാഹം ചെയ്തു. മകൻ ധർമ്മമഹാരാജാ വിഷ്ണുവ ർമ്മൻ, മകൻ ധർമ്മമഹാരാജാ സിംഹവർമ്മൻ. അദ്ദേഹത്തിന്റെ മകനാണ് ധർമ്മമഹാരാജാ കൃഷ്ണവർമ്മൻ 2. അദ്ദേഹം 7ആം ഭരണവ ർഷത്തിലെ കാർത്തികമാസത്തിലെ പഞ്ചമിക്ക് ജ്യേഷ്ഠനക്ഷത്രത്തിൽ വള്ളവിവിഷയത്തിലെ കോളനള്ളൂര ഗ്രാമം കൌശികഗോത്രത്തിലെ വിഷ്ണുശർമ്മന് ദാനം ചെയ്തു. തുതിയല്ല ഗോത്രം പ്രവരത്തിലെ ശ്രേഷ്ഠി ഹരിദത്തനാണ് ഇതിന്ന് രാജാവിനെ ഉപദേശിച്ചത്.

യുവരാജാ ദേവവർമ്മന്റെ ദേവഗേരേ പ്ലേറ്റിലെ ധർമ്മമഹാരാജാ കൃഷ്ണവർമ്മനാണ് കൃഷ്ണ വർമ്മൻ 1, അദ്ദേഹം അസ്വമേധയാജിൻ ആയി രുന്നു. അദ്ദേഹത്തിന് മറ്റൊരു ഭാര്യയായ കേക യരാജപുത്രിയിലുണ്ടായ മകനാണ് വിഷ്ണുവ ർമ്മൻ. കദംബരാജാക്കന്മാരുടെ മറ്റു ലിഖിതങ്ങ ളിൽ വിഷ്ണുവർമ്മന്റെയോ സിംഹവർമ്മന്റെ യോ പേരില്ല. അത് കേകയരാജപുത്രിയുടെ മക്കളാകയാലാവാം. വള്ളവിവിഷയം ബല്ലാവി യാണ്. (തുങ്കൂർ ജില്ല).

1 ഓം സ്വസ്തി! . ജയതി ഉദ്രിക്തദൈത്യേന്ദ്ര ബലവീര്യവിമർദ്ദനാ ജഗത് പ്രവൃത്തി സംഹാരസൃഷ്ടിമായാധരോ ഹരി സ്വാമിമഹാസേനാമാതൃഗണാനുധ്യായതാഭിഷി ക്താം മാണവ്യാസഗോത്രാണാം ഹാരീതിപുത്രാ ണാം പ്രതികൃതസ്വാദ്ധ്യായചർച്ചാപാരണാം

2 ശ്രീകദംബാനാം കൃഷ്ണവർമ്മധർമ്മമഹാ രാജസ്യ അശ്വമേധയാജിനാ അനേകസമരസംഘാതോപലബ്ധ വിജയകീർത്തേ വിദ്യാവിനീതസ്യ കൈകേയസുതായാം ഉത്പന്നേന ശ്രീവിഷ്ണുവർമ്മമഹാരാജേന ഗന്ധർവ്വഹസ്തിശിക്ഷധനുർവേദേഷു വത്സരാജേന്ദ്രഅർജ്ജുനസമേന

3 ശബ്ദാർത്ഥന്യായവിദുഷോദ്പാദിതസ്യ പുത്ര ശ്രീ സിംഹവർമ്മ കദംബാനാം മഹാരാജോ വിക്രാന്തോനേകവിദ്യാവിശാരദസ്തസ്യ

സൂനുനാ ശ്രീകൃഷ്ണവർമ്മമഹാരാജേന
സ്വവീര്യബലപരാക്രമോപാർജ്ജിതരാജ്യശ്രിയ
പരമബ്രഹ്മണ്യേന സമ്യക് പ്രജാപാലനദക്ഷേണ
ക്ഷീണലോഭേന വർദ്ധമാന വിജയരാജ്യസംവ
ത്സരേ സപ്തമേ കാർത്തികമാസേ

4 ആപൂര്യമാനപക്ഷേ പഞ്ചമ്യാം ജ്യേഷ്ഠനക്ഷ
ത്രേ കൌശികസഗോത്രായ വേദപാരഗായ
ഷഡ്കർമ്മനിരതായ ആഹിതാഗ്നയേ വിഷ്ണു
ശർമ്മനാമധേയായ ആത്മനിശ്രേയസാർത്ഥം
വള്ളാവിവിഷയേ കോളനല്ലൂരനാമ ഗ്രാമോ
ദത്ത സപാണീയപാതസർവ്വപരിഹാര
തുത്തിയല്ലഗോത്ര പ്രവരേണ സമയാചാര
സമ്പന്നേന സ്വകർമ്മാനുഷ്ഠാനതൽപ്പരേണ

5 രാജപൂജിതേന ഗോസഹസ്രപ്രദാത്ര ഹരിദത്ത
ശ്രേഷ്ഠിനാ ഉപദേശ കൃത. അത്ര മനുഗീതാശ്ലോ
കഭവന്തി . ബഹുഭിർവ്വസുധാ ഭുക്താ രാജാഭി
സ്സഗരാദിഭി. യസ്യ യസ്യ യഥാ ഭൂമിസ്തസ്യ
തസ്യ തഥാ ഫലം. സ്വം ദാതും സുമഹച്ഛക്യം
ദുഃഖമന്യാർത്ഥപാലനം. ദാനം വാ പാലനം
വേതി ദാനം ശ്രേയോനുപാലനം.

6 സ്വദത്തം പരദത്തം വാ യോ ഹാരേത വസു
ന്ധരാം ഷഷ്ഠിവർഷസഹസ്രാനി ഘോരേ തമസി
പച്യതേ. അദ്ഭിർദത്തം ത്രിഭിർ ഭുക്തം സദ്ഭിശ്ച
പരിപാലിതാം. ഏതാനി ന നിവർത്തന്തേ
പൂർവ്വരാജകൃതാനി ച. യോസ്യലോഭാൻ
മോഹാൻ വാ ഭിഭർത്താ സ പഞ്ചമഹാപാതക

സംയുക്തോ ഭവതി. സ്വസ്തി! അസ്തു ഗോബ്രാഹ്മണേഭ്യാ .

7 ചോളലിഖിതങ്ങൾ.

6 എണ്ണം മൈസൂരിലെ ഹെഗ്ഗഢദേവൻകോട്ടയിൽനിന്നാണ്. വാള്യം 5ൽ രാജരാജചോളന്റെ ഭരണാരംഭം 984 ഡിസംബർ 24നും 985 ആഗസ്ത് 29നും ഇടക്കാണെന്നാണ് നിശ്ചയിച്ചിരുന്നത്. ഈ ലിഖിതങ്ങളിൽ നിന്നും ശുചീന്ദ്രം രേഖകളിൽനിന്നും കൃത്യമായി പറയാനായി. ശുചീന്ദ്രം ലിഖിതം 10ആം ഭരണവർഷത്തിലാണ്. ഭരണാരംഭം കർക്കിടകത്തിലാമെന്ന് വ്യക്തമായി പറയുന്നുമുണ്ട്. എഡി 985 ജൂൺ 25നും ജൂലൈ 25നും ഉള്ളിലാണ് ഭരണാരംഭം.

ബെലത്തൂരു ബാണേശ്വരക്ഷേത്രലിഖിതം രാജേന്ദ്രചോള 1 ഃ-ശ്രീ സ്വസ്തി! ശകവരിഷ വൊമ്പൈനൂര നാൾവട്ടമൂരേനേയ വരിഷദ രൌദ്രസംവത്സരദ ആഷാഢമാസത പുന്നവേ ഉത്തരാഷാഢനക്ഷത്രം മകരചന്ദ്രം സ്പതിവാരം ശ്രീമുടികൊണ്ട രാജേന്ദ്രചോളം രാജ്യം(ഗേ) യുത്തിരേ ഇയാണ്ടു ഒമ്പത്താവദുരോ

എഡി 1020 ജൂലൈ ആഷാഢമാസം മകരത്തിൽ ഉത്രാടത്തിൽ ചന്ദ്രൻ പൌർണ്ണമി .രാജേന്ദ്രചോളന്റെ 9ആം ഭരണവർഷം.

ബാണേശ്വരക്ഷേത്രലിഖിതം - സ്വസ്തിശ്രീ പൂർവ്വദേശമും ഗംഗേയും കടാരമും കൊണ്ട കോ പരകേസരിവർമ്മരാന ശ്രീരാജേന്ദ്രചോള ദേവർക്കിയാണ്ട് ഇർപ്പത്തെരണ്ടാവതു സ്വസ്തി! ശ്രീ ശകനൃപകാലാതീതസംവത്സര ശതാങ്ക 955 യാ ശ്രീമുഖസംവത്സരത മാർഗ്ഗശിരശുദ്ധപാഡിവം മൂലാക്കദംബു. രാജേന്ദ്രചോളന്റെ 21ആം ഭരണവർഷം. ഞായറാഴ്ച മൂലം നക്ഷത്രം മാര്ഗ്ഗശീർഷശുക്ല പ്രഥമ ശകം 955 എഡി 1033 നവംബർ 25

അങ്കനാഥപുരം അർക്കേശ്വരക്ഷേത്രത്തിനുമുന്നിലെ ശില:- സ്വസ്തി! ശകവരിഷം 959നേയ ഈശ്വരസംവത്സരദ ആഷാഢമാസദ കാലഷ്ടവയ സാതിനക്ഷത്ര സോമവാരദ ആണ്ടു ശ്രീ മുമ്മുടിക്കൊണ്ട ഗംഗൈകൊണ്ട രാജേന്ദ്രചോള ദേവർക്കിയാണ്ടു ഇപ്പതാറാവുതു. തിങ്കൾ, കൃഷ്ഷാഷ്ടമി, സ്വാതിനക്ഷത്രം ആടഷാഢം ശകം 959

രാജാധിരാജന്റെ കൊലഗാല മാരിക്ഷേത്രലിഖിതം-ശ്രീരാജാധിരാജദേവർഗ്ഗിയാണ്ടു 35യാവതു ശകവരിഷം 35നേയ വിജയോഞ്ചൈവസംവത്സരദ ജ്യേഷ്ഠമാസദ ശുക്ലപക്ഷദത്രയോദശി ആദിത്യവാരദണ്ടു . 35ആം ഭരണവര്ഷം ജ്യേഷ്ഠമാസം ശുക്ലത്രയോദശി ശകം 975ലെ വിജയസംവത്സരം. എഡി 1053 മേയ് 23 .

ബെലത്തൂരു ബിനകലമ്മക്ഷേത്രത്തിലെ ശിലയില് രാജേന്ദ്രദേവലിഖിതം- ഓം സ്വസ്തിശ്രീ ചോളരാജ്യം സകലവസുദേയം കൊണ്ടു രാജേന്ദ്രദേവം ദുസ്താരിവ്രാതഘാതം നെഗലേ ബരിസമാരാഗെ മസ്തം ശകാബ്ദം വിസ്തരകൊമ്പാത്തേലോമ്പത്തുമനേ ബരിസം ഹേമലംഭിപ്രസിദ്ധം സ്വസ്തം മാസം ഗതം കാർത്തികമാസിദിനം ദ്വാദശി സോമവാരം. രാജേന്ദ്രദേവന്റെ 6ആം ഭരണവർഷം ശകം 979 ഹേമലംബസംവത്സരം തിങ്കൾ കാർത്തികമാസ ത്തിലെ കൃഷ്ണപക്ഷദ്വാദശി എഡി 1057 ഒക്ടോബർ 27.

ഗുജ്ജപ്പമഹുണ്ടിയിലെ വീരക്കല്ല്:- വീരസിങ്കാസനത്തു വീറ്റിരുന്തരുളിന കോ ഇരാജകേസരിപത്മനാന ഒടയ ശ്രീ രാജേന്ദ്ര .ചോളദേവർക്കുയാണ്ട് പന്നിരണ്ടാവതു ശകവരിഷ 984 സംവത്സരദ പാൽഗുനമാസദ പുന്നവേയാണ്ടു . ഫാൽഗുനം പൌർണ്ണമി, ശകം 984ന് രാജകേസരിവർമ്മനായ രാജേന്ദ്രചോളന്റെ 12ആം ഭരണവർഷം. എഡി 1063 ഫെബ്രുവരി 15.

മണിമംഗലം രാജഗോപാലപ്പെരുമാൾ ക്ഷേത്രലിഖിതം.

കോപ്പരകേസരിപന്മരാന ഉടൈയാർ ശ്രീ രാജേന്ദ്രതേവരുക്കു യാണ്ടു നാലാവതു നാൾ 82 ....ഇവ്വാറ്റൈ സിംഹണ്ടായിറ്റു

അപരപക്ഷത്തു അഷ്ടമിയും വിയാളക്കിളമൈ യും പെറ രോഹിണിനാൾ.....എഡി 1055 ചിങ്ങം 27 ആഗസ്ത് 18 കൃഷ്ണാഷ്ടമിയും രോഹിണി യും ചേർന്നുവന്ന അഷ്ടമിരോഹിണിയാണ്. എഡി 1052 മേയ് 28ന് ആരംഭിച്ച ഭരണത്തിന്റെ നാലാം വർഷമാണത്.

7 ചോളരാജാക്കന്മാരുടെ ഭരണാരംഭം-

രാജരാജചോളൻ. എഡി 985 ജൂൺ25-ജൂലൈ 25ന് ഇടക്ക്

രാജേന്ദ്രചോള 1 എഡി എഡി 1011 നവംബർ 25- എഡി 1012 ജൂലൈ 7ന് ഇടക്ക്


രാജാധിരാജൻ എഡി 1018 മാർച്ച് 15 ഡിസംബർ 3ന് ഇടക്ക്

രാജേന്ദ്രദേവ എഡി 1052 മേയ് 28

കുലോത്തുംഗചോള 1 എഡി 1070 മാർച്ച് 14 ഒക്ടോബർ 8ന് ഇടക്ക്

വിക്രമചോളൻ എഡി 1108 ജൂലൈ 18

കുലോത്തുംഗചോള 3. എഡി 1178 ജൂൺ 8- ജൂലൈ 8ന് ഇടക്ക്.



അമോഘവർഷ 1 ന്റെ കൊന്നൂർ ലിഖിതം ശകം 782

മലപ്രഭനദിയുടെ തെക്കെ കരയിലാണ് ഈ ഗ്രാമം. ധർവാർജില്ലയിലെ നാവൽഗുണ്ട് ടൌണിൽനിന്ന് 23 മൈൽ വടക്കുകിഴക്ക്. ശിലയുടെ മുകളിലെ ശിൽപ്പം നടുവിൽ ക്ഷേത്രത്തിലിരിക്കുന്ന ജൈനതീർത്ഥങ്കരനാണ്. ഇരുവശവും ചാമരധാരികളുണ്ട്. ഇടത്തുവശത്ത് പാൽകുടിക്കുന്ന കുട്ടിയും പശുവും, മുകളിൽ വാളും സൂര്യനും. വലത്തുവശത്ത് മറ്റൊരു ചാമരധാരിയും ആനയും മുകളിൽ ചന്ദ്രക്കലയും. കാനറലിപി. സംസ്കൃതഭാഷ. അവസാനഭാഗത്ത് കുറെ വരികൾ കാനറഭാഷയാണ്. ദ്രാവിഡിയൻ ളകാരം ധാരാളം ഉപയോഗിച്ചിട്ടുണ്ട്. രണ്ടുഭാഗമായിട്ടാണ് ലിഖിതം. 1 മുതൽ 59ആം വരിയിലെ സർവ്വം എന്നുവരെ എഡി

860ൽ രാഷ്ട്രകൂടരാജാവ് അമോഘവർഷൻ ചെയ്ത ഒരു ഗ്രാൻ്റ് ആണ്. 59 മുതൽ 72 വരെ ജൈനപ്രശസ്തി. അതിൽ കൊണ്ടക്കുണ്ഡപരമ്പര യിലെ ജൈനാചാര്യ മേഘ ചന്ദ്രത്രൈവിദ്യ യുടേയും മകൻ വീരനന്ദിയുടേയും പേരുണ്ട്. കോലനൂര മഹാപ്രഭു ഹുലിയമരശയുടെ ആവശ്യപ്രകാരം വീരനന്ദിൻ എഴുതിച്ച താമ്രപത്രത്തിൻ്റെ പകർപ്പാണ് ഈ ശിലാ ലിഖിതം എന്ന് എഴുതിയിരിക്കുന്നു. ശ്രാവണബലഗോളലിഖിതപ്രകാരം മേഘചന്ദ്ര മരിച്ചത് എഡി 1115 ഡിസംബർ 2 വ്യാഴാഴ്ച്ചയാ ണ്. വീരനന്ദിൻ തൻ്റെ ആചാരസാരം എഴുതി ത്തീർത്തത് എഡി 1153 മേയ് 25 തിങ്കളാഴ്ചയും. താമ്രലിഖിതം എഴുതിയത് അശ്വായുജത്തിലെ പൌർണ്ണമിക്ക് ചന്ദ്രഗ്രഹണത്തിനാണ്. ശകം 782 കഴിഞ്ഞ് 783ൽ, ജഗതുംഗപുത്രൻ അമോഘവ ർഷ 1 തലസ്ഥാനമായ മാന്യഖേടത്തിൽ ഇരിക്കു മ്പോൾ ബങ്കേശ (ബങ്കേയ) എന്ന ഉദ്യോഗസ്ഥൻ്റെ ആവശ്യപ്രകാരമാണ്. കോലനൂരയിലെ ബങ്കേ യൻ മുനി ദേവേന്ദ്രനുവേണ്ടി പണിത ജൈനവി ഹാരത്തിനു വേണ്ടി, തലൈയൂരഗ്രാമവും മറ്റു ചില ഗ്രാമങ്ങളിലെ ഭൂമിയും ദാനം ചെയ്തു. വിഷ്ണുവിനേയും ജിനേന്ദ്രനേയും സ്തുതിച്ച് , വിഷ്ണുവിൻ്റെയും അമോഘവർഷൻ്റേയും സംരക്ഷണം പ്രാർത്ഥിച്ചാണ് ലിഖിതം. മൂല

സംഘത്തിലെ ദേശീയഗണത്തിലെ പുസ്തകഗ ഛരത്തിലെ ത്രികാലയോഗീശന്റെ ശിഷ്യനാണ് മുനി ദേവേന്ദ്രൻ. വരി 34ൽ അമോഘവർഷനെ വീരനാരായണമെന്നാണ് വിളിക്കുന്നത്. 3-11 വരെ വരികളിൽ വംശാവലിയാണ്. 17-34 വരെ ബംഗേശന്റെ സേവനങ്ങളെ പറയുന്നു. 37-53 എഴുതിയ വത്സരാജനേയും ബംഗേയരാജന്റെ പ്രധാന ഉപദേഷ്ടാവ് മഹത്തരഗണപതിയേയും പറയുന്നു.

ലിഖിതകാലം കൃത്യമായി എഡി 860 ഒക്ടോബർ 3 പൂർണ്ണചന്ദ്രഗ്രഹണത്തിനാണ്. രാഷ്ട്രകൂടരുടെ പ്രധാനശാഖയിലെ ഏറ്റവും പഴയ താമ്രപത്രശാസനങ്ങളിൽ (ദന്തിദുർഗ്ഗന്റെ സാമങ്ങാട് പ്ലേറ്റു മുതൽ ഇന്ദ്രരാജാ 3ന്റെ നൻസാരി പ്ലേറ്റു വരെ) പ്രഭൂതവർഷ ഗോവിന്ദ 3ന്റെ കഡബ ഗ്രാന്റിലൊഴികെ ശകസംവത് 836ലെ ലിഖിതങ്ങളെല്ലാം ആരംഭിക്കുന്നത് സ വോവ്യാദ് വേധസി ധാമ എന്നാണ്. ഈ ലിഖിതവും അങ്ങനെയാണ്. അമോഘവർഷന്റെ സീരൂർ ലിഖിതവും അപ്രകാരമാകേണ്ടതാണ്. എന്നാൽ ലിഖിതം പകർത്തി എഴുതിയ ജൈനൻ അതിനുപകരം അവരുടെ ശ്ലോകം ചേർത്തിരിക്കുന്നു. ഗോവിന്ദരാജാ 1 മുതൽ അമോഘവർഷ 1 വരെയുള്ള വംശാവലി ഈ ലിഖിതത്തിലും മറ്റ് താമ്രപത്രങ്ങളി

ലും അൽപ്പം വ്യത്യസ്തമാണ്. യാദവവംശത്തിലെ പൃഛകരാജപുത്രനാണ് ഈ ലിഖിതത്തിലെ ഗോവിന്ദ.

ഗോവിന്ദ	**ഗോവിന്ദരാജാ 1**
കർക്കര, ഇന്ദ്രപുത്രൻ	**കർക്കര, കർക്കരാജാ മകൻ ഇന്ദ്രരാജാ**
ദന്തിദുർഗ്ഗ	**ദന്തിദുർഗ്ഗ**
ശുഭതുംഗവല്ലഭ അകാലവർഷ	**ശുഭതുംഗവല്ലഭഅകാലവ ർഷ കൃഷ്ണരാജാ 1**
ധാരാവർഷപുത്രൻ പ്രഭൂതവർഷ	**മകൻ പ്രഭൂതവർഷഗോവി ന്ദരാജാ 2**
പ്രഭൂതവർഷജയ തുംഗ	**അനുജൻ ധ്രുവരാജനിരുപ മ ധാരാവർഷ**
അമോഘവർഷ	**മകൻ പ്രഭൂതവർഷജഗത്തുംഗ ഗോവിന്ദരാജാ 3**
	അമോഘവർഷ 1

ഒരിടത്ത് കർക്കരാജാ ഇന്ദ്രരാജന്റെ മകനും മറ്റിടത്ത് അഛനുമാണ്. ഒരിടത്ത് പ്രഭൂതവ ർഷൻ ധാരാവർഷന്റെ പുത്രനാണ്. മറ്റിടത്ത് ധാരാവർഷനെ ഒഴിവാക്കി, പ്രഭൂതവർഷനെ കൃഷ്ണരാജ 1 ന്റെ മകനെന്ന് പറയുന്നു.

കർക്കരാജനെ കർക്കരനെന്ന് പറയുന്നത് ഈ ലിഖിതം അമോഘവർഷകാലത്തിന് എത്രയോ മുമ്പുള്ളത് പകർത്തിയതാവണമെന്ന് സൂചന തരുന്നു.

വരി 21ൽ ബംഗേയ അഥവാ ബംഗേശന് വന വാസി അടക്കം 30000 ഗ്രാമം അമോഘവർഷ ൻ കൊടുത്തതായി പറയുന്നു. ധർവാർ ജില്ല യിലെ നിലഗുണ്ടി ലിഖിതം (ഫ്ലീറ്റ്) അമോഘ വര്ഷന്റെ സാമന്തനായി ബങ്കേയരശൻ വനവാസി 12000, ബെലഗലി 300, കുന്ദഗേരേ 70 , കുണ്ടൂർ 500 , പുരിഗേരേ 300 ഭരിച്ചി രുന്നതായി പറയുന്നു. ഈ ലിഖിതപ്രകാരം ബംഗേശനെന്ന ശെല്ലകേതനൻ കോലനൂരയുടെ ഭരണാധികാരി ആധോരയുടേയും വിജയാങ്ക എന്ന പത്നിയുടേയും മകനാണ്. മുകുളകുല ത്തിലെ ഏരക്കോരിയുടെ പൌത്രനാണ്. പേ രുകളിൽ നിന്ന് ഇദ്ദേഹത്തെ ലോകാദിത്യ ചെല്ലപാതകന്റെ (ചെല്ലധ്വജന്റെ അനുജൻ) പിതാവായ ചെല്ലകേതനനെന്ന് മനസ്സിലാവു ന്നു. ചെല്ലമെന്നത് ചേല അഥവാ വസ്ത്രമാ ണെന്നും അതല്ല ശല്യം അഥവാ കുന്തംപോലു ള്ള ആയുധമാണ്ന്നും രണ്ട് അഭിപ്രായമുണ്ട്. എഡി 897ൽ ബംഗപുരത്തുനിന്ന് വനവാസി ഭരിക്കുന്നത് ഈ മുകുളകുലമാണ്. പാരമ്പര്യ സേനയുടെ സേനാപതിയായി അദ്ദേഹം രാജാ ജ്ഞയനുസരിച്ച് ഗംഗാവാടി ആക്രമിച്ച്

കേദലക്കോട്ട പിടിച്ചു, തലവനപുരത്തെ രാജാവിനെ ഓടിച്ചു, കാവേരി മുറിച്ചുകടന്ന് ശത്രുരാജ്യം പിടിച്ചു. പുത്രനുമായി ബന്ധപ്പെട്ട ഒരു പ്രശ്നം വന്നതിനാൽ രാജാവ് അദ്ദേഹത്തെ തിരിച്ചുവിളിച്ചു. തലവനപുരം ഗംഗാതലസ്ഥാനമായ തലക്കാട് ആണ്. കാവേരിയുടെ ഇടത്തെ കരയിലാണ് ഇത്. കേദല ഇപ്പോഴത്തെ കൈദലയാണ്. ഇത് കഡബയുടെ വടക്കുകിഴക്കാണ്.

കോലനൂര കോന്നൂർ ഗ്രാമവും തലൈയൂര മജ്ജന്തിയ 70 ഭുക്തിയും ആണ്. ബെന്ദനൂരു, ശശവേവഡു, പടിലഗേരേ, കിലവാഡ ഇവയാണ് അതിർത്തികൾ. പ്രധാനഗ്രാമം കൂടാതെ 30 ഗ്രാമത്തിലും 12 നിവർത്തനം ഭൂമി വീതം കൊടുത്തു. 45-48 വരികളില് ഇവയുടെ പേരുകൾ പറയുന്നു.

അവരവാഡി(ഔരുഡ്ഡീ) കോന്നൂരിൽനിന്ന് 6 മൈൽ പടിഞ്ഞാറ്.

ഭൂതനൂരു (ബെണ്ണൂരു) ഔരുഡ്ഡീക്ക് ഒന്നര മൈൽ വടക്ക്.

ശുല് (ശൂല) 5 മൈൽ കോന്നൂരിൽനിന്ന് തെക്കുകിഴക്ക്

മാവിനൂരു (മുന്നൂരു) 8 മൈൽ കോന്നൂരുനിന്ന് വടക്കുകിഴക്ക്

മട്ടികെട്ടേ (മടികട്ടി) 12 മൈൽ തെക്കുകിഴക്ക്

നിലഗുണ്ഡകേ അഞ്ചരമൈൽ വടക്കുകിഴക്ക്

തലിവേദ രണ്ടരമൈൽ വടക്കുപടിഞ്ഞാറ്

ബെല്ലേരു (ബെല്ലാരി) രണ്ടരമൈൽ വടക്കു പടിഞ്ഞാറ്.

മുട്ടലഗേര് (മൂതുൽഗേരി) ഏഴരമൈൽ വടക്കുകിഴക്ക്

കാകേയനൂരു (കാകനൂർ)ഏഴരമൈൽ വടക്കു പടിഞ്ഞാറ്,

നേരിലഗേ (നീരാൽഗി) 9 മൈൽ വടക്കുപടി ഞ്ഞാറ്.

മുതുഗുണ്ടി,കിട്ടൈവോളേ, മൂസാ, ദധേരേ, സംഗമ, പിരിസിംഗി, ബേഹൂരു, ആലൂഗു, പാർവനേഗരേ, ഹൊസഞ്ജലലു, ഇന്ദുഗലു, ഹഗനൂരു,ഉണലാരു,ഇന്ദഗേരേ, മുനിവല്ലി, കൊട്ടസ്ലേ, ഒഡ്ഡിത്തഗേ, ശികിമാബ്രി , ഗിരിപി ഡാലു ഇവയാണ് മറ്റു ഗ്രാമങ്ങൾ.

ലിഖിതം വലഭകായസ്ഥവംശത്തിൽ ജനിച്ച ധർമ്മാധികരണസ്ഥൻ ഭോഗിക വത്സരാജനാൽ എഴുതപ്പെട്ടു. ശ്രീഹർഷസൂനു ഗ്രാമപട്ടാളാധി കാരസ്ഥൻ ലേഖകരണഹസ്തി , നാഗവർമ്മ പൃഥ്വീവിരാമന്റെ ഭൃത്യൻ എന്നെല്ലാമാണ് ഭോഗിക വത്സരാജന്റെ വിശേഷണങ്ങൾ,

ജായന്റെ ചെബ്രോലുലിഖിതം ശകം 1157

കിസ്ത്ന ജില്ല ബാപത്ല താലൂക്ക് ചെബ്രോലു നാഗേശ്വരക്ഷേത്രത്തിന്റെ ഗോപുരത്തിനു മുന്നിലെ തൂണുകളിൽ ഇടത്തുവശത്തെ തൂണിലെ ലിഖിതം. ഇത് കീൽഹോൺ വായിച്ചു. വലത്തെ തൂണിലുള്ളത് ഹുൾട്സ് വായിച്ചു (വാള്യം 5). 168 വരി. തെലുഗു ലിപി. ഭൂരിഭാഗവും സംസ്കൃതം ഭാഷ. കുറച്ച് വരി തെലുഗാണ്. തെലുഗു ഭാഗവും സ്വസ്തിശ്രീ എന്ന ആദ്യഭാഗവും ഒഴികെ പദ്യമാണ്. കാകതീയഗണപതിയുടെ സൈന്യാധിപൻ ജായണ്ണന്റെ ലിഖിതമാണ്. രണ്ടുപേരുടെ വംശാവലിയുമുണ്ട്. ഗണപേശ്വരം ലിഖിതത്തിലുള്ളതുതന്നെയാണ്. മാംതേനഗുണ്ട, ബന്ദുലാദേവി, ക്രായൂരു (ഗണപ്ശ്വരത്തെ ക്രൊയ്യൂരു) ഇവിടേയുമുണ്ട്. ശകം 1157 പാർവ്വതീദേവിയുടെ തിഥി (ഗിരിജാ) മാധവ(വൈശാഖ)മാസം ശുക്ലപക്ഷം ശനി ജായണ്ണ താമ്രപുരത്ത് കറുത്ത അഞ്ജനശില കൊണ്ട് ലിംഗപ്രതിഷ്ഠ ചെയ്തു (ചോഡേശ്വര) തന്റെ പിതാവായ പിന്നചോഡന്റെ നാമത്തിൽ, അയ്യാവംശത്തിന്റെ ഭൂഷണമെന്ന് നാട്ടുകാർ അതിനെ വിളിച്ചു. (അയ്യ എന്ന് ജായണ്ണനെ). ക്ഷേത്രത്തിനു മുന്നിൽ 2 വരിയായി 16 ദേവദാസികൾക്ക് ഇരുനിലവീടുകളുണ്ടാക്കി. ദേവന്റെ

അംഗരംഗഭോഗത്തിനായി വേലനാടിലെ ദ്രോണ്ടുക്കുരുനാട് കൊടുത്തു. അതിലെ ഒരു ഗ്രാമം ഗണപതി അദ്ദേഹത്തിനു കൊടുത്തതാണ്. അതിർത്തികൾ തെലുഗുഭാഷയിലാണ്. ഗ്രാമത്തിന്റെ വിസ്തീർണ്ണം 45 ഖ 6 ന. (ഖണ്ഡി, നൽവമു. നൽവമു ഫർലോങ്ങാണ്). ഐരേറു നദിക്ക് പടിഞ്ഞാറ് 5 ഖ 18 ന. 21 ഏപ്രിൽ എഡി 1235 ആണ് ദിനം.

മൂന്ന് പടിഞ്ഞാറൻ ഗംഗ രേഖകൾ

(ബാംഗളൂരിലെ ഗവർമ്മെണ്ട് മ്യൂസിയത്തിൽ)

നോലംബാന്തകമാരസിംഹ 2 വിന്റെ ശ്രാവണബലഗോള എപ്പിറ്റാഫിൽ നിന്ന് ഫ്ലീറ്റ് ഗംഗാരാജാക്കന്മാരുടെ വംശാവലികണ്ടെടുത്തിട്ടുണ്ട്. ഇതിലേക്ക് ചില തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും അദ്ദേഹത്തിന് ഈ ലിഖിതത്തിലൂടെ സാധിച്ചു.

നീതിമാർഗ്ഗന്റെയും സത്യവാക്യന്റെയും ദൊദ്ദഹുണ്ടി ലിഖിതങ്ങൾ:- മൈസൂർജില്ലയിലെ തിരുമക്കൂടുലു നരസിപൂർതാലൂക്കിലെ മൂഗൂർ ഹോബിലിയിലാണ് ദൊദ്ദഹുണ്ടിഗ്രാമം. ദൊദ്ദഹുണ്ടി എന്നാൽ വലിയ ഗ്രാമം എന്നാണ് അർത്ഥം. ഇപ്രകാരം ഒരു പേര് ഇപ്പോളില്ല. ഗുൽഡപ്പാടിയിലെ ഒരു ഭാഗമായിരുന്നിരിക്കാം. 6 അടി ഉയരമുള്ള ഒരു

കല്ലിലാണ് ലിഖിതം. ഒരു കുളത്തിൽനിന്നാണ് കല്ല് കിട്ടിയത്.



ലിഖിതത്തിനു മുകളിലായി നീതിമാർഗ്ഗ പെരു മാനടികളുടെ മരണത്തിന്റെ ശിൽപ്പമാണ്. ലിഖിതത്തിനുതാഴെ കുറച്ചുഭാഗം ഒഴിച്ചിട്ടിട്ടു ണ്ട്. ശില കുത്തിവെക്കുമ്പോൾ ലിഖിതം മുഴുവനായി കാണുന്നതിനാണ്. നീതിമാർഗ്ഗ കട്ടിലിൽ മരണാസന്നനായി കിടക്കുന്നു. അദ്ദേ ഹത്തിന്റെ ശിരസ്സിനു മുകളിലായി 2 ഛത്രം (രാജകീയചിഹ്നം) ഉണ്ട്. തലക്കൽ നിൽക്കുന്ന അനന്തരാവകാശി മൂത്തപുത്രൻ സത്യവാക്യ ൻ. അദ്ദേഹത്തിനു പിന്നിലും ഛത്രം കാ ണാം. കട്ടിലിൽ ഇരുന്ന്, രാജാവിന്റെ കാൽ തന്റെ മടിയിൽ കയറ്റിവെച്ച് , രാജാവിന്റെ ഇടത്തെ അരക്കെട്ടിൽനിന്ന് അദ്ദേഹത്തിന്റെ കഠാര വലത്തുകയ്യാൽ വലിച്ച് ഊരുന്നത് രാജാവിന്റെ സുഹൃത്തായ അഗരയ്യനാണ്. ഖകാരം ചതുരപ്പെട്ടിരൂപത്തിലായതിനാൽ ലിഖിതം എഡി 860ന് മുമ്പാവണം. കളനാടു , കുവളാല ഇവയിലെ ളകാരം എഡി 800ന് അടുത്തേ മുമ്പോആവണം എന്ന് കാണിക്കു ന്നു. എഡി 804ലെ ഗോവിന്ദ 3 ന്റെ ലിഖി തങ്ങളിൽ അങ്ങനെയാണ്. ഖ,ള ഇവ വെച്ചാ ണ് കാലം എഡി 800 എന്ന് നിശ്ചയിക്കുന്നത്. കാനറീസ് ആണ് ഭാഷ. സത്യവാക്യനെന്നത് രാജമല്ലന്റെ പേരാണ്. അദ്ദേഹത്തിന്റെ കാലം എഡി 870 ലാണ്. ശ്രീപുരുഷമുത്തരയൻ എഡി 765-805. അദ്ദേഹത്തിന്റെ മകൻ രണ വിക്രമന്റെ മകനും രാജമല്ലനാണ്. സത്യവാക്യ

നെ എഡി 870ലെ രാജമല്ലനായും, നീതിമാ ർഗ്ഗനെ രണവിക്രമനായും അതിനാൽ ഗവേ ഷകർ തീരുമാനിച്ചു. രണവിക്രമന്റെ മരണം എഡി 840ലാണ് എന്ന് അനുമാനിച്ച് ഈ ലിഖിതകാലവും നിശ്ചയിച്ചു. രണ്ടാമത്തെ ലിഖിതത്തിൽ സത്യവാക്യ(രാജമല്ല) പിതാവി ന്റെ സേവകനായ അഗരയ്യന് ഒരു കളനാട് (കൽനാട് കല്ലുകളുള്ള ഭൂമിഭൂമി) ഗുൽഡപ്പാടി എന്ന് പേരോടുകൂടിയത് ദാനം ചെയ്തു എന്നുണ്ട്. ഇത് ഈ ലിഖിതത്തിലെ വരികളി ലും കാണുന്നു. ഈ ലിഖിതത്തിൽ നീതിമാ ർഗ്ഗനെ കൊങ്ങുണ്ണി (കൊംഗുണി)വർമ്മനെന്നാ ണ് പറയുന്നത്. ഓം ശ്രീ നീതിമാർഗ്ഗകൊങ്ങുണ്ണിവർമ്മധർമ്മമഹാരാജാ ധിരാജാ കൊവളാലപുരപരേശ്വര നന്ദഗിരി നാഥ ശ്രീമർ പെരുമാനടികൾ സ്വർഗ്ഗമേറിദം. ഏറിദോധേ പെമ്മാനടിഗള മനേ മഗത്തിൻ അഗരയ്യം നീതിമാർഗ്ഗപെർമ്മാനധിഗേ കീൾഗുന്തേയാടം . പെർമ്മാനടിഗൾ അഗ്ഗപു ത്രം സത്യവാക്യപെർമ്മാനധിഗൾ ഗുൾദപാ ടിയം കൾനാടു കൊട്ടദുഗഛരം മാടിപരിഹരം . ഇടനാളിദോം വാരണസിയനാളിദോം ഓം. കുമ്മൾനഗതഗേശികോത്തസ്ഥലുരുഗളവേദിമാ ണ്ടു ഇടനാളിദോം മാപാതാകനുക്കും.

പെരുമാനടികളുടെ മനയിൽ മകന്റെ സ്ഥാ നമുള്ള വ്യക്തിയാണ് അഗരയ്യ. അഗ്രപുത്രൻ

സത്യവാക്യനാണ്. അതിനാലാണ് അഛന്റെ മരണശേഷം അഗരയ്യന് സത്യമാർഗ്ഗൻ കൾനാട് കൊടുത്തത്. ഗംഗവംശത്തിലെ ഒരു രാജാവിന് പട്ടമഹിഷിയല്ലാത്ത ഒരു ദാസിയിലുണ്ടായ മൂത്തമകനാണെന്നും അഗരയ്യന് ഒരു വിവരണമുണ്ട്.മാനേ മകതി മാനിക്കപ്പെടുന്ന മഹതിയായ നിലബ്ബേ ആണെന്നും അവളുടെ മകൻ രാച്ചയ്യനാണെന്നും ആണ് പറയുന്നത്. കുവളാല കോലാറാണ്. കോലാർ ഖനികൾ, നീതിമാർഗ്ഗന്റേതായിരുന്നു എന്ന് വാക്യം പറയുന്നു. (കൊവളാലപുരവ രേശ്വരം).

കീൾഗുന്തേ എന്നത് താഴെയുള്ള (കീഴിൽ) ഗുണ്ട എന്നർത്തവും ചിലർ പറയുന്നുണ്ട്. അടിമ എന്നാണ് അർത്ഥം. തെലുഗിൽ ഗുണ്ട അഥവാ ഗുന്ത പടയാളി, സേവകൻ എന്നും മലയാളത്തിൽ അടിമ എന്നുമാണ് ഫൂട്നോട്ടിൽ പറഞ്ഞിരിക്കുന്നത്. കീൾകളനാട് എന്നതിനാൽ താഴെയുള്ള കൽനാട് (കൽക്കുളം) എന്ന കൃഷിയോഗ്യമല്ലാത്ത ഭൂമിയുടെ ഒരു ഭാഗം എന്നും അർത്ഥം പറഞ്ഞിരിക്കുന്നു. കീൽ എന്നതിന് വലിച്ചെടുക്കുക എന്നും അർത്ഥമുണ്ട്. ചിത്രത്തിൽ വലംകൈ കൊണ്ട് കഠാര വലിച്ചെടുത്തതിന് കീൾകളനാട് കൊടുത്തു എന്നും വ്യാഖ്യാനം. കാൽഗഛരം എന്നാൽ കാലുകഴുകിച്ച് എന്നും വാൾഗഛരം എന്നാൽ വാൾ കഴുകിച്ചു എന്നും അർത്ഥം

പറയുന്നു. സത്യമാർഗ്ഗൻ എന്തിന് കീഴുദ്യോഗസ്ഥനായ അഗരയ്യന്റെ കാലുകഴുകിച്ച് ദാനം ചെയ്യണം. വാൾ കഴുകുക എന്നാൽ അഗരയ്യൻ വലിച്ചൂരിയ കഠാര കഴുകിയതാണോ. വാസ്തവത്തിൽ രാജ്യം ലഭിക്കേണ്ടത് അഗരയ്യനാണോ മുതലായ ചോദ്യങ്ങൾ വരുന്നു. നീതിമാർഗ്ഗന്റെ പിന്നിലെ രണ്ട് കുടകളിൽ ഒന്ന് നീതിമാർഗ്ഗന്റേതും മറ്റേത് അനന്തരാവകാശിയായി പ്രഖ്യാപിച്ച അഗരയ്യന്റേതുമാണോ.

എരേയപ്പന്റെ ബേഗൂർ ലിഖിതം

1892ൽ എപ്പിഗ്രാഫിക്ക ഇൻഡിക്ക വാള്യം 1ൽ (പേജ് 346) പ്രസിദ്ധീകരിച്ചത് വാള്യം 6ൽ പുനഃപ്രസിദ്ധീകരിച്ചു. ബാംഗളൂർ ജില്ലയിലെ ബേഗൂർ ലിഖിതത്തിൽ ബെംപൂർ അഥവാ ബെംപൂരു ആണ്. ബെംപൂർ 12ലെ പ്രധാനഗ്രാമമായിരുന്നു ഇത്. ബേഗു അഥവാ ബേഹു എന്നാൽ ഒരു നിരീക്ഷണസ്ഥാനം എന്നാണ് അർത്ഥം. ബെംപൂരു എന്നാൽ ഒരു വാച്ച്ടൌൺ. (കേരളത്തിലെ ബേപ്പൂരു പോലെ). ലിഖിതത്തിലെ പ്രധാനഭാഗം 6 വരികളിലാണ്. ഇതിലെ ഓരോ വരിയും ഓരോ വരകളാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. **. ഇവ കൂടാതെ ഇടത്തും വലത്തുമായി 6 ചെറിയ വരികളുമുണ്ട്.** ബാക്കി ശിൽപ്പമാണ്. യുദ്ധരംഗമാണ്. വലത്തുവശത്ത് വീരമഹേന്ദ്രന്റെ സൈന്യം. വാൾ വീശി കുതിര

പ്പുറത്ത് നയിക്കുന്നത് വീരമഹേന്ദ്രൻ. പിന്നിൽ 2 അനുചരന്മാരുണ്ട്. മുന്നിൽ കാഹളം വിളിച്ച് ഒരു കാലാളുണ്ട്. മുകളിൽ ഒരു അശ്വാരൂഢൻ. ഇടത്തുവശത്തെ സൈന്യം നാഗത്തരസൈന്യമാണ്. ആനപ്പുറത്ത് കുന്തം പിടിച്ചിരിക്കുന്നത് അവരുടെ നായകൻ ഈ യുദ്ധത്തിൽ അദ്ദേഹം വീരമൃത്യു പ്രാപിച്ചു. ആനയുടെ മസ്തകത്തിൽ അമ്പുകൾ തറച്ചതു കാണാം. അദ്ദേഹത്തെ ഹൌഡയിലിരിക്കുന്ന ഒരു വില്ലാളി സഹായിക്കുന്നു. ആനയുടെ താഴെ അശ്വാരൂഢനായ പടയാളിയെ കാണുന്നു. നടുവിൽ പടയാളികൾ ഏറ്റുമുട്ടുന്ന രംഗം. ഏറ്റവും മുകളിലായി ഉടരം കുറഞ്ഞ സ്റ്റൂളിലിരിക്കുന്ന മനുഷ്യൻ, കാലുകൾ താഴെ കുനിഞ്ഞിരിക്കുന്ന ആളുടെ മുതുകിലോ പാദപീഠത്തിലോ വെച്ച് ഇരിക്കുന്നു. ഇത് എരേയപ്പനാവണം. എന്നാൽ കുട ഇല്ലാത്തതിനാൽ രാജാവാണെന്ന് പറയാനാവില്ല. രണ്ട് ചാമരധാരിണികളാൽ സേവിതനായ ഇദ്ദേഹം വീരമൃത്യു വരിച്ച നാഗത്തറസന്യാധിപനാകാം. ചാമരദാരിമികളുടെ മേലെ മറ്റൊരു സ്ത്രീ അദ്ദേഹത്തിന്റെ ഇടത്തുകയ്യിലെ കിളിയെ കൂട്ടിലാക്കാൻ ശ്രമിക്കുന്നു. പിന്നിൽ വേറെ ഒരു സ്ത്രീ പതാകാദണ്ഡത്തിനു താഴെ നിൽക്കുന്നു. കൂടാതെ ഒരു സ്ത്രീയും പുരുഷനും മുന്നിലുണ്ട്. പുരുഷൻ കയ്യിൽ ആവനാഴിയോ വാളോ പോലെ ഒന്ന് പിടിച്ചിട്ടുണ്ട്.

ശിരോലങ്കാരം പട്ടയിലെ തൂവലും ഇദ്ദേ
ഹവും വലിയ സ്ഥാനമുള്ള രാജപുരുഷ
നാണെന്ന് കാണിക്കുന്നു. നായകൻ വീരമൃത്യു
വരിച്ച ശേഷം നാഗത്തറസൈന്യത്തിന്റെ
പുതിയ സൈന്യാധിപനായി അവരോധിക്ക
പ്പെട്ട ഇരുഗനാണെന്ന് കരുതുന്നു. ലിപി
കന്നഡ. ഭാഷ പഴയ കർണ്ണാടകം. സഹചര
നെന്നതിന് ശാവുചരനെന്ന് പ്രയോഗം. ശാവു
ചരനാവാം പിന്നീട് ചാവേറായത്. മംഗള
എന്ന് ദ്രാവിഡളകാരം ഉപയോഗിക്കുന്നു.
എഡി 808-938 വരെ ഭരിച്ച എരേയപ്പന്റെ
ലിഖിതമാണ്. വീരമാഹേന്ദ്രനെതിരെ നാഗ
ത്തറസൈന്യത്തെ അയ്യപ്പദേവന്റെ കീഴിലാണ്
എരേയപ്പൻ അയച്ചത്. തുംബേപ്പാടിയിലെ
യുദ്ധത്തിലാണ് ഇതിന്റെ സേനാനായകൻ
വധിക്കപ്പെട്ടത്. പകരം ഇരുഗനെ നിയോഗി
ച്ചു. അദ്ദേഹത്തിന്റെ ധൈര്യവും വീര്യവും
പരിഗണിച്ച് ബേംപൂരു 12 അദ്ദേഹത്തിനു
കൊടുത്തു. അയ്യപ്പദേവൻ നോലംബാധിരാജാ
പല്ലവവംശജനാണെന്ന് തീരുമാനിച്ചിട്ടുണ്ട്.
നോലംബമഹേന്ദ്രരാജാധിരാജാവാണ് വീരമാ
ഹേന്ദ്രൻ. ഗംഗാരാജാവ് രാജമല്ലന്റെ മകൻ
നീതിമാർഗ്ഗന്റെ സഹോദരീഭർത്താവാണ്.
ഇദ്ദേഹം കിഴക്കൻചാലൂക്യരാജാവാണ്.
അമ്മ 1 (918-925), അമ്മ 2 (945-970)
ഇവർക്കും ഇതേ ബിരുദമുണ്ട്. ചാലൂക്യഭീമ
2 വിനേയും(934-945) ഗന്ധമാഹേന്ദ്ര എന്ന്

വിളിക്കുന്നു. വീരന്മാരിൽ വെച്ച് മഹേന്ദ്ര നെന്നും ഗന്ധന്മാരിൽ (ഹീറോ) മഹേന്ദ്രനെ ന്നും ഒരേ അർത്ഥത്തിലാണ് പ്രയോഗം. കിഴക്കൻ ചാലൂക്യർ ഗംഗരും രാഷ്ട്രകൂടരുമാ യി നിരന്തരം യുദ്ധം ചെയ്തിരുന്നു. ചാലൂ ക്യഭീമ 2 വധിച്ച ശത്രുക്കളിൽ ഒരാൾ വളരെ ഭീകരനായ അയ്യപ്പനാണെന്ന് അദ്ദേഹത്തിന്റെ ലിഖിതത്തിലുണ്ട്. അതിനാൽ ഇവിടത്തെ വീരമാഹേന്ദ്രൻ അദ്ദേഹമാവണം. നോലംബ രും ഗംഗരുമടങ്ങിയ സൈന്യത്തെയാണ് അദ്ദേ ഹം നേരിട്ടത്. എരേയപ്പന്റെ അവസാനകാല ത്താണ് (934-938) ഇത് ഉണ്ടായത്.

തുംബേപ്പാടി തുംബൂർജില്ലയിലെ മടിക്കേരി താലൂക്കിലെ തുംബാടിയാണ്. ബേഗുർനിന്ന് 54 മൈൽ വടക്കുപടിഞ്ഞാറാണ്. നോലംബ വാടിപ്രവിശ്യയിലാണ്. അയ്യപ്പദേവൻ ഈ യുദ്ധത്തിൽ പങ്കെടുത്തത് സ്വാഭാവികമാണ്. ഇഗ്ഗലൂർഇപ്പോഴും ഇതേ പേരിൽ 8 മൈൽ ബേഗുരിൽനിന്ന് തെക്കുകിഴക്ക് കാണാം.. തൊവഗുരു (തോഗൂരു) രണ്ടര മൈൽ ബേഗൂ രിന് തെക്കുകിഴക്കാണ്. പൂവിനപുള്ളിമംഗള ഇപ്പോഴത്തെ ഹുളിമംഗളമാണ്. മൂന്നര മൈ ൽ ബേഗൂരിന് തെക്കാണ്. ബേഗൂരിന് 3 മൈ ൽ വടക്കുകിഴക്ക് കുട്ലുവാണ് കൂടൽ എന്നാ

വായന. പറവൂരു കൂടലെന്നാണ് ലിഖിതത്തി ൽ. ഇത് കേരളത്തിലാണല്ലോ. കുടനാടുനല്ലൂരു എന്നതും കുടനാട്ടിലാണ്.

ഓം സ്വസ്തി!
സമസ്തഭുവനവിനുതഗംഗാകുലനിർമ്മലതാരാ പതിജലധിജലവിപുലവലയമേഖലാകലാപം കൃത്യൈലാധിപത്യലക്ഷ്മീസ്വയംവൃതപതീതാ ദൈവദ്യഗണിത ഗുണഗണവിഭൂഷണവിഭൂഷിത വിഭൂതി ശ്രീമദ് എരേയപ്പരശർ പഗൈവരെ ല്ലാമന്നിക്ഷത്രം മാടി ഗംഗാവാടിതൊബത്താരു ശാസിരമുമനേകചരഥ്രചരായയോല്ലാളുത്തെിഡ്ലു ബീ(വീ)രാമഹേന്ദ്രനോൾകാടലെന്റു അയ്യപ്പ ദേവങ്കേ സാമന്തസഹിതം നാഗത്തരനം ദണ്ഡുവേൽദോടേ തുംബേപ്പാടിയോൽക്കാടി കാലേഗമിംബലിലോടേ ആനേയോലാന്തിരുദു സത്തോടദം കേൽദെരേയപ്പം മെച്ചി ഇരുഗങ്കേ നാഗത്തരവട്ടം ഗട്ടി ബെംബുപ്പന്നിരണ്ടുമം ശാസനബദ്ധം കൽനാടിത്തൻ ആവാവുൻദോ ദേ. ബംപൂരു. തൊവഗുരു പൂവിനപുള്ളി മംഗള കുടനാടുനല്ലൂരു നല്ലൂരു, കൊമരൻഗു ണ്ടു, ഇഗ്ഗലൂരു, ദുഗ്ഗോനെൽമല്ലി, ഗജംജവാ ഗിലു, എൽകുപ്പേ, പറവൂരു, കൂടല്, ഇനിതുമംപോലമേരേ സഹിതം ഇട്ടൻ

എരേയപ്പൻ സാവുചരൻ നാഗരക്കേ മംഗലമഹാശ്രീ.

ബെംപൂരു 12 ആണ് ഇവയിൽ പറഞ്ഞ 12 ഗ്രാമം. നാഗത്തറ എന്നത് നാഗങ്ങളുടെ ഒരു തറ അഥവാ കൂട്ടം(വംശം) എന്ന അർത്ഥ മാണ്. ഒരു വ്യക്തിയല്ല. നാഗത്തറപട്ടം കെട്ടി ച്ച് ഇരുഗനെ എരേയപ്പൻ പുതിയ തലവനാ ക്കി.

കൃഷ്ണ 3 , ബുടുക 2 (949-59) അടക്കൂർ ലിഖിതം.

ആടഗൂർ അഥവാ ആടക്കൂർ മാണ്ഡ്യ താലൂ ക്കിലെ മാണ്ഡ്യ നിന്ന് 15 മൈൽ വടക്കുകിഴ ക്ക് ഉള്ള ഗ്രാമമാണ്. ആടുക്കൂർ 12 ലെ പ്രധാനഗ്രാമം. ചല്ലേശ്വരക്ഷേത്രത്തിന്റെ (ചല്ലേ ശലിംഗ)മുന്നിലാണ് ലിഖിതമുള്ള ശില. 19 വരി. വേറെ 20-24 വരി മുകളിലും വശങ്ങ ളിലുമായി കുറിച്ചിട്ടുണ്ട്. വരാഹവും നായ യും കൂടി യുദ്ധം ചിത്രീകരിച്ചിട്ടുണ്ട്. കാനറീ സ് ലിപി. ഭാഷ പഴയ കന്നഡം. വിജയം എന്നതിന് ബിജയം എന്നും വീര എന്നതിന് ബീര എന്നുമാണ്. ശ എന്നതിന് സ എന്നും സ എന്നതിന് ശ എന്നും മാറി ഉപയോഗി ക്കുന്നുണ്ട്.

സൌമ്യസംവത്സരം ശകവർഷം 872 ൾഎഡി 949-50)രാഷ്ട്രകൂട കന്നരദേവ കൃഷ്ണ 3 ന്റെ കാലത്തെയാണ്. പടിഞ്ഞാറൻ ഗംഗൻ സത്യവാക്യ ബുടുഗ 2 വിന്റെ കാലവുമാണ്. കൃഷ്ണ 3 ചോളരാജകുമാരനായ മൂവടി (മുമ്മുടി) ചോളരാജാദിത്യനെ തക്കോലം യുദ്ധത്തിൽ വധിച്ച കഥ ലിഖിതത്തിലുണ്ട്. അങ്കത്രിനേത്ര, ആനേവേദേംഗ, വനഗജമല്ല, കച്ചേഗ ഇവ ഈ ലിഖിതത്തിൽ കൃഷ്ണ 3 യുടെ ബിരുദങ്ങളാണ്. നന്നീയഗംഗ, ജയദു ത്തരാംഗ, ഗംഗാഗാം ഗേയ, ഗംഗനാരായണ ഇവ ബുടുഗ 2 വിന്റെയും. ചേരചോള പാ ണ്ഡ്യ എന്ന് 3 മുടിയും ചൂടിയ ചോളനെയാ ണ് മുമ്മുടിച്ചോളനെന്ന് വിളിക്കുന്നത്. ഇത് രാജാദിത്യനെ വിളിക്കുന്നു. സുന്ദരപാണ്ഡ്യ ദേവൻ ശ്രീരംഗത്ത് മൂന്ന് സ്വർണ്ണത്താഴിക ക്കുടം പണിയിച്ചതിനെ ശ്രീരംഗം ലിഖിതം രാജാവിന്റെ മുമ്മുടിപോലെ എന്ന് പറയുന്നു. ബുടുഗ 2 ഗംഗാവാടി 96000 ഭരിക്കുന്നു. അദ്ദേഹത്തിന്റെ സഹചാരിയായ മനലേര സഗരവംശത്തിലെ വലഭീവരപുരാധീശനാണ്. യുദ്ധവീരനാണ്. അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട വേട്ടനായയാണ് കാളി. കേളലേ ജില്ലയിലെ ബേലത്തൂരിൽ വെച്ച് അത് വരാഹത്തോട് ഏറ്റുമുട്ടി.രണ്ടും ചത്തുപോയി. ഇതിന്റെ

സ്മാരകമായി ചല്ലേശ്വരക്ഷേത്രത്തിനു മുന്നിൽ ശില നാട്ടുകയും ക്ഷേത്രത്തിന് ഭൂമി ദാനം ചെയ്യുകയും ചെയ്തു. എരേയപ്പന്റെ മകനായ രാച്ചമല്ലനെ വധിച്ച ശേഷം ബുടുഗ 2 ഗംഗാവാടി ഭരിക്കുന്നതായി ലിഖിതം പറയുന്നു. രാജാദിത്യനെ ചതിച്ച് കൊന്നതിന് ബുടുഗ 2 ന് കൃഷ്ണ 3 വനവാസി 12000 ബെൽവോള 300 പുലിഗേരേ 300 കിശക്കാട് 70 ബാഗേനാട് 70 ഇവ കൊടുത്തു. മാനലേരയുടെ യുദ്ധവീര്യം കണ്ട് ബുടുഗ 2 ആടുക്കൂർ 12 , കാടിയൂർ ഗ്രാമം (ബെൽവോള ജില്ല) ഇവ കൊടുത്തു. ഇതിനെ ബാൾഗച്ചു (വാൾ കഴുകി) എന്നാണ് പറയുന്നത്. നീതിമാർഗ്ഗ എരേയപ്പന്റെ കൂലഗേരേ ഗ്രാന്റിലും മനലേരയുടെ പേരുണ്ട്.

സ്വസ്തി!
ശകനൃപകാലാതീതസംവത്സരശതങ്കൾ
എന്റുനൂറേൽപ്പട്ടേരദനേയ ശൌമ്യം എമ്പ
സംവത്സരം പ്രവര്ത്തിശേ സ്വസ്തി!
അമോഘവർഷദേവശ്രീപൃഥ്വീവല്ലഭപരമേശ്വര
പരമഭട്ടാരകപാദപങ്കജഭ്രമരനങ്കത്രിനേത്രനാനേ
വേദെങ്കം വനഗജമല്ലം കഥേഗം കൃഷ്മരാജം
ശ്രീമദ് കണ്ണരദേവം മൂവടിചോളരാജാദിത്യന
മേലേ ബന്ധു തക്കോലദോൾകാടി കൊണ്ടു
ബിജയം ഗെയ്യുട്ടിഡു. സ്വസ്തി!

സത്യവാക്യകൊങ്കുണ്ണിവർമ്മധർമ്മമഹാരാജാ
ധിരാജം കോളാലപുരവരേശ്വരം
നന്ദഗിരിനാഥ് ശ്രീമദ് പെരുമാനടികൾ
നന്നിയഗംഗം ജയദുത്തരംഗം ഗംഗാഗംഗേയം
ഗംഗാനാരായണനതൻആളുത്തിഡു സ്വസ്തി!
സകലലോകപരിതാപാപഘാതപ്രഭവാവതാരി
തഗംഗപ്രവാഹോദാരസഗരവംശം
വലഭീപുരവരേശ്വരനുദാരഭാഗീരഥനിരിവബേ
ടെങ്കം സഗരത്രിനേത്രം സേനസേമൂഗറിവോം
കടനൈകശൂദ്രകം ബുഡുഗനങ്കകാരം ശ്രീമദ്
മനലേരംഗേ അനുവരദോൾ മെച്ചി
ബെഡികോളെന്റോദേ ദയേയ മേരേവോളെമ്പ
കാളിയം ദയേഗെയ്യേന്ദു കൊണ്ടാൻ ആ
നായം കേളലേനാടബെലാത്തൂരപാടുവന
ദേശേയ മൊറദിയോൾ പിണ്ഡും പണ്ഡികേ
വിത്തോഡേ പാണ്ടിയും നായുമോട ശത്തുവ
തർക്കേയ് ആടുക്കുറോൽ ചല്ലേശ്വരദ മുന്ടേ
കല്ലൻനാടിസി പിരിയ കേരേയ നാടാൽവോം
നൂറാന് കേളഗേ മള്ട്ടികാലംഗുലോൽ ഇർക്ക
ൻഢൂകമണ്ണം കോട്ടാര ആ മന്നനോക്കാൽ
നാടനാൽവോം നൂറാനാൾവോരി മന്നനാളി
ദോന നായ ഗേയ്ദ പാപമും കൊണ്ടോം
ഓം. ഉറദിരാണ്ട ചോളചതുരംഗബലാങ്കലാന്
അത്തി മുത്തി തൽത്തിരീവേഢേഗോർവ്വര
പോടം ഇതിരൈച്ചുവാ ഗന്ധരൻ അമ്പെ
വെന്റു പൊത്തലിസുവ(പൊത്തലീശ്വര)
ബീരരം നേരെയേ കാണേമേ ചോളനേ

ശക്കിയാകേ തൽത്തിരുദുദനാമേ ക്ണ്ടേവേനേ മെച്ചദോരാർ സാഗരത്രിനേത്രാ നാം. നരപതി ബെന്നോലിഗദോൻഇദിരാന്തുഡു വൈരിസമൂഹം. ഇല്ലിമച്ചുരേശ്വരർ എല്ലാരും സെരഗുവാൽദപോർ ഇന്നിരെനെന്റു സിംഗദാന്തിരേ ഹരിബീരലക്ഷ്മി നെരവാഗിനേ ചോളനകോടീയംബ സിന്ധുരാദ ശീരാഗ്രാമം ബിരിയേ പോയിടം കടനൈക സൂദ്രകം ഓം.

മുകളിലെ വരികൾ:- സ്വസ്തി! ശ്രീ എരേയപ്പനമഗം രാച്ചമല്ലനം ബുഢുഗം കാടി കൊണ്ടു തൊംബത്തൂരു ശാസിരമുമം ആളുത്തിരേ കന്നരദേവം ചോളനം കാടുവന്തു ബുഢുഗം രാജാദിത്യനം ബിസുഗെയെ കള്ളനാഗി സുരിഗിരതു കാദി കൊണ്ടു ബനവാസേ പന്നീച്ചാസിരമും ബെൽവോല മുന്നൂറും പുരിഗേരേ മുന്നൂറും കിസുക്കാടേർപ്പത്തും ബാഗേനാടേർപ്പത്തുവം കണ്ണരദേവം മെച്ചുഗോത്തം. ബുഢുഗനും മനലേരം താന്ന മുണ്ടേ നിന്തിരുദുദർക്കേ മെച്ചി ആടുക്കൂർപ്പന്നേരടും ബെൽവോലദ കാടിയൂരുമം ബാൽഗച്ചുഗോത്തം മംഗളമഹാശ്രീ.

ബുടുഗ 2 രാച്ചമല്ലനെ വധിച്ചപ്പോൾ എരേയപ്പനാണ് 96000 (ഗംഗാവാടി) ഭരിക്കുന്നത്. രാജാദിത്യനെ ചതിച്ച് കൊന്നപ്പോൾ കണ്ണരദേവനാണ് ഭരിക്കുന്നത്. അദ്ദേഹമാണ്

രാജാദിത്യനെ വധിച്ചതിന് പ്രതിഫലമായി ബനവാസി ബെൽഗോള പുരിഗേരേ കിസുക്കാട് ബാഗേനാട് ഇവ കൊടുത്തത്. ബുടുകന്ന് മുന്നിൽ അദ്ദേഹത്തിന്റെ അങ്കക്കാരനായ (അംഗരക്ഷകന്) മനലേര ഉണ്ടായിരുന്നു. തന്റെ വിജയത്തിന് കാരണക്കാരനായതിനാലാണ് മനലേരക്ക് ബുഡുഗ സ്ഥലങ്ങൾ ദാനം ചെയ്തത്. രാജാദിത്യനെ ആനപ്പുറത്തിരിക്കുമ്പോളാണ് ബുടുഗന്റെ കുന്തം തുളച്ചത്. എന്നാൽ അടുത്ത ബന്ധം സ്ഥാപിച്ച് ചതിച്ചാണ് വധിച്ചതെന്ന് ബിസുഗേയേ എന്ന പദം സൂചിപ്പിക്കുന്നു. അതായത്, പിന്നീട് ബുടുകൻ രാജാദിത്യനോട് അടുത്തുകൂടി ആലിംഗനം ചെയ്ത് കഠാര കുത്തിയിറക്കിയിരിക്കണം എന്ന് ഇവിടെ അനുമാനിക്കുന്നു. അതിനാലാണ് കള്ളനാകിയത്.

അങ്കത്തേയും അങ്കക്കാരെയും പറ്റി മദ്രാസ് മാനുൽ ഓഫ് അഡ്മിനിസ്ടേഷൻ പറയുന്നത്:- (വാള്യം 3 പേജ് 34) മലബാറിൽ നായർ വർഗ്ഗക്കാരുടെ ഇടയിൽ പതിവുള്ള ദ്വന്ദ്വ യുദ്ധം. മരിക്കും വരെ പോരാടുന്നവരാണ് ഇവർ.. ഇപ്രകാരം രാജാക്കന്മാർക്കു വേണ്ടി മരിക്കാനും തയ്യാറായ ഇവർക്ക് അവരുടെ മര്യാദയായി രാജാക്കന്മാർ സ്വത്ത് കൊടുക്കുന്നു 12 വർഷം അഭ്യസിച്ച ശേഷമാണ് ഇതിനുള്ള യോഗ്യത നേടുന്നത്.

തലക്കാടിലെ പശ്ചിമഗംഗരെക്കുറിച്ച്:- വാള്യം 5ൽ പറഞ്ഞതിനെ ആവശ്യമായ വ്യത്യാസങ്ങളും തിരുത്തുകളും വരുത്തി വാള്യം 6ൽ അവതരിപ്പിക്കുന്നു. കുരഗല്ലു ലിഖിതം പരമബ്ബേ അഥവാ സരമബ്ബേ എന്ന സ്ത്രീ ബുടുക 1ന്റെ പത്നിയാണെന്ന് പറയുന്നുണ്ട്. അവരുടെ എൽക്കൂരുലിഖിതം രാച്ചമല്ല 2 ന്റെ ശേഷം വന്ന ഒരു നീതിമാർഗ്ഗ ജയദങ്കകാര എന്ന കുമാരവേടങ്കന്റെ പേര് പറയുന്നുണ്ട്. അദ്ദേഹത്തിന് വികാരിസംവത്സരം ശകസംവത് 921 കഴിഞ്ഞ് (എഡി 999-1000) ആണ് കാലം ആ ലിഖിതം തരുന്നത്. ജയദങ്കകാര എന്നതുകൊണ്ട് അദ്ദേഹം അങ്കക്കാരനായിരുന്നു എന്ന് വരുന്നു. മനലേരയെപ്പോലെ. ഇവിടെ ന്യായമായ സംശയം ബുഢുഗന്റെ കുന്തം തറച്ച ശേഷം അങ്കക്കാരനായ മനലേര രാജാദിത്യനെ ആശ്ലേഷിച്ച് കുത്തിയോ എന്നാണ്. ആ മനലേരക്ക് ലഭിച്ച രാജ്യാവകാശം കാരണം അവരുടം വംശം രാജാക്കന്മാരായി . എഡി 1096ലെ ബലഗാമി ലിഖിതത്തിൽ വരേശ്വരനെന്ന ശൈവാചാര്യനെ തപദങ്കകാര എന്ന് വിളിക്കുന്നത് തപസ്സിൽ അദ്ദേഹം പരാജയപ്പെടാത്ത അങ്കക്കാരനാണെന്ന അർത്ഥത്തിലാണ്. അതുപോലെയാവാം ജയദങ്കകാര എന്ന പദവും എന്ന്

വിസ്മരിക്കാവതല്ല. കോ മാരവേടങ്ക എന്നാണ് കുമാരവേടങ്ക എന്നല്ല ഉച്ചരിക്കേണ്ടതെന്നും അഭിപ്രായമുണ്ട്. വംശാവലിഃ-

1. ശിവമാര 1 (എഡി 755-765)
2. പൃഥ്വീകൊങ്കുണ്ണിശ്രീപുരുഷമുത്തരശ (765-805) വള്ളിയൂർപ്ലേറ്റിൽ ഇദ്ദേഹം ശിവമാര 1 ന്റെ മകനാണ്.
3. രണ്ട് മക്കൾ, ശിവമാര 2(805-810) നീതിമാര്ഗ്ഗകൊങ്കുണ്ണിവർമ്മ പെരുമാനടി രണവിക്രമ (810-840)
4. ശിവമാര2 വിന് അപരാജിതപൃഥ്വീപതി 1 (അമോഘവർഷ 1 ന്റെ സമകാലീനൻ 814-878) . നീതിമാർഗ്ഗന് സത്യവാക്യ കൊങ്കുണിവർമ്മ പെരുമാനടി രാജമല്ല (870-71).രാജമല്ലൻ ശ്രീപുരുഷമുത്തരശന്റെ പ്രപൌത്രനാണ്.
5. അപരാജിതപൃഥ്വീപതി 1 ന് മാരസിംഹ 1 , സത്യവാക്യന് സത്യവാക്യകൊങ്കുണ്ണി വർമ്മ പെരുമാനടി ബുടുക 1 പരമാംബേയെ വിവാഹം കഴിച്ചു (870-008)
6. മാരസിംഹന്റെ മകൻ ഹസ്തിമല്ല പൃഥ്വീപതി 2 (900-940) പരാന്തകന്റെ കാലം. നീതിമാർഗ്ഗകൊങ്കുണ്ണിവർമ്മന്റെ മകൻ രാച്ചമല്ല 1 (938)

7. രാച്ചമല്ലന്റെ മകൻ സത്യമാർഗ്ഗകൊങ്കുണ്ണി വർമ്മ പെരുമാനടി ബുടുക 2 (940-953) അദ്ദേഹത്തിന് 2 ഭാര്യ
8. രേവകനിമ്മതിയിൽ മരുളദേവൻ. ബിജ ബ്ബേയെ വിവാഹം കഴിച്ചു. കല്ലബരശി)യിൽ സത്യവാക്യകൊങ്കുണ്ണിവർമ്മ പെർമാനടി മാരസിംഹ 2 (963-874)
9. സത്യവാക്യകൊങ്കുണ്ണിവർമ്മ പാഞ്ചാല ദേവ മാരസിംഹ 2വിന്റെ മകനാണ്. (975)
10 സത്യവാക്യകൊങ്കുണ്ണിവർമ്മ പെർമാനടി രാച്ചമല്ല 2 (978-984)
11 മകൻ നീതിമാർഗ്ഗ (999-1000) ഇപ്രകാരം 14 രാജാക്കന്മാരുടെ ലിസ്റ്റ് തരുന്നു.

ശിവമാരനു മുമ്പ് വരുന്ന ഗംഗാരാജാക്കന്മാരുടെ പേരുകളൊന്നും ഈ ലിസ്റ്റ് അംഗീകരിച്ചിട്ടില്ല. ഉദടേന്ദ്രം പ്ലേറ്റിൽ (ഹസ്തിമല്ല പൃഥ്വീപതി) ശിവമാര 1 ന്റെ മകനായി പറയുന്ന മാരസിംഹനെപ്പോലും അംഗീകരിച്ചിട്ടില്ല. ഇദ്ദേഹം ശ്രീപുരുഷന്റെ മുമ്പാണ് രാജ്യം ഭരിച്ചത് (ഉദയേന്ദ്രം പ്ലേറ്റ്). ശിവമാര 1 നു ശേഷം. 713-726) ദേവരഹല്ലി ഗ്രാന്റ് (നാഗമംഗളം) ശ്രീപുരുഷമുത്തരയകാലം ശകം 698 കഴിഞ്ഞ് (776-777 എഡിയിൽ) അദ്ദേഹത്തിന്റെ 59ആം ഭരണവർഷമെന്ന് പറയുന്നു.

ഇതിനെ ഇവിടെ ഭരണാരംഭം 765 എന്നാണ് പറയുന്നത്.

ശിവമാര 2ന് ശേഷം അനുജനായ വിജയാദിത്യൻ ഭരിച്ചതായി മി. റൈസ്. (869 വരെ) വിജയാദിത്യനു ശേഷമാണ് വിജയാദിത്യന്റെ മകൻ സത്യവാക്യരാജമല്ലൻ ഭരിച്ചതെന്ന് അദ്ദേഹം പറയുന്നു (869-893). ബിലി യൂര് ലിഖിതം അദ്ദേഹത്തിന്റെ 18ആം വർഷമാണ് (888). ഹുസുക്കുരി ലിഖിതം ഭൂതരശ ബുടുക 1 കൊങ്കൽനാടും പുന്നാടും യുവരാജാവായി ഭരിച്ചിരുന്നുതായി രേഖപ്പെടുത്തുന്നു. വിജയാദിത്യപുത്രനായ രാജമല്ലന്റെ മകൻ രണവിക്രമയ്യനാണ് ഭൂതരശ ബുടുക 1 എന്ന് റൈസ് കരുതുന്നുണ്ട്. ഗലിഗേക്കരെ ഗ്രാൻഇലാണ് രണവിക്രമനാമം. നീതിമാർഗ്ഗ കാലം റൈസിന്റെ അഭിപ്രായത്തില് 893-915 എഡിയാണ്. (ഹൊന്നായകൻഹല്ലി പ്ലേറ്റ്).. കുലഗേരേ ഗ്രാന്റിൽ അത് 909-910 ആണ്. റൈസ് നീതിമാർഗ്ഗനുശേഷം സത്യവാക്യ എരേയപ്പനെയാണ് പറയുന്നത്. സത്യവാക്യനു ഗുട്ടിയഗംഗനെന്നും പേരുണ്ട്. ഗുട്ടിയഗംഗൻ സത്യവാക്യനോലംബാന്തകമാരസിംഹ 2 ആണ്. എരേയപ്പനു ശേഷം ഭരിച്ച രാച്ചമല്ല 1 നെ ബുടുക 2 ആണ് വധിച്ചത്. (എഡി 940). എരേയപ്പനുശേഷം സിംഹാസനത്തിനു വേണ്ടി രാച്ചമല്ലനും ബുടുകനും

തർക്കമുണ്ടായി എന്ന് റൈസ് പറയുന്നു. രാച്ചമല്ലന്റേതായി ഹിരനന്ദിലിഖിതം മാത്രമാണുള്ളത്. (030 എഡി) രാച്ചമല്ലനെ മന്നേ എന്ന രാജധാനിയിലേക്ക് ബുടുകൻ വരുത്തി രാജ്യവും ഭണ്ഡാരവും വിഭജിക്കാമെന്ന് പറഞ്ഞു. ബുടുകൻ വിശ്വാസയോഗ്യനായിരുന്നില്ല. അതിനാൽ ദൌത്യസംഘത്തെ പഞ്ചമുഖ്യന്മാരായ പ്രമാണിമാർ ഞങ്ങൾക്ക് ബയൽ നാടു ഭരിക്കാൻ രാച്ചമല്ലനെ മാത്രം മതി എന്ന് പറഞ്ഞ് മടക്കി അയച്ചു. ബുഡുക 2 ന്റെ ഭരണം എരേയപ്പന്റെ മരണകാലമായ 930 മുതൽ മാരസിംഹ 2 വിന്റെ (നോലം ബാന്തക) ഭരണാരംഭമായ 963 വരെയാണെന്ന് റൈസ്.

രണവിക്രമനെയാണ് വിജയാദിത്യനെന്ന് വിളിച്ചിരിക്കുന്നത്. വെങ്കിപുരാധീശനായ കിഴക്കൻ ചാലൂക്യ വിജയാദിത്യ 2 ഇക്കാലത്ത് രാഷ്ട്രകൂട ഗോവിന്ദ 3 യെ കർണ്ണാടകദേശത്ത് തുംഗഭദ്രാതീരത്ത് സഹായിച്ചിരുന്നു. അവിടെ മാന്യഖേടത്തിൽ അദ്ദേഹം നിർമ്മിച്ച കോട്ട മുഴുവനാക്കിയത് അമോഘവർഷ 1 ആണ്. ഇത് പിന്നീട് അവരുടെ തലസ്ഥാനമായി. ഗോവിന്ദ 3 ഇവിടെവെച്ചാണ് പല്ലവരുടെ സ്വത്ത് മുഴുവനും സ്വന്തമാക്കിയത്. ഇത് 804 ലാണ്. തുംഗഭദ്രാതീരത്തെ രാഹ്യാലിവൃത്തി (ബാഹ്യപ്രാകാ

രം) ഉണ്ടാക്കാൻ വെങ്കിപുരാധീശനാണ് രാഷ്ട്ര കൂടരെ സഹായിച്ചത് എന്ന്ലിഖിതം കാണിക്കുന്നു. ഗോവിന്ദനുശേഷം അമോഘവർഷനാണ് മാൽഖേദ് ശക്തമാക്കി തലസ്ഥാനമാക്കിയത്. പുലികേശി 1 നിർമ്മിച്ച വാതാപി നഗരം മകൻ കീർത്തിവർമ്മന്റെ പേരിൽ അറിയപ്പെട്ട പോലെ ഗോവിന്ദന്റെ കോട്ട അമോഘവർഷന്റെ പേരിലാണ് അറിയപ്പെടുന്നത്.

ധ്രുവരാഷ്ട്രകൂടനാൽ തടവിലാക്കപ്പെട്ട് ഗോവിന്ദനാൽ വിട്ടയക്കപ്പെട്ട ഗംഗാരാജാവ് ശ്രീപുരുഷമുത്തരയനാണ്. ശ്രീപുരുഷമുത്തരയപുത്രനായ ശിവമാരന്റെ ലിഖിതം കടമ്പൂർ ഗ്രാമത്തിൽ നിന്ന് ശ്രീപുരുഷമുത്തരയന്റെ 29ആം ഭരണവർഷത്തിൽ ലഭിച്ചിട്ടുണ്ട്. (ചോളരുടെ കടമ്പൂർ മാളിക. ഇവിടെ വെച്ചാണ് പിൽക്കാലത്ത്, ആദിത്യ കരികാലനെ വധിക്കാനുള്ള പദ്ധതി രൂപീകരിച്ചത്.)

നോലംബരും ഗംഗരും കൂടി വിവാഹബന്ധങ്ങളുണ്ടായിരുന്നു. സത്യവാക്യരാജമല്ലന് നീതിമാര്ഗ്ഗ എന്ന പുത്രനും അനുജത്തി ജയബ്બേ എന്ന പുത്രിയുമുണ്ടായിരുന്നു (ബരഗൂര് ലിഖിതം) പല്ലവാധിരാജന്റെ മകനായ നോലംബാധിരാജനില് ജയബ്બേക്ക് ഉണ്ടായ മകനാണ് മഹേന്ദ്രാധിരാജാ (നോലംബവാടി ഭരിക്കുന്നു). ഈ ലിഖിതം എഡി 878-879ലാണ്. (മഹേന്ദ്രാധിരാജാകാലം) ഇതിലും മുമ്പാവണം സത്യ

വാക്യരാജമല്ലകാലം. 810-840 വരെ രണവി ക്രമനും 840-871 വരെ സത്യവാക്യരാജമല്ലനും ഭരിച്ചു.ഹുസുക്കുരു ലിഖിതപ്രകാരം ഭൂത രായനെയാണ് പിൻഗാമിയായി യുവരാജാ വായി തെരഞ്ഞെടുത്തിരുന്നത്. അദ്ദേഹം കൊങ്ങുനാടും പുന്നാടും ഭരിക്കുന്ന യുവരാ ജാവാണ്. കൊങ്കുനാട് 8000 (എൺസാഹസ്ര) പ്രവിശ്യകളുള്ള വലിയ നാടാണ്. അതിൽ അത്രയും നഗരവും ഗ്രാമവുമുണ്ട്. പുന്നാടിൽ ആറുസാസിരം (6000) പ്രവിശ്യകളുണ്ട്. തെക്കൻ കർണ്ണാടകത്തിലെ ലക്ഷ്മണതീർത്ഥ ത്തിനും കാവേരിക്കും താഴേക്കുള്ള ഭാഗ ത്തെയാണ് പുന്നാട് എന്ന് വിളിക്കുന്നത്. അതായത് ദക്ഷിണകർണ്ണാടകവും മലബാറും ഉൾപ്പെട്ട ഭാഗം. ഇതും കൊങ്ങുനാടും ആണ് ഭൂതരായന്റെ ഭരണകേന്ദ്രം. സത്യവാക്യഭൂത രശ ബുടുക 1 എഡി 870- 907 വരെയാണ്. ബുടുഗ 2വിന്റെ ഭാര്യ പരമബ്બേ (സരമബ്ബേ) കൂർഗ്ഗലും എരേയപ്പ കൊങ്ങുനാട് 8000 ഉം അദ്ദേഹത്തിന്റെ കീഴിലാണ് ഭരിക്കുന്നത്. അദ്ദേഹത്തിനു ശേഷം ഭരിച്ച നീതിമാർഗ്ഗനാ ണ് എരേയപ്പ അഥവാ നീതിമാർഗ്ഗ എരേ യപ്പ. 908-910 അദ്ദേഹം ഭരിച്ചു.

ബുടുക 1 ന്റെ മകൻ രാച്ചമല്ലൻ വിഷവൃ ക്ഷമാണെന്നും കൃഷ്ണ 3 അതിനെ പറിച്ചുക ളഞ്ഞ് ബുടുക 2 എന്ന വൃക്ഷത്തിന് രേവ

കനിമ്മതിയുടെ സ്ത്രീധനമായി അമോഘവ ര്ഷവഡ്ഡിഗ കൊടുത്ത സ്ഥലത്തെ രാജാവാക്കി എന്നും പറയുന്നു. ബുടുഗ 2 രാച്ചേയ ഗംഗന്റെ മൂത്ത മകനാണ് (മരണം എഡി 891-92) രാച്ചേയഗംഗ ബുടുഗ 1ൻ മൂത്തമകനാണ്. ബുഡുഗ 2വിനു പകരം എരേയപ്പൻ കൈവശമാക്കിയ രാജപദവി കൃഷ്ണ 3 അദ്ദേഹത്തിന് തിരിച്ചുകൊടുത്തു. എരേയപ്പനാണ് നോലംബ അയ്യപ്പദേവന് സൈന്യം കൊടുത്തത്. ഇത് വീരമഹന്ദ്രനെന്ന കിഴക്കൻചാലൂക്യ ഭീമ 2 നെതിരെയാണ്. രാച്ചമല്ല 2 നെ വധിച്ചത് ബുടുക 2 (എഡി 940) ആണ്. കൃഷ്ണ 3 അദ്ദേഹത്തിന്റെ സഹോദരീഭർത്താവാണ്. ഗംഗാവാടിയിലെ രാച്ചമല്ലവിഷവൃക്ഷം പറിച്ചുകളഞ്ഞ് ഭൂതരായനെന്ന നല്ല വൃക്ഷം അദ്ദേഹം നട്ടു എന്നാണ് ഭരണമാറ്റത്തെ ലിഖിതം പറയുന്നത്.

5 സാമന്തരും പെഗ്ഗഡേമാരും രാച്ചമല്ലനെ മാത്രമേ രാജാവാക്കു എന്ന് വാശി പിടിച്ച് മാഗുണ്ടിയിൽ വെച്ച് യുദ്ധത്തിൽ ബുടുകനെ തോൽപ്പിച്ചു. രാച്ചമല്ലനെ വയൽനാടിലെ രാജാവാക്കി. ഈ യുദ്ധത്തിൽ നിന്ദീയകുരന്തിയരശന്റെ 4 മക്കൾ കൊല്ലപ്പെട്ടു. പക്ഷേ രാച്ചമല്ലൻ മന്നിബീഡുവിന്റെ പകുതി രാജ്യവും ഭണ്ഡാരത്തിന്റെ പകുതിയും സ്വമേധയാ ബുടുകന് കൊടുത്തു. അപ്രകാരം സ്വന്തം

മരണം തെരഞ്ഞെടുത്തു. വളരെ കുറച്ച് കാലമേ ഭരിച്ചുള്ളു എഡി 938ൽ അദ്ദേഹം വധിക്കപ്പെട്ടു. ഇങ്ങനെയാണ് രാച്ചമല്ല 1 നു ശേഷം ബുടുക 2 രാജാവായത്. ബുടുക 2 ബുഡുക 1ന്റെ പൌത്രനും 891-92ൽ മരിച്ച രാച്ചേയഗംഗന്റെ മകനുമാണ്. ഈ ലിഖിതത്തിൽ കൃഷ്ണ മൂന്നാമന്റെ മൂത്ത സഹോദരിയുടെ നാമം രേവകനിമ്മതി(ഇമ്മടിരേവക) എന്നാണെന്ന് പറയുന്നു. (ബുടുക 2ന്റെ ഭാര്യ)

പാഞ്ചാലദേവനും പടിഞ്ഞാറൻ ചാലൂക്യ ആഹവമല്ലതൈല 2 ഉം തമ്മിൽ യുദ്ധമുണ്ടായി രണ്ണനെന്ന കർണ്ണാടകകവി അതിൽ പാഞ്ചാലദേവൻ വധിക്കപ്പെട്ടതായി എഴുതിയിട്ടുണ്ട്.. (അജിതതീർത്ഥേശ്വരചരിതം എഡി 993-94) തൈല 2 വിന്റെ സൈന്യാധിപൻ നാഗദേവനായിരുന്നു.

പല്ലവരാജവംശത്തെ ഗംഗരാജവംശം പരാജയപ്പെടുത്തിയതും, കലിംഗത്തിൽ ശാഖ സ്ഥാപിച്ചതും ഉൾപ്പെടെ പല ചരിത്രസംഭവങ്ങളും ഗംഗാചരിത്രത്തിലുണ്ട്. ഗോവ ഗ്രാന്റിലെ സത്യാശ്രയധ്രുവരാജാഇന്ദ്രരാജ ചാലൂക്യ കീർത്തിവർമ്മൻ 1, മംഗളേശ, പുലകേശി 2 ഇവരുടെ നാലു പ്രവിശ്യകളിലെ ഭരണാധികാരിയായിരുന്നു. ഇത് എഡി 592 ലാകയാൽ ശിവമാരനു മുമ്പാണ്. പുലകേശി 1 ന്റെ ഭാര്യ ബത്പൂര(ബപ്പൂര)വംശത്തിലെ

ദുർല്ലഭാദേവിയുടെ സഹോദരനായിരുന്നു ഇദ്ദേഹം. രാജസിംഹഇന്ദ്രവർമ്മ 1 ന്റെ മുത്തശ്ശനായ ഇദ്ദേഹം കലിംഗഗംഗവംശത്തിലെ ആദ്യരാജാവാണ്. എഡി 591-92 മുതലാണ് ഇദ്ദേഹത്തിന്റെ ഗംഗാസംവത് ആരംഭം. ഗോവ ഗ്രാന്റിൽ ഇദ്ദേഹത്തെ ഒറിജിനൽ ബപ്പൂരവംശമെന്ന് വിളിച്ചിരിക്കുന്നു. (വപ്പൂര, വൈപ്പൂര) ശിവമാര 1 നു മുമ്പുള്ള മറ്റൊരു നാമം എഡി 680- . 696 വരെയുള്ള കന്ദർഭ (കന്തർവ്വ) നാണ് ബലഗാമി ലിഖിതത്തിൽ (ചാലൂക്യവിനയാദിത്യനും സേന്ദ്രക പൊഗിലിയും) ഇദ്ദേഹത്തിന്റെ ദാനം പറയുന്നുണ്ട്. ആനയാണ് സീലിലെ ചിഹ്നം. അത് സേന്ദ്രകന്മാരുടേയും ചേരന്മാരുടേയും ചിഹ്നമാണ്. സേന്ദ്രകർ ഭുജഗേന്ദ്ര(നാഗ)വംശമാണ്. കന്തർവ്വനെന്നത് കൊല്ലങ്ങോട്ട് രാജാക്കന്മാരുടെ നാമവുമാണ്. പടിഞ്ഞാറൻ ഗംഗരും ആനയെ മുദ്രയാക്കിയിരുന്നു. (ബിലിയൂർ, പെഗ്ഗൂർ, ക്യാതനഹള്ളി, തായലൂർ ലിഖിതങ്ങൾ നോക്കുക). ഗംഗന്മാരുടെ പ്രധാനശാഖയിലാണ് വിജയനരസിംഹവർമ്മൻ. സത്യാവഅംഗമാണ് അദ്ദേഹം. ശിവമാര 1, അദ്ദേഹ ത്തിന്റെ പിൻഗാമികളെന്നിവർ ഈ പ്രധാന ശാഖയിലല്ല. കൊങ്ങുനാട് 8000ത്തിലെ പാര മ്പര്യരാജാക്കന്മാരാണ്. അതാണ് അവരെ കൊങ്ങുണ്ണിരാജാക്കന്മാരെന്ന് പറയുന്നത്.

എഡി 103-104ലെ ആദ്യരാജാവ് കൊങ്ങുണ്ണി വർമ്മനെ ഡി 1148ലെ കുഡ്ലാപുരം ലിഖിതത്തിൽ പറയുന്നു. 8ആം നൂറ്റാണ്ടിലെ ശിവമാരനു മുമ്പ് (2 തലമുറ മുമ്പ്) മുഷ്കരനെന്ന രാജാവുണ്ടായിരുന്നതായി ഫ്ലീറ്റ് പറയുന്നു.

വീരരാഘവചക്രവർത്തിയുടെ കോട്ടയം സിറിയൻ ക്രിസത്യൻ പ്ലേറ്റ്

ഗ്രന്ഥവരി. 13, 14 നൂറ്റാണ്ട്. (വെങ്കയ്യ). കീൽഹോൺ ശനി 15 മാർച്ച് എഡി 1320. മീനം 21 രോഹിണി മകരവ്യാഴം. മീനസംക്രാന്തി. ശുക്ലപഞ്ചമി. എഡി 775 ലോ എഡി 230ലോ അല്ല എന്ന് കിൽബേൺ സമർത്ഥിച്ചു.

ശിവസ്കന്ദവര്മ്മന്റെ മയിദവോലു പ്ലേറ്റ്

മയിദവോലു ഗ്രാമത്തിലെ വയലിൽനിന്ന് ലഭിച്ചത്. 4 ഏക്കറുള്ള പാടത്തിൽ പഴയ ക്ഷേത്രാവശിഷ്ടമുണ്ട്. കൃഷ്ണജില്ല നരസുരാവപേട്ടക്ക് 12 മൈൽ കിഴക്കാണ് ഗ്രാമം., 8 പ്ലേറ്റ്. എലിപ്റ്റിക്കൽ സീലിൽ വലത്ത് ഇരിക്കുന്ന നന്ദി, പൂഞ്ഞയുള്ളത്. താഴെ ശിവസ്കന്ദവർമ്മന എന്ന് ലിഖിതം. ഇതും ലിഖിതത്തിലെ ലിപിയും വ്യത്യസ്തമാണ്. .

ഹീരഹദഹല്ലി പ്ലേറ്റുകളെപ്പോലെ കാഞ്ചീപുര ത്തുനിന്ന് ഭരദ്വാജഗോത്രം പല്ലവവംശം യുവ മഹാരാജാ ശിവസ്കന്ധവർമ്മനാണ് ശാസനം പുറപ്പെടുവിച്ചിരിക്കുന്നത്. ഹീരഹദഹല്ലി പ്ലേറ്റിനു മുമ്പാണ്. ആന്ധ്രപഥത്തിലെ വിരിപ രഗ്രാമം 2 ബ്രാഹ്മണർക്ക് ദാനം നൽകുന്ന രേഖ. കൃഷ്ണജില്ലയിലെ അമരാവതിക്കടു ത്താവണം വിരിപര. കാരണം ശിവസ്കന്ധവ ർമ്മൻ അഛന്റെ സാമന്തന് ധന്നകടകത്തിലേ ക്കാണ് (പുതിയ അമരാവതി) ദാനവിവരം അറിയിക്കുന്നത്. തൊണ്ടാമണ്ഡലത്തിലെ കാഞ്ചീപുരം മാത്രമല്ല, ബെല്ലാരിയിലെ ഹിരഹദവല്ലിയും കൃഷ്ണാനദിവരെയും (അമരാവതി) അന്ന് പല്ലവരാജ്യമാണ്.

ശിവസ്കന്ധവർമ്മന്റെ മുൻഗാമിയുടെ 10ആം വർഷം വേനലിലെ 6ആം പക്ഷം പഞ്ചമിക്കാ ണ് ലിഖിതം.എല്ലാം സംഖ്യയിലാണ് അക്ഷര ത്തിലല്ല എന്നത് ഈ പ്രാചീനലിഖിതത്തിന്റെ ഒരു പ്രത്യേകതയാണ്. വളരെ പഴയ ലിപി യാണ്. ആന്ധ് രാജാക്കന്മാരുടെ നാസിക് ലിഖിതം, ഹിരഹദഹള്ളി പ്ലേറ്റ്, വിജയസ്ക ന്ധവർമ്മന്റെ പ്ലേറ്റുകൾ ഇവയെപ്പോലെ പ്രാകൃതഭാഷയിലാണ് എഴുതിയിരിക്കുന്നത്. ഈ ഭാഷ പാലിയിൽ നിന്ന് വ്യത്യസ്തമാണ്. വ്യഞ്ജനങ്ങളെ ചിലയിടത്ത് മൃദുവായും ചിലയിടത്ത് ഖരമായും ഉപയോഗിക്കുന്നു.

ആന്ധ്രാപതീയ എന്നതിന് അംധാപതീയ എന്നാണ്. പാലിയിലെ മരിയാദ എന്നതിന് സംസ്കൃതത്തിലെ മര്യാദ എന്നാണ് ഉപയോഗം. ഭാരദ്വാജ എന്നതിന് ഭാരദായ എന്നാണ്. സ്വയം ഇതി എന്നതിന് സയന്തി എന്നും ഗോനന്ദി അജ്ജ എന്നതിന് ഗോനന്ദിജ എന്നും സന്ധിപ്രയോഗം കാണുന്നു. നാമങ്ങളിൽ വെയജികേ വാധനികേ മുതലായ മാഗധിപ്രയോഗം ഉണ്ട്. ഗുഹാശൈലിയാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ കൂട്ടക്ഷരങ്ങൾക്ക് പകരം ഒറ്റയക്ഷരങ്ങളാണ്. അഗ്നിവേശ്യ (സംസ്കൃതം) അഗിവേശയും അണ്ണാ (പാലി) അണയുമാവുന്നുണ്ട്. പല്ലവ പലവയും സബ്ബ സവ്വയുമാണ്. ലിപിസംബന്ധമായി സാധാരണ ഇന്ത്യൻ ലിപികളില്ലാത്ത ചില പ്രത്യേകതകൾ ഉണ്ട്. സകാരത്തിന് 2 വളവ് പരസ്പരം കൂട്ടിച്ചേർത്തിട്ടല്ല, ഒന്നിനു താഴെ ഒന്നാണ്. ദധകാരങ്ങൾ പലപ്പോഴും സന്ദർഭം നോക്കി വായിച്ചെടുക്കണം. വെജയികേയിലെ ജ ഒരു കോണും വൃത്തവും ചേർന്നതാണ്. വൃത്തം തുജസയിൽ വലത്തോട്ട് തുറന്നതാണ്. രാജായിൽ അപ്രകാരം തന്നെ. ദിജസയിൽ കോണിന്റെ ഋജുരേഖയോട് ചേർന്നാണ്. മജാദായ, കരേജമോ ഇവയിൽ സാധാരണ ജ തന്നെയാണ്. ജ്ജ, കരേജ്ജാ, കാരാപെജ്ജ ഇവയിലെ ജ ജോ പോലെയാണ്. ഏതസ, ഏതേഹി ഇവയിലെ ഏ പഴംതമിഴിലെ സാ പോലെ

യാണ്. പ്ലേറ്റുകളില് 2 മുതൽ 8 വരെ സം ഖ്യകളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (മാർജ്ജിൻവെ ഇടത്തുവശത്ത്). 10, 5, 6 മുതലായ സംഖ്യകളുണ്ട്. 4 ഹിരഹദഹള്ളി പ്ലേറ്റിൽനിന്ന് വ്യത്യസ്തമാണ്. അതിന് ഇപ്പോഴത്തെ 4 ന്റെ രൂപമാണ്.

ദിത്തം കാഞ്ചീപുരാതോ യുവമഹാരാജോ ഭാരദായഗോത്രോ പലവാനാം ശിവക്കന്തവ മ്മോ ധംനാകടേ വാപതം ആനപയതി.

അംഹേഹി ദാനി അംഹ വെജയികേ ധമ്മായുബലവധനികേ യ ബംഹണാനാം അഗിവേസസഗോത്തസ പുവകോടുജസ അഗിവോസസഗോത്തസ ഗോനന്ദിജസ അന്ധാപതീയഗാമോ വിരിപരം അംഹേഹി ഉദകാദിം സംപദതോ തസ ഗാമസ വിരി പരസ സവബമ്മദേയ പരിഹാരേ വിതരാമ അലോണഘാതകം അരത്തസംവിനായകം അപരം പരാബലിവദം. അബധപാപേശം അകൂരചോളകവിനാശികാസംവാസം ഏ്വതേഹി അനേഹി ച സവബമ്മദേയ മജാദയാ സവപരിഹരേഹി പരിഹാരിതോ പരിഹരത പരിഹരാപേത ച ജോ അംഹ ശാസനം അതിച്ചിതൂന പിലാ ബാധ കരേജ്ജ വാ. ത കാരപേജ്ജ വാത സ അംഹോ ശരീരം ശാസനം കരേജ്ജാമോ സംവച്ചരം ദശമം 10 ഗിംഹാ പക്കോ ഏ്വകതോ 6

ദിവസം പഞ്ചമി 5 അനാതി സയത്തി ദത്ത പട്ടികാ.

പല്ലവവംശം ഭരദ്വാജഗോത്രത്തിലെ യുവ മഹാരാജാ ശിവക്കന്തവർമ്മൻ കാഞ്ചീപുരം ത്തുനിന്ന് ധന്യകടത്തിലെ വ്യാപൃതന് (ഒഫീഷ്യൽ) അയക്കുന്ന ശാസനം. നമ്മുടെ യുദ്ധവിജയത്തിൽ ആഘോഷിക്കുന്നതിനും സ്വന്തം പുണ്യം, ആരോഗ്യം, ആയുസ്സ്, ശക്തി ഇവ വർദ്ധിപ്പിക്കുന്നതിനുമായി , ആന്ധ്രപഥത്തിലെ വിരിപരഗ്രാമം അഗ്നിവേശ്യകുലത്തിലെ പൂർവ്വകോടുജ, ഗോനന്ദിജ എന്ന രണ്ട് ബ്രാഹ്മണർക്ക് നാം ബ്രഹ്മദേയമായി അനുഭവിക്കുവാൻ കൊടുത്തിരിക്കുന്നു. അവിടെ ഉപ്പ് ഖനനം ചെയ്യാൻ പാടില്ല. കാളകളെ പരമ്പരയായി കൊടുക്കണം, പട്ടാളക്കാർക്ക് പ്രവേശനമില്ല. അരി, ജലാശയം, ജലപാത്രം, കട്ടിൽ, വാസസ്ഥലം ഇവയെല്ലാം കരമൊഴിവാക്കി കൊടുക്കുന്നു. ഇതിന് തടസ്സം വരുത്തുന്നവർക്ക് ശിക്ഷ ലഭിക്കുന്നതാണ്.

അരത്തസംവിനായകം എന്ന വാക്ക് അർത്ഥം പിടി തരാത്ത ഒന്നാണ്. വിനായകം ഗണപതിയാവാം. ഉറപ്പില്ല. ചോളകം ചോളരാജാവല്ല, ചോളകം എന്ന ജലപാത്രമാണെന്ന് കാണുന്നു. യുദ്ധത്തിൽ ചോളരാജ്യത്തെ ഭടന്മാരെ വധിച്ച

തിന്ന് പരിഹാരം കൂടിയാണ് ലിഖിതം പറ യുന്ന ബ്രഹ്മദേയം അതിനാൽ രണ്ട് അർത്ഥ വും ചേരും. 10ആംബ്രാഹ്മണരായ വർഷം 6ആം പക്കം 5 പഞ്ചമി. ആജ്ഞാപ്തി സ്വയം ശിവക്കന്തവർമ്മൻ തന്നെയാണ്.

മദ്രാസ് സെന്റ് തോമസ് ലിറ്റിൽ മൌണ്ടി ലെ അർമ്മേനിയൻ എപ്പിറ്റാഫ്

മദ്രാസിന് തെക്ക് 3 സ്ഥലങ്ങളാണ് സെന്റ് തോമസ്സിന്റെ കഥയോട് ബന്ധപ്പെട്ടത്. 1. അദ്ദേ ഹത്തിന്റെ ശവക്കല്ലറ, 2, ലിറ്റിൽ മൌണ്ട്. അവിടെ അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. 3. സെന്റ് തോമസ് മൌണ്ടിലെ ലിഖിതത്തോടു കൂടിയ കുരിശ്.

ലിറ്റിൽ മൌണ്ടിലെ പള്ളിലിലേക്ക് പടവുകൾ കയറണം. ഇവക്ക് താഴെ ഒരു കുരിശോടു കൂടിയ കല്ലുണ്ട്. കല്ലിന്റെ താഴെ അർമ്മേനി യൻ എപ്പിറ്റാഫ് കാണാം. മദ്രാസ് ഗവർണ്ണറാ യിരുന്ന സർ ആർതർ ഹാവ് ലോക്ക് ഇതിൽ ആകൃഷ്ടനായി. അദ്ദേഹത്തിന്റെ ആവശ്യപ്രകാ രം അതിന്റെ പകർപ്പ് ഡോ ഹുൾട്സ് സ്ടാ സ്ബർഗ്ഗിലെ പ്രൊ. ഹുബ്സ്മാന് അയച്ചു കൊടുത്തു. അദ്ദേഹത്തിന്റേതാണ് ആദ്യവായ ന.

ഹൈസ് ഏ്വ തപയ്ൻ ഖുജൈ ദവൂത്തി ഒർദി ഖുജൈ മർഗ്ഗുരായിൻ ത്വിൻ ർ ച ഴ് ബ

ഇത്, ഖോജ മാർഗരേയുടെ മകൻ ഖോജ ദാവൂദിന്റെ ശവക്കല്ലറ. വർഷം 1112 എന്നാ ണ് വായന.

ദവ്ത്തി എന്നതിനു പകരം ദവൂത്തി എന്നാ യത് അറബി പ്രചോദനം കൊണ്ടാവണമെന്ന് എഴുതിയിരിക്കുന്നു. മാർഗ്ഗുരായിയാണ് മാർഗ രേ എന്ന് ഡോ കാർസ്റ്റ്. മാർഗരി പ്രവാച കനെന്നതിന്റെ അർമേനിയൻ പദമാണ്.
ത്വിൻ എന്നതിനു പകരം ഇത്വിൻ ആണ് വർഷത്തിൽ എന്നതിനുള്ള വാക്ക് ഖ്വാജ എന്ന പേഴ്സ്യൻ വാക്ക് കച്ചവടക്കാർക്കും ഗുരുക്കന്മാർക്കും ഉപയോഗിക്കാറുണ്ട്.

ഗഡഗ് ലിഖിതം വീരവല്ലല 2 ശകം 1114.

ധാർവാർജില്ല ഗഡഗ് താലൂക്ക് ത്രികൂടേശ്വര ക്ഷേത്രത്തിലെ പിന്നിലെ ചുമരിൽ ചാരിവെ ച്ച കല്ല്. 56 വരി. മുകളിൽ ശിൽപ്പങ്ങൾ. ലിംഗത്തെ ആരാധിക്കുന്ന മനുഷ്യന്റെ സിരസ്സ് യോനിയിലാണ് വെച്ചിരിക്കുന്നത്. ഇടത്തുവ ശത്ത് ഗണപതിയും നന്ദിയും. വലത്ത് ശക്തി യും കന്നും കുട്ടിയും ഒരു വളഞ്ഞവാളും. ലിപി പഴയ കന്നഡ. ഭാഷ സംസ്കൃതം. 6, 32 വരികളിൽ കർണ്ണാടകവാക്കുകളായ

ഹോയ്, മലപരോൽഗന്ധ ഇവ ഉണ്ട്. പ്രധാന ലിഖിതം പദ്യമാണ്. വരി 31-33, 41-46 ഗദ്യം. ചരിത്രപരമായ ധാരാളം കാര്യങ്ങളുള്ളത് ഫ്ലീറ്റ് ചർച്ച ചെയ്തിട്ടുണ്ട്. വിഷ്ണുവിനെ സ്തുതിച്ച് ആരംഭിക്കുന്ന ലിഖിതം യാദവവംശമായ ഹോയ്സാലവംശത്തെ പ്രകീർത്തിക്കുന്നു. യദുവംശത്തിലെ സലനുശേഷം ആ നാമത്തിലാണ് വംശം അറിയപ്പെടുന്നത്. ശശാകപുരത്തിലെ സന്യാസി തന്നെ പുലി ആക്രമിച്ചപ്പോൾ സലനോട് ഹോയ് സലാ എന്ന് വിളിച്ച ശേഷമാണ് ഹോയ്സാലവംശം എന്ന പേരുണ്ടായത്. പുലിയാണ് പതാകാചിഹ്നം. ശശാകപുരമാണ് ആദ്യതലസ്ഥാനം. 1060-1196ലെ ലിഖിതങ്ങൾ വിനയാദിത്യനെ ആദ്യരാജാവായി പറയുന്നു. അദ്ദേഹം സൊസവൂരു നിന്നാണ് ഭരിച്ചിരുന്നത്. സൊസവൂരു തന്നെയാണ് ശശപുരമെന്ന് മി. റൈസ്. മൈസൂരിലെ കടൂർ ജില്ലയിലെ മുദ്ഗേരേ താലൂക്കിലെ അങ്ങാടിയാണ് ശശപുരത്തന്റെ സ്ഥാനം എന്ന് അദ്ദേഹം കരുതുന്നു.

വംശാവലിയിൽ നിരവധി രാജാക്കന്മാർക്കു ശേഷം വിനയാദിത്യൻ ഭരിച്ചതായി പറയുന്നു. മകൻ എരേയാംഗന് 3 മക്കൾ. ബല്ലല, വിഷ്ണുവർദ്ധന, ഉദയാദിത്യ. (വല്ലല, വിഷ്ണുവർദ്ധന കാലമാകുമ്പോഴേക്കും തലസ്ഥാനം വേളാപുരം അഥവാ

ബേലൂരാണ്). വിനയാദിത്യൻ ജനിച്ചത് ശശ പുരത്താണ്. മൂത്തവനായ വല്ലലൻ തന്റെ കുതിരപ്പുറത്തിരുന്ന് ആനകളുടെ പ്രഭുവായ ജഗദ്ദേവനെ ജയിച്ച് ചക്രവർത്തിയായി ചിര കാലം ഭരിച്ചു. വിഷ്ണുവർദ്ധനനും വളരെ കാലം ഭരിച്ചു. (ചില ലിഖിതങ്ങളിൽ ജഗദ്ദേ വനെ ജയിച്ചത് വിഷ്മുവർദ്ധനനാണ്). ബേലൂ ർ, ഹോസക്കോട്ടേ ലിഖിതങ്ങളിൽ വിഷ്ണു വർദ്ധനനെ ജഗദ്ദേവന്റെ സൈന്യത്തെ നശിപ്പി ച്ച ഭൈരവനെന്ന് വിളിക്കുന്നു. ശ്രാവണബല ഗോള ലിഖിതത്തിലും മാളവരാജാവ് ജഗദ്ദേ വനെ തോൽപ്പിക്കുന്നത് വിഷ്ണുവർദ്ധനനാ ണ്. ലാലനകേരേ ലിഖിതം മൂന്നു സഹോദര ന്മാരും കൂടി ജഗദ്ദേവനെ തോൽപ്പിച്ച് ഭണ്ഡാ രം പിടിച്ചു എന്നാണ് പറയുന്നത്. ഇത് എഡി 1118നു മുമ്പാണ് സംഭവിച്ചത്. ജഗദ്ദേവൻ വിക്രമാദിത്യ 6 ന്റെ (പടിഞ്ഞാറൻ ചാലൂക്യ) സാമന്തനായിരുന്നു.

ബെൽവോളയിലിരുന്ന് വിഷ്ണുവര്ദ്ധനൻ ഉച്ചാംഗിയെ ആക്രമിച്ചു, കൃഷ്ണവെർണ്ണയിൽ കുതിരയെ കുളിപ്പിച്ചു, പരമാർദ്ദിദേവന് ഹോയ്സല രാജാക്കന്മാരെ മാത്രമാണ് പരാ ജയപ്പെടുത്താൻ സാധിക്കാത്തതെന്ന് നിരന്ത രം ഓർമ്മിപ്പിച്ചു. (പെരമാർദ്ദിദേവവിക്രമാദി ത്യ 6). വിഷ്ണുവർദ്ധനന്റെ മകനായ നരസിം ഹ എച്ചലാദേവിയെ വിവാഹം കഴിച്ചു.

മകനാണ് വീരബല്ലല 2. വജ്രേശ്വരപ്രസാദം കൊണ്ട് അദ്ദേഹത്തിന് സാമ്രാജ്യം ലഭിച്ചു. (വജ്രേശ്വര ഇന്ദ്രനാണ്). മറ്റൊരു ലിഖിതം വിജയനാരായണപ്രസാദത്താൽ എന്നും പറയുന്നുണ്ട്. ഈ ലിഖിതത്തിലും അദ്ദേഹം വിഷ്ണുഭക്തനാണെന്ന് പറയുന്നു. അംഗ, കലിംഗ, വംഗ,മഗധ, ചോള, മാളവ,പാണ്ഡ്യ, കേരള, ഗുർജ്ജരന്മാരെല്ലാം അദ്ദേഹത്തെ ഭയപ്പെട്ടു. ആനപ്പടയോടു കൂടിയ സൈന്യാധിപൻ ബ്രഹ്മനെ വെറും കാലാൾപ്പട കൊണ്ട് അദ്ദേഹം പരാജയപ്പെടുത്തി. ഒരേ ഒരു മോഴയാന മാത്രമുള്ള അദ്ദേഹം 60 കൊമ്പനാനകളെ അവരിൽനിന്ന് പിടിച്ചെടുത്തു. കാലചൂരികളുടെ രാജൈശ്വര്യം കവർന്ന് അവരുടെ അഭിമാനം ക്ഷതപ്പെടുത്തി. ഭില്ലമന്റെ വലംകൈയായ ജൈത്രസിംഹനെ നശിപ്പിച്ച് കുന്തളരാജ്യാധിപത്യം ലഭിച്ചു. ചാലൂക്യ സോമേശ്വര 4 ന്റെ സൈന്യാധിപനും ഉപദേശിയുമായിരുന്നു ബ്രഹ്മൻ. എഡി1184 മുതല്1186-87 വരെയുള്ള ചാലൂക്യരേഖകളിൽ അദ്ദേഹം തന്റെ പിതാവായ കാമ(കാവന)നെപ്പോലെ കാലചൂരികളുടെ കാലാഗ്നിയാണെന്ന് വിശേഷിക്കപ്പെട്ടിട്ടുണ്ട്. ആദ്യം കാലചൂരികളുടെ സേവകനായിരുന്നു. ഹരിഹരലിഖിതത്തിൽ കാവനൻ സംഗമന്റെ ദണ്ഡനായകനാണ്. എഡി 1179ൽ അദ്ദേഹത്തിന്റെ ദണ്ഡനായകനാണ്. എഡി 1181ൽ ബലഗാംവേ ലിഖിത

ത്തില് ആഹവമല്ലന്റെ ദണ്ഡനായകനാണ്. എഡി 1175ൽ സോവിദേവന്റെ മഹാപ്രധാന, സേനാധിപതി, ദണ്ഡനായകൻ ബ്രഹ്മനാണ്. തന്റെ പിതാവിനെ നിന്ദിച്ചതിനാലാണ് ബ്രഹ്മ ൻ കാലചൂരിസേവനത്തിൽ നിന്ന് പിന്തിരി ഞ്ഞത്. (നൃക്കാരേണ പിതു) അപ്പോഴും കാവ നൻ കാലചൂരികളുടെ സേവനത്തിലുണ്ട്. മറാത്തരാജ്യത്തിന്റെ തെക്കുള്ള കുന്തരാജ്യം ജൈത്രസിംഹനിൽനിന്നാണ് അദ്ദേഹം പിടിച്ച ത്. ശകം 1113ലെ ഗഡഗ് ലിഖിതത്തിൽ യാദ വരാജാവ് ഭില്ലമന്റെ മന്ത്രിയായി പറയുന്ന ജൈതസിംഹനാണ് ഇത്. അഥവാ ഭില്ലമന്റെ മകൻ ജൈതുംഗി ജൈത്രപാലനാവാം.

പ്രതാപചക്രവർത്തി വീരബല്ലലദേവ സകല ഭുവനാശ്രയമായി, മഹാരാജാധിരാജാ പര മേശ്വര പരമഭട്ടാരകനായി ദ്വാരാവതീപുരേ ശ്വരനായി യാദവവംശസൂര്യനായി, മലപന്മാ രുടെ നാശഹേതുവായി യുദ്ധവീരനായി നിരവധി മലക്കോട്ടകളെ കീഴടക്കി ലോക്കിഗു ണ്ടിയിലെ വിജയശിബിരത്തിലിരുന്ന്, ശകം 1114 കഴിഞ്ഞ്, പരിധാവിൻ വർഷത്തിൽ, മാർഗ്ഗശീർഷമാസത്തിലെ ശനിയാഴ്ച പൌർണ്ണമി ചന്ദ്രഗ്രഹണത്തിന് ആചാര്യ സിദ്ധ്ന്തിചന്ദ്രഭൂഷണപണ്ഡിതദേവനെന്ന സത്യവാക്യന്റെ കാൽ കഴുകിച്ച് ഉദകപൂർവ്വം ബെൽവോല 300 യിലെ ഹൊംബാലുലു

ഗ്രാമം അതിർത്തികളോടും നിധികളോടും എല്ലാ ഭോഗങ്ങളോടും ജലം, തോട്ടം, ശില, ഇവയോടും ത്രിഭോഗം അഷ്ടഭോഗം ഇവകളോടും കരം കപ്പം പിരിക്കാനുള്ള അധികാരത്തോടും വിട്ടുകൊടുത്തു. ഇത് അംഗഭോഗം രംഗഭോഗം ഇവക്കും സ്വയംഭു ത്രികൂടേശ്വരന്റെ സ്ഥാവരജംഗമസ്വത്തുക്കളെ പരിപാലിക്കുന്നതിനും വിദ്യ അഭ്യസിപ്പിക്കാനും സന്യാസിമാർക്കും ബ്രാഹ്മണർക്കും വിദ്യാർത്ഥികൾക്കും ഗുരുക്കന്മാർക്കും സൌജന്യഭക്ഷണം കൊടുക്കാനുമാണ്. സർവ്വമാന്യമായി ദാനം ചെയ്തിരിക്കയാണ്.

സത്യവാക്യനാണ് ഇവിടെ സിദ്ധാന്തചന്ദ്രഭൂഷണപണ്ധിതദേവനെന്നത് പ്രത്യേകം ശ്രദ്ധിക്കണം. ഇദ്ദേഹം ആചാര്യകാളമുഖന്റെ ശിഷ്യൻ സോമേശ്വരദേവന്റെ ശിഷ്യൻ വിദ്യാഭരണദേവന്റെ ശിഷ്യനാണ്. ക്രാതുകത്തിലെ സ്വയംഭൂ ത്രികൂടേശ്വരനെയും അവിടത്തെ സ്ഥാനാചാര്യനേയും സ്തുതിക്കുന്ന 11 ശ്ലോകം ഇവിടെ ഉണ്ട്. സ്ഥാനാചാര്യൻ സത്യവാക്യ കാളമുഖഗുരുപരമ്പരയിലെ വ്യക്തിയാണ്. (സത്യവാക്യാപരനാമധേയസ്യ) ശ്ലോകം 39 പറയുന്നത് അദ്ദേഹം ക്ഷേത്രത്തിലെ ജീവിക്കുന്ന ശിവലിംഗമാണെന്നാണ്. ത്രികൂടേശ്വരന്റെ സ്ഥാവരമായ മൂന്നു ലിംഗത്തോട് ഇതും ചേർത്ത് ചതുഷ്കൂടേശ്വരനെന്ന് വിളിക്കുന്നു.

(ജംഗമമായ ജീവിക്കുന്ന ശിവൻ). കാളേശ്വര, ശ്രീശൈല, ഭീമേശ്വര എന്ന് 3 ശിഖരങ്ങളിൽ ശിവൻ അവരോഹണം ചെയ്ത ഐതിഹ്യമാണ് ത്രികൂടേശ്വരക്ഷേത്രകഥ. ഈ മൂന്ന് ശിവലിംഗം അതിർത്തിയായതാണ് ത്രിലിംഗം അഥവാ തെലിംഗ (തെലുഗു)രാജ്യം .ബെലഗാവേയിലെ ഒരു ഭാഗം കാളമുഖബ്രഹ്മചാരികളുടെ രാജ്യം എന്ന് അറിയപ്പെട്ടിരുന്നു. ഇവരുടെ ഗുരുപരമ്പരഃ-

1. കേദാരശക്തിപണ്ഡിതദേവ
2. ശ്രീകണ്ഠപണ്ഡിതദേവ
3. സോമേശ്വര(സോമനാഥ)പണ്ഡിതദേവ(എഡി 1093- 1112)
4. വിദ്യാഭരണപണ്ഡിതദേവ (1129)
5. ഗൌതമപണ്ഡിതദേവനും (1129-1149) ചന്ദ്രഭൂഷണപണ്ഡിതദേവനും (എഡി 1191-1199) രണ്ട് ശാഖ.
6. ഗൌതമപണ്ഡിതദേവശാഖയിൽ വാമശക്തിപണ്ഡിതദേവ രാജഗുരു (1155-1192)

അഗ്നിശർമ്മൻ രചിച്ചു. വിദ്വാന്മാരുടെ ചക്രവർത്തിയാണ് അദ്ദേഹം. എഡി 1192 നവംബർ 21 ശനിയാണ് ലിഖിതരചന. (കിൽഹേൺ). ക്രതുക (ഗഡഗ്), ലോക്കിഗുണ്ടി (ലക്കുണ്ടി) ഹൊംബാലുലു (ഹൊംബാൽ).

അമോഘവർഷ 1 നീൽഗുണ്ട് ലിഖിതം എഡി 866

ഇതും ഇതേ നാളിലുള്ള സിരൂർ ലിഖിതവും 9ആം നൂറ്റാണ്ടിലെ കർണ്ണാടകദേശത്തെ ലിപി യുടെ വളർച്ചയം കാണിക്കുന്നുണ്ട്. 22ആം വരിയിൽ രണ്ടിലും അന്നിഗേരേയോൽഇരേ എന്ന വാക്ക് ഉണ്ട്. നീർഗുണ്ട എന്നാണ് ലിഖിതത്തിലെ പേര്. ബെൽവോള 300ലെ മുലുഗുണ്ട 12ലെ ഒരു ഗ്രാമമാണ് നിൽഗുണ്ട. അങ്ങാടിരാച്ചപ്പയുടെ വീട്ടുമുറ്റത്താണ് ലിഖി തമുള്ള കല്ല്. ഗഡഗ് താലൂക്കിലാണ് നീല്ഗു ണ്ട. ലിഖിതത്തിനു മുകളിൽ ശിൽപ്പങ്ങളുണ്ട്. ഇരിക്കുന്ന ലക്ഷ്മി, ഇരുവശം ആനകൾ, തുമ്പിക്കൈകൾ ദേവിയുടെ ശിരസ്സിനുപരി തൊടുന്നു. അതിൽ പുഷ്പമോ ജലകുംഭമോ ഉണ്ട്. മുകളിലായി ചെറിയ വിഷ്ണു മുന്നി ലേക്ക് അഭിമുഖമായി ഇരിക്കുന്നു. ലക്ഷ്മി ക്ക് താഴെ സ്വസ്തികം. വലത്ത് പശുവും കുട്ടിയും. ഇടത്ത് വൃക്ഷവും പുഷ്പവും ഓരോ ചട്ടിയിലുണ്ട്. പല വാക്കുകളും സിരൂർ ലിഖിതം വെച്ചാണ് വായിച്ചെടുത്തത്. ലിപി കന്നഡ. വരി 1-8 സംസ്കൃതപദ്യം. 30-35 പദ്യം. ബാക്കി പഴയകന്നഡത്തിലുള്ളത് ഗദ്യം. എഡി 814-എഡി 878 വരെ രാജ്യം ഭരിച്ച അമോഘവർഷ 1 ന്റെ കാലത്താണ് ലിഖിതം. അദ്ദേഹത്തെ ലിഖിതം അതിശ

യധവള, ലക്ഷ്മീവല്ലഭേന്ദ്ര, നൃപതുംഗ എന്നും വിളിക്കുന്നു. വിഷ്ണുഭക്തനായിരുന്നു. സുരാസുരമർദ്ദനനെന്ന ബിരുദം സ്വന്തനാമം നാരായണനെന്നോ മറ്റോ ഉള്ള വിഷ്ണുപര്യായമായിരിക്കണം. അന്നിഗേരേയിൽ താമസിക്കുന്ന ദേവണ്ണയ്യ ബെൽവോളേ 300 ഭരിക്കുന്നു. അദ്ദേഹത്തിന്റെ ബന്ധു കുലപ്പയ്യ മുൽഗുണ്ട 12 ഭരിക്കുന്നു. നെയ്യിനുള്ള നികുതിസംബന്ധമാണ് രേഖ. രാജശ്രാവിത എന്ന രാജകീയ ശാസനപ്രകാരമാണ് ഇത്. നീർഗുണ്ടയിലെ 150 മഹാജനങ്ങൾക്ക് വേണ്ടിയാണ്. ഇതിനുള്ള ചെലവ് രാജകീയനികുതിയിലേക്ക് അടക്കേണ്ടതില്ല. അമാവാസി സൂര്യഗ്രഹണം ജ്യേഷ്ഠമാസം വ്യയസംവത്സരം ശകം 788 അമോഘവർഷന്റെ 52ആം ഭരണവർഷം എഡി 866 ജൂൺ 16 .

കലിവല്ലഭനെന്ന നിരുപമ(ധ്രുവ) പുത്രൻ പ്രഭൂതവർഷഗോവിന്ദരാജാ (3) ജഗത്തുംഗൻ. കേരളമാളവഗൌഡഗുർജ്ജരരേയും ചിത്രകൂടമെന്ന മലക്കോട്ടയേയും കാഞ്ചിയേയും അടക്കി കീർത്തിനാരായണനെന്ന പേരെടുത്തു. പുത്രൻ അതിശയധവളനെന്ന അമോഘവർഷൻ 1, വംഗ, അംഗ, മഗധ, മാളവ, വെങ്കി രാജാക്കന്മാരാൽ പൂജിതനായി. ലക്ഷ്മീവല്ലഭേന്ദ്രനൃപതുംഗനെന്ന അദ്ദേഹം മഹാരാജാധിരാജാ പരമേശവര ഭട്ടാരകനായി പഞ്ചമഹാ

ശബ്ദവും നേടി. 4 സമുദ്രത്താൽ ചുറ്റപ്പെട്ട ഭൂമിയെ 3 വെൺകൊറ്റക്കുടകളോടെ കാഹളങ്ങളോടും ശംഖത്തോടും നിരവധി സുന്ദരികളുടെ പരിവാരത്തോടും പാലിധ്വജക്കൊടിയോടും ഭരിച്ചു. രാത്തവംശത്തിലാണ് അദ്ദേഹം ജനിച്ചത്. (രാഷ്ട്രകൂട)ഗരുഡചിഹ്നമുള്ള കൊടിയാണ്. ജനമദ്ധ്യത്തിൽ തിവിലി എന്ന വാദ്യോപകരണത്തിന്റെ അടമ്പടിയോടെ അദ്ദേഹം പ്രത്യക്ഷ,പ്പെടുന്നു. ലട്ടലൂരനഗരത്തിന്റെ പ്രഭുവാണ്. സാക്ഷാൽ ലക്ഷമീവല്ലഭനായ വിഷ്ണുവാണ്.

എഴുതിയത് ....ഭട്ട. നാഗമുണ്ഡനാണ് ശില സ്ഥാപിച്ചത്.

വിജയനഗരം കൃഷ്ണരാജാകാലത്തെ 2 സ്തംഭലിഖിതങ്ങൾ

കൃഷ്ണജില്ലഗുണ്ടൂർ മംഗളഗിരികുന്നിനു മുകളിലെ പടികൾക്കടുത്താണ് സ്തംഭം. തെലുഗു ലിപി. മുകളിൽ സൂര്യനും ചന്ദ്രനും. .ഭാഷ സംസ്കൃതം. മുഴുവനും പദ്യമാണ്. തുടക്കത്തിലെ ശുഭം അസ്തു , അവസാനത്തിലെ ശ്രീ ശ്രീ ശ്രീം ജേയുന്നു (തെലുഗ്) ഒഴികെ. കൃഷ്ണരാജന്റെ മന്ത്രി സാൽവതിമ്മന്റെ ദാനരേഖയാണ് ലിഖിതം. കാകുളപ്രഭുവായ വരാഹരൂപിയായ വിഷ്ണുവിനേയും രാമനേയും സ്തുതിച്ചാണ് ആരംഭം. കാകുളേശ

എന്നത് ശ്രീകാകുളത്തിൽ ആരാധിക്കപ്പെടുന്ന വിഷ്ണുവിനെയാണ്. മസൂലിപട്ടണത്തിൽനിന്ന് 19 മൈൽ പടിഞ്ഞാറാണ് ശ്രീകാകുളം (കൃഷ്ണ ജില്ല). കലിംഗസഭയിലെ കൃഷ്ണ രാജസ്തംഭത്തെ പ്രകീർത്തിക്കുന്നു. കിഴക്കൻ സമുദ്രതീരം ജയിച്ച വിജയസ്തംഭമാണ് സൂചിതം. സാളുവതിമ്മ കൌണ്ഡിന്യഗോത്രം മന്ത്രി രാച്ചയുടെ മകനും മന്ത്രി വേമയുടെ പൌത്രനുമാണ്. ഭാര്യ ലക്ഷ്മി. നരസുരാവപേട്ട താലൂക്കിലെ കൊണ്ടവീടു പിടിച്ചതും , കൊണ്ടവീടിൽ ഗജപതി നിർത്തിയ രാജഹംസങ്ങളെ പിടിച്ചതും പറയുന്നുണ്ട്. (ഒറീസയിലെ ഗജപതിമാരുടെ കീവിലായിരുന്നു അന്ന് കൊണ്ടവീട്) 15ആം നൂറ്റാണ്ടുവരെ കൊണ്ടവീട് റെഡ്ഡിമാരാണ് ഭരിച്ചിരുന്നത്. (കാടവേമന്റെ തൊട്ടരമുടി പ്ലേറ്റ് ശകം 1333 ലെ ഗണദേവ റൌട്ടരായ ഗജപതി രാജാ കപിലന്റെ സാമന്തനാണ്) ശകം 1437 ആഷാഢം ശുക്ലപക്ഷം ദ്വാദശി ഹരിവാസരം ശനിയാഴ്ചയാണ് കൊണ്ടവീട് കീഴടക്കിയത്. (എഡി 1515 ജൂൺ 23. ശനി)

അപ്പ, ഗോപ എന്ന മന്ത്രിമാരുടെ വംശാവലി:- തിമ്മയുടെയും കൃഷ്ണമാംബയുടേയും മക്കളായ ഇവർ നാടിന്ദല കുടുംബം, കൌശികഗോത്രം. കൃഷ്ണമാംബ സാൽവ തിമ്മയുടെ സഹോദരിയാണ്. (ഭാഗിനേയർ)ഗോപ

അദ്ദേഹത്തിന്റെ ജാമാതാവുമാണ്. (രണ്ട് സഹോദരന്മാരും സാൽവ തിമ്മയുടെ മക്കളെ യാണ് വിവാഹം ചെയ്തിരുന്നത്). നാടന്ദല അപ്പ ദാനകർമ്മങ്ങൾ മൂലം പല്ലക്കും 2 ചാമരവും കുടയും സൈന്യത്തിലെ സേനാനായകസ്ഥാനവും നേടി. വിനിക്കൊണ്ട, ഗുട്ടി, അമരാവതി ഇവിടങ്ങളിലെ ഏകധുരന്ധരനായി. നാളിന്ദഗോപനും പല്ലക്കും 2 ചാമരവും കൊണ്ടവീട്ടിലെ ഏകധുരന്ധരസ്ഥാനവും ലഭിച്ചു. ശകം 1442ൽ ഗോപ വപ്രത്തോടും ഗോപുരത്തോടും കൂടിയ ഹർമ്മ്യങ്ങൾ , അചലാപുരിയിൽ രാഘവനു (ശ്രീരാമൻ) വേണ്ടി നിർമ്മിച്ചു. അചലപുരി കൊണ്ടവീടു തന്നെയാണ്. ശകം 1443ൽ ഫാൽഗുനപൌർണ്ണമിക്ക് തിങ്കൾ രഘുനായകന്റെ വിഗ്രഹം പ്രതിഷ്ഠിച്ചു. (എഡി 1522 ഫെബ്രുവരി 10)ക്ഷേത്രത്തിലെ 72 നിയോഗങ്ങൾക്ക് സാളുവ രാഘവക്ഷേത്രത്തിന് ഉണ്ണുവഗ്രാമം എല്ലാ ഐശ്വര്യത്തോടും കൂടി കൊടുത്തു.അപ്പയുടെ 19 ദാനം വരി 36-39ൽ പറയുന്നു.

1.വിനിക്കൊണ്ടക്കും കുന്തിപ്പുഴക്കും ഇടയിൽ കൃഷിഭൂമിയോടും തടാകത്തോടും കൂടിയ അപ്പാപുരം എന്ന ഗ്രാമം നിർമ്മിച്ച് വിനിഗൊണ്ടയിലെ അങ്ങാടി ഗോപിനാഥഹരി ക്ഷേത്രത്തിനു ദാനം.

2 ബോംബിച്ചാർളയിലെ അനന്തഗോപിനാഥ ക്ഷേത്രത്തിന് ഗോപവരം ഗ്രാമം ദാനം

3.ശകം 1414ൽ മദ്ദേരേലനഗരത്തിലെ മാധവീ ദേവിക്ഷേത്രത്തിനും പൈനിമാരിഗ്രാമത്തിനു മുഴുവനും വപ്ര (മതിൽ) കെട്ടി. ഗ്രാമം ക്ഷേ ത്രത്തിനു നൽകി.

4 ശകം 1439ൽ മണ്ഡപത്തോടും വപ്രത്തോ ടും കൂടിയ ശിവാലയം നന്ദിപതിഗ്രാമത്തിൽ ഓംകാരനദിക്ക് അരികെ ഉണ്ടാക്കി. കുന്തീന ദി (ഗുണ്ടലക്കമ്മ നദി)യുടെ വലത്തെ കര യിലാണ് ക്ഷേത്രം. ഓംകാരനദി എന്നും ഈ നദിക്ക് പേരുണ്ടായിരുന്നു.

5 ശകം 1439 രാമേശ്വരന് വിനിക്കൊണ്ട .കോട്ടയിൽ മണ്ഡപവും വപ്രവുമുള്ള ക്ഷേത്രം.

6 ശകം 1439 ശ്രാവണപൌർണ്ണമിക്ക് കൽ മണ്ഡപം വിശേശ്വരന് വിനിക്കൊണ്ടയുടെ സീമയിൽ നൂണ്ടുലപ്പാടി ഗ്രാമത്തിൽ പണിതു. ലക്ഷ്മിയുടെ ഭർത്താവായ സാൾവതിമ്മയുടെ പുണ്യത്തിനായി.

7 ശകം 1440 ക്രാഞ്ചയിൽ അഗസ്ത്യമഹേശ്വ രന് സാലുവതിമ്മയുടെയും ലക്ഷ്മിയുടേയും പുണ്യത്തിനായി മണ്ഡപം പണിതു.

8 ശകം 1439 സർവമാന്യമായി നികുതികളും കാരണികരുടെ കരങ്ങളും വൈകുണ്ഠത്തി

ലെത്തിയ മാതാപിതാക്കളുടെ ശാശ്വതമുക്തി ക്കായി വിട്ടുകൊടുത്തു.

9 അതേ വർഷം ശ്രാവണപൌർണ്ണമിക്ക് മല്ലാവരം അഗ്രഹാരം എല്ലാ നിധികളോടും കൂടി ജ്ഞാനമൂർത്തിയായ ചന്നകേശവരാമ നാഥക്ഷേത്രത്തിന് ദാനം. (ആഗസ്ത് 1 എഡി 1517)

10 ശകം 1439 വൈശാഖപൌർണ്ണമി അങ്ങാ ടി ഗോപിനാഥഹരിക്ക് പ്രാകാരവും മണ്ഡപ വും സാൽവതിമ്മന്റെ പുണ്യത്തിനായി പണിതു.

11 1438 ശകം മാധവീദേവിക്ഷേത്രത്തിന് വപ്രം ഉയരം കൂട്ടി.

12 ശകം 1438 അടുക്കൂരു ഗ്രാമം നന്ദിന്ദല എന്ന് പേരു മാറ്റി നെൽവയലും കരിമ്പിൻതോട്ടവും തടാകവും നിർമ്മിച്ച് ക്ഷേത്രത്തിലെ നിത്യനിദാനത്തിനും സന്ധ്യകൾ മുടങ്ങാതെ നടത്താനും ബ്രാഹ്മമനു ദാനം.

13 ശകം 1438 9 സ്വർണ്ണകുംഭങ്ങളോടു കൂടിയ പ്രാസാദവും മണ്ഡപവും മംഗളശൈലത്തിലെ ഹരിക്ക് ദാനം ചെയ്തു. മംഗളശൈലഗ്രാമം നൃസിംഹ ക്ഷേത്രത്തിനു ദാനം ചെയ്തു.

14 ശകം 1439 അപ്പാപുരത്ത് , കൃഷിക്ക് വേണ്ടി റെട്ടൂരിഗ്രാമസീമയിലെ സ്ഥലം എടുത്ത് തടാകം പണിതുകൊടുത്തു.

15 ശകം 1439 നാടിന്ദലഗ്രാമസീമയിൽ നിന്ന് ഭൂമി എടുത്ത് തടാകം പണിത് ബ്രാഹ്മണ ർക്ക് കൊടുത്തു. നരസരാവുപ്പേട്ടയുടെ 9 മൈൽ തെക്കുകിഴക്കാണ് നാടിന്ദലഗ്രാമം..

16 ശകം 1439 യെർച്ചൂരിനിന്ന് സ്ഥലം എടു ത്ത് 10 കേസരിപ്പാടിപുട്ടിയുള്ള തടാകം പണിത് യെർച്ചൂരിയിലെ ഔബിലനരസിം ഹഹരിക്ക് ദാനം.

17 റോംപിചാരിയയിലെ അനന്ഗോപിനാഥന് ഗോപവാരം ഗ്രാമം ദാനം

18 ശകം 1438 വൈശാഖപൌർണ്ണമി വിനി ക്കൊണ്ടസീമയിലെ ഭർത്തപൂണ്ടി ഗ്രാമം തന്റെ നാമത്തിൽ അഷ്ടശക്തികളോടെ വാസിഷ്ഠഗോത്രത്തിലെ രായലഭാസ്കരന് ദാനം.

19 ശകം 1438 ശ്രാവണപൂർണ്ണിമ 10 കേസ രിപട്ടി നിലം തടാകത്തോടെ ബ്രാഹ്മണ ർക്ക് കൊടുത്തു.

20 ശകം 1439 കാർത്തികപൌർണ്ണമി വിനി ക്കൊണ്ടസീമയിലെ അണ്ണാവരം ഗ്രാമം സ്വന്തനാമത്തിൽ അഷ്ടശക്തികളോടെ കൌ ണ്ഡിന്യഗോത്രത്തിലെ ദേച്ചന് ദാനം.

സാലുവതിമ്മ ത്രികൂടേശ്വരശിവന് ദാനം ചെയ്തതാണ് കൊണ്ടക്കാവൂരി ഗ്രാമം.

രണ്ടാം ലിഖിതം തെലുഗു ലിപി കാസയിലെ കോദണ്ഡരാമസ്വാമിക്ഷേത്രത്തിൽ കിടക്കുന്ന തൂണിലാണ്. വസാനശ്ലോകം ഒഴികെ എല്ലാം മംഗളഗിരിലിഖിതം തന്നെയാണ്.
അവസാനശ്ലോകം ശകം 1438ൽ മന്ത്രി അപ്പ നല്ലപ്പാടി(നല്ലപ്പാടു)യിലെ അഗസ്തീശ്വരക്ഷേത്ര ത്തിൽ മണ്ഡപം പണിയിച്ചു എന്നാണ്. 15 മൈൽ ഗുണ്ടൂരിന് വടക്കാണ് നല്ലപ്പാടു.
4 മൈൽ പടിഞ്ഞാറുമാണ്. ഇവിടെ ധാരാ ളം പഴയ ക്ഷേത്രങ്ങളുണ്ട്. മംഗളഗിരി ലിഖിതത്തിൽ 256 വരിയുണ്ട്.

അവസാനശ്ലോകം മാത്രം ഇവിടെഃ- ശാകേ വസ്വഗ്നിവേദേ ദ്യഗണ്യേഗസ്തീശ്വരമണ്ഡപം നല്ലപാട്ടൌ സുധാലിപ്തം കൃതവാനപ്യ .മന്ത്രരാട്. ശ്രീ ശ്രീ ശ്രീ ജേയൂനൂ.

ദണ്ഡിമഹാദേവിയുടെ 2 ഗ്രാന്റു കൾഃ-

സംവത് 180 . ഒറ്റ താമ്രപത്രം. ഇരുവശം എഴുതിയിട്ടുണ്ട്. സീലിൽ വലത്തോട്ട് തിരി ഞ്ഞിരിക്കുന്ന നന്ദി. പൂഞ്ഞക്ക് മുകളിലായി സൂകര്യചന്ദ്രന്മാരും അരക്കെട്ടിനു മുകളിലാ യി ശംഖും. സീൽ വിരിഞ്ഞ താമരയുടെ മുകളിലാണ്. ലിഖിതത്തിനു താഴെ താമര

യുടെ ഇരുവശത്തുമായി രണ്ട് ഋജു രേഖ. ലിപി കിഴക്കേ ഇന്ത്യയുടെ ഉത്തരഭാഗത്തെ ലിപിയാണ്. ശകം 979ലെ വജ്രഹസ്തന്റെ നാടകം (ഗഞ്ചം)ലിഖിതത്തോടു സാമ്യമുണ്ട്. റാണാഭഞ്ജന്റെ ബാമാഘട്ടി പ്ലേറ്റ് (ഒറീസ),, മഹാഭവഗുപ്ത 1, 2 എന്നിവരുടെ പാറ്റ്ന, കട്ടക്, കുടോപ്പള്ളി പ്ലേറ്റുകൾ , വിദ്യാധരഭഞ്ജന്റെ ഒറീസ പ്ലേറ്റ് മാധവവർമ്മന്റെ ബുഗുഡ(ഗഞ്ചം)പ്ലേറ്റ് പൃഥ്വീവർമ്മന്റെ ഗഞ്ചം പ്ലേറ്റ് രത്നപാലവർമ്മൻ ഇന്ദ്രപാലവർമ്മൻ ബാലവർമ്മൻ എന്നിവരുടെ ആസാം പ്ലേറ്റുകൾ ഇവയോടും സാദൃശ്യം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ത, ത്ത എന്നീ അക്ഷരങ്ങൾ (ലിപി) ഈ പറഞ്ഞ എല്ലാ കിഴക്കൻ ലിഖിതങ്ങളുിലും കാണുന്നതും വടക്ക് കാണാത്തതുമാണ്. (ഢേത, ഉന്മത്ത എന്നീ വാക്കുകൾ) ജ്രഹസ്തന്റെ നടാഗം പ്ലേറ്റിലുമുണ്ട്. (ഭുവനവിനുത) അത് വേറെ പാലിയോഗ്രാഫിക്ക് ലിപികളിലൊന്നും ഉള്ളതല്ല. രണ്ടാം ഭാഗത്തെ മഹീയസിയിലെ ഹകാരവും പാലിയോഗ്രാഫിക് ലിപികളിലുള്ളതല്ല. അത് വിദ്യാധരഭഞ്ജന്റെ ഒറീസ പ്ലേറ്റിലും ഉണ്ട്. ചരിതാർത്ഥത്തിലെ ർത്ഥ വരിയിലാണ് വരിക്ക് മുകളിലല്ല എഴുതിയിരിക്കുന്നത്. വരി 35, 36 ഇവയിൽ സംഖ്യ ഉപയോഗിച്ചിട്ടുണ്ട്. സംവത് 100 80 മാർഗ്ഗശീർഷവാദി എന്നാണ് (180) രാണാഭഞ്ജന്റെ ഒറീസ പ്ലേറ്റിലും 200 80 8

എന്നാമ് സംവത് കാണിക്കുന്നത് (288) കിഴക്കേ ഇന്ത്യയിൽ സംഖ്യ പഴയ കാലം മുതലേ ഉപയോഗിക്കുന്നതിന് തെളിവായി ഇത് ചൂണ്ടിക്കാട്ടുന്നു. ഭാഷ സംസ്കൃതമാണ്. 22 ആം വരി വരെ ദണ്ഡിമഹാദേവിയുടെ വംശാവലിയാണ്. പദ്യമാണ്. ചെറിയ ഒരു ഗദ്യഭാഗവുമുണ്ട്. ബകാരം വകാരമായി എഴുതുന്നു. രണ്ടാമത്തെ വശം അശ്രദ്ധമായിട്ടാണ് എഴുതിയിരിക്കുന്നത്. സംവത്സരത്തിന് സംവച്ഛരവും സപ്തഛരദത്തിന് സപ്തത്സദവുമാണ് . 42. 43 വരികൾ സംസ്കൃതമല്ല.

പരമഭട്ടാരിക മഹാരാജാധിരാജപരമേശ്വരി ദണ്ഡിമഹാദേവിയുടെ യഥാർത്ഥപേരു പറയുന്നില്ല. മഹേശ്വരഭക്തയായ അവരുടെ പേരു ഗൌരി എന്നാണെന്നാണ് അനുമാനം.
വംശാവലിഃ-ഉന്മത്തസിംഹവംശത്തിൽ മങ്കപാദന്റെ ശാഖയിൽ ലോണഭരൻ, മകൻ കുസുമഭരൻ, അനുജൻ ലളിതഭരൻ, മകൻ ശാന്തികരൻ, അനുജൻ ശുഭകരൻ, അദ്ദേഹത്തിന്റെ മരണശേഷം രാജ്ഞി സിംഹാസനസ്ഥയായി. അവരുടെ മകളാണ് ദണ്ഡിമഹാദേവി. ഗുഹേശ്വരപാടകത്തിലെ വിജയശിബിരത്തിൽനിന്ന് ഇപ്പോഴും ഭാവിയിൽ വരാനുള്ളവരുമായ കൊങ്ങോതമണ്ഡലത്തിലെ മഹാസാമന്ത, മഹാരാജ,രാജപുത്രി അന്തരംഗ,കുമാരാമാത്യ, ഉപരിക,വിഷയപതി,തടായുക്തക, ദണ്ഡപാശി

ക,സ്ഥാനാന്തരിക എന്നിവർക്കും അവരുടെ സൈന്യത്തിനും സാമന്തന്മാരാലും സാമവാജി കളാലും നയിക്കപ്പെടുന്ന എല്ലാവർക്കും (വരദഖണ്ഡവിഷയത്തിലെ കിഴക്കൻ ഭാരത്ത് വസിക്കുന്നവർ) കൂടിയാണ് ദാനം. സ്വന്തം ആത്മീയോന്നതിക്കും മാതാപിതാക്കളുടേയും സമസ്തലോകത്തിന്റെയും ആത്മീയോന്നതിക്കു മായി സംക്രാന്തിനാളിൽ ഉദകപൂർവ്വം വില്ല ഗ്രാമം (വരദഖണ്ഡത്തിലെ) കരമൊഴിവായി ഉപരികരം, ഉദ്ദേശ (നെയ്ത്തുകാരോടുകൂടിയ) ഗോകുലം, സോമം പിഴിയുന്നവർ, വ ൾ, ചേരികൾ, നദിയിലേക്കുള്ള പടവും കടത്തുതോണി ഇറക്കുന്ന സ്ഥലവും, കാടും അടക്കം ആചന്ദ്രതാരം ഭൂമിഛിദ്രനിയമം അനുസരിച്ചുകൊണ്ട് അനുഭവിച്ചുകൊള്ളാ നാണ് ദാനം. വെങ്കിപാതകത്തിൽനിന്ന് വന്ന അപ്രതിദിതഘോഷന്റെ പൌത്രനും വാസുവി ന്റെ പുത്രനും ആയ ധവളനെന്ന ദ്വാരപാലക ൻ വിശ്വാമിത്രഗോത്രം ദേവരാതപ്രവരം ഔദ ലഅനുപ്രവരം കാണ്വശാഖ ആണ് ദാനം സ്വീ കരിക്കുന്നത്. അദ്ദേഹം ഈ ദാനം സംരക്ഷി ക്കാൻ ചുമതലപ്പെട്ടവനാണ്. സംവത് 180 കൃഷ്ണപക്ഷപഞ്ചമി മാർഗ്ഗശീർഷം . പ്രശസ്തി രചിച്ചത് കവി ജയാത്മന്റെ മകൻ കവി ജംബപാലൻ ദൂതകൻ റാണക ദാനാല വൻ. മഹാക്ഷപാലിക നൃസിംഹ, മഹാസ

ഡിവിഗ്രഹി ഉഗ്രാദിത്യ, മഹാപ്രതിഹാര പ്രഹാസ. ലിഖിതം കൊത്തിയത് ശംബകൻ.

കൊങ്ങോതമണ്ഡലത്തിലെ ജനത ഹ്യൂയാങ് സാങിന്റെ അഭിപ്രായപ്രകാരം മദ്ധ്യേന്ത്യ യിലെ ജനതയെപ്പോലെയാണ്. അതായത് അവർ മദ്ധ്യേന്ത്യയിലെ ജനതയല്ല. ആന്ധ്ര വെങ്കി, കലിംഗത്തിലെ ജനതയാണ്.ദക്ഷിണ കോസലമാണ്. വെങ്കിപാടകത്തിൽ നിന്ന് വന്ന ആചാര്യനാണ് ദാനം കൊടുക്കുന്നതും. ഇവരും തമിഴകത്തെ കൊങ്ങുദേശവും തമ്മി ലുള്ള ബന്ധം തെളിയിക്കപ്പെട്ടുകഴിഞ്ഞതാണ്.

രണ്ടാം ലിഖിതം അതേ സ്ഥലത്തുനിന്ന് അതേ രാജ്ഞി അതേ ആളുകൾക്ക് (മഹാമഹത്ത രന്മാരും ബൃഹദ് ഭോഗികളും പുസ്തകപാല രും കൂടി ഉണ്ട്) ഉത്തരായനത്തിന് ഗരസാം ബഗ്രാമം നേരത്തെ പറഞ്ഞ അതേ വസ്തുക്ക ളോടും അനുഭവങ്ങളോടും കൂടി ദാനം ചെ യ്യുന്നതാണ്. കാശ്യപഗോത്രത്തിലെ കാശ്യപ അവത്സാര നൈധ്രുവപ്രവരം വാജസനേയ ചരണം കാണ്വശാഖയിലെ ഭട്ടപുത്ര പുരുഷോ ത്തമനാണ് സ്വീകരിക്കുന്നത്. മഹാക്ഷപടലിക ഭോഗദൻ എഴുതി. ചെമപുപണിക്കാരനായ കന്ത(കാക) രേഖപ്പെടുത്തി. ഗ്രാമത്തിന്റെ പകുതി പുരുഷോത്തമൻ കൌശികഗോത്രത്തി ലെ ഔദാലവിശ്വാമിത്രദേവരാതപ്രവരം ഭട്ട പുത്ര രവികന് ദാനം ചെയ്തു.

ശശാങ്കരാജകാലത്തെ പ്ലേറ്റുകൾ ഗുപ്തസം വത് 300

3 പ്ലേറ്റ് .എലിപ്റ്റിക്കൽ സീലിൽ വലത്തോട്ട് തിരിഞ്ഞിരിക്കുന്ന നന്ദി. ശ്രീസൈന്യഭീതസ്യ എന്ന് എഴുതിയിട്ടുണ്ട്. ഗുപ്തലിപിയിൽനിന്ന് നാഗരിയിലേക്കുള്ള മാറ്റം സൂചിപ്പിക്കുന്ന സൂചിത്തലയുള്ള കോണുകളുള്ള ലിപി.ഭാഷ സംസ്കൃതം. കൂടുതലും ഗദ്യം. ഗുപ്ത 300 എഡി 619-20, മഹാരാജാധിരാജാ ശശാങ്കരാജാ കർണ്ണസുവർണ്ണത്തിലെ രാജാവായിരുന്നു. രാജ്യവർദ്ധനനെ വധിച്ച വ്യക്തിയാണ്. (ഹ്യുയാൻസാങ്). ബാണന്റെ ഹർഷചരിതത്തിൽ ഇത് ഗൌഡത്തിലെ നരേന്ദ്രഗുപ്തനാണ് ചെയ്തത്. അദ്ദേഹത്തിന്റെ മറ്റൊരു പേരാണ് ശശാങ്ക. അത് ശരിയാണെങ്കില് ശശാങ്കരാജാ രാജ്യവർദ്ധനന്റെ വധശേഷം പിന്നെയും 13 വർഷം ജീവിച്ചിരുന്നിട്ടുണ്ടാവണം. മാധവരാജാ 1 ന്റെ പൌത്രനും യശോഭീതന്റെ മകനുമായ ശിലോത്ഭവവംശത്തിലെ മഹാരാജാ മഹാസാമന്ത മാധവരാജാ 2 ആണ് ഈ ലിഖിതം പുറപ്പെടുവിച്ചത്. സൈന്യഭീതനെന്ന് അപരനാമമുള്ള അദ്ദേഹം ശിവഭക്തനായിരുന്നു.

ലോകം ഭരിക്കുന്ന മഹാരാജാധിരാജാ എന്ന് ശശാങ്കനെ വിളിക്കുന്നതിനാൽ മാധവരാജാ 2 വിന്റെ മഹാരാജാവാവണം ശശാങ്കൻ. ബുഗുഡ പ്ലേറ്റിൽ ഇദ്ദേഹം മാധവവർമ്മനാണ്.

സൂര്യഗ്രഹണത്തിന് മാധവവർമ്മൻ 2 കൃഷ്ണഗിരിവിഷയത്തിലെ ചവളക്കയ ഗ്രാമം ബ്രാഹ്മണന് കൊടുത്തു. ശാലിമാനദിയുടെ തീരത്തുള്ള കൊങ്ങോതയിൽ നിന്നാണ് ദാനം. കൃഷ്ണഗിരിവിഷയത്തിലെ കൃഷ്ണഗിരി ഒറീസയിലെ പുരിജഗന്നാഥന്റെ നീലഗിരിയായണ്. ബുഗുഡ പ്ലേറ്റിലും മാധവവർമ്മന്റെ വാസസ്ഥാനം കൊങ്ങോതയാണ്. ദണ്ഡിമഹാദേവിയുടെ 2 ലിഖിതവും ഇവിടെനിന്നാണ്. ഭരദ്വാജഗോത്രത്തിലെ അംഗിരസ,ബാർഹസ്പത്യപ്രവരത്തിലെ ചംബരസ്വാമിക്ക് സ്വന്തം ആത്മീയോന്നതിക്കും മാതാപിതാക്കളുടെ ആത്മീയോന്നതിക്കുമാണ് ദാനം

അമരാവതിയിലെ 2 സ്തംഭലിഖിതങ്ങൾ:-

കൃഷ്ണജില്ല സത്തേനപ്പള്ളി താലൂക്ക് അമരേശ്വരക്ഷേത്രത്തിൻ തെക്കുവശത്തെ പ്രധാനകവാടഭാഗത്താണ് സ്തംഭങ്ങൾ. .തെലുഗുലിപി. ഭാഷ സംസ്കൃതവും തെലുഗും.

കേത 2 ശകസംവത് 1104.

ഇതിൽ 52 സംസ്കൃതശ്ലോകം. 108-127, 131-149, 170-187 ഇവ തെലുങ്ക് ഗദ്യമാണ്. ശ്രീധാന്യകടകത്തിലെ അമരേശ്വരശിവക്ഷേത്രത്തിനടുത്ത് ബുദ്ധന്റെ ചൈത്യമുണ്ട്. അമരാവതിയു

ടെ പഴയ പേരാണ് ധാന്യകടകം. അമരാവതി സ്തൂപമാണ് ഇവിടെ ചൈത്യമെന്ന് പറയുന്ന ത്. അവിടത്തെ രാജവംശം ഈശ്വരന്റെ പാദ ത്തിൽനിന്ന് ഉണ്ടായ ശൂദ്രവംശമാണ്. നാലു തലമുറ പറയുന്നു. ഭീമ 1, കേത 1, ഭീമ 2 പത്നി സബ്ബമാദേവി, പുത്രൻ കേത 2. തെലുഗു ഭാഗത്ത് കേത 2 നെപ്പറ്റി പറയുന്നു. മഹാമണ്ഡലേശ്വര കോത കേതരാജാ . കോത എന്നത് അടുത്തുള്ള ധാരണിക്കോട്ടയുടെ കോട നാമമാണെന്ന് വിചാരിക്കുന്നു. കൃഷ്ണ വെണ്ണനദിയുടെ തെക്കേ കരയിലെ 6000 ഗ്രാ മം ധാന്യകടകപ്രഭു ത്രിനയനപല്ലവന്റെ കൃപ യാൽ അദ്ദേഹത്തിനു ലഭിച്ചു. കാകതീയരാജ കുമാരി ഗണപാംബയുടെ യേനമടലലിഖിത ത്തിൽനിന്ന് ഈ രാജവംശത്തിന്റെ 2 തലമുറ കൂടി ലഭിച്ചു. കേത 2 വിന്റെ മകൻ രുദ്ര, മകൻ ബെട്ട. ബെട്ട ഗണപാംബയെ വിവാഹം കഴിച്ചു. ശകം 1104 മാഘശുക്ലദശമി വ്യാഴാ ഴ്ചയാണ് ദാനം. 5 ദാനമുണ്ട്. 1, 2, 5 സംസ്കൃതത്തിലും തെലുങ്കിലും പറയുന്നു. 3, 4 തെലുങ്കിൽ മാത്രം.

1 കന്ദ്രപ്പാടിജില്ലയിലെ ക്രാന്തേരു ഗ്രാമവും, കൊണ്ടപ്പാടുമതിയിലെ മേഡുക്കൂണ്ടുരു, ദൊങ്കിപ്പറ്റു ഗ്രാമങ്ങളും ബുദ്ധന് കേത 2 കൊടുത്തു.

2 രണ്ട് നന്ദാവിളക്ക് എരിയിക്കാനുള്ള നെയ്യ് ദിവസവും കൊടുക്കാനായ് 110 ആടുകളെ അദ്ദേഹം ബുദ്ധന് കൊടുത്തു.

3 ഗാസവി സൂരമാദേവി എന്ന രാജപത്നി (പട്ടമഹിഷിയല്ല) നിത്യം നന്ദാവിളക്ക് വെക്കാൻ ബുദ്ധന് 55 ആട് കൊടുത്തു.

4 പ്രോലമാദേവി എന്ന പത്നിയും അതു പോലെ കൊടുത്തു.

5 കേത 2 അമ്മ സബ്ബമാദേവി, അച്ഛൻ ഭീമരാജാ, ജ്യേഷ്ഠൻ ചോഡരാജാ ഇവരുടേയും തന്റെയും ശ്രേയസ്സിനായി ബ്രാഹ്മണർക്ക് കൊടുത്ത ദാനം. ഗൊണ്ടനാടിവാടിയിലെ കോക്കല്ലു അതേ ജില്ലയിലെ ഗിഞ്ചിപ്പാട്, ചല്ലഗാരാ, തടിവായ ഗ്രാമങ്ങൾ, അതേ ജില്ല കുണ്ടിമാടി ,ഉപ്പലപ്പാടി, കൊണ്ടപ്പാടുമതിയിലെ സാത്തനപ്പള്ളി, ചിന്തപ്പള്ളി, കേതേപ്പള്ളി, എറ്റഗുണ്ട, ദൊദ്ദിക്കന്റവാടിയിലെ ഒങ്കദോന, ഗ്രാമനാമങ്ങൾ സബ്ബാംബികാപുരം, ഭീമാവരം ചോഡാവരം, ജഗമെച്ചുഗന്ധാപുരം എന്നാക്കി മാറ്റി.(ജഗമച്ചുഗന്ധ, ഗന്ധഭേരുണ്ഡ ഇവ കേത 2 ന്റെ അപരനാമങ്ങളാണ്) ശിവഭക്തനായ കേത 2 തന്റെ വെപ്പാട്ടികളായ 2 ദേവിമാരുടെ ആവശ്യപ്രകാരം അവരെ സന്തോഷിപ്പിക്കാനാണ് ബുദ്ധന് ദാനം കൊടുത്തതെന്ന് വിചാരിക്കുന്നത് ശരിയല്ല. അന്നത്തെ രാജാക്കന്മാരുടെ സകലമതങ്ങളോടുമുള്ള

സമസമീപനം ആണെന്നേ കരുതാനാവൂ. .
ഏറ്റവും കൂടുതൽ ഗ്രാമം ശൂദ്രരാജാവായ കേത ബ്രാഹ്മണർക്കാണ് കൊടുത്തിരിക്കുന്നത്. നാലു ജില്ലകളിലെ ഗ്രാമങ്ങളാണ് കൊടുത്തിരിക്കുന്നത്. കന്ദ്രവാടി കിഴക്കൻ ചാലൂക്യലിഖിതങ്ങളിലെ കന്തേരുവാടിവിഷയമാണ്. .
ദൊട്ടിക്കന്തെരവാടി വലിയ കന്തരവാടി . കൊണ്ടപ്പാടുമതി സത്തേനപ്പള്ളി താലൂക്കിന്റെ കിഴക്കൻ ഭാഗമാണ്. ഗൊന്ദാനാഥവാടി കൊന്നാതവാടിവിഷയം. ഗ്രാമങ്ങളെല്ലാം പേരിൽ ചെറിയ വ്യത്യാസത്തോടെ നില നിൽക്കുന്നുണ്ട്. കേത 2 രാജ്യഭരണം ആരംഭിച്ച ദിവസമാണ് ദാനം. അമരേശ്വരക്ഷേത്രത്തിലെ മറ്റ് 2 ലിഖിതവും ഇതേ ദിവസമാണ്. അവയിൽ ഒന്നിൽ നിന്ന് കേത 2 ന്റെ അമ്മ സബ്ബാംബാ വേലനാടു ഗോംക 3 ന്റെ സഹോദരിയാണെന്ന് കാണുന്നു. അമരാവതിയിലും പെദ്ദച്ചെരുക്കുരുവിലുമുള്ള കേത 2 ന്റെ ലിഖിതങ്ങൾ ശകം 1119, 1122, 1133 വർഷങ്ങളിലേതാണ്.

കേത കൊടുത്ത 110 ആടിൽ 55 എണ്ണം ദാമകഅമരേബോയ എന്ന ഇടയനും മക്കളും സ്വീകരിച്ച് ആചന്ദ്രതാരം ക്ഷേത്രത്തിലേക്ക് നെയ്യിനുള്ളത് കൊടുക്കണം, ബാക്കി 55 ഊതുക്കൂരുവിലെ കേതബോയനും കുടുംബവുമാണ് സ്വീകരിച്ചത്. ഗസവി സൂരമാദേവി

കൊടുത്ത 55 ആട് സബ്ബകമാരേബോയനും പ്രോലമാദേവി കൊടുത്തത് ചെംബർട്ടിയിലെ കൊമ്മനബോയന്റെ മകൻ മച്ചേനബോയനും സ്വീകരിച്ചു. പ്രോലമാദേവി കേതന്റെ ഭണ്ഡാരം അധികാരിയാണെന്ന് എടുത്തുപറയുന്നു. ദേവിമാർ 2 പേരും സ്വന്തം പ്രശസ്തിക്കാണ് ദാനം ചെയ്തത്.

ബയ്യമാംബ ശകം 1156

കേത 2ആമന്റെ ലിഖിതത്തിനു താഴെ. 12 സംസ്കൃതശ്ലോകവും ഒരു തെലുങ്ക് ഖണ്ഡികയും ശ്രീധാന്യകടത്തിലെ ബുദ്ധന് ശകം 1156 ജ്യേഷ്ഠശുക്ലപക്ഷത്തിലെ ഏകാദശിക്ക് ഞായറാഴ്ച (എഡി 1234 മേയ് 11) കോത ബയ്യലമഹാദേവി എന്ന ബയ്യമാംബ ചെയ്ത ദാനം. അമരാവതിമുഴ്യന്മാരുടെ വംശത്തിലേക്ക് വിവാഹം കഴിച്ച് വന്നവളാവണം. കേത 1 ന്റെ പൌത്രനായ കേത 2 വിന്റെ പട്ടമഹിഷിയാകുമോ എന്ന് സംശയിക്കുന്നു. മഹാമണ്ഡലേശ്വര രുദ്രദേവമഹാരാജന്റെ മകളും നാഥവാടിയിലെ മടപ്പള്ളിയിൽ വസിക്കുന്നവരുമായ ചതുർത്ഥകുലത്തിലെ ദുർഗ്ഗയുടെ പൌത്രിയും എന്ന് പറയുന്നുണ്ട്.

ഓം സ്വസ്തി!. സ്വസ്തിയുതോ ദേശോ നാഥവാടീതി വിശ്രുതഃ പൂഗപുന്നാഗവകുള നിചുളാളിമനോഹരഃ തത്ര ശ്രീമത് പുരവരം മടപ്പള്ളിപുരം പരം പരൈരഭേദ്ധ്യമുദ്യോത

വിദ്യോതിതദിഗന്തരം. ധാതുസ്സമസ്യജഗതാം കർത്തശ്ചരണപങ്കജാത് ജാതം വിശിഷ്ടം ത്രാസ്തി ചതുർത്ഥകുലമുത്തമം ത്രാഭവ പൃഥുയശഃ പരിമാതദോഷോ ഹ്യംഭോജ ബന്ധുമിവ നന്ദിതസ്സർവ്വവർഗ്ഗാഃ ശൌര്യാദിവര്യഗുണഗർവ്വിതഭൃത്യവർഗ്ഗോ ദുർഗ്ഗാക്ഷിതീശ ഇതി സുപ്രഥിതഃ പൃഥിവ്യാം. തസ്യാസിതനയ പ്രഭൂതവിനയ...ഹിതശ്രീയുതോ നാനാസദ്വിജമുഖ്യപോഷണരത ജ്ഞാന....ഗാശ്രയ പ്രത്യർത്ഥിപ്രബലപ്രവൃദ്ധ നരകച്ഛേദോ വിധേയസ്മദാ ജാതോ വിഷ്ണുരിവാപരോ ഗുണനിധിർബുദ്ധക്ഷമാവല്ലഭഃതസ്യ പത്നോമുപ്പമാംബാ പുരാരിചരണാംബുജേ. ജാതകൌതുകസാകൂതവ്രിതിഃപതിപരായണാ മുപ്പമാബുദ്ധദമ്പത്യോർജ്ജാതോ രുദ്രനരേശ്വരഃ വിശ്വവിശ്വംഭരാധീശോ യോ സൌ ധർമ്മ ഇവാപരഃ തസ്യ പത്നീ മൈലബാംബ ധർമ്മകീർത്തിരിതി ശ്രുതാ. വിശ്രുതശ്രുതസമ്പന്നവിദ്യചിന്താമണിഃ.സ്വയം അജീജനസ്തുതാൻ അഷ്ട്യൌ വിഷ്ടപേ ശിഷ്ടസമ്പ്രതാൻ. ലോകപാലപ്രതീകാശാൻ യാ മഹിമ്നേവ ഭൂയസോ. ചാതുര്യൌദാര്യഭൂമി സ്ത്രിഭുവനവിവരസ്യാതസൌഭാഗ്യാ യാ ച ശ്രീകീര്ത്തിമൂർത്തിഃസകലഗുണിഗണാനന്ദസ

ന്ദോഹദാത്രീ. ഇഷ്ടാപൂർത്താദികർമ്മപ്രതി
പദുദിതാസ്വർവ്വഗീർവ്വാണഗർവ്വാ.
സർവ്വോർവ്വീവക്ര വാലസ്ഫുരദുരുമഹിമാ
ക്രാന്തലോകാവകാശാ. തത്പുത്രീ ബയ്യമാംബാ
പ്രഥിതഗുണഗണാ സത്കലാപൂർണ്ണവർണ്ണാ
ശിഷ്ടാർച്ചാപ്രാപ്തകീർത്തിഃ സ്വയമപി
വിദുഷാമഗ്രണീരഗ്രഗണ്യാ. വിദ്വത്
പത്മാകരാണാം തരണിരുചിരസൌ യാ ച
സൌജന്യസിന്ധോരുല്ലാസായേന്ദുരേഖാ
നിഖിലജനനുതാലംകൃതീംബൂർത്തധാഢ്യാ.
ശകാബ്ദേ തർക്കബാണക്ഷിതിരണിഗണിതേ
വത്സരേസ്സിംജഥാഖ്യേ ജ്യേഷ്ഠേ മാസീജ്യവാരേ
മുരരിപുദിവസേ ശുക്ലപക്ഷേ പ്രശസ്തേ .
പാരാദാതു ശ്രീധന്യഘാടീസ്ഥിതികൃതരുചയേ
ബുദ്ധദേവായ ഭൂമ്നേ സാ ദേവീ
മന്മഗേത............ ശ്രീമന്മഹാമണ്ഡലേശ്വര
നാഥവാടി രുദ്രദേവമഹാരാജുലു കൂംതള്ലു
കോടബയ്യലമഹാദേവി ശ്രമംഗാരു ധർമ്മാ
ർത്ഥമുഗാ ശ്രീമദ് ബുദ്ധദേവരകുനാചന്ദ്രാർക്ക
മഖണ്ഡദീപമുനഗുനിചിന ഇനുപേഡലു.
വീനിം ജേകോനി ഗുംടിശനെബോയുഢു ദന
പുത്രാനുപമപുത്രികമു നിത്യ മാനേഡു നേയി
പോയംഗലവാംഡു. ഓം.

നാഥവാടിജില്ലയിലെ മാടപ്പള്ളിനഗരത്തിൽ ചതുർത്ഥകുലത്തിൽ ബ്രഹ്മത്തിന്റെ പാദത്തിൽനിന്ന് ദുർഗ്ഗൻ, മകൻ ബുദ്ധൻ. ഭാര്യ മുപ്പമാംബ ശിവഭക്തയാണ്. രുദ്രനെന്ന മകൻ മല്ലമാംബയെ വിവാഹം കഴിച്ച് 8 പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. പുത്രിയാണ് ബയ്യമാംബ. ശകവർഷം തർക്കം (6)ബാണം (5)ഭൂമി (1)ചന്ദ്രൻ (1) -1156- ജയസംവത്സരം ജ്യേഷ്ഠമാസം വ്യാഴാഴ്യ (മുരാരിദിവസം) മംഗളകരമായ ശുക്ലപക്ഷം മന്മഗേത-----ന്റെ ഭാര്യ സ്വന്തം പുണ്യത്തിനായി ശ്രീധാന്യഘട ത്തിലെ ബുദ്ധന് വിളക്ക് വെച്ചു. കോടബയ്യലമഹാദേവിയമ്മ നാഥവാടിയിലെ മഹാമണ്ഡലേശ്വരരുദ്രദേവപുത്രി ,ആചന്ദ്രതാരം ആ വിളക്ക് പ്രകാശിപ്പിക്കാനായി 55 ആടിനെ ഗുണ്ഡിയാനേ ബോയനെയും സന്തതിപരമ്പരയേയും ഏൽപ്പിച്ചു. അവർ നിത്യം ഒരു മാനം നെയ്യ് കൊടുക്കണം.

ബെസവാഡ ഇന്ദ്രകീലമലയുടെ താഴെ കനകദുർഗ്ഗാമണ്ഡപത്തിലെ ജീർണ്ണിച്ച തൂണിലെ തെലുഗുലിഖിതം ബയ്യമാംബയുടെ അഛന്റേതാണ്. കാകതീയഗണപതിയുടെ സഹോദരിഭർത്താവാണ്. ബുദ്ധരാജന്1റെ മകനാണ്. നാഥവാടി മഠപ്പള്ളിയിലെ മഹാമണ്ഡലേശ്വര രുദ്രദേവരാജാവിന്റെ പൌത്രനാണ്. അദ്ദേഹം

മല്ലേശ്വരക്ഷേത്രത്തിനു കൊടുത്ത ദാനമാണ് ഇതിലുള്ളത്. എല്ലോറിനടുത്ത് മഠപ്പുള്ളി ഗ്രാമമാവാം മഠപ്പള്ളി എന്ന് കരുതുന്നു. ശകം 1123 വൈശാഖപൌർണ്ണമി ദുർമ്മതി (ദുർമ്മുഖി) വർഷം വ്യാഴം (19 ഏപ്രിൽ എഡി 1201). ആണ് ഈ ലിഖിതം. ലിഖിതത്തിൽ മഠപ്പള്ള എന്നാണ്. ഇത് വരനഗരമെന്നും ചാലൂക്യദേശത്താണെന്നും പറയുന്നുണ്ട്. അച്ഛൻ ബുദ്ധരാജനും പത്നിയുടെ സഹോദരൻ കാകതീയഗണപതിദേവമഹാരാജന്റെയും പുണ്യത്തിന് ഭോജവാടത്തിലെ മല്ലീശ്വര ക്ഷേത്രത്തിൽ നിത്യനന്ദാവിളക്ക് എരിയിക്കാൻ 55 ആടിനെ കൊണ്ടസൂരേബോയ അദ്ദേഹത്തിന്റെ പിന്മുറക്കാരെന്നിവരെ ഏൽപ്പിച്ചു. ഒരു മന നെയ്യ് നിത്യം നന്ദിയുടെ സീൽ വെച്ച് ക്ഷേത്രത്തിലെത്തിക്കണം.

സിയാമംഗലം ഗുഹാലിഖിതം.

വിജയനന്ദിവിക്രമവർമ്മന്റെ മൂന്നാം ഭരണവർഷം. 9ആം നൂറ്റാണ്ടിലെ വിജയനൃപതുംഗവിക്രമവർമ്മന്റെ അച്ഛൻ ഗംഗാപല്ലവനാണ് ഇദ്ദേഹം. അദ്ദേഹത്തിന്റെ മറ്റ് ലിഖിതങ്ങൾ സാദുപ്പേരി, വിരിഞ്ചിപുരം,തിരുവല്ലം എന്നിവിടങ്ങളിൽ നിന്ന് ലഭിച്ചത് 9- 62 ഭരണവർഷത്തിനിടയിലാണ്. അതിനാൽ ലഭിച്ചവയിൽ ഏറ്റവും പഴയതാണ് ഇത്. വിജയനൃപതുംഗവിക്രമവർമ്മന്റെ 2 ആംബൂർ ലിഖിതവും

അദ്ദേഹത്തിന്റെ മുത്തശ്ശൻ വിജയദന്തിവിക്രമ വർമ്മന്റെ 2 ലിഖിതവും അദ്ദേഹത്തിന്റെ കാലത്തെ 4 ലിഖിതം കോപ്പി ചെയതത് ചിങ്കൽപേട്ടിലെ ഉത്തരമേരൂരിലും ലഭ്യമാണ്. കോവിലടിക്ക് ലമീപം (തഞ്ചാവൂരിനും തിരു ച്ചിറപ്പള്ളിക്കും ഇടയിൽ) തിരുച്ചന്നംപൂണ്ടി യിലെ സടൈയാർ ക്ഷേത്രം ഈ രാജാവിന്റെ 3 ലിഖിതം ഉള്ളതാണ്. ഇതിൽ 2 എണ്ണം പല്ലവതിലകമായ നന്ദിപ്പോട്ടരായരുടെ മഹാ രാജ്ഞി മാരംബവൈയെ പറയുന്നു. തഞ്ചാ വൂർ താലൂക്കിലെ നിയമം ലിഖിതത്തിലും ഈ രാജ്ഞിയെ പറയുന്നു. (ചോള രാജകേ സരിവർമ്മകാലം). പല്ലവതിലകുലത്തു നന്ദി പ്പോട്ടരയർ മഹാദേവിയാർ ആന അടികൾ കന്തൻ മാരംബൈയാർ എന്നാണ് പരാമർശം.

ഗംഗമുഖ്യനായ നേർഗുട്ടിയുടെ സമ്മതത്തോടെ അടവി എന്ന ആൾ (പെരുംപാലൈയൂരിലെ ഊറ്റുക്കാട്ടുകോട്ടഗ്രാമത്തലവൻ) ഗുഹാക്ഷേ ത്രം നിർമ്മിച്ചതാണ് ലിഖിതം. ഓറ്റുക്കാട് കാഞ്ചീപുരം താലൂക്കിലാണ്. പാലയൂർ കാസക്കുടി പ്ലേറ്റിലും പരാമർശിക്കുന്നുണ്ട്.

സ്വസ്തിശ്രീ കോ വിസൈയനന്ദിവിക്കിരമ പരുമർക്കു യാണ്ടു മൂന്റാവതു ഊത്തുക്കാട്ടുക്കോട്ടത്തുപെരുംപാലൈയൂർ കിളവൻ അടവി ശ്രീ ഗംഗരൈയർ നേർഗുട്ടി പെരുമനർക്കു വിണ്ണപ്പഞ്ചെയ്തു അടവി

തൻരായർ നങ്കണി നഘ്കയർക്കാകച്ചെയ്ത മുഗമണ്ഡപം ഇതി അളിയാമൈക്കാത്താൻ അടിയേൻ മുടിമേല

അമ്മ നങ്കൈയുടെ പുണ്യത്തിനാണ് ഗുഹയുടെ മുഖമണ്ഡപം അടവി പണിതത്. അതിനെ അദ്ദേഹം തന്നെ സംരക്ഷിക്കാമെന്നും പറയുന്നു.

ഗോപണന്റെ രംഗനാഥലിഖിതം ശകം 1293

ഗുരുപരമ്പരാപ്രഭാവമെന്ന തമിഴ് പുസ്തകം (3000ശ്ലോകമുള്ള ത്യതീയബ്രഹ്മതന്ത്രസ്വതന്ത്ര സ്വാമിയുടെ സംസ്കൃതഗ്രന്ഥത്തെ ആധാരമാക്കിയത്) തിരുച്ചിറപ്പള്ളി മുഹമ്മദീയർ പിടിച്ചപ്പോൾ, ശ്രീരംഗത്തെ അഴകിയ മണാളസ്വാമിവിഗ്രഹം തിരുപ്പതിയിലേക്ക് മാറ്റി എന്നാണ്. പിന്നീട് ഗോപനരായർ അതിനെ സെഞ്ചിക്കടുത്ത് സിംഗപുരത്തേക്ക് കൊണ്ടുവന്ന് അവിടെനിന്ന് ശ്രീരംഗത്തേക്കു തന്നെ തിരിച്ചെത്തിച്ചു. അവിടെ വിഷ്ണുവെ രണ്ട് പത്നിമാരോടും കൂടി പുനപ്രതിഷ്ഠിച്ചു. അദ്ദേഹത്തെ വേദാന്തദേശികർ ഇപ്രകാരം പുകഴ്ത്തി.

ആനീയാനീലശൃംഗദ്യുതിരചിതജഗദ്രഞ്ജനാദഞ്ജനാദ്രേസ്രഞ്ജാമാരാദ്ധ്യ കഞ്ചിത്സമയമഥ നിഹ്യത്യോദ്ധനുഷ്കാൻ തുരുഷ്കാൻ

ലക്ഷ്മീക്ഷ്മാഭ്യാമുഭാഭ്യാം സഹ നിജനിലയേ സ്ഥാപയേന്നംഗനാദ്യം സമ്യക് കുര്യാം സമർത്ഥാമകൃത ഭുവി യശഃപ്രാപണോ ഗോപണാര്യഃ

കോയിലോലുഗു (തമിഴ്) എന്ന പുസ്തകം വളരെ പണ്ടുമുതൽ ശ്രീരംഗസ്വാമിക്ക് നൽകപ്പെട്ട ദാനങ്ങളെ പറയുന്നു. ഇതിലും ഗുരുപരമ്പരയെ പറയുന്നുണ്ട്. ശകം 1149ൽ അക്ഷയസംവത്സരം തുരുഷ്കർ തൊണ്ടൈമണ്ഡലം പിടിച്ചു. ഈ വിവരം ശ്രീരംഗത്തെ മുഖ്യന്മാർ അറിഞ്ഞു. 9 മൈൽ വടക്കുകിഴക്ക് സമയപുരത്ത് എത്തിയപ്പോഴാണ് അറിഞ്ഞത്. അവർ ആദ്യം അഴകിയപെരുമാളെ മേലുക്കോട്ടയിലെ തിരുനാരായണപുരത്തേക്ക് സുരക്ഷിതമായി മാറ്റി. പോയ വഴി ജ്യോതിഷ്കുടി, തിരുമാലിരും ചോലൈ, കോഴിക്കോട്, പുംഗനൂർ, (വടക്കേ ആർക്കോട്ട്) ഇവിടെയെല്ലാം തൊട്ടശേഷമാണ് മേലുക്കോട്ടേയിലെത്തിയത്. വളരെ നാൾ അവിടെ വെച്ചിട്ടാണ് തിരുമലയിലേക്ക് പോയത്. (തിരുപ്പതി- വടക്കേ ആർക്കോട്ട്) അപ്പോഴേക്കും തുരുഷ്കർ പാണ്ഡ്യനാട് കീഴടക്കുകയും വിദ്യാരണ്യന്റെ പ്രചോദനത്തോടെ അനൈക്കൊണ്ടിയിൽ വിജയനഗരസാമ്രാജ്യം സ്ഥാപിക്കയും ചെയ്തിരുന്നു. ഹരിഹരരായർ 2 തൊണ്ടൈമണ്ഡലം കീഴടക്കി. അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥരിൽ

ഒരാളായിരുന്നു ഗോപണ്ണ ഉടൈയാർ. അദ്ദേഹം സെഞ്ചിയിലാണ് താമസിച്ചിരുന്നത്. തിരുമല നിന്ന് വിഗ്രഹം സിംഗപുരത്തേക്ക് മാറ്റി അവിടെ പൂജ തുടങ്ങി. ഗോപണ്ണ തുരുഷ്കരെ തോൽപ്പിച്ചു. ശകം 1293 പരിധാവി സംവത്സരം വൈകാശിയിലെ 17ആം സൂര്യദിനം പെരുമാളെ ശ്രീരംഗത്തേക്ക് തിരിച്ചുകൊണ്ടുവന്നു. പുനപ്രതിഷ്ഠ നടത്തി. ധർമ്മവർമ്മൻ പണിയിച്ച ക്ഷേത്രത്തിന്റെ കിഴക്കേ മതിലിനു പുറത്ത് ലിഖിതം എഴുതിവെപ്പിച്ചു. (ഗുരുപരമ്പരയിലെ).

അദ്ദേഹം 52 ഗ്രാമം ക്ഷേത്രത്തിനു ദാനം ചെയ്തു ഹരിഹരരായരും പുത്രൻ വിരൂപണ്ണ ഉടൈയാരും ക്ഷേത്രത്തിൽ തുലാപുരുഷദാനം നടത്തി.ഗോപണ്ണ കമ്പണ്ണ ഉടൈയാരുടേയും ഉദ്യോഗസ്ഥനായിരുന്നു. അച്ചരപാക്കം ലിഖിതത്തിൽ നിന്ന് കമ്പന്ന വീരബൊക്കണ്ണ ഉടൈയാരുടെ (ബുക്ക 1) മകനാണ്. ഐയ്യണൻ ഗോ പണ്ണയുടെ മകനാണ്. ഗോപണ്ണ ഭരദ്വാജഗോത്രം ആപസ്തംഭസൂത്രത്തിലെ ബ്രാഹ്മണനാണ്.

വീരബുക്കണ്ണ ഉടൈയാർക്ക് ജൊമ്മാദേവി എന്ന ഭാര്യയിലാണ് വിരൂപണ്ണ ഉടൈയാരുടെ ജനനം. മൂന്നാമത് ഒരു മകനെ നരസിപുര ലിഖിതം പറയുന്നു. മല്ലീനാഥ അഥവാ മല്ലപ്പ ഒടൈയാർ.അദ്ദേഹത്തിന്റെ മകനാണ്

നാരായണദേവ ഒടൈയാരു. ബുക്ക 1 നെ തുടർന്ന് വിജയനഗരസിംഹസനത്തിലിരുന്നത് ഗൌരി എന്ന ഭാര്യയിലുണ്ടായ ഹരിഹര 2 (വീരഹരിയപ്പ ഒടൈയാരു) ആണ്. ഹരിയണ്ണ അഥവാ അരിയണ്ണ എന്ന് വിളിക്കുന്നു. ഹരിഹര 2 ന് 3 മക്കൾ. വിരൂപാക്ഷ 1,(വിരൂപണ്ണ ഉടൊയാർ 2) ബുക്ക 2,(ഇമ്മട്ടി ബുക്കരായ) ദേവരായ 1 ബുക്ക 2വിന്ന് തിപ്പംബയിൽ വീരഭൂപതി.

വിടുഗഢലാഗിയ പെരുമാളുടെ 2 ലിഖിതങ്ങൾ:- .

1 പോലൂരിനടുത്ത് തിരുമല ലിഖിതം. വടക്കേ ആർക്കോട്ട് ജില്ല.

2 കമ്പയനല്ലൂരിലെ ദേശിനാഥേശ്വരക്ഷേത്രത്തിലെ നടുവിലെ ക്ഷേത്രത്തിന്റെ തെക്കേ ചുമരിൽ. സേലം ജില്ല ഉത്തംഗരൈ താലൂക്ക്.

തിരുമലലിഖിതം:-തമിഴ് ഗ്രന്ഥലിപി. 3 ഭാഗം. തമിഴ് ഗദ്യം, സംസ്കൃതപദ്യം ശാർദ്ദൂലവിക്രീഡിതത്തിൽ, തമിഴ് പദ്യം. മൂന്നു ഭാഗവും രേ കാര്യമാണ് പറയുന്നത്. തിരുമലൈ മലമേൽ യക്ഷ.യക്ഷിമാരുടെ വിഗ്രഹം പുനരുദ്ധരിച്ചതാണ്. മൂന്നു രാജാക്കന്മാരുടെ പേരുകളാണ് ഉള്ളത്. 1. എഴിനി അഥവാ യവനിക 2. രാജരാജ അഥവാ വഗൻ(ബകൻ) കുബേരന്റെ പര്യായം, 3 വ്യാമുഗ്ദ്ധശ്രാവണോജ്വലനെന്ന

വീടുകടലാകിയ പെരുമാൾ എഴിനി വഞ്ചിയിലെ ചേരവംശത്തിലെ വഞ്ചിയിലെ രാജാവാണ്. എഴിനിക്കും രാജ രാജനും അതികൈമാൻ അഥവാ അതികൈ എന്ന് പേരുണ്ട്. കടലൂരിനടുത്ത് തിരുവടിക്ക് അതികൈ എന്ന് പേരുണ്ട്. വ്യാമുക്തശ്രാവ ണോജ്വലൻ തകടൂരിന്റെ രാജാവാണ്. തകടൂർ ധർമ്മപുരി സേലമാണ്. ചോളലിഖിതങ്ങ ളിലും (മല്ലികാർജ്ജുനക്ഷേത്രം) തകടൂർനാട് ഗംഗനാടിന്റെ ഒരു ഭാഗമാണ്. (നിഗരിലിചോ ളമണ്ഡലത്തിലെ). വീടുകടലാകിയ പെരുമാ ൾ രാജരാജന്റെ മകനാണ്. രാജരാജൻ അതിക മാൻ എഴിനിയുടെ പിന്മുറക്കാരനും. ശ്രാവ ണ ഉജ്വല എന്ന് 2 സംസ്കൃതപദം ചേർന്ന ശ്രാവണോജ്വലൻ ശ്രവണശക്തി കൂടിയ (ശ്രാ വണത്തിലെ) അഴകിയ സുന്ദരനെന്ന അർത്ഥ മാണ്. അഴകിയ പെരുമാൾ ശ്രാവണത്തിൽ മഴക്കാലത്ത് കേൾവി കൂടിയവൻ -കടലിൽ വീടായവരുടെ ശ്രവണം സൂക്ഷ്മമായിരി ക്കും). . അതികമാൻ ചോളകാലത്ത് അവരു ടെ സാമന്തനാണ്. ഹോയ്സലവിഷ്ണുവർദ്ധ നന്റെ സൈന്യാധിപനായ ഗംഗരാജാവ് ചോള സാമന്തനായ അതികമാനെ തോൽപ്പിച്ചിട്ടുണ്ട്. തെക്കേ ആർക്കോട്ടുജില്ലയിലെ കടലൂർ താലൂ ക്കിലെ തിരുവടിയാണ് കലിംഗത്തുപരണി യിലെ വലിയനഗരമായ അതികൈ എന്ന് കരുതുന്നുണ്ട്. നഞ്ചനഗുണ്ടു താലൂക്ക് മൈസൂ

ർജില്ലയിലും തകടൂരെന്ന് ഒരു ഗ്രാമമുണ്ട്. ഇതിനെ ഹിരിയനാടിലാണ് ഉൾപ്പെടുത്തിയിരുന്നത്.

സ്വസ്തിശ്രീ സേരവംസത്തു അതികമാൻ എളിനി ചെയ്ത ധർമ്മയക്ഷരെയും യക്ഷിയരെയും എളുന്തരുളിവിത്തു എറിമനൈയും ഇത്തുക്കടപ്പേരിക്കാളുഗണ്ടു കുടുത്താൻ. ശ്രീമദ് കേരളഭൂഭൃതയവനികാ നാമ്ന സുധർമ്മാത്മനാ തുണ്ഡീരാഹ്വയ മണ്ഡലാർഹസു ഗിരാൻ യക്ഷേശ്വരൌ കൽപ്പിതൌ. പശ്ചാത് തത്കുലഭൂഷണാധിക നൃപശ്രീ രാജരാജാത്മജ വ്യാമുക്തോ ശ്രവണോജ്ജ്വലേന തകടാനാഥേന ജീർണ്ണോദ്ധരിതാൻ വഞ്ചിയർ കുലപതിയെളിനി വഗുത്തവ ഇയക്കളെയക്കിയരോട്എഞ്ചിയവലിവു തിരുത്തിയാവെൺകുണവാരെതിരുമലൈ വൈത്താന്റുഞ്ചി തൻ വഴി വരുമവൻ വഴിമുതലി കലി അതികൻ വകൻ നൂൽ വിണ്ണൈയർ തലൈ പുനൈ തകടയർ കാവലൻ വിടുകടലാകിയ പെരുമാളേ

ചേരവംശത്തിലെ അതികമാൻ എഴിനി പ്രതിഷ്ഠിച്ച യക്ഷനും യക്ഷിയും അദ്ദേഹം സമ്മാനിച്ച വലിയ പെരുമ്പറ, കടപ്പേരി തടാകത്തിൽ നിന്ന് വെട്ടിക്കൊടുത്ത ജലമാർഗ്ഗം ഇവയെ പറയുന്നു. തുണ്ഡെ

(തുണ്ഡീര)മണ്ഡലത്തിലെ ആർഹതന്റെ പുണ്യ ഗിരിയിലാണ് കേരളരാജാവ് യവനിക (എളി നി) ഇവരെ പ്രതിഷ്ഠിച്ചത്. എളിനികുലത്തി ലെ ഭൂഷണമായ രാജരാജ ബകന്റെ മകൻ വ്യാമുക്തശ്രാവണോജ്ജ്വലൻ എന്ന തകടൂർ രാജാവ് അതിനെ ജീർണ്ണോദ്ധാരണം ചെയ്തു. വഞ്ചിയർ കുലമുഖ്യനായ എളിനിയുടെ എൺകുണന്റെ മലയിലെ ഈ വിഗ്രഹങ്ങളെ തകടൈയർ കാക്കുന്ന അതികൻ വകന്റെ മകൻ വീടുകടലാകിയ പെരുമാൾ സംരക്ഷി ച്ചു. അദ്ദേഹം എളിനിക്കുശേഷം ധർമ്മസംര ക്ഷകരിൽ മുമ്പനായിരുന്നു.

2 കംപയനല്ലൂർ ദേശിനാഥേശ്വരക്ഷേത്രലിഖി തം. സേലം ജില്ല. ലിപിയും ഭാഷയും തമി ഴാണ്. കുലോത്തുംഗചോളദേവന്റെ 22ആം വർഷം. ഗദ്യത്തിലും പദ്യത്തിലും കാലം രേഖപ്പെടുത്തിയിട്ടുണ്ട്. രാജരാജഅതികന്റെ മകനായ തകടൈ രാജാവ് വീടുകടലാക്കിയ പെരുമാളുടെ നാമം പറയുന്നു. അദ്ദേഹം മൂന്നു നദികളെ ഭരിക്കുന്നു. പാലി, പെണ്ണൈ, പൊന്നി. പെണ്ണൈതീരത്തെ ശിരുക്കോട്ടൈ കുളനിലെ നാഗൈനായകന് കൊടുത്തു അവി ടെ ഒരു ക്ഷേത്രം ഉണ്ടാക്കി. പാലാർ (പാലി) രാജാവിന്റെ വടക്കേ അതിർത്തിയും കാവേ രി പടിഞ്ഞാറേ അതിർത്തിയും ആണ്.

തകടൂരെന്ന ധർമ്മപുരിയുടെ അധികം ദൂരെ യല്ല തെക്കൻ പെണ്ണാർ.കുളം അഥവാ കുള നൂർ എല്ലോറിന്റെ ഭാഗമാകാമെന്ന് വിചാരി ക്കുന്നു. തെലുഗു രാജ്യത്തെ ലിഖിതങ്ങളിലു ള്ള എല്ലോർ നായകന്മാരുടെ വംശമാകാം. കമ്പയനല്ലൂരിന്റെ പഴയ പേരായ നാഗയ്യ ൻപള്ളിയുമായി (ഹോയ്സല വീരവിഷ്ണു വർദ്ധനലിഖിതങ്ങളിലുള്ളത്) നാഗൈനായക നെന്ന നാമം ഒത്തുവരുന്നു.

തെക്കേ ആർക്കോട്ടിലെ തിരുവണ്ണാമല താലൂക്കിലെ 2 ലിഖിതങ്ങളിൽ (സംഗമന്റെ) രാജരാജഅതികന്റെ മകൻ പെരുമാളിനെ പറയുന്നു. ഒന്ന് ത്രിഭുവനചക്രവർത്തി കുലോത്തുംഗചോളദേവന്റെ 20ആം ഭരണ വർഷവും രണ്ടാമത്തേത് 21ആം വർഷവു മാണ്. രണ്ടാമത്തേതിൽ കുലോത്തുംഗചോളദേ വനെ രാജരാജഅതികന്റെ മകൻ രാജരാജദേ വൻ വീടുകടലാകിയ പെരുമാളെന്ന് വിളിക്കു ന്നു. രണ്ടിലും അദ്ദേഹം ചെങ്കേണി അമ്മൈ യപ്പൻ അത്തിമല്ലന്റെ (വിക്രമചോളസാംബുവ രായ)ന്റെ സമകാലികനാണ്. വിക്രമചോള സാംബുവരായൻ കുലോത്തുംഗചോള 3 ന്റെ സാമന്തനാണ്. അദ്ദേഹം സെയ്യഗംഗന്റെ (സീയ ഗംഗ)സമകാലികനുമാണ്. കുലോത്തുംഗചോള 3 എഡി 1178ലാണ് സിംഹാസനസ്ഥനായത്. 22ആം വർഷം എഡി 1199-1200.

സ്വസ്തിശ്രീ തിരിബുവനചക്കരവത്തികൾ ശ്രീ കുലോത്തുംഗസോളതേവർക്കു യാണ്ടു 22 ആവതു 7 ഊരൈ മരുവോഗുലോത്തുംഗ സോളദേവർക്കുറൈത്ത യാണ്ടു ഇരുപതിൻ മേൽ ഇരണ്ടിർ പെണ്ണൈക്കരൈ മരുവും ജിരുക്കോട്ടൈ കുളൻ നാഗൈനായഗർക്കളിത്തു ക്കറ്റളി തൻ പേരികാരണൈയ്യകൈയാൻ തിരൈ മരുവുണ്ടതൻഗമലത്തകടൈ മന്നൻ സേളും പാലിപ്പെണ്ണൈ പൊന്നിത്തിരുനദി മൂന്റുടൈയ വിരൈ മരുവുൻതാർമാർവ്വൻ രാജരാജവാടികൻ വിളങ്കമൊളി വിടുകടലാ കിയ പെരുമാളൈ. കുലോത്തുംഗചോളദേവ വിടുകടലാകിയ പെരുമാൾ ഒരിക്കലും വാക്ക് തെറ്റിക്കാത്തവനും മാറത്ത് താമര മാല അണിഞ്ഞ (വിഷ്ണു) രാജരാജഅതിക ന്റെ മകനും ഫലഭൂയിഷ്ഠമായ പാലി, പെ ണ്ണൈ, പൊന്നിനദികളുടെ നാഥനും തകടൈ നാടിന്റെ അധിപനുമാണ്. കൈകൾ മേഘം പോലെ ദാനം വർഷിക്കുന്നതാണ്. പെണ്ണൈതീ രത്ത് ചിറുക്കോട്ടൈ കുളത്തിന്റെ നാഗൈനായ കന് തന്റെ പേരോടുകൂടി കറ്റളി (കൽത്തളി) കെട്ടാൻ ദാനം ചെയ്തു.

തെലിക്കി പ്ലേറ്റുകൾ രാജരാജചോഡഗംഗ (കുലോത്തുംഗ 1 ന്റെ 17ആം വർഷം)

5 എണ്ണം. സീലിൽ ശ്രീത്രിഭുവനാങ്കുശ. മേലെ ഇടത്തോട്ട് തിരിഞ്ഞ് നിൽക്കുന്ന വരാഹം. രണ്ട് താമരം, സൂര്യനും ചന്ദ്രക്കലയും അങ്കുശവും. താഴെ ശംഖും പെരുമ്പറയും നാലിതളുള്ള പൂവും പുഷ്പമുകുളവും സിംഹാസനവും. ലിപി തെലുഗ്, ഭാഷ സംസ്കൃതം പദ്യവും ഗദ്യവും. വീരചോളന്റെ പിത്താപുരം, ചെല്ലൂർ പ്ലേറ്റുകളിലുള്ള അതേ വംശാവലി. കുലോത്തുംഗ 1ന് നിരവധി ഭാര്യമാരുണ്ടെന്ന് പറയുന്നുവെങ്കിലും ഭാര്യ മധുരാന്തകിയുടെ പേര് പറയുന്നില്ല. മക്കളിൽ മുമ്മുടിച്ചോളന് രാജരാജനാമം പിത്താപുരം പ്ലേറ്റ് പറയുന്നു. വിജയാലയ 7 തനിക്ക് നൽകിയ വെങ്കി ആദ്യം ഏൽപ്പിച്ചത് മുമ്മുടിച്ചോളനെയാണ്. 1 വർഷത്തിനു ശേഷം അത് അനുജനായ വീരചോഡനു നൽകി, 6 വർഷത്തിനു ശേഷം തിരിച്ചുവിളിച്ച് ഏറ്റവും മൂത്തമകനായ രാജരാജചോഡഗംഗനെ ഏൽപ്പിച്ചു അദ്ദേഹം സിംഹാസനത്തിലിരുന്നത് ശകം 1006 ജ്യേഷ്ഠപൌർണ്ണമി വ്യാഴം ജ്യേഷ്ഠ നക്ഷത്രം സിംഹലഗ്നത്തിലാണ് (എഡി 1084 മേയ് 22നാണ്.) കുലോത്തുംഗ ചോളന്റെ ഭാര്യ മധുരാന്തകി. മക്കൾ രാജരാ

ജമുമ്മുടിച്ചോള (എഡി 1077-78), വീരചോള (1078-1084), രാജരാജചോളഗംഗ 1084-1089), വീണ്ടും വീരചോഡ (1089-1093), ഇപ്രകാരം വെങ്കി ഭരിച്ചു. വിക്രമചോഡനും മറ്റ് സഹോദരന്മാരും അതിന്നുശേഷമാണ് ഭരിച്ച ത്. ചോഡഗംഗദേവ രാജരാജന് സർവ്വലോകാ ശ്രയ വിഷ്ണുവർദ്ധനനെന്ന് സാമ്പ്രദായികബി രുദം ഉണ്ടായിരുന്നു.അദ്ദേഹവും വീരചോഡ നും ജനനാഥനഗരി എന്ന രാജമാഹേന്ദ്രിയിൽ താമസിച്ചാണ് ഭരിച്ചത്. മന്നേരു നദിയും സിങ്കരായക്കൊണ്ടയിലൂടെ ഒഴുകുന്നു) മഹേ ന്ദ്രപര്വ്വതവുമാണ് (ഗഞ്ചം) അന്ന് വെങ്കിയു ടെ തെക്കും വടക്കും അതിരുകൾ. ദാനരേഖ യല്ല, തെലിക്കികുടുംബത്തിലോ 1000 കുടുംബ ങ്ങൾക്ക് ഉള്ള പ്രത്യേകഅവകാശങ്ങളാണ്. ഇവർ വിജയാദിത്യനോടുകൂടി അയോദ്ധ്യയി ൽ നിന്ന് വന്ന ചാലൂക്യവംശജരാണ്. 10 പേരുടെ നാമം പ്രത്യേകം പറയുന്നു. വിവാ ഹത്തിന് തെരുവിലൂടെ കുതിരപ്പുറത്ത് ഉത്സ വമായി പോകാനുള്ളള അവകാശം ഇവർക്കു ണ്ട്. വിവാഹത്തിന് ഇവർ വിലപിടിച്ച വസ്ത്രവുമായി രാജാവിനെ കാണാനെത്തു മ്പോൾ രാജാവ് സ്വർണ്ണപ്പാത്രത്തിൽ താംബൂ ലം കൊടുത്ത് ആദരിക്കും.(10 പേരുകൾ- പട്ടിപ്പലു, നരിയുല്ലു, കുമുദല്ലു, മറ്റുല്ലു, പൊ വന്ദുലു, ശ്രാവകുലു, ഉന്ദുരുല്ലു, അനുമഗൊ ണ്ടലു, അദ്ദനുല്ലു).

ബാപത്തലയിലെ ഭാവനാരായണക്ഷേത്രത്തിൽ 2 ലിഖിതങ്ങളുണ്ട്. ശകം 1076ൽ തെലിക്കി വേവൂരു (തെലിക്കി 1000)ലെ അംഗങ്ങളായ 2 കച്ചവടക്കാർ കൊടുത്ത സമ്മാനങ്ങളുടെ വിവരമാണ്. ഒരാൾ മുനുസുള്ളു ഗോത്രശാഖയും മറ്റേ ആൾ വേലാണ്ടുനുള്ളു ശാഖയുമാണ്. തെൽക്കി പ്ലേറ്റിലെ വെലുമാനുള്ളു ഇതാവണം.

സ്വസ്തിയമനിയമധർമ്മെപാപരായണബ്രഹ്മസംഭവമനുവംശാദിസകലശാസ്ത്രവിശാരദുലും ഗണകാപുരയോദ്ധ്യാപുരഗജപുരാധിനായകലും സത്യശൌചാഭിമാനുലും ഗുരുദേവപാദാരാധകുലു പൌലസ്തിഭഗവതീസ്ഥാന പ്രതിഷ്ഠിസ്ഥിതുലു സഹസ്രശാഖാന്വയഗോത്രുലൈന ശ്രീമദ്ബെജവാലശാസനുലൈന തെലിക്കിവേവുരയംഡു വെലന്തുനുല്ല ഗോത്രുമുഡൈന സൂരിസെട്ടി.

തെലിക്കി, ചെല്ലൂർ, പിത്താപുരം പ്ലേറ്റുകൾ രചിച്ചതും എഴുതിയതും ഒരേ ആളാണ്. വിദ്ദയഭട്ട രചിച്ചു പെണ്ണാചാര്യ എഴുതി. വംശാവലി വിഷ്ണുവിൽനിന്ന് ബ്രഹ്മാവ്, ബ്രഹ്മാവിൽനിന്ന് അത്രി, അത്രിയിൽനിന്ന് സോമൻ, സോമനിൽനിന്ന് ബുധൻ, ബുധനിൽനിന്ന് ചക്രവർത്തി പുരൂരവസ്സ്, നഹുഷ, യയാതി, പൂരു, ജനമേജയ, പ്രാചീശ, മറ്റൊരു യയാതി, ഹയപതി, സാർവ്വഭൌമ, ജയസേന,

മഹാഭൌമ, ഐശാനക, ക്രോധാനന, ദേവകി, ഭദുക, ഭക്ഷക, മതിവര, കാത്യായന, നീല, ദുഷ്യന്ത, ഭരത, ഭൂമന്യു, ഹസ്തി, വിരോചന, അജമീഢ, സംവരണ, സുധന്വാവ്, പരിക്ഷിത്, ഭീമസേന, പ്രദീപ, ശന്തനു, വിചിത്രവീര്യ, പാണ്ഡുരാജാ, പാണ്ഡവർ, അർജ്ജുനപുത്രഅഭിമന്യു, പരീക്ഷിത്ത്, ജനമേജയ, ക്ഷേമുക, നരവാഹന, ശതാനീക, ഉദയന, പ്രഭൃതികളായി അവിഛിന്നമായി വംശാവലിയിൽ 61 പരമ്പരക്കുശേഷം അയോദ്ധ്യയിൽ വിജയാദിത്യൻ രാജാവായി. അദ്ദേഹം വിജിഗീഷുവായി ദക്ഷിണാപഥത്തിലേക്ക് പോയി. ത്രിലോചനപല്ലവനാൽ വധിക്കപ്പെട്ടു. പുരോഹിതനായ വൃദ്ധാമാത്യൻ അദ്ദേഹത്തിന്റെ ഗർഭിണിയായ പത്നിയെ മുടിവേമു അഗ്രഹാരത്തിൽ സ്വപുത്രിയെപ്പോലെ സംരക്ഷിച്ചു. വിഷ്ണുവർദ്ധനൻ അവളുടെ മകനായി ജനിച്ചു. കുലക്രമോചിതമായ കർമ്മങ്ങളെല്ലാം ചെയ്യിച്ച് ആ കുമാരനെ അവന്റെ അമ്മ ചാലൂക്യഗിരിയിലെ നന്ദാഭഗവതി ഗൌരിയെ ആരാധിപ്പിച്ചു, കമാരനാരായണമാതൃഗണങ്ങളേയും ആരാധിപ്പിച്ചു. ഢേതാതപത്രൈകശംഖപഞ്ചമഹാശബ്ദങ്ങളെ കുലക്രമാഗതമായി സാമ്രാജ്യചിഹ്നങ്ങൾ നിക്ഷേപിച്ച് കുമാരനെ പൂർവ്വവൃത്താന്തമെല്ലാം ഗ്രഹിപ്പിച്ചു. കദംബ, ഗംഗാദികളായ രാജാക്കന്മാരെ ജയിച്ചു. സേതുവിനും

നർമ്മദക്കും ഇടയിലുള്ള ദക്ഷിണാപഥം മുഴു വനും സ്വന്തമാക്കി. മകൻ ജയാദിത്യവിഷ്ണു വർദ്ധനൻ. പല്ലവരാജപുത്രി മഹാദേവിയെ വിവാഹം കഴിച്ചു. മകനായി പുലകേശിവല്ല ഭൻ ജനിച്ചു. അദ്ദേഹത്തിന്റെ മകൻ കീർത്തി വർമ്മൻ. സകലഭുവനസംസ്തൂയമാന മാന വ്യസഗോത്രത്തിലെ ഹാരീതിപുത്രിയിൽ സത്യാശ്രയവല്ലഭൻ ചാലൂക്യകുലത്തെ പവി ത്രീകരിച്ച് കുലതിലകമായി അശ്വമേധാദി യജ്ഞങ്ങൾ കൌശികീവരപ്രസാദത്താൽ അനുഷ്ഠിച്ചവനായി ജനിച്ചു. ഭ്രാതാവായ കുബ്ജവിഷ്ണുവർദ്ധനൻ 18 വർഷം വെങ്കി ദേശം ഭരിച്ചു. മകൻ ജയസിംഹവല്ലഭൻ 33 വർഷം ഭരിച്ചു. സഹോദരൻ ഇന്ദ്രഭട്ടാരകൻ 7 ദിവസം.മകൻ വിഷ്ണുവർദ്ധനൻ 9 വർഷം. മകൻ മംഗിയുവരാജാ 25 വർഷം. മകൻ ജയസിംഹൻ 13 വർഷം, അദ്ദേഹത്തി ന്റെ അവരജൻ കോക്കിലി 6 മാസം, ഭ്രാതാ വ് വിഷ്ണുവർദ്ധനൻ 37 വർഷം. മകൻ വിജയാദിത്യൻ 18 വർഷം. മകൻ വിഷ്ണുവ ർദ്ധനൻ 38 വർഷം, മകൻ നരേന്ദ്രമൃഗരാജൻ അഷ്ടാചത്വാരിംശം, മകൻ കലിവിഷ്ണുവ ർദ്ധനൻ പകുതി വർഷം, മകൻ ഗുണകവിജ യാദിത്യ 44 , ഭ്രാതാവ് വിക്രമാദിത്യന്റെ മകൻ ചാലൂക്യഭീമൻ 30 വർഷം, മകൻ കോലവിഗ്ഗണ്ഡവിജയാദിത്യ, മകൻ അമ്മരാ ജാ, മകൻ ബാല 1 മാസം, വിക്രമാദിത്യ 11

മാസം, യുദ്ധമല്ലൻ വർഷം, ദേശാധമ്മരാജാ നുജൻ രാജഭീമ 12 വർഷം, മകൻ അമ്മരാ ജാ 25 വർഷം, ദാനനൃപൻ 3 വർഷം, ദാനാ ർണ്ണവസുതൻ ശക്തിവർമ്മൻ 12 വർഷം, അനുജൻ ഭൂതവത്സലനായ വിമലാദിത്യൻ 7 വർഷം. മകൻ നയശാലി രാജരാജനരേന്ദ്ര 44 വർഷം, (വിമലാദിത്യൻ ചോളനാട്ടിലെ രാജേന്ദ്ര 1 ന്റെ സഹോദരിയും രാജരാജചോ ളന്റെ മകളുമായ കുന്ദവൈയെയാണ് വിവാഹം കഴിച്ചിരുന്നത്.

വിമലാദിത്യന്റെ രണസ്തിപുണ്ടി ഗ്രാന്റ് (8 ആം വർഷം)

ഗോദാവരിജില്ല അമലാപുരം താലൂക്കിലെ വയലിൽനിന്ന് കിട്ടി. 5 പ്ലേറ്റ്. വൃത്താകൃതി യുള്ള സീലിൽ ശ്രീ ത്രിഭുവനാങ്കുശ. താഴെ അഷ്ടദളപത്മം , മുകളിൽ ഇടത്തോട്ട്തിരിഞ്ഞ് ഓടുന്ന വരാഹം.മുമ്പിൽ അങ്കുശം,അതിന്നുപി ന്നിൽ ചന്ദ്രക്കല. അതിന്നു മുകളിൽ ഇരുവശ വും ചാമരത്തോടുകൂടി സൂര്യൻ. ലിപി പഴയ തെലുഗു. ഭാഷ സംസ്കൃതം പദ്യവും ഗദ്യവും. ഗദ്യഭാഗത്ത് തെലുഗും മിശ്രമാണ്.

കിഴക്കൻ ചാലൂക്യരുടെ പൌരാണികവംശാ വലിയും വിമലാദിത്യന്റെ ചരിത്രവംശാവലി യുമുണ്ട്. സർവ്വലോകാശ്രയ വിഷ്ണുവർദ്ധന നെന്ന് ബിരുദമുണ്ട്. ദാനം വാങ്ങുന്നവരുടെ

വംശാവലിയുമുണ്ട്. രാജരാജന്റെ നന്ദമപ്പൂണ്ടി ലിഖിതത്തിലെ വംശാവലിതന്നെയാണ് . വിമലാദിത്യന്റെ മുൻഗാമി ശക്തിവർമ്മന്റെ ഭരണകാലം വിവരിക്കുന്നുണ്ട്. രാജരാജ 1 ന്റെ കൊരുമല്ലി പ്ലേറ്റ്, ചോഡഗ്ംഗന്റെ തേക്കി പ്ലേറ്റ്, ചെല്ലൂർ,പിത്താപുരം പ്ലേറ്റ് (വീരചോഡ) ഇവ രണസ്തിപൂണ്ടി പ്ലേറ്റുമായി ഒത്തുപോകുന്നു. മല്ലപ്പദേവന്റെ പിത്താപുരം സ്തംഭലിഖിതം പൊരാണികവംശാവലി അതുതന്നെ തരുന്നുവെങ്കിലും ചിലകാര്യങ്ങളിൽ വ്യത്യസ്തത പുലർത്തുന്നു. രണസ്തിപൂണ്ടി ഗ്രാന്റ് ഇവയിലെല്ലാം വെച്ച് പഴയതാണ്. വിമലാദിത്യന്റേതായി ലഭിച്ച ആദ്യലിഖിതവും ഇതാണ്. ദാനാർണ്ണവന്റെയും ആര്യമഹാദേവിയുടേയും മകനാണ് വിമലാദിത്യൻ. ശക്തിവർമ്മന്റെ അനുജനാണ്. മകൻ രാജരാജാ 1. . വിമലാദിത്യന്റെ കിരീടധാരണം സിംഹലഗ്നം പുഷ്യനക്ഷത്രം ഋഷഭശുക്ലഷഷ്ഠി ശകം 933. എഡി 1011 മേയ് 10. ദാനാർണ്ണവനും വിമലാദിത്യനുമിടക്ക് 27 വര്ഷം ഇടവേള. അമ്മ 2 ശകം 867നും രാജരാജ 1 ശകം 944നും കിരീടം ധരിച്ചു. ശക്തിവർമ്മൻ 12 വർഷം ഭരിച്ചു. അദ്ദേഹത്തിന്റെ കിരീടധാരണം എഡി 999 . ആദ്യം വെങ്കി ഭരിച്ച ചോളരാജാവ് രാജരാജ 1 എഡി 985ലാണ് കിരീടം ധരിച്ചത്. അദ്ദേഹത്തിന്റെ 14ആം വർഷമാണ് (988-89) ആദ്യമായി വെങ്കി

ആക്രമിക്കപ്പെട്ടത്. ചോളരാജാവ് രാജരാജ 1 ശക്തിവർമ്മനെ സിംഹാസനത്തിലിരുത്തി പ്രശനം പരിഹരിച്ചു. വിമലാദിത്യന്റെ 7, 8 ഭരണവർഷങ്ങളിലെ ലിഖിതമുണ്ട്. അദ്ദേഹം ഏഴല്ല, 11 കൊല്ലം ഭരിച്ചു. മകൻ രാജരാജ 1 എഡി 1011ൽ സിംഹാസനസ്ഥനായി. ഗഞ്ചം ജില്ല മഹേന്ദ്രഗിരിയിലെ 2 ലിഖിതം രാജേന്ദ്ര ചോള വിമലാദിത്യനെ പരാജയപ്പെടുത്തി അവിടെ വിജയസ്തംഭം നാട്ടി എന്ന് പറയുന്നു. രാജേന്ദ്രചോളന്റെ തമിഴ് ലിഖിതങ്ങളിൽ ഇത് പറയുന്നില്ല. അതായത്, ഈ വിജയം അഛൻ രാജരാജചോഴന്റെ കാലത്താണ് ഉണ്ടായത്, അന്നദ്ദേഹം അഛന്റെ സൈന്യാധിപനാണ്. . തിരുവയ്യാറിലെ പഞ്ചനദേശ്വരക്ഷേത്രത്തിലെ ലിഖിതം രാജരാജചോളന്റെ 29ആം ഭരണവർഷത്തിലേതാണ്. അതിൽ വിഷ്ണുവർദ്ധനവിമലാദിത്യ ക്ഷേത്രത്തിനു ദാനം ചെയ്തതായി പറയുന്നു. എഡി 1013-14ൽ വിമലാദിത്യൻ തഞ്ചാവൂരിലുണ്ട് എന്ന് ഇത് കാണിക്കുന്നു. ചോളരാജ്യത്തുവെച്ച് അദ്ദേഹം രാജേന്ദ്രചോളന്റെ സഹോദരി കുന്ദവൈയെ വിവാഹം ചെയ്തു. എഡി 1015ൽ സ്വരാജ്യത്തേക്ക് തിരിച്ചുപോയി. എഡി 1022ലാണ് മരണം. (ആകെ 11 വർഷംഭരണം) വിമലാദിത്യന് നിരവധി ബിരുദം ലിഖിതത്തിലുണ്ട്. ബിരുദാങ്കഭീമ, ത്രിഭുവനാങ്കുശ, മുമ്മടിഭീമ, ഭൂപമാഹേന്ദ്ര, ബിരുദാങ്കഭീമ. ചോളരാജകുമാ

രിയെ വിവാഹം ചെയ്ത് അദ്ദേഹം രാജ്യ സുരക്ഷ ഉറപ്പാക്കി. അവരുടെ മകനായ രാജ രാജൻ വവി വംശത്തിലെ അംഗങ്ങളുടെ കിരീടധാരണവും ഉറപ്പാക്കി. വജ്ജിയപെഗ്ഗഡ അഥവാ വജ്ജ എന്ന മന്ത്രിയാണ് ദാനം വാങ്ങുന്നത്. കൌണ്ഡിന്യഗോത്രം, കാരമച്ചേ ഡു ഗ്രാമവാസി, ബുധവജ്ജപ്രാകാര, അമാത്യ ശിഖാമണി, സൌജന്യരത്നാകര മുതലായ പേരുകളുള്ളവനാണ്. രാച്ചിയപെദ്ദേരിയുടെ മകൻ ഭീമനഭട്ടനാണ് രചന. കോരുമല്ലിപ്ലേറ്റ് എഴുതിയ ചേതനഭട്ടന്റെ അഛനാണ് രാച്ചിയ പെദ്ദേരിഭീമ. കൂടെയുള്ള രണ്ടാമത്തെ ഗ്രാന്റ് ജൊന്താചാര്യനാണ് എഴുതിയത്. അദ്ദേഹം ഇതേ കുടുംബത്തിലെയാണ്.

ഗുഡ്ഡവാടിവിഷയത്തിലാണ് ദാനം ചെയ്ത രണസ്തിപൂണ്ടി ഗ്രാമം. കാരിംചേഡു ബാപ ത്തലയിൽ നിന്ന് (കൃഷ്ണജില്ല) 9 മൈൽ പടിഞ്ഞാറാണ്.

രാഷ്ട്രകൂടലിഖിതങ്ങളിലെ ശ്രീവല്ലഭനാമം

ശ്രീവല്ലഭത രാജാധിരാജാപരമേശ്വരതയോട് തുല്യമാണ് രാഷ്ട്രകൂടലിഖിതങ്ങളിൽ. അത് പരമാധികാരം സൂചിപ്പിക്കുന്നു. എഡി 754 ലെ സാമങ്ങാട് ലിഖിതം വല്ലഭനെ ജയിച്ച് രാജാധിരാജപരമേശ്വരത നേടിയതായി പറ യുന്നു. എല്ലോറ ദശാവതാരഗുഹയിലെ ലിഖിതം വല്ലഭസൈന്യത്തെ ജയിച്ച് ശ്രീവല്ലഭ

ത നേടിയെന്ന് പറയുന്നു. കൃഷ്ണ 1, ഗോവി ന്ദ 3 , മകൻ അമോഘവർഷ 1 ഇവരെ വല്ല ഭനെന്ന് വിളിക്കുന്നുണ്ട്. അമോഘവർഷനെ ലക്ഷ്മീവല്ലഭൻ അഥവാ വിഷ്ണുവായിട്ടാണ് വിളിക്കുന്നത്. ഇന്ദ്ര 3, കൃഷ്ണ 3 ഇവരേ യും ശ്രീവല്ലഭനെന്ന് വിളിച്ചിട്ടുണ്ട്. ഗോവിന്ദ 3 നെ പ്രഭൂതവർഷ, ജഗത്തുംഗനെന്നും പൃഥ്വീ വല്ലഭനെന്നും പറയുന്നുണ്ട്. ഗോവിന്ദ 3ന്റെ അഛൻ ധ്രുവനും ശ്രീവല്ലഭനെന്ന് അറിയപ്പെട ട്ടിരുന്നു. ഹെഗ്ഗഡദേവൻകോട്ട താലൂക്കിലെ മടക്കേരിയിലെ ലിഖിതം ധാരാവർഷശ്രീവല്ലഭ നെന്ന് അദ്ദേഹത്തെ വിളിക്കുന്നു. കുംഭരശനെ പരമേശ്വരമഹാരാജാ ശ്രീവല്ലഭന്റെ മകൻ റാണാവലോകകമ്പയ്യ എന്നും വിളിക്കുന്നു. എഡി 802ലെ മന്നേ ലിഖിതം രണാവലോക കുംഭദേവ പൃഥ്വീവല്ലഭ പ്രഭൂതവർഷഗോവിന്ദ രാജദേവന്റെ ജ്യേഷ്ഠനാണെന്നും പരമഭട്ടാരക മഹാരാജാധിരാജാ പരമേശ്വര ധാരാവർഷദേ വന്റെ പദാനുധ്യായിയാണെന്നും പറയുന്നു. നിരുപമകലിവല്ലഭധോര അഥവാ ധ്രുവന്റെ മകൻ ഗോവിന്ദ 3, അദ്ദേഹത്തിന്റെ ജ്യേഷ്ഠ ൻ രണാവലോകകുംഭദേവ, (ധ്രുവപുത്രൻ). ധ്രുവന്റെ ബിരുദം ശ്രീവല്ലഭനെന്ന് ശ്രാവണബ ലഗോള ലിഖിതവും പറയുന്നു. ലക്ഷ്മേശ്വര ലിഖിതത്തിലും അപ്രകാരമാണ്.

ധ്രുവകാലം- ജിനസേനന്റെ ഹരിവംശം എഴുതിത്തീർന്നത് ശകം 705 എഡി 783-784 ലാണ്. അന്ന് വർദ്ധമാനപുരത്ത് (കത്തിയ വാറിലെ ജാലാവാട് ഡിവിഷനിലെ വാർദ്ധാൻ) വടക്ക് ഇന്ദ്രായുധനും തെക്ക് ശ്രീവല്ലഭനും കിഴക്ക് അവന്തിയിലെ വത്സരാജനും പടിഞ്ഞാറ് ശൌര്യദേശത്ത് ജയവരാഹനും ഭരിക്കുന്നു. തെക്കുഭാഗം ഭരിക്കുന്ന ശ്രീവല്ലഭൻ രാഷ്ട്രകൂടരാജാവാകണമെന്നുണ്ടോ എന്ന് ആരും ചോദിച്ചത് കണ്ടില്ല. വല്ലഭക്ഷോണി കേരളത്തിലുമുണ്ട്. മൂഷകവംശകാവ്യവും വല്ലഭന്മാരെ പറയുന്നുണ്ട്. ഉത്തരാംപതി ഇന്ദ്രായുധ നാമ്നി കൃഷ്ണനൃപജേ ശ്രീവല്ലഭേ ദക്ഷിണാം എന്നാണ് വരി. അല്ലാതെ രാഷ്ട്രകൂടരാജാവെന്ന് ഇല്ല. പടിഞ്ഞാറ് വരാഹദേവൻ കാനൂജിലെ മഹോദയപുരത്തെ രാജാവാണെന്ന് പറയുന്നു. ഇത് എന്തുകൊണ്ട് കേരളത്തിലെ (പടിഞ്ഞാറ്) മഹോദയപുരത്തിലെ പന്നിയൂർ കഴകത്തിന്റെ രാജാവായിക്കൂടാ എന്ന് ഒരു ചോദ്യം വരുന്നു. കേരളത്തിലും ചാലൂക്യരിലും രാഷ്ട്രകൂടരിലും ലങ്കയിലും വല്ലഭനാമമുള്ള രാജാക്കന്മാരുണ്ട്, രാഷ്ട്രകൂടരെ മാത്രം അല്ല ശ്രീവല്ലഭരെന്ന് വിളിക്കുന്നത്. മണിമംഗലം ശാസനത്തിൽ ചോളർ 5 വല്ലഭന്മാരെ നശിപ്പിച്ചതായി പറയുന്നത് കേരളത്തിലും ലങ്കയിലുമാണ്.

ഭുവനേശ്വർ ലിഖിതം

ഭുവനേശ്വരിൽ അനന്തവാസുദേവക്ഷേത്രത്തിലെ അങ്കണത്തിൽ പടിഞ്ഞാറേ ചുമരിനടുത്ത് 2 കൃഷ്ണശിലകളിലുള്ള 2 എണ്ണം. ഒന്ന് ഗംഗരാജാവ് ത്രികലിംഗത്തിലെ അനിയങ്കഭീമ (അനംഗഭീമ 1) ന്റെ സേനാധിപൻ സ്വപ്നേശ്വരൻ മേഘേശ്വരശിവന് ക്ഷേത്രം പണിതത്. രണ്ടാമത്തേത് ഭട്ടബാലവലഭിഭുജംഗനെന്ന പണ്ഡിതന്റെ പ്രശസ്തി. അദ്ദേഹത്തിന്റെ പല സാഹിത്യകൃതികളും കണ്ടേടാടുത്തിട്ടില്ല.

സ്വപ്നേശ്വരലിഖിതം-26 വരി. വടക്കുകിഴക്കൻ നാഗരിലിപി 12-13 നൂറ്റാണ്ടുകളിലെ. ഭാഷ സംസ്കൃതം. തുടക്കത്തിലെ ഓം ഓം നമശ്ശിവായ! ഒഴികെ എല്ലാം പദ്യം.

ശിവശിരസ്സിലെ ചന്ദ്രക്കല, ഗൌതമഅക്ഷപാദ ഇവരെ പ്രശംസിക്കുന്നു. അക്ഷപാദവംശത്തില് രാജപുത്രി ദ്വാരദേവ ജനിച്ചു. അദ്ദേഹത്തിന്റെ മകൻ മൂലദേവന് അഹിരാമൻ ജനിച്ചു. . അദ്ദേഹത്തിന്റെ മക്കളിൽ ഒരാളാണ് സ്വപ്നേശ്വരൻ . മകൾ ആയി സുരമാദേവിയും അഹിരാമനുണ്ടായി. ചന്ദ്രവംശത്തിലെ ചോഡഗംഗന്റെ മരണശേഷം പുത്രൻ രാജരാജൻ രാജാവായി. അദ്ദേഹം സുരമാദേവിയെ വിവാഹം ചെയ്തു. വൃദ്ധനായപ്പോൾ അനുജൻ അന്യങ്കഭീമനെ സിംഹാസനത്തിലിരുത്തി.

ത്രികലിംഗാധിപതിയും ഗംഗവംശത്തിന്റെ ചന്ദ്രനുമായ അദ്ദേഹം ഭരണം ആരംഭിച്ചു.

രാജരാജന്റെ സഹോദരീഭർത്താവായ സ്വപ്നേ ശ്വരൻ ഗംഗരാജാക്കന്മാരുടെ ദൈവീകായുധ മായിരുന്നു. മുഴുവൻ സൈന്യത്തേക്കാളും ശക്തനായിരുന്നു. മേഘേശ്വരശിവക്ഷേത്രം അദ്ദേഹം നിർമ്മിച്ചു. ക്ഷേത്രത്തിലേക്ക്. നിര വധി ദേവദാസികളെ സമ്മാനിച്ചു. ക്ഷേത്രത്തി നടുത്ത് തോട്ടം നിർമ്മിച്ചു. അതിനടുത്ത് കുളം ഉണ്ടാക്കി. അതോട് ചേർന്ന് മണ്ഡപം ഉണ്ടാക്കി. കുളങ്ങളും കിണറുകളും വീഥിക ളും , ക്ഷേത്രങ്ങളിൽ വിളക്കുകളും വേദപാഠ ശാലകളും ബ്രാഹ്മണർക്ക് ശൈവാചാര്യനാ യ വിഷ്ണുവിന്റെ കീഴിൽ ബ്രഹ്മപുരവും നിർമ്മിച്ചു. വിഷ്ണുവിന്റെ ആജ്ഞപ്രകാരം കവി ഉദയനാണ് ഈ പ്രശസ്തി എഴുതിയത്. മേഘേശ്വരത്തെ ശിലമേൽ ദിശിധവളന്റെ പുത്രൻ ചന്ദ്രധവളൻ എഴുതി, സൂത്രധാരൻ ശിവകരൻ കൊത്തിവെച്ചു. കിഴക്കൻ ചാലൂ ക്യ രാജരാജനും അനിയങ്കഭീമനും ജീവിച്ച കാലം അറിയാവുന്നതുകൊണ്ട് സ്വപ്നേശ്വര കാലവും മനസ്സിലാക്കാം. ചോഡഗംഗനു ശേഷം മകൻ കാമാർണ്ണവൻ എഡി 1142-43ലാണ് കിരീടം ധരിച്ചത്. 10 വർഷം ഭരിച്ചു. പിന്നീട് ചോഡഗംഗന്റെ മറ്റൊരു മകനായ രാഗവൻ 15 വർഷം ഭരിച്ചു.

പിന്നീട് ചോഡഗംഗപുത്രൻ രാജരാജ 2 ഭരിച്ചു. 25 വർഷം. അദ്ദേഹത്തിന്റെ അനുജൻ അനിയങ്കഭീമൻ 1 , പത്തുവർഷം ഭരിച്ചു. ഇതിൽനിന്ന് അനിയങ്കഭീമൻ എഡി 1192ൽ. കിരീടം ധരിച്ചിരിക്കണം. അക്കാലത്താണ് ലിഖിതം രചിച്ചത്.

ഭട്ടഭവദേവ ബാലവലഭീഭുജംഗം

25 വരി. ലിപി നാഗരി. ഭാഷ സംസ്കൃതം. തുടക്കം ഓം ഓം നമോ ഭഗവതേ വാസുദേവായ എന്ന് കഴിഞ്ഞാൽ എല്ലാം പദ്യം ഭവദേവഭട്ടനെ കുറിച്ച ബാലവലഭീഭുജംഗം അദ്ദേഹത്തിന്റെ സുഹൃത്ത് ബ്രാഹ്മണനായ വാചസ്പതി എഴുതിയതാണ്. ഹരിയേയും വാഗ്ദേവിയേയും തന്റെ കൃതി സുന്ദരമാകാൻ പ്രാർത്ഥിക്കുന്നു. വേദജ്ഞരായ ബ്രാഹ്മണർ സാവർണ്ണമുനിവംശത്തിൽ ഒട്ടേറെ ജനിച്ചിട്ടുണ്ട്. അവരിൽ അഗ്രഗണ്യനാണ് രാധ എന്ന സ്ഥലത്ത് ജനിച്ച സിദ്ധലൻ. ആ ഗ്രാമത്തിൽ ഭവദേവനെന്ന പണ്ഡിതന്റെ കുടുംബം ഉണ്ടായിരുന്നു. ജ്യേഷ്ഠൻ മഹാദേവനും അനുജൻ അട്ടഹാസനും. ഗൌഡരാജാവ് അദ്ദേഹത്തിന് ഹസ്തി.നിഗട്ടഗ്രാമം കൊടുത്തു. അദ്ദേഹത്തിന്റെ 8 മക്കളിൽ മൂത്തവൻ രഥാംഗൻ. അദ്ദേഹത്തിന്ന് അത്യാംഗൻ, അദ്ദേഹത്തിന് സ്ഫുരിതനെന്ന ബുധൻ, അദ്ദേഹത്തിന്ന് ആദിദേവൻ. ഗോവർദ്ധനൻ

അദ്ദേഹത്തിന്റെ മകനാണ്.അമ്മ ദേവകി. ഒരേ സമയം യോദ്ധാവും പണ്ഡിതനുമായ അദ്ദേഹം വന്ദ്യഘട്ടീയബ്രാഹ്മണവംശത്തിലെ സംഗോകയെ വിവാഹം ചെയ്തു.(സരസ്വതി എന്ന ഒരു ഭാര്യയും ഉണ്ടായിരുന്നു) അവ രുടെ മകനാണ് ഈ പ്രശസ്തി പറയുന്ന ഭവദേവൻ. ദിവ്യനായ അദ്ദേഹം ഹരിവർമ്മ ദേവന്റെ ഭരണകാലത്ത് ഭരണം നിർവ്വഹിക്കു ന്നതിൽ പങ്കു വഹിച്ചു. അദ്ദേഹത്തിന്റെ മകനേയും ഉപദേശിച്ചിരുന്നു. അപ്രകാരം രാജ്യം സമൃദ്ധമാക്കി.

വന്ദ്യഘട്ടീയര് രാധീയബ്രാഹ്മണരുടെ ഒരു ശാഖയാണ്. കോൾബ്രൂക്ക് ബന്ദ്യഗതി എന്ന് പറയുന്നു. അമരകോശത്തിന് ഭാഷ്യമെഴുതിയ സർവ്വാനന്ദനെ വന്ദ്യഘട്ടീയനെന്ന് വിളിച്ചിരു ന്നു. ഭവദേവന്റെ സംഭാവനകൾ വിശദമായി പറയുന്നുണ്ട്. ബ്രാ്ഹ്മണനെന്നതിന് വ്രാഹ്മണ നെന്നും ബലീയസി എന്നതിന് വലീയസി എന്നുമാണ് ലിഖിതത്തിലുള്ളത്. ഇത് ദക്ഷി ണേന്ത്യയിലെ പ്രയോഗമാണ്.

യുവരാജ ഗോവിന്ദ 2 അലസ് പ്ലേറ്റ് ശകം 692

ബോംബോ പ്രസിഡൻസി കുറുന്ദ്വാഡ് സ്റ്റേറ്റി ലാണ് അലസ് ഗ്രാമം. 3 പ്ലേറ്റ്. സീലിൽ പുഷ്പത്തിനു മുകളിൽ, കൈകൂപ്പി , ചിറകു

വിടർത്തി ഇരിക്കുന്ന ഗരുഡനുണ്ട്. ക, മ എന്നീ അക്ഷരങ്ങൾ കൊത്തിയിട്ടുണ്ട്. ബാദാമി ചാലൂക്യകാലത്ത് നിലവില് വന്ന തെക്കൻ ലിപിയാണ്. ഖ എന്നത് 2 വിധവും ല എന്നത് 3 വിധവും എഴുതിയിട്ടുണ്ട്. ഭാഷ സംസ്കൃതമാണ്. സ്വസ്തിയിലാരംഭിച്ച് സവാവ്യാദ് മഹാവിഷ്ണു എന്നാണ് സവാവ്യാദ് വോധസ ധർമ്മ എന്നല്ല. (മറ്റു രാഷ്ട്രകൂടഗ്രാന്റുകളിലുള്ള പോലെ). 20 വരി പദ്യം. ബാക്കി ഗദ്യം. സന്ധിനിയമം പാലിച്ചിട്ടില്ല, വ്യഞ്ജനങ്ങളുടെ ഇരട്ടിപ്പ് , ലക്ക് പകരം ളകാരം (സകള, മാനാവളോക) സകാരം ശകാരമായും ഷകാരമായും മാറ്റൽ, (ഭൂപശ്ശശാങ്ക, വഷ്ഷട്, യസ്സഹശാ) ഇപ്രകാരം പ്രത്യേകതകളുണ്ട്.

കൃഷ്ണരാജാ 1 ന്റെ മകൻ ഗോവിന്ദരാജാ 2 വിന്റെ ദാനമാണ്. ശുഭതുംഗ അകാലവർഷ ശ്രീപൃഥ്വീവല്ലഭ ഇവയാണ് കൃഷ്ണ 1 ന്റെ ബിരുദങ്ങൾ. യുവരാജാ ഗോവിന്ദരാജന് പ്രഭൂതവർഷ വിക്രമാവലോക എന്നും ബിരുദമുണ്ട്. കൃഷ്ണവെണ്ണയും മൂസിയും സംഗമിക്കുന്ന സ്ഥാനത്തെ വിജയശിബിരത്തിൽനിന്നാണ് ഗോവിന്ദ ശാസനം പുറപ്പെടുവിക്കുന്നത്. വെങ്കിരാജാവിനെ പരാജയപ്പെടുത്തിയശേഷമാണ്. ശകം 692 ആഷാഢശുക്ലസപ്തമി സൌമ്യവർഷം എഡി 769ലാണ് ഇത്.

ധ്രുവരാജന്റെ പൌത്രനും ദന്തിവർമ്മന്റെ പുത്രനുമായ മാനവാലോക രത്നവർഷനെന്ന വിജയാദിത്യന്റെ അപേക്ഷപ്രകാരമാണ് ഗ്രാന്റ്. കേശവന്റെ പൌത്രനും ശ്രീധരന്റെ പുത്രനും ആയ ഭരദ്വാജഗോത്രത്തിലെ ജഗ്ഗുവിന്നാണ് ദാനം.

രാഷ്ട്രകൂടരും വെങ്കിയിലെ കിഴക്കൻ ചാലൂക്യരും നിരന്തരം യുദ്ധത്തിലേർപ്പെട്ടിരുന്നു. വെങ്കി രാജാക്കന്മാർ പരാജിതരായി രാഷ്ട്രകൂടരുടെ സാമന്തരും ഭൃത്യരുമായി കഴിഞ്ഞിട്ടുണ്ട്. (ഗോവിന്ദ 3 രാധൻപൂര് ലിഖിതം, ശീരൂർ ലികിതം അമോഘവർഷ 1, കൃഷ്ണ 2, ഗോവിന്ദ 4,). കൃഷ്ണ 1 ന്റെ മുൻഗാമിയായി ദന്തിവർമ്മനെ പറയുന്നത് ശ്രദ്ധേയമാണ്. ദന്തിദുർഗ്ഗനെന്നാണ് മറ്റു ലിഖിതങ്ങളിൽ. സാമങ്ങാട് ലിഖിതത്തിൽ മാത്രം 2 പേരും പറയുന്നുണ്ട്. എഡി 972ലെ കർദ്ദ പ്ലേറ്റ് ദന്തിദുർഗ്ഗൻ മക്കളില്ലാതെ മരിച്ചതിനാൽ പിതാവിന്റെ ഭാഗത്തുനിന്നുള്ള അമ്മാമൻ കൃഷ്ണ 1 ന് രാജ്യം ലഭിച്ചു എന്നാണ്. ബറോഡ പ്ലേറ്റ് (എഡി 812) കൃഷ്ണ 1 സിംഹാസനം നേടിയത് തന്റെ ബന്ധുവിനെ അതിൽനിന്ന് നിഷ്കാസിതനാക്കിയിട്ടാണെന്നാണ്. ബാഗുംര പ്ലേറ്റ് ദന്തിദുർഗ്ഗൻ സ്വർഗ്ഗാരോഹണം ചെയ്ത ശേഷം കൃഷ്ണ 1 രാജാവായെന്ന് പറയുന്നു. ഗോവിന്ദ 3 ന്റെ

പൈത്താൻഗ്രാന്റിലും (എഡി 794) ഇപ്രകാര മാണ്. കൃഷ്ണവെർണ്ണ കൃഷ്ണാനദിയാണ്. അതിനോട് അവസാനം ചേരുന്ന പോഷകനദി യാണ് മൂസി. ദാനം ചെയ്ത ആലക്തകവിഷ യം ഇപ്പോഴത്തെ ആലത (കോലാപ്പൂർ സ്റ്റേറ്റി ലെ). അരസിയവാദയാണ് ആലാസ്.
വംശാവലിഃ-ഗോവിന്ദരാജ 1, കക്കരാജാ 1, ഇന്ദ്രരാജാ 2, ദന്തിവർമ്മൻ 2, (കർണ്ണാടക, കാഞ്ചി, കേരള, ചോള, പാണ്ഡ്യ, ശ്രീഹർഷ, വജ്രതവിജയം) വല്ലഭനെ തോൽപ്പിച്ച് രാജ രാജനെന്ന കീർത്തി നേടി. അപ്രകാരമുള്ള ആ ശ്രീ വല്ലഭൻ സ്വർഗ്ഗം പൂകിയപ്പോൾ കക്ക രാജന്റെ മകൻ ശുഭതുംഗ കൃഷ്ണരാജ 1 അകാലവർഷ രാജാവായി. മകൻ മഹാരാജാ ധിരാജാ പരമേശ്വര ഭട്ടാരക പ്രഭൂതവർഷ വിക്രമാവലോക ഗോവിന്ദരാജാ 2. പഞ്ചമ ഹാശബ്ദവും നേടി വെങ്കിരാജാവിന്റെ ഭണ്ഡാ രം എടുത്തു . അപ്പോഴാണ് വിജയശിബിര ത്തിൽ വെച്ച് ധ്രുവരാജപൌത്രൻ ദന്തിവർമ്മ പുത്രൻ വിജയാദിത്യനെന്ന മാനാവലോക രത്നവർഷൻ അഭ്യർത്ഥിക്കുന്നത്. പ്രസാദിനീ നദീതീരത്തെ ഉത്തരൈഗ്രാമം ജഗ്ഗുവിന് ദാനം ചെയ്തു. ഹരിയഗിരി മലയുടെ തെക്കുഭാഗ ത്താണ് ആലക്തകവിഷയത്തിലെ ഈ ഗ്രാമം. അരസിയവാടത്തിലെ ധാരാളം വൃക്ഷങ്ങളു ള്ള തോപ്പുകളോടും കൂടിയാണ് ദാനം ചെയ്തത്.

അതിർത്തികൾ: കിഴക്ക് പരചുരഗേ ഗ്രാമം, തെക്ക് നീവീവാഡ എന്ന ബ്രാഹ്മണഗ്രാമം, പടിഞ്ഞാറ് മജ്ജിമഗ്രാമം, വടക്ക് ഹരിയഗിരി മല. ശ്രീസേനനാണ് ശാസനം എഴുതിയത്.

രാജേന്ദ്രദേവകാലത്തെ ബെലത്തൂരു ലിഖിതം ശകം 979 മൈസൂരിലെ

ഹെഗ്ഗഡദേവൻകോട്ടേ താലൂ ക്കിലെ ബേലത്തൂരു ഗ്രാമത്തിലെ അഡ്ഡക്കട്ടേ ഹോള എന്ന വയലില്1 കിടക്കുന്ന കല്ലിൽ ഉള്ളത്. ലിപിയും ഭാഷയും കന്നഡം. 23 ശ്ലോകം. നിരവധി വൃത്തങ്ങളുപയോഗിച്ചിരി ക്കുന്നതിൽ അക്കരം, ലളിതവൃത്തം എന്ന് 2 അപൂർവ്വവൃത്തങ്ങളുമുണ്ട്. ഇവ നാഗവർമ്മ ന്റെ കന്നഡവൃത്തത്തിൽ പിരിയക്കരയും ലളി തപദവുമാണ്. പിരിയക്കരലക്ഷണം ആദ്യവ രിയിൽ ഒരു അജ, 5 വിഷ്ണു, 1 രുദ്ര, രണ്ടാംവരിയിൽ 1 അജ, 4 വിഷ്ണു, 1 അജ. ഒരു രുദ്ര. മൂന്ന് നാല് വരികളിൽ ഇത് ആവർത്തിക്കണം. ലിഖിതത്തിലെ അക്കരവൃ ത്തത്തില് 1 അജ, 5 വിഷ്ണു, 1 രുദ്ര എന്ന ക്രമമാണ് നാലു പാദത്തിലും. മല്ലൻ കവിക ളുടെ സുഹൃത്തായിട്ടും ഈ ലക്ഷണത്തിൽനി ന്ന് വ്യതിചലിച്ചാണ് ലിഖിതത്തിൽ ഉപ യോഗിച്ചിരിക്കുന്നത്. അതിനുള്ള സ്വാതന്ത്യം അന്നേ കവികൾക്ക് ഉണ്ടായിരുന്നിരിക്കണം.

ശകം 979 ഹേമലംബിവർഷം രാജേന്ദ്രദേവ ന്റെ 6ആം ഭരണവർഷം (എഡി 1057 ഒക്ടോബർ 27 തിങ്കൾ) കാർത്തികയിലെ കൃഷ്ണപക്ഷദ്വാദശി ആണ് ലിഖിതം. രാജേന്ദ്രദേവന്റെ മുൻഗാമി രാജാധിരാജനെ ജയംഗൊണ്ടചോളപെർമാടി ഗവുണ്ട (നൂഗുനാ ടിലെ രവിഗ) അഥവാ ജയംകൊണ്ട് ചോള എന്നതുകൊണ്ട് പരാമർശിക്കുന്നു. ലങ്കയിലെ രണ്ട് വീരശാലമേഘന്മാരില് ഒരാളെ രാജാധി രാജനും ഒരാളെ രാജേന്ദ്രദേവനുമാണ് വധി ച്ചത്. ലിഖിതം ശിലാമേഘനെന്നാണ് അവരെ പറയുന്നത്

2 കുടിയ ശൂദ്രകുടുംബങ്ങളെ പറയുന്നുണ്ട്. 1. നുഗുനാടിലെ അവച്ചകുടുംബം, 2 നവലേ നാടിലെ പെരുവയലിലെ കുറുവന്ത കുടും ബം. ഒന്നാമത്തെ കുടുംബത്തിലെ രവിഗനെ ചോളന്മാര് ബേലത്തൂരുവിലെ മുഖ്യനാക്കി. അദ്ദേഹം എടനാടിലെ നൽഗോഡു ഗ്രാമമു ഖ്യന്റെ മകൾ പൊന്നക്കയെ വിവാഹം കഴിച്ചു. രവിഗന്റെ മകൾ ദെക്കബ്ബേയെ കുറുവന്തകുടുംബത്തിലെ ഏച്ചന് കൊടുത്തു. തലക്കാടുവെട്ട് രാജാവ് ഏച്ചനെ വധിച്ചു. ദെക്കബ്ബേ സതി അനുഷ്ഠിച്ചു. അതിനുമുമ്പ് അവൾ ശിവക്ഷേത്രത്തിന് നിത്യവിളക്കും വയലും സമർപ്പിച്ചു. രവിഗ തന്റെ മകളുടെ ഓർമ്മക്കായി കല്ലു നാട്ടി.

നുഗുനാട് നുഗു അഥവാ ഭൃഗുനദീതാരത്താണ്. മൈസൂരിലെ നഞ്ചംഗുണ്ഡി താലൂക്കിൽ കബ നീനദിയുടെ പോഷകനദിയാണ് നുഗു. പടി ഞ്ഞാറൻ ഗംഗരുടെ രേഖകളിൽ നുഗുനാടും നവലേനാടും ഉണ്ട്. സതി അനുഷ്ഠിക്കുന്ന ശൂദ്രസ്ത്രീയുടെ രേഖ ആദ്യമാണെന്ന് പറയു ന്നു. അത് ബ്രാഹ്മണരും ക്ഷത്രിയരുമാണ് ചെയ്യാറ്. ലിംഗായതന്മാരുടെ കാലത്തിനു മുമ്പ് ശിവാരാധകരായ ശൂദ്രർ ശവം ദഹിപ്പി ക്കയാണ് പതിവ്. (ശ്മശാനം) കുഴിച്ചിടൽ ലിംഗായതരാണ് തുടങ്ങിയത്. തലക്കാടിൽ ഏച്ചയുടെ ശരീരം ദഹിപ്പിച്ചിടത്താണ് സതി അനുഷ്ഠിച്ചത്. മാതാപിതാക്കളും ബന്ധുക്ക ളും അതിന്ന് എതിരായിരുന്നു. വിധവയായ ദെക്കബ്ബേ തന്നെയാണ് സ്വന്തം തീരുമാനം നടപ്പാക്കിയത്. അവളുടെ സതി സ്വന്തം ഗ്രാമമായ ബെലത്തൂരിലാണ്, ഭർത്താവ് കൊല്ലപ്പെട്ട തലക്കാട്ടിലല്ല നടന്നത്. മല്ലനെന്ന കവി രവിഗനെ ക്രോധിച്ചവർക്ക് സിംഹമെ ന്നും അസൂയക്കാരുടെ മേൽ ശക്തനെന്നും വിളിക്കുന്നു. മല്ലൻ സ്വയം വിളിക്കുന്നത് ബ്രാഹ്മണന്മാരുടെ ഇടയിലെ ചക്രം എന്നാ ണ്.

വാസ്തവത്തിൽ ഏച്ചൻ ആരാണ്. എരേയാം ഗപുത്രനെന്നാണ് ഏച്ചനെ ലിഖിതം പറയു ന്നത്. അദ്ദേഹത്തിന്റെ മകനാണ് ജവനിയ

ർമ്മൻ . അദ്ദേഹത്തിനും ജക്കബ്ബേക്കും ജനിച്ച പുത്രനാണ് രവിഗ. അദ്ദേഹം ജനിച്ചപ്പോള് അറിവും ജനിച്ചു. അതോടെ വരവും കൂടി, വരവു കൂടിയപ്പോൾ സ്വാതന്ത്ര്യം ലഭിച്ചു, എന്നാണ് ലിഖിതം പറയുന്നത്. നുഗുനാടിലെ രാമനും കുടിയരുടെ ഭൂഷണവും കർണ്ണനെപ്പോലെ ദാനവീരനും അവച്ചരിലെ ഏറ്റവും നല്ലവനുമാണ് രവിഗ.

ചോള,പല്ലവ,പാണ്ഡ്യ,ശിലാമേഘ,കേരള,സോരാത്ത,ഗോവ,ഭോജ, ലാല,ഗജപതി, ഹയപതി, നരപതിമാരുടെ സഭയിൽ അദ്ദേഹത്തെ പറ്റി കേട്ടു. നടന്മാരും നർത്തകരും ഗായകരും അദ്ദേഹത്തെ പറ്റി വിചാരിച്ചു. അദ്ദേഹത്തെ പുകഴ്ത്തി. അത്ര മഹാനായിരുന്നു ജയം കൊണ്ട് ചോളപെർമാനടി ഗാവുണ്ട. അദ്ദേഹം മുത്തുക്കുടയും ശംഖും മണിയും ആനയും കൊടുത്ത് അദ്ദേഹത്തെ മാണ്ഡലികനാക്കി. അദ്ദേഹത്തിന്റെ മകളാണ് ഏച്ചനെ വിവാഹം കഴിച്ച് സതി അനുഷ്ഠിച്ചത്. എന്തിനാണ് ഏച്ചനെ വധിച്ചത്. ലിഖിതം പറയുന്നു ഏച്ചൻ മല്ലയുദ്ധത്തിലും അങ്കത്തിലും മികച്ചവനായിരുന്നു. ഒരിക്കൽഅത്തരം ഒരു ബലപരീക്ഷണത്തിൽ രാജാവിന്റെ ചില ബന്ധുക്കളെ അദ്ദേഹം വധിച്ചു. രാജാവ് തലക്കാട്ടേക്ക് വിളിച്ചുവരുത്തി അവിടെവെച്ച് വധിച്ചു. തലക്കാട്ടേക്ക് എന്ന്

പറഞ്ഞതുകൊണ്ട് ഗംഗാരാജാവാകണം വധി ച്ചത്.

കുലോത്തുംഗന്റെ ഭീമാവരം ലിഖിതം ശകം 1037

ഗോദാവരിജില്ല, കാക്കനാഡ ഡിവിഷ നിലെ ഭീമാവരത്തെ നാരായണസ്വാമിക്ഷേത്ര ത്തിന്റെ മുമ്പിലെ മണ്ഡപത്തിലെ തൂണിലുള്ള ത്. 2 സംസ്കൃതശ്ലോകവും ഒരു ഖണ്ഡിക തെലുഗു ഗദ്യവും. സർവ്വലോകാശ്രയ വിഷ്ണുവർദ്ധന മഹാരാജാ പരാന്തകചാലൂക്യരാജാവിന്റെ 45ആം ഭരണവർഷം എഡി 1070 . അതിൻ അർത്ഥം ഇത് ചാലൂക്യചോളരാജാവ് രാജേ ന്ദ്രചോള 2 അഥവാ കുലോത്തുംഗചോള 1 ആണെന്നാണ്. അദ്ദേഹത്തിന്റെ ഭരണെ എഡി 1070ലാണ് തുടങ്ങിയത്. മണ്ഡയനെന്ന വൌശ്വൻ നിർമ്മിച്ച നാരായണസ്വാമിക്ഷേത്ര ത്തിലെ നാരായണന് വിളക്ക് സമ്മാനിച്ച താണ് രേഖ. അത് ആചന്ദ്രതാരം എരിയിക്കാ നായി 20 നല്ല എരുമകളെയും കൊടുത്തു. ഭീമാവരത്തിന് പഴയപേര് ചാലൂക്യഭീമപുര മെന്നാണ്. ശകടമന്ഥനനാടു ജില്ലയിലാണ്. ചോളനാട്ടിലെ മാധവനെന്ന രാജവല്ലഭനാണ് സമ്മാനിച്ചത്. മുഴുവൻ പേര് വേളാൻ മാധ വൻ രാജവല്ലഭപല്ലവരായനെന്നാണ്. ചോള മണ്ഡലത്തിലെ ബിരുദരാജഭയങ്കരവലനാണ്ടു വിലെ മന്നിനാടിലെ കടംബങ്കുടിയുടെ പ്രഭു

വാണ് ഇദ്ദേഹം. കുലോത്തുംഗചോള 1 ന്റെ 20ആം വർഷത്തിലെ ചെറിയ ലൈഡൻ ഗ്രാന്റിൽ മന്ത്രിയുടെ പേര് സന്ധിവിഗ്രഹി രാജവല്ലഭ പല്ലവരായനെന്നാണ്. ഇദ്ദേഹം തന്നെയായിരിക്കാം ഈ ലിഖിതത്തിലെ മാധവൻ. ദ്രാക്ഷാരാമത്തിലെ ഭീമേശ്വരക്ഷേത്ര ത്തിലും ചെബ്രോലു നാഗേശ്വരക്ഷേത്രത്തി ലുമുള്ള കുലോത്തുംഗ 1 ന്റെ ലിഖിതങ്ങളുടെ ലിസ്റ്റ് , ശകം ഭരണവര്ഷം ഇവയോടെ താഴെ തരുന്നു.

സർവ്വലോകാശ്രയ ശ്രീവിഷ്ണുവർദ്ധനമഹാ രാജാ എന്ന ബിരുദം മാത്രം ഉള്ള ലിഖിത ങ്ങൾ:-

1 സ്വസ്തി ശ്രീശകവർഷംബുലു 998 നേംതി നളസംവത്സര ശ്രാഹി സ്വസ്തി! സർവ്വലോകാശ്രയശ്രീവിഷ്ണുവർദ്ധനമഹാരാ ജുല പ്രവർദ്ധമാന വിജയരാജ്യസംവത്സരം ബുലു 7 നേന്ദു ,,,,മാഘമാസമുന പുന്നമായു ശുക്രവാരമുന സോമഗ്രഹണനിമിത്തമുനൻ

2. ശകവർഷമുലു 1006 സ്വസ്തി സർവ്വലോ കാശ്രയശ്രീ വിഷ്ണുവർദ്ധനമഹാരാജുല പ്രവർദ്ധമാനവിജയരാജ്യസംവത്സരമു 15 ഗു ശ്രാഹി ദിന 307 ണ്ടും...

3. സ്വസ്തിശാകവർഷംബുലു 1036 സ്വസ്തി സർവ്വലോകാശ്രയശ്രീവിഷ്ണുവർദ്ധനമഹാരാ

ജുലപ്രവർദ്ധമാനവിജയരാജ്യദിവ്യസംവത്സര 45 ധനുമാസമുന ശുക്ലപക്ഷമുന ഏകാദശിയും ബുധവാരമുനാമ്ടു ഉത്തരായനവ്യതീപാത നിമിത്തമുന...

സമസ്തഭുവനാശ്രയ ശ്രീപൃഥ്വീവല്ലഭ മഹാരാ ജാധിരാജ രാജപരമേശ്വര പരമഭട്ടാരക രവി കുലതിലക ചോഡകുലശേഖര പാണ്ഡ്യകുലാ ന്തക സമസ്തരാജാശ്രയ രാജരാജേന്ദ്ര വീര മഹേന്ദ്ര വിക്രമചോഡ വിജയാഭരണ രാജകേ സരിവർമ്മ പെര്മ്നടികളു ഗംഗാകാവേരീ പര്യന്തധരിത്രീപതി സപ്തമോ വിഷ്ണുവ ർദ്ധനുലൈന ത്രിഭുവനചക്രവർത്തി ശ്രീ കുലോത്തുംഗചോഡദേവ എന്ന് മുഴുവൻ ബിരുദവുമുള്ള ലിഖിതങ്ങൾ:-

4. ശകാബ്ദേ നയനാക്ഷിവേന്ദുഗണിതേ ...വര്ഷ 31 നമ്ഠഗു ശ്രാഹി ... ദിന 300 ണ്ടു..

5. ശകാബ്ദാനാം പ്രമാണെ നിധിനയനവിയ ച്ചന്ദ്രഗേ സംക്രാന്ത്യാം വൈഷുവത്യാം.....രാജ്യസംവത്സരംബുലു 37 ദിന 289 ണ്ട വിഷുവസംക്രാന്തിനിമ്ത്തമുന ..

6. ശകാബ്ദേ നിധിനേത്രവേന്ദുഗണിതേ ..രാജ്യസ്വത്സരംബുലു 37ദിന 289ണ്ട വിഷുവസംക്രാനിതിനിമിത്തമുന

7 ശകവരുഷംബുലു 1034 ... രാജ്യസംവത്സര 42 ശ്രാഹി ദിന 220 ണ്ടാൻ ഉത്തരായനസം ക്രാന്തിനിമിത്യമുനാം....

8 സ്വസ്തി ശകവരുഷംബുലു 1037 ..രാജ്യ ദിവ്യസംവത്സര 45 ശ്രാഹി

9 ശകാബ്ദേ വ്യോമവേദാംബരശശിഗണിതേ ശകവർഷംബുലു 1040

ണ്ട.....ജ്യദിവ്യസംവത്സര 49യാഗു ശ്രാഹ് ദിനമുലു 250 ....ഉത്തരായനസംക്രാന്തിനിമിത്ത മുന

വിക്രമചോളന്റെ 2 ലിഖിതം

1 ചെബ്രോലു ശകം 1049.

2.സെവിലിമേഡു ലിഖിതം 16ആം ഭരണവ ർഷം

ചെബോലു ലിഖിതം കൃഷ്ണ ജില്ല ബാപ ത്തല താലൂക്ക് ചെബ്രോലുവിലെ കേശവ സ്വാമിക്ഷേത്രത്തിലെ ശിലമേലാണ്. തെലുഗു ലിപിയും ഭാഷയും. അവസാനം മാത്രം ഒരു സംസ്കൃതശ്ലോകം. ശകം 1049 പ്ലവസംവത്സ രം ഡൈഷ്ഠമാസം ചന്ദ്രഗ്രഹണം വിക്രമ ചോളദേവന്റെ 9ആം ഭരണവർഷം. (എ)ഡി 1127-28) എഡി 1119ലാണ് വിക്രമചോളൻ കിരീടം ധരിച്ചത്. കുലോത്തുംഗചോളൻ 1070 മുതൽ 49-50 വർഷം എഡി 1119 വരെ

ഭരിച്ചു. തമിവകത്ത് വിക്രമചോളൻ എഡി 1108 ജൂലൈ 18 മുതലാണ് ഭരിക്കാനാരംഭി ച്ചത് (പ്രൊ കിൽഹോൺ) 1108 ൽയുവരാജ നായി, അഛന്റെ മരണശേഷം 1119ൽ രാജാ വായി. അഛൻ കുലോത്തുംഗചോള 1 ന്റെ ബിരുദങ്ങളെല്ലാം ഇദ്ദേഹത്തിനുമുണ്ട്. സപ്ത മവിഷ്ണുവർദ്ധന എന്നത് ഒഴികെ. തമിഴ് ലിഖിതങ്ങളിൽ വിക്രമചോളൻ പരകേസരിവ ർമ്മനാണ്. ഇവിടെ രാജകേസരിവർമ്മനാണ്. ചെംബ്രോലുവിലെ കുമാരസ്വാമി മഹാസേന ക്ഷേത്രത്തിൽ വിളക്ക് വെച്ചതാണ് ലിഖിതം. സൂരബോയന്റെ മകൻ കൊമ്മയന്റെ കയ്യിൽ 50 ആടിനെ ഏൽപ്പിച്ചു.ക്ഷേത്രത്തിലെ 300 സ്ഥാനപതികളും 300 ദേവദാസികളും ഈ ദാനത്തെ സംരക്ഷിക്കാനുള്ള ചുമതല എടു ത്തു. ഇപ്പോൾ ആ ക്ഷേത്രത്തെ നാഗേശ്വര ക്ഷേത്രമെന്നാണ് വിളിക്കുന്നത്. കേശവസ്വാമി ക്ഷേത്രത്തിലെ സ്ലാബ് ആദ്യം കുമാരസ്വാമി ക്ഷേത്രത്തിലായിരുന്നു. ദുർജ്ജയവംശത്തിലെ മഹാമണ്ഡലേശ്വര നമ്പയനാണ് ദാനം ചെയ്ത ത് അദ്ദേഹം വിക്രമചോളന്റെ സാമന്തനാണ്. കൊല്ലിപ്പാക്കം നഗരത്തിന്റെ പ്രഭുവാണ്. കൃഷ്ണവെണ്ണനദിയുടെ തെക്കേ കരയിലെ 6000 ഗ്രാമം അദ്ദേഹത്തിന്റേതാണ്. മല്ലന്റെ മദയാനയാണ് അദ്ദേഹം. പടിഞ്ഞാറൻ ചാലൂക്യ ജയസിംഹന്റെ ലിഖിതങ്ങളിൽ കൊല്ലിപ്പാക്കേ എന്നും രാജേന്ദ്രചോള 1,

രാജാധിരാജാ ഇവരുടേതിൽ കൊല്ലിപ്പാക്കൈ എന്നുമാണ് കൊല്ലിപ്പാക്കത്തെ പറയുന്നത്. അമരാവതിമുഖ്യന്മാർക്ക് പിന്നീട് നമ്പയന്റെ ബിരുദം ലഭിച്ചു.

ദ്രാക്ഷാരാമത്തിലെ ഭീമേശ്വരക്ഷേത്രത്തിൽ ഇദ്ദേഹം ഒംഗേരുമാർഗ്ഗജില്ല ഭരിച്ചതായി കാണുന്നു. സ്വസ്തി! സമധിഗതപഞ്ചമശബ്ദ മഹാമണ്ഡലേശ്വര കൊല്ലിപാക്കപുരവരേശ്വര ദുർജ്ജയകുലകുമുദചന്ദ്ര രിപുഗജമൃഗേന്ദ്ര മല്ലികാവല്ലഭ പരാംഗനാദുർല്ലഭ വിലാസവിദ്യാധര ഭോഗപുരന്ദര കൃഷ്ണവെണ്ണാനദീതീര ദക്ഷിണഷഡ്സഹ്സ്രവിഷയാധീശ്വര വീരമഹേശ്വരകീർത്തിസുധാകര ഗുണരത്നാകര വെങ്കിചാലൂക്യ രാജ്യമൂലസ്തംഭ രിപുദളിതകുംഭീകുംഭ ജയാംഗ്ഗനാഗൃഹതോരണ മല്ലനഗന്ധാവാരണ നാമാദിസമസ്തപ്രശസ്തി സഹിതാംബുനാ ശ്രീമന്മഹാമണ്ഡലേശ്വരാ യോംഗേരുമാർഗ്ഗമുനാ നമ്പിരാജു ശകവർഷമുലു 1052 ണ്ടാഗുന്മേതി വൈശാഖപുന്നമായു സോമവാരം വ്യതീപാതനിമിത്തമുനംണ്ടു......

ഇതേ സ്ലാബിൽ നമ്പിരാജന്1റെ മകൻ ത്രൈലോക്യമല്ലന്റെ ലിഖിതവുമുണ്ട്. സ്വസ്തിസമധുഗതപഞ്ചമഹാശബ്ദമഹാമണ്ഡലേശ്വര കൊല്ലിപ്പാക്കപുരവരാധീശ്വര ദുർജ്ജയ കുലകുമുദചന്ദ്ര രിപുഗജമൃഗേന്ദ്ര മല്ലികാവല്ലഭ പരാംഗനാദുർല്ലഭ വിലാസവി

ദ്യാധര ഭോഗപുരന്ദര കൃഷ്ണവെണ്ണാനദീതീര ദക്ഷിണഷഡ്സഹ്സ്രവിഷയാധീശ്വര വീരമ ഹേശ്വരകീർത്തിസുധാകര ഗുണരത്നാകര വെങ്കിചാലൂക്യ........... രിപുദളി തകുംഭീകുംഭ ജയാംഗ്ഗനാഗൃഹതോരണ സത്യഹരിശ്ചന്ദ്രദിനാ നാഥ ജനസസ്യപ്രമേഗവരാഹനംബനഗന്ധധ വാരണ നാമാദിസമസ്തപ്രശസ്തി സഹിതാം ബുനാ ശ്രീമന്മഹാമണ്ഡലേശ്വരാഗ്ഗമുനു നമ്പിരാജു കൊടുകു ത്രൈലോക്യമല്ലോരു സ്വസ്തി! ശകവർഷംബുലു 1081നേംതി വൈശാഖബഹുലപക്ഷ അഷ്ടമിയു ശനിവാര മുന.....

ഇവിടെ നമ്പിരാജന്റെ മദയാനയായി ത്രൈ ലോക്യമല്ലനെ പറയുന്നു. അതിനാൽ മല്ലന്റെ മദയാന എന്ന് പറഞ്ഞ നമ്പിരാജന്റെ പിതാ വാണ് മല്ലൻ. ഓംഗേരുമാർഗ്ഗത്തിലെ മൂന്നു തലമുറ മല്ലൻ, നമ്പിരാജ, ത്രൈലോക്യമല്ലനെ ന്ന് ലഭിക്കുന്നു.

സെവിലിമേട് ലിഖിതം 16ആം വർഷം- കൈലാസനാഥക്ഷേത്രത്തിന്റെ പടിഞ്ഞാറെ ചുമരിലാണ് . സെവിലിമേട് പാലാറിന്റെ കരയിലാണ്, കാഞ്ചീപുരത്തുനിന്ന് 2 മൈൽ തെക്കുപടിഞ്ഞാറാണ്.8 വരി സംസ്ക-തം. ഗ്രന്ഥലിപി. തമിഴ് അക്ഷരം ര കൊമ്പുര എന്നതിൽ ഉപയോഗിക്കുന്നു. കിരാഞ്ചി, ഓടിമുക്കി, കോടി, പൊന്നമ്പി , കോംപുര

ഇവയിലെല്ലാം തമിഴ് അക്ഷരമുണ്ട്. വിക്രമ ചോളന്റെ 16ആം വർഷം വൈശാഖത്തിലെ അപരപക്ഷം തിങ്കൾ അകളങ്കനെന്നും ത്യാഗ വാരാകരനെന്നും പേരുള്ള വിക്രമചോളൻ (ത്യാഗസമുദ്ര) പിത്താപുരം സ്തംഭലിഖിത ത്തിലും (മല്ലപദേവന്റെ) ഉണ്ട്. (മധുരമീനാ ക്ഷിക്ഷേത്രത്തിലും അകളങ്കനാമം മലയാളലി പിയോടു സദൃശമായ തമിഴിൽ എഴുതിയത് മുമ്പൊരിക്കെ കണ്ടിരുന്നു.)

രാജസുന്ദരി (നൃപസുന്ദരി)ഗ്രാമത്തിലെ ശിവ ക്ഷേത്രത്തിന് 3 പേർക്ക് ഭൂമിയും തോട്ടവും ഏൽപ്പിച്ചതായി ലിഖിതം പറയുന്നു. സേവി ലിമേടിന്റെ പേരാണ് രാജസുന്ദരി. ശിവക്ഷേ ത്രം കൈലാസനാഥ ക്ഷേത്രമാണ്. ഇതു കൂടാ തെ 6 തമിഴ് ലിഖിതം ഇതേ ക്ഷേത്രത്തിലു ണ്ട്. അവയിലെല്ലാം മൂലസ്ഥാനം എന്നാണ് ഇതിനെ പറയുന്നത്. അതിലൊന്നിൽ സേവാ നമേട് എന്നും പറയുന്നുണ്ട്. ജയംകൊണ്ട് ചോളമണ്ഡലത്തിലെ കാളിയൂർകോട്ടത്തിലെ വീർപ്പേടുനാട് (വീർപ്പെത്തുനാട്) എന്ന ഗ്രാമ ത്തിലാണ് ഈ സ്ഥലം. ഇതിന് നഗരീശ്വരചതു ർവ്വേദിമംഗലം എന്ന് പേരുണ്ടായിരുന്നു.

സ്വസ്തിശ്രീ രാജാ വിക്രമചോള ഏവ ജയതി
പ്രാണേശ്വരോ ഭൂശ്രീയോർഭൂയസ്മന്നുത
രാജമൌലിമകുടപ്രോതൃർധൃഷ്ടപാദാംബുജഃ
ദൂരോത്സാരിതപാപരാശിരതുലശ്രീസ്ത്യാഗവാ

രാകരസ്മത്സമുപത്യതിവിവ്യഹിഹേതുരനിശ
ബ്ദേവോഅകളംകാംഹ്വയഃ
പുണ്യപണ്യവിപണിസ്മരസ്വതോവാസഭൂമിര
മലാ മുനോന്ദ്രധീഃരാജസുന്ദരീസമാഹ്വയശ്ചിരം
ഗ്രാമ ഏവ വിദുഷാം വിരാജതേ .
ശ്രീമദ്വിക്രമചോളദേവനൃപതീർ വർഷം ശുഭേ
ഷോഡശേ ഗ്രാമേ ശ്രീനൃപസുന്ദരീതി വിദിതേ
വൈശാഖമാസേപരേ പക്ഷേ സോത്തരചന്ദ്ര
വാരവിദിതേ കാലേ ശിവായാദിശൻ
കുണ്ടൂരുത്ഭവകൃഷ്ണഭട്ടനിഖിലശ്രാഹേന
വിദിതേ ലബ്ധാം മഹീം. കർമ്മമത്തിപ്രഭവഃ
കൃഷ്ണപുരദേവോരുളാളകഃ
ആത്തകോംപുരജോ ഭട്ടാവോതിമൂക്കി
ത്സർവ്വോത്ക്കടോ പ്രാതുസ്ത്രയോപി ത്രിതയം
സ്വവപ്രം കൈലാസവാസായ ചിരന്തനായ
ശ്രാഹേന ലബ്ധം കോതിവീരവത്യോഃ
കൃഷ്ണാശ്രയാംബം സതുരീയമാഹം
പോന്നംബിനാസ്മാ ഗ്രാമീണമദ്ധ്യസ്ഥേന മയാ
ത്വിദം. സാധുപ്രിയേണ ലിഖിതം പ്രമാണം
സാക്ഷിണഃ പരേ. ദക്ഷിണാമൂർത്തിഭട്ടോയ
മള്ളൂർദ്വിജവരസ്സുധീഃ കൃഷ്ണദ്വൈപായനോ
യജ്വാ വേദകോമ്പുറജന്നയഃ ത്രിത്വിത്
കിരാഞ്ചിജനിതാവരുളാളസംജ്ഞോ തൌ
താണകപ്രഭവരാമയുതാവിതോഭേ . ലേഖ്യം
ഗതാംശ്മുകൃതസാക്ഷിണ ഏവ ധർമ്മൂം
രക്ഷന്ത്വിംന്നൃപവരാശ്ശിവഭക്തകാശ്ച.

കുണ്ടൂരിലെ കൃഷ്ണഭട്ടനിൽ നിന്ന് ലഭിച്ച നൃപസുന്ദരിഗ്രാമം ഭട്ടകൃഷ്ണപുരദേവ അരുളാളകനും (കമ്മട്ടി, ഒടിമുക്കി ഇവരുടെ മകനായി ആത്തൻ കോംപൂരയിൽ ജനിച്ച) വെങ്കടഭട്ടനും ശിവക്ഷേത്രത്തിനു സമ്മാനിച്ചു. ഇവർ മൂന്നുപേരും കൈലാസനാഥന് കോടി, വീരാവലി ഇവരിൽ നിന്ന് ലഭിച്ച കുയിലുകൾ കൂകുന്ന തോട്ടവും മാന്തോപ്പും അവയിലെ ചതുർവ്വർണ്ണക്കാരേയും സമർപ്പിച്ചു. പൊന്നമ്പി എന്ന മദ്ധ്യസ്ഥനാണ് പ്രമാണം എഴുതിയത്. സാക്ഷികൾ ഇവരാണ്:- അള്ളൂരിലെ ദക്ഷിണാമൂർത്തിബട്ട, വേദകോമ്പുരയിലെ കൃഷ്ണദ്വൈപായനയജ്വാൻ ഭൂതിക്ക്, കിരാഞ്ചിയിലെ അരുളാള, താനകത്തിലെ രാമ. ശിവഭക്രും രാജാക്കന്മാരും ഈ ദാനം സംരക്ഷിക്കട്ടെ.

കൃഷ്ണരായന്റെ കൊണ്ടവീടു സ്തംഭ ലിഖിതം ശകം 1442

കൊണ്ടവീട് അഗ്രഹാരത്തിലെ തൂണിലെ നാലുവശത്തുമായി ലിഖിതം. 166 വരി. ലിപി തെലുഗു. -108 വരി വരെ ഭാഷ സംസ്കൃതം.വരി 162 മുതൽ അവസാനം വരെയും സംസ്കൃതം. ബാക്കി തെലുഗു. തെലുഗുഭാഗം ഗദ്യമാണ്. കൃഷ്ണരായരടെ കാലത്ത് കൊണ്ടവീടു ഗവർണ്ണരായിരുന്ന നാടിന്ദല ഗോപന്റെ ദാനമാണ് വിഷയം. മംഗലഗിരി, കാസലിഖിതങ്ങ

ളോട് സാമ്യമുണ്ട്. ശകം 1442 സാളുവതിമ്മ എന്ന മന്ത്രിയുടെ ആവശ്യപ്രകാരം ഉയരമുള്ള പ്രാസാദ ത്തോടും 9 സ്വർണ്ണക്കലശത്തോടും ഗോപുരത്തോടും പ്രാകാരത്തോടും ഉത്സവമണ്ഡപത്തോടും കൂടിയ ക്ഷേത്രം ശ്രീരാമഭദ്രനുവേണ്ടി പണിതു ഉത്സവവി ഗ്രഹങ്ങളും സ്വർണ്ണാഭരണങ്ങളും മുത്തുമാലകളും നിരവധി തരം ആഭരണങ്ങളും 72 നിയോഗങ്ങൾ നടത്താനുള്ളവയും കൊണ്ടവീട്ടിലെ രാമക്ഷേത്രത്തി ന് ലക്ഷമീവല്ലഭനായ സാളുവതിമ്മനു പുണ്യത്തി നായി നൽകി. സാളുവതിമ്മന്റെ ആജ്ഞയനുസരിച്ച് യജ്ഞാവതിനഗരത്തിലെ രാഘവക്ഷേത്രത്തിന് കൊ ണ്ടവീട്ടിലെ എല്ലാ പാതകളിലേയും നികുതിയും, മൈനവോലു ഗ്രാമവും, നേരത്തേ കൊടുത്ത ലെം ബല്ലേ ഗ്രാമം നിലനിർത്തിക്കൊണ്ടുതന്നെ കൊടു ത്തു. സംസ്കൃതഭാഗത്തെ അവസാനശ്ലോകം സാൾവതിമ്മയ്യയുടെ പ്രശസ്തിയാണ്. അത് മംഗള ഗിരി ലിഖിതത്തിലുള്ളതുതന്നെയാണ്. അടുത്ത ശ്ലോ കം പഞ്ടാഗ്നികളെ അറിയുന്ന മഹാമഹോപാദ്ധ്യാ യ ദ്വാദശാഹം ആയ ലൊള്ളലക്ഷ്മീധരയജ്വാനാണ് ലിഖിതം രചിച്ചതെന്ന് പറയുന്നു. നാടിന്ദതിമ്മ യജുശ്ശാഖയിലെ ആപസ്തംഭസൂത്രക്കാരനാണെന്നും സാൾതിമ്മയ്യയുടെ ഭാര്യ ലക്ഷ്മമ്മയാണെന്നും തെലുഗു ഭാഗത്ത് പറയുന്നുണ്ട്. ശകം 1442 വിക്രമവർഷം വൈശാഖശുക്ലപഞ്ചദശി ചന്ദ്രഗ്രഹ ണത്തിന് കൌശികഗോത്രം യജുശ്ശാഖ ആപസ്തം ഭസൂത്രം നാടിന്ദതിമ്മരാജപുത്രൻ ഗോപരാശയ്യ ൻഗാരു സാളുവതിമ്മരായൻഗാരുവിന്റെ മരുമകൻ കൊണ്ടവാടികയിലെ യജ്ഞവാടികയിലെ രഘു നായകക്ഷേത്രത്തിന് ഗോപുരം പണിതു. മണ്ഡ പവും സ്വർണ്ണക്കലശവും പ്രാകാരവും ഉത്സവ

വിഗ്രഹങ്ങളും കൊടുത്തു. നേരത്തേ ദാനം ചെയ്ത ലെംബല്ലേ ഗ്രാമം കൂടാതെ മൈന്ദവോളിൻ ഗ്രാമം, ഉപ്പളങ്ങൾ, ചന്തകൾ , കൊണ്ടവീട്ടിലെ വസന്തഗരുവു, ജലാശയങ്ങൾ,സീമകളിലെ കരം, എല്ലാ പാതകളിലേയും നികുതി, ധാരാളം ജനം സന്ദർശിക്കുന്ന തിരുമല പോലെയുള്ള സ്ഥലങ്ങൾ ഇവയും അടക്കം കൊടുത്തു. (ഇതാണ് തെലുഗു ബാസിയ ലാറ്റിഫോളിയ കൊന്നപ്പൂവ്) ഭാഗത്ത് എഴുതിയിരിക്കുന്നത്) കൊണ്ടവീട്ടിലെ ധാരാളം ജനം സന്ദർശിക്കുന്ന തിരുമല പോലെയു ള്ള സ്ഥലങ്ങൾ ഇവയും അടക്കം കൊടുത്തു

ശങ്കരാചാര്യരുടെ സൌന്ദര്യലഹരി വ്യാഖ്യാനത്തി ൽ.ലക്ഷമീധരദേശികൻ താൻ മഹോപാദ്ധ്യായ മഹാദേവാചാര്യന്റെ 7ആം തലമുറയാണെന്ന് പറ യുന്നു. അദ്ദേഹമാണ് ലൊള്ളകുലസ്ഥാപകനെന്നും ലൊള്ളഗ്രന്ഥരചയിതാവെന്നും പറയുന്നു. ഈ ലിഖിതത്തിലെ ലൊള്ള ലക്ഷമീധരയജ്വാൻ ഇതേ വംശത്തിലെയാണ്. 16ആം നൂറ്റാണ്ടുവരെ അയ്യങ്കാ രും (വൈഷ്ണവം) അയ്യരും തമ്മിൽ(വൈഷ്ണവമ ല്ലാത്തത്) വേർതിരിവുണ്ടായിരുന്നില്ലെന്ന് ഇവിടെ ഒരേ വ്യക്തിയെ അയ്യങ്കാരു എന്നും അയ്യഗാരു എന്നും വിളിക്കുന്നതിൽ നിന്ന് വ്യക്തമാണെന്ന് ഫൂട്ട്നോട്ടിലുണ്ട്. അയ്യഗാരു ആര്യപദത്തിന്റെ തത്ഭവമാണെന്നും പറഞ്ഞിരിക്കുന്നു. തഞ്ചാവൂർ ലിഖിതങ്ങളിലെ തിരുച്ചുറ്റുംമാളികൈ തിരുച്ചുറ്റു മലൈ അഥവാ തിരുമലൈ എന്ന് ചുരുക്കി ഉപ യോഗിക്കാരുണ്ട്. അംഗരംഗവൈഭവം, അമൃതുപ്പ ടി (അമുതപ്പടി) വീശം (നികുതിപ്പണത്തിന്റെ അള വ്) ഈ പദങ്ങളും ശ്രദ്ധേയമാണ്. വസന്തഗരുവു എന്ന പദം വസന്തമണ്ഡപം ആയിരിക്കാം.

വീഥികളുടെയും ക്ഷേത്രങ്ങളുടേയും സമീപം വേനൽക്കാലത്ത് ഇരിക്കാനായി തോട്ടങ്ങളോടു കൂടി പണിയുന്ന സത്രം എന്ന് കിറ്റലിന്റെ കന്നഡ ഇംഗ്ലീഷ് നിഘണ്ഡു. അരുവണിയ കന്നഡത്തിലെ അരവത്തിഗേ ആണ്. ജലാശയം അഥവാ വാട്ടർഷെഡ് എന്ന് പറയാം. കരവട (ഖർവാട)ചന്തയുള്ള നഗരം.

ഒരു ചാക്ക് ധാന്യം,ചെറിയ ദാന്യം, ഉപ്പ്, മാങ്ങ, നെല്ലിക്ക, വഴുതനങ്ങ, അണ്ടിപ്പരിപ്പ്, മാവേന,(മാവേന സുഗന്ധമുള്ള ഒരു തരം കിഴങ്ങ്, സരസപ്പർല പോലെ) ഇവക്ക് അര പൈക്കാമു (ചെറിയ താമ്രനാണ്യം. ഒരു ഫാർതിങ്ങ്, അര പെനി)

ഒരു പൈക്കാമു ഓരോ ചാക്ക് ചെറുപയറ്, ഉഴുന്ന്,കടല, ഗോതമ്പ്, കടുക്, എണ്ണക്കുരുക്കൾ, പയർ, പരുത്തി, പുളി,നെല്ലീകാക്കുരു , ചേന, ചാമ, ചിരുഗടം(കിഴങ്ങുകൾ) ഇവക്ക്.

ഒരു ദമ്മം വീതം ഓരോ ചാക്ക് ഉള്ളി, മഞ്ഞൾ, ഉലുവ, ജീരകം, പുതിയ ചണസഞ്ചിയിലെ സലഗ(സേലഗ) , പച്ചഇഞ്ചി, നാരങ്ങ, നാളികേരം, ഇവക്ക്. ,

2 ദ്രമ്മം വീതം ഓരോ ചാക്ക് ശർക്കര, ശുദ്ധീകരിച്ച പഞ്ഞി, നെയ്യ്, ആവണക്കെണ്ണക്കുരു, സെഗതിപ്പൂക്കൾ (സംക്രാന്തിപ്പൂ കൊന്ന) ഉണക്കിയ ഇഞ്ചി ,ഇരുമ്പ്, ഉരുക്ക്ആയുധങ്ങൾ.

3 ദമ്മം ഒരു ചാക്ക് മാങ്ങജെല്ലി.

4 ദമ്മം ഓരോ ചാക്ക് പഞ്ചസാര,അടക്ക,പരുത്തിനൂല്, വെറ്റില

6 ദ്രമ്മം വീതം ഓരോ ചാക്ക് നീണ്ട മുളക്, കുരു മുളക്, ചന്ദനം,കരയാമ്പൂ, ജാതിക്ക,ചോളം,ഈയ്യം, ടിൻ, കോപ്പർ എന്നിവക്ക്.

ഒരു ചവേല രണ്ടു കാളയുടെ ഭാരമുള്ള (2 കാള ചുമക്കുന്ന) സ്ത്രീവസ്ത്രങ്ങൾക്ക്. (ഒരു പഗോഡ യുടെ എട്ടിലൊന്ന് ആണ് ചവളമു അഥവാ ചവേല)

ഈ നിരക്കിൽ പിരിച്ച മൂലവീശം ക്ഷേത്രത്തിലേ ക്ക് നാടിന്ദലഗോപരശയ്യങ്കാരു , സാളുവതിമ്മരശ ന്റേയും ഭാര്യ ലക്ഷ്മിയുടേയും ശ്രേയസ്സിനായി കൊടുത്തു. ഈ ദാനം ഒഡ്ഡ(കലിംഗ) തെലുഗു രാജാക്കന്മാർ ലംഘിക്കുന്ന പക്ഷം ഗംഗാതീരത്ത് പശുഹത്യ ചെയ്ത പാപം ലഭിക്കും. തുരുക്കരാജാ ക്കന്മാർ ലംഘിച്ചാൽ അവർക്ക് പന്നിയെ തിന്ന പാപം കിട്ടും. എഡി 1520 മേയ് 2 ബുധനാഴ്ച യാണ് ചന്ദ്രഗ്രഹണത്തിന് ലിഖിതം എഴുതിയത്. (കീൽഹോൺ). മൈന്ദവോലു ഗ്രാമം മായിദവോലു വാണ്. നരസവരപ്പേഠ്ട നിന്ന് 12 മൈൽ തെക്കുകി ഴക്കാണ്. യജ്ഞവാടിപുരം കൊണ്ടവീടുവിന്റെ അതിർത്തിക്കടുത്താണ്.

ഗോവിന്ദ 3 രധൻപൂർ പ്ലേറ്റ് ശകം 730

2 താമ്രപത്രം. വടക്കൻ ലിപി. സംസ്കൃതഭാഷ. രാഷ്ട്രകൂടരാജാവ് ഗോവിന്ദരാജാ 3 പരമഭട്ടാരക മഹാരാജാധിരാജാ പരമേശ്വര പൃഥ്വീവല്ലഭ പ്രഭൂ തവര്ഷ ശ്രീവല്ലഭനരേന്ദ്രദേവ ധാരാവർഷദേവന്റെ (പരമഭട്ടാരക പരമേശ്വരമഹാരാജാധിരാജാ) പദാ നുധ്യായിയാണ്. 19 വരി. കൃഷ്ണരാജ 1 മകൻ ധോര(ധ്രുവ)നിരുപമകലിവല്ലഭ മകൻ ഗോവിന്ദരാ

ജാ 2 ഇവരെ കീർത്തിക്കുന്നു. സുബന്ധുവിന്റെ വാസവദത്ത, ബാണന്റെ കാദംബരി, ഹർഷചരിതം ഇവയോട് കടപ്പെട്ട വരികളുണ്ട്.ജ്യേഷ്ഠോല്ലംഘന എന്ന പദം കൊണ്ട് തന്റെ ജ്യേഷ്ഠനെ മറി കടന്നാണ് ധ്രുവൻ രാജാവായതെന്ന് വരുന്നുണ്ട്. ഉല്ലംഘ ഉല്ലംഘന എന്നിവ അതിക്രമ എന്നതിന് സമമാണ് കാദംബരിയിലെ ജ്യേഷ്ഠാതിക്രമ എന്ന തിനു തുല്യമാണ്ഇവിടെ ജ്യേഷ്ഠോല്ലംഘനം. എന്നാൽ ശ്ലേഷാർത്ഥത്തിൽ അഛന്റെ മരണശേഷം ധ്രുവനാണ് സിംഹാസനം കിട്ടിയത് എന്നുമാകാം. നിർദ്ദേശോല്ലംനം എന്നുമാകാം.

ജീവിതം കാറ്റും മിന്നലും പോലെ ക്ഷണികമാണ് തന്റെ ജീവിതം എന്ന് മനസ്സിലാക്കിയ ഗോവിന്ദരാ ജൻ ബ്രാഹ്മണന് സകലവും ദാനം ചെയ്തു. പ്രഭൂ തവർഷൻ മയൂരഖണ്ഡിയിൽ വസിക്കവെ രാഷ്ട്ര പതിമാരെ വിളിച്ച്, സൂര്യഗ്രഹണത്തിന് രാശിയാന ഭുക്തിയിലെ രത്തജ്ജുന ഗ്രാമം പരമേശ്വരഭട്ടന് ദാനം ചെയ്തു. തിഗവിയിലെ നാഗൈയ്യഭട്ടന്റെ പൌത്രനും ചന്ദിയമ്മഗഹിയസാഹസന്റെ പുത്ര നുമാണ് പരമേശ്വരഭട്ട. ത്രിവേദിയും തൈത്തിരീയ ശാഖക്കാരനും ഭരദ്വാജഗോത്രവുമാണ്. പഞ്ചാഗ്നിക ളെ സംരക്ഷിക്കുന്നവനാണ്.

രത്തജ്ജുന ഗ്രാമാതിർത്തികൾഃ കിഴക്ക് സിൻഹാന ദി. തെക്ക് വവുലാല, പടിഞ്ഞാറ് മിരിയത്താന, വടക്ക് വരാഹഗ്രാമം. ബ്രാഹ്മണഗ്രാമമായിരുന്നു. അവരിലെ മുഖ്യർ അനന്തവിഷ്ണുഭട്ട, വിത്തുദ്ദു വേജ, കൊണ്ടമ്മഷഡംഗവിത്, സവ്വൈഭട്ട, ചന്ദാദി ഭട്ട, കുന്തനാഗൈഭട്ട, മാധവൈരിയാപ്പു, വിത്താപ്പു, ദേവനൈയ്യഭട്ട, രേയൈയ്യഭട്ട, ഇവരും 40 മഹാജന

ങ്ങളും. ഗൈശാസ എന്നത് (ഗഹീയസാഹസ) ഇപ്പോൾ ചിത്പവനബ്രാഹ്ണരുടെ ഇടയിലുള്ള നാമമാണ്. ദുവേജ ദ്വിവേദിയാണ്. ഷഡംഗവിത്ത് 6 അംഗവും അറിയുന്നവനാണ്. മഹാജനം ഗ്രാമത്തിലെ ബ്രാഹ്മണസമൂഹത്തെ ഒന്നിച്ച് പറയുന്നതാണ്. അഹമ്മദാബാദിലെ രസീൻ ആണ് പഴയ രാസിയാന. രത്തജ്ജുന രതുംജന് അഥവാ രതംജൻ 24 മൈൽ രസീന് വടക്കുകിഴക്കാണ്. സിൻഹ (സീന) നദിയുടെ പടിഞ്ഞാറെ കരയിലാണ് അത്. അതിന് 3 മൈൽ തെക്ക് ബബൂൽഗാംവോൻ ആണ് വവുലാലാ. രതുംജന്റെ 2 മൈൽ പടിഞ്ഞാറ് കാമുന്ന മീരുജ്ഗാവോൻ ആണ് മിരിയത്താന. വടക്കേ വരാഹഗ്രാമം വുർഗാവോൻ കോട്ട എന്നപേരിലുണ്ട്. തിഗാവി തുർഗാവോൻ ആണ്. 8 മൈല് സംഗം നേരിന് വടക്കുകിഴക്ക് .

ശകം 730 ശ്രാവണഅമാവാസി സർവ്വജിത്ത് വർഷം (എഡി 808 ജൂലൈ 27) പൂര്ണ്ണസൂര്യ ഗ്രഹണത്തിനാണ് ദാനം.

15ആം ശ്ലോകത്തിൽ ഗുർജ്ജരരോട് ജയിച്ചതിനെ പറയുമ്പോൾ സന്നക്ഷത്ര എന്ന പദം ഉപയോഗിക്കുന്നു. ഇത് രണ്ടു വിധം വിഗ്രഹിക്കാം. സൻ, നക്ഷത്ര എന്നും സന്ന, ക്ഷത്ര എന്നും. വാസവദത്തയിൽ ത്രിശങ്കുർ ഇവ നക്ഷത്രപഥസ്ഖലിത എന്ന് നക്ഷത്രപഥത്തെ ന ക്ഷത്രപഥ എന്നും രണ്ട് അര്ത്ഥത്തിൽ സുബന്ധു ഉപയോഗിച്ച പോലെ. വിദ്യമാന നക്ഷത്രമെന്നും സന്നം ക്ഷത്രം ഏവ എന്നും. രഘുവംശത്തിലെ സന്നശത്രു എന്നപേലെ. ശ്രോകം 17ലും ഇത്രം പ്രയോഗം ഉണ്ട്. മാരാശര്1വ്വനെന്ന രാജാവ്, വിന്ധ്യപർവ്വതശിഖരത്തില് ധ്രുവന്റെ

സൈന്യം തന്റെ രാജ്യത്തെ ആക്രമിക്കാനെത്തിയത് കേട്ട് ഏറ്റവും നല്ല നെയ്ത്തുതറികളും കൊണ്ട് ചെന്ന് കാണിക്ക വെച്ച് സമാധാനപ്പെടുത്തി, ബൃഹദ് സംഹിതയിൽ വരാഹമിഹിരൻ ധ്രുവമെന്ന ധൂമകേതു കാണുന്നത് രാജാക്കന്മാര്ക്ക് ആപത്കരമാണെന്ന് പറയുന്നുണ്ട്. ഇവിടെ ധ്രുവനെന്നതിന് രാജാവെന്നും ധൂമകേതു എന്നും ദ്വയാർത്ഥം ഉപയോഗിച്ചിരിക്കയാണ്. ശ്ലോകം 18ൽ മേഘാവൃതമായ മഴക്കാലം കഴിഞ്ഞ് ശ്രീഭവനം തെളിഞ്ഞപ്പോൾ അദ്ദേഹം സൈന്യത്തോടെ തുംഗഭദ്രാതീരത്ത് പോയി, തന്റെ കരത്തിലുള്ളതിനെ വിക്ഷേപിച്ച്, പല്ലവരെ ആക്രമിച്ചത് അത്ഭുതമെന്ന് പറയുന്നു. വിക്ഷേപം , കരം ഈ വാക്കുകളിലാണ് ഇവിടെ ദ്വയാർത്ഥം. തന്റെ കരത്തിൽ ആദ്യമേ ഉള്ളതിനെ വിക്ഷേപിച്ചത് (പല്ലവർ) എന്നും, കരം(നികുതി) വിക്ഷേപം (ആക്രമണം) എന്നും അർത്ഥം . പല്ലവർ ആദ്യമേ അദ്ദേഹത്തിന് കരം കൊടുക്കുന്നുണ്ട്. കാദംബരിയിലെ അകരം അപി ഹസ്തസ്ഥിതസകല ഭുവനതലം (കരം ഇല്ലാത്തവനെങ്കിലും സകല ഭുവനതലവും അവന്റെ ഹസ്തത്തിലാണ് സ്ഥിതം) പകുതി ആജ്ഞ കേട്ടപ്പോഴേക്കും വെങ്കിരാജാവ് ഭൃത്യനെപ്പോലെ അദ്ദേഹത്തിന്റെ ഉന്നതമായ ആകാശം തൊടുന്ന ബാഹ്യാളിയിൽ, രാത്രി നക്ഷത്രങ്ങളാകുന്ന മുത്തുമാല ചാർത്തിയ സ്ഥലത്ത് എത്തിച്ചു. (ശ്ലോകം 19) വാഹ്യാളി എന്നത് (ബാഹ്യാലി) രാജതരംഗിണിയിലുണ്ട്. അശ്വവാഹ്യാളി എന്ന് ഉത്തമചരിത്രകഥാനകം (അശ്വശിബിരം) .തുരംഗവാഹ്യാളി കാദംബരിയില്. (ഉപചരിതതുരംഗവാഹ്യാളീ വിഭാഗം ....വിദ്യാമന്ദിരം).

ധാർവാർജില്ലയിലെ 3 ലിഖിതങ്ങൾ:-

1 ദിദ്ഗൂർ ലിഖിതം

കരഞ്ജികി താലൂക്കിലെ കരഞ്ജിഗി നിന്ന് 13 മൈല് തെക്കുപടിഞ്ഞാറാണ് ഈ ഗ്രാമം. ദിന്ദ്ഗൂരെന്നും പറയും. ഇതിന്റെ ആദ്യനാമം മുഗുന്ദ എന്നായിരുന്നു. മുഗുന്ദയും സംഗവൂരും വനവാസി 12000 പ്രവിശ്യയിലായിരുന്നു. സർവ്വേ നമ്പർ 1 ലെ വയലിലാണ് ശിലാലിഖിതം കിട്ടിയത്. ലിഖിതത്തിനു മുകളിലെ ശില്1പ്പങ്ങളിൽ നടുവിൽ മുമ്പിലേക്ക് അഭിമുഖമായി ഇരിക്കുന്ന മനുഷ്യരൂപമാണ്. രണ്ടുകയ്യിലും ചെറിയ കുന്തം പോലുള്ള ആയുധമുണ്ട് വലത്ത് വശത്ത് നിൽക്കുന്ന വരാഹം ഇടത്ത് കുതിരയോ കഴുതയോ പോലെ ഒരു മൃഗം. ലിപി കന്നഡ. തുടക്കത്തിൽ ചില സംസ്കൃതശ്ലോകമുണ്ടെങ്കിലും ലിഖിതഭാഷ പഴയ കന്നഡഗദ്യമാണ്. മുഗുന്ദയോൾ, വാരാണസിയോൾ മുതലായി ചില പ്രത്യേകവാക്കുകളുണ്ട്. കട്ടിയര എന്ന രാജാവിന്റെ കീഴിൽ വനവാസി 12000 ദോഷി ഭരിക്കുന്ന കാലമാണ്. ചില നികുതികളും സിംഗാവൂരിലെ കാൽഭാഗം നികുതി ദോഷി മുഗുന്ദമഹാജനത്തിന് അവകാശം കൊടുക്കുന്നതുമാണ് പറയുന്നത്. മുഗുന്ദ 12 എന്ന് 1075 എഡിയിലെ ലിഖിതം പറയുന്ന നാടാണിത്. ബല്ലിഗാവേ നരസിംഹക്ഷേത്രത്തിന് മുഗുന്ദ 12ലെ (വനവാസിയിലെ ഒരു കമ്പന) കുന്ദവികേ ഗ്രാമം (വാട അഥവാ ബാട) കൊടുക്കുന്നതാണ് ആ ലിഖിതം. ഏതാണ്ട് എഡി 800 ലാണ് ലിഖിതമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. സ്തംഭകമ്പയ്യയുടെ നേതൃത്വത്തിലുള്ള 12 സഖ്യകക്ഷികളുടെ കൂട്ടത്തിലൊരാളാവാം

കട്ടിയര എന്നാമ് നിഗമനം. എഡി 794ൽ ഇവർ രാഷ്ട്രകൂട ഗോവിന്ദ 3നെതിരെ വിപ്ലവം നയിച്ചു.വരാഹം കട്ടിയാരയുടെ ചിഹ്നമാകയാൽ അദ്ദേഹം ചാലൂക്യവംശമാകാം. ഒരു പക്ഷേ മനഗോളി ലിഖിതത്തിൽ (എഡി 1161) കല്യാണി ചാലൂക്യരുടെ പഴയ പൂർവ്വികനായി പറയുന്ന കട്ടിയരദേവനാകാം. മറ്റ് മൃഗങ്ങൾ ദോഷിയുടെ ചിഹ്നമാകാം.

2 ഗുഡിഗേരേ ലിഖിതം

ഗൂഢഗിരി ലക്ഷ്മേശ്വരിന് 6 മൈൽ പടിഞ്ഞാറ്. എഡി 1076ലെ ലിഖിതം ഇതിനെ ധ്വജതടാകം എന്ന് വിളിക്കുന്നു.(കുട, തടാകം) എഡി 997ലെ താൽഗുണ്ട് ശാസനം ഇത് പടിഞ്ഞാറൻ ചാലൂക്യ തൈല 2 ന്റെ കീഴിൽ തൈലപനങ്കകാര ഭീമരശനാണ് ഭരിക്കുന്നതെന്ന് പറയുന്നുണ്ട്. അന്ന് വനവാസി 12000 ശാന്തലിഗെ 1000 കിസുക്കാട് 70 സമസിഗുഡിഗേരേ അഗ്രഹാരം ഇവ അദ്ദേഹം ഭരിക്കുന്നു. പതിനെട്ട് അഗ്രഹാരങ്ങളിൽ ഒന്നായിരുന്നു സമസി ഗുഡിഗേരേ. 4 അടി ഉയരമുള്ള കല്ലിലാണ് ലിഖിതം. ഇരുവശത്തും വിരിഞ്ഞ താമര. നടുവില് വൃത്തത്തിനു നടുവിൽ ബിന്ദു. ഏറ്റവും താഴെ ഒരു ചതുരശ്രഅടി ഉള്ള സ്ഥലത്ത് ആന. ഇടത്തോട്ട് തിരിഞ്ഞ് നിൽക്കുന്നു. താഴേക്ക് നീട്ടിയ തുമ്പിക്കൈയറ്റം മുകളിലേക്ക് അകത്തേക്ക് ചുരുട്ടിയിട്ടുണ്ട്. ചാലൂക്യ വിനയാദിത്യന്റെയും സേന്ദ്രകരാജകുമാരൻ പൊഗില്ലിയുടേയും ബെലഗാമിലിഖിതത്തിലും ഇതേ പോലെയാണ് ആന. (ആനയുടെ ശരീരത്തിനു ചുററും ഒരു പട്ടകൂടി ഉണ്ടെന്ന വ്യത്യാസമേ ഉള്ളൂ.)എഡി 978ലെ പെഗ്ഗൂർ ഗംഗ ലിഖിതത്തിലും

ഇതേ ആന ഉണ്ട്. ഗംഗരാജാക്കന്മാരുടെ മറ്റ് ലിഖിതങ്ങളിലും ആന ഉണ്ട്. ലിഖിതം. കന്നഡ ലിപി പഴയ കന്നഡഭാഷ. മേത്തി (മുഖ്യഭൃത്യനെന്നോ മുഖ്യനെന്നോ പറയാവുന്ന വാക്ക്, മേസ്തിരി പോലെ), ഗോശാസ (ഗോഷ്ഠത്തിലെ ശാസിതാവ്) മുതലായ പദങ്ങളുണ്ട്. ശുഭചന്ദ്രനെന്നതിന് സുഭചന്ദ്രനെന്നാണ്. മഹാരാജാ

മാരസാൽബ(വ)കാലത്താണ് ദദിഗരശൻ ഗ്രാമം ഉള്ള വിഷയം ഭരിക്കുന്നത്.എഡി 800 നടുത്താവണം. രാഷ്ട്രകൂട ഗോവിന്ദ 3 ന്റെ വാനി, രാധപൂർ ലിഖിതങ്ങളിൽ (എഡി 807) വിന്ധ്യപർവ്വതത്തിൽ ഗോവിന്ദ തമ്പടിച്ചത് കേട്ട മാരസർവ്വൻ ഭയപ്പെട്ട് നെയ്ത്തുതറികളുമായി വന്നത് പറയുന്നുണ്ട്. മാരസാൽവനെന്ന് പറയുന്നത് അദ്ദേഹമാവാം. മാരസാൽവമാരരശൻ തലക്കാട് ഗംഗവംശത്തിലെ അംഗമാണ്. കട്ടിയരനെപ്പോലെ അദ്ദേഹവും 12 വിപ്ലവകാരികളിൽ ഒരാളായിരുന്നിരിക്കണം. ആന അദ്ദേഹത്തിന്റെ (ഗംഗ)ചിഹ്നമാവണം. ചിലർ ശ്രീപുരുഷമുത്തരയനാകാമെന്ന് പറയുന്നുവെങ്കിലും തെളിവില്ല. ശർവ്വനെന്നത് ശിവപര്യായാകയാൽ ശിവമാര 2 ആകാമെന്നതും തെളിവില്ലാത്ത വാദമാണ്.

സ്വസ്തിശ്രീമാരസ്സാൽബമഹാരാജൻ പൃഥ്വീരാജ്യ ഗേയേ സുഭചന്ദ്രപണ്ഡിതരാ രാഹേസദേയരാ ഇന്ദമ്മന ഗോസാസദ മെന്തി ദദിഗരശർ മാടാലേ ഓം,

3. **പാഞ്ചാലദേവകാലത്തെ മുൽഗുണ്ട് ലിഖിതം എഡി 975**

ധർവാർജില്ലഗഡഗ് താലൂക്കിലെ ഗഡഗില്നിന്ന് 12 മൈൽ തെക്കുപടിഞ്ഞാറാണ് മുൽഗുണ്ട് ഗ്രാമം. എഡി 866ലെ നീല്ഗുണ്ട് ലിഖിതം അത് മൂൽഗുണ്ട് 12 ലെ ഒരു ഗ്രാമമാണെന്ന് പറയുന്നു. നീർഗുണ്ട്(നീൽഗുണ്ട്), ഇതിൽപെട്ടതാണ്. ബെൽവോല 300ൽ ഉൾപ്പെടുന്നു. രാഷ്ട്രകൂടെ കൃഷ്ണ 2 (എഡി 902-903)ന്റേതടക്കം 23 രേഖകൾ ഇവിടെനിന്ന് ലഭിച്ചിട്ടുണ്ട്. ഈ ലിഖിതം രാമദേവക്ഷേത്രത്തിൽനിന്നാണ്. ശിലയുടെ മുകളിലെ ശിൽപ്പങ്ങളിൽ നടുവിൽ അഭിഷേകപീഠത്തിൽ വെച്ച ശിവലിംഗമാണ്. വലത്തുവശത്ത് മുന്നിലേക്ക് അഭിമുഖമായി ഇരിക്കുന്ന ഈശ്വരരൂപം. അതിന്നുമുകളിലായി സൂര്യനും ചന്ദ്രനും. ഇടത്തുവശത്ത് ലിംഗത്തെ നോക്കി നിൽക്കുന്ന പശുവും അകിടിൽനിന്ന് പാലുകുടിക്കുന്ന കുട്ടിയും. അതിന്നു മുകളിലായി നന്ദി ലിംഗത്തെ നോക്കി ഇരിക്കുന്നു. ലിപിയും ഭാഷയും കന്നഡ. പഴയ കന്നഡഭാഷ ഗദ്യത്തിലാണ്. സത്യവാക്യ, കൊങ്കുണിവർമ്മ മുതലായ ബിരുദങ്ങളോടെ കുവളാള പുരവും നന്ദഗിരിയും ഭരിക്കുന്ന പാഞ്ചാലദേവൻ തലക്കാടിലെ പടിഞ്ഞാറൻ ഗംഗവംശമാവണം. എന്നാൽ അദ്ദേഹത്തെ ചാലൂക്യപഞ്ചാനന (ചാലൂക്യസിംഹം) എന്നും വിളിക്കുന്നുണ്ട്. വടക്ക് വലിയ നദി(കൃഷ്ണ) മുതൽ മൂന്നു വശവും സമുദ്രമുള്ള നാടുമുഴുവനും പാഞ്ചാലദേവനാണ് ഭരിക്കുന്നത്. മുൽഗുണ്ട് തുംഗഭദ്രയുടെ വടക്കാണ്. അതിനാൽ മൈസൂരിന് തെക്കു മുതൽ കൃഷ്ണവരെ പാഞ്ചാലദേവൻ ഭരിച്ചിരിക്കണം. കന്നിസംക്രാന്തി സൂര്യൻ കന്നിയിലേക്ക് പ്രവേശിക്കവെ ബൃഹസ്പതിവാരത്തിൽ ഭാദ്രപദത്തിലെ കൃഷ്ണപക്ഷദ്വിതീയക്ക് യുവാൻ സംവത്സരം ശകം 897

കഴിഞ്ഞ് (എഡി 975 26 ആഗസ്ത്) ആണ് ലിഖിതം. മാരസിംഹ 2 ജൂൺ-ജൂലൈ ജ974നു മുമ്പ് മരിച്ചു. ഈ ലിഖിതത്തിന് ഒരു വർഷത്തിനു മുമ്പ്. അതിനാൽ ലിഖിതത്തിലെ വിശേഷണപദങ്ങളെല്ലാം പാഞ്ചാലദേവന്റേതുതന്നെയാവണം.

ഓം സ്വസ്തി!
സത്യവാക്യകൊങ്ങുണിവർമ്മധർമ്മമഹാരാജാധിരാജാ കുവളാളവരപുരേശ്വര നന്ദഗിരിനാഥം ചലദുത്തരാംഗജഗദേകവീരശ്രീമാൻ നോലംബകുലാന്തകദേവപാദപദമോപജീവി പദേനോദേഗന്ധം ഗന്ധരസിംഗനസസഹായസാഹസം കൊമരകഭീമം ബീരദസെലവോം ചാലൂക്യപഞ്ചാനനം ശ്രീമദ് പാഞ്ചാലദേവർ പൂർവ്വാപരദക്ഷിണാർണ്ണവാവധിയിം പെൽദോരേ മര്യാദേയാഗേ നിരാകുലം ആളുത്തിരേ സ്വസ്തി! ശകവർഷം എന്റുനൂരതൊംബത്തേജനേയയുവസംവത്സരദ ഭാദ്രപദബഹുളവിദിയേ ബൃഹസ്പതിവാരം കന്യാസംക്രാന്തിയും ....നഗരമഹാജനപ്രമുഖമായ്ദും ബലനുവിൽദെലേയഭോജ.......

.എലേയകഭോജനെന്നതിന് താംബൂലം അഥവാ വെറ്റില വിൽക്കുന്നവരെന്നാണ് അർത്ഥം പറഞ്ഞു കാണുന്നത്. നോലംബകുലാന്തകദേവൻ മാരസിംഹ 2 ആണ്. അദ്ദേഹത്തിന്റെ കാലത്താണ് പാഞ്ചാലദേവനെന്ന ചാലൂക്യസിംഹം (പഞ്ചാനനൻ ശിവനുമാണ്) നിരാകുലമായി കിഴക്ക് പടിഞ്ഞാറ് തെക്ക് സമുദ്രവും വടക്ക് വലിയ നദിയുമുള്ള ഭൂഭാഗം ഭരിക്കുന്നത്.

പാഞ്ചാലദേവനും അദ്ദേഹത്തിന്റെ രാജ്യവും പുരാവസ്തുപഠനക്കാർക്ക് ഇപ്പോഴും പിടി കൊടുത്തിട്ടി

ല്ല. പാഞ്ഞാളെന്ന കേരളഭൂഭാഗത്തിന് പാഞ്ചാലദേശമെന്ന് പേരുണ്ടായിരുന്നു. ദക്ഷിണപാഞ്ചാലമെന്ന ഈ ഭാഗം കേരള,ചേര, ഗംഗ(കൊങ്ങുചേര) രാജാക്കന്മാരുടെയും ചാലൂക്യരുടേയും ഭരണകേന്ദ്രമായിരുന്നു. ഗന്ധരസിംഹനെന്ന കന്തിരവരാജാവിനെ (കൊല്ലങ്കോട്) സഹായിച്ച കുമാരഭീമനെന്ന വീരനായ ചാലൂക്യപഞ്ചാനനനെ പാഞ്ഞാളിലെ പാഞ്ചാലദേവനായി കരുതാമോ എന്ന് വിചാരിക്കണം. ഈ രാജവംശങ്ങളെല്ലാം ഒറ്റ രാജവംശത്തിന്റെ മൂലശാഖയിൽ നിന്ന് വേറിട്ടുപോയ ശാഖകളാകയാൽ അതിൽ അതിശയിക്കാനില്ല.

നരഹരിതീർത്ഥന്റെ ശ്രീകൂർമ്മം ലിഖിതം ശകം 1203

ഗഞ്ചം ജില്ല ചിക്കക്കോളെ താലൂക്ക് ശ്രീകൂർമ്മത്ത് ശ്രീകൂർമ്മേശ്വരക്ഷേത്രം കറുത്ത കൽത്തൂണിന്റെ കിഴക്കും വടക്കും മുഖത്ത് എഴുതിയ ലിഖിതം. 9്ടുണ്ടെന്നും.സംസ്കൃതശ്ലോകം. ലിപി തെലുഗു. പുരുഷോത്തമമഹാതീർത്ഥ മഹാവിഷ്ണുവിന്റെ അവതാരമായി ജനിച്ച സന്യാസിയാണെന്ന് ലിഖിതം പറയുന്നു. അദ്ദേഹം ഒരു ഭാഷ്യം രചിച്ചിട്ടുണ്ടെന്നും. അദ്ദേഹത്തിന്റെ ശിഷ്യൻ ആനന്ദതീർത്ഥൻ ദ്വൈതസിദ്ധാന്തപ്രകാരം വ്യാസസൂത്രം വ്യാഖ്യാനിച്ചു. അദ്ദേഹത്തെ ഭഗരാത്പദാചാര്യ എന്ന് അറിയുന്നു. അദ്ദേഹത്തിന് നരഹരിതീർത്ഥനെന്ന ശിഷ്യനുണ്ടായിരുന്നു. അദ്ദേഹം ലിംഗദേശത്തെ ഗവർണ്ണറായിരുന്നു. ശ്രീകൂർമ്മത്തെ ശബരന്മാരുടെ ആക്രമമത്തിൽനിന്ന് അദ്ദേഹം രക്ഷിച്ചു.(ഗഞ്ചം ജില്ലയിലെ കാട്ടുവർഗ്ഗക്കാരെ ശബരന്മാരെന്ന്

വിളിക്കുന്നു)ശകം 1203 മേഷം ശുക്ലപക്ഷാഷ്ടമി ബുധനാഴ്ച യോഗാനന്ദനൃസിംഹക്ഷേത്രം ശ്രീകൂർമ്മം ക്ഷേത്രത്തിനു മുന്നിലായി അദ്ദേഹം പണിയിച്ചു.

മൂന്നു വൈഷ്ണവാചാര്യന്മാരുടെ പേരാണ് ഇവിടെ പറഞ്ഞത്. ഇതിലെ പുരുഷോത്തമമഹാതീർത്ഥനെ മാദ്ധ്വപരമ്പരയിലും പറയുന്നുണ്ട്. ആനന്ദതീർത്ഥനിൽ നിന്നാണ് പരമ്പര ആരംഭിക്കുന്നത്. നാരായണവണ്ഡിതന്റെ മാധ്വവിജയകാവ്യത്തിൽ (ത്രിവിക്രമപണ്ഡിതന്റെ മകൻ) ആനന്ദതീർത്ഥന്റെ ജീവിതവും അദ്ദേഹം മായാവാദികളായ ശങ്കരാചാര്യശിഷ്യന്മാരെ തർക്കത്തിൽ തോൽപ്പിച്ചതും പറയുന്നു. അതിൽ ആനന്ദതീർത്ഥന്റെ ഗുരു അച്യുതപ്രേക്ഷാചാര്യനാണ് പുരുഷോത്തമതീർത്ഥനെന്ന അപരനാമമുള്ളത്. ശങ്കരാചാര്യനും രാമാനുജനും തുല്യമായ സ്ഥാനം ആനന്ദതീർത്ഥനും ഉണ്ടായിരുന്നു. ജാതിമതഭേദമെന്യേ ഭക്തി ആർക്കും സാധിക്കാമെന്ന വൈഷ്ണവഫിലോസഫി ആദ്യം രാമാനുജനാണ് പറഞ്ഞതെങ്കില്, (11ആം നൂറ്റാണ്ട്) അതിനെ പ്രചരിപ്പിച്ചത് 13ആം നൂറ്റാണ്ടിലെ ആനന്ദതീർത്ഥനാണ്. 16ആം നൂറ്റാണ്ടോടെ ബംഗാളിലെ കൃഷ്ണചൈതന്യ അതിനെ പോപ്പുലറാക്കി. ആനന്ദതീർത്ഥനെ മറ്റു 3 പേരുകളിലും അറിയുന്നു. പൂർണ്ണപ്രജ്ഞ, മധ്വാചാര്യ, മദ്ധ്യമന്ദാര. സർവ്വദർശനസംഗ്രഹത്തിൽ സായനാചാര്യൻ പൂർണ്ണപ്രജ്ഞദർശനമെന്ന പേരിൽ അദ്ദേഹത്തിന്റെ ഫിലോസഫി വിവരിക്കുന്നു. പത്മനാഭതീർത്ഥ, നരഹരിതീർത്ഥ, മാധവതീർത്ഥ, അക്ഷോഭ്യതീർത്ഥ (ആനന്ദതീർത്ഥനു ശേഷം മഠാധിപതിയായി) ഇവരെല്ലാം ആനന്ദതീർത്ഥന്റെ ശിഷ്യരാണ്. സ്തോത്രമഹോദധി 1ആം

ഭാഗത്തിൽ നരഹരിസ്തോത്രത്തിൽ പറയുന്ന ഉള്ള മറ്റൊരു ആചാര്യനെ ഈ ലിഖിതം പറയുന്നു. മാധ്വദർശനത്തിലേക്ക് മാറുന്നതിനു മുമ്പ് അദ്ദേഹം സാമശാസ്ത്രി എന്നാമ് അറിയപ്പെട്ടിരുന്നത്. പൂർണ്ണ പ്രജ്ഞനിൽ നിന്ന് സന്യാസം സ്വീകരിച്ചശേഷം നരഹരിതീർത്ഥനെന്ന് പേരു കിട്ടി. ഗുരു അദ്ദേഹ ത്തെ ഗജപതിരാജാവിന്റെ തലസ്ഥാനത്തുപോയി ഭരിക്കാൻ ആവശ്യപ്പെട്ടു. ഗുരോ, രാജ്യം ഭരിച്ചിട്ട് എനിക്ക് എന്തു ഫലമാണ് എന്ന് ചോദിച്ചതിന് ഗുരു പറഞ്ഞത്–ഗജപതിരാജാവിന്റെ രാജ്യത്ത് സീതാരാമന്മാരുടെ അമൂല്യവിഗ്രഹങ്ങളുണ്ട്. ബുദ്ധി പ്രയോഗിച്ച് അവയെ എനിക്ക് പൂജിക്കാനായി കൊണ്ടുവന്ന് തരണം.അപ്രകാരം പോയ നരഹരി തീർത്ഥനെ പ്രജകളും അന്ന് മൈനറായിരുന്ന ഗജപ തിയും സ്വീകരിച്ച് ഭരണം ഏൽപ്പിച്ചു. 12 വർഷം അദ്ദേഹം കലിംഗരാജ്യം ഭരിച്ചു. രാജാവിന് പ്രായ പൂര്ത്തി വന്നപ്പോൾ അദ്ദേഹത്തെ രാജാവാക്കി, അതുവരെ താൻ ചെയ്ത സേവനത്തിന് പ്രതിഫല മായി ഭണ്ഡാരത്തിലെ സീതാരാമവിഗ്രഹങ്ങൾ തരണമെന്ന് അപേക്ഷിച്ചു. ഇപ്രകാരം ആനന്ദതീ ർത്ഥന് അവ തിരിച്ചുകൊണ്ടുവന്ന് കൊടുത്തു. 80 ദിവസം അവയെ പൂജിച്ച ശേഷം തന്റെ പ്രഥമ ശിഷ്യനായ പത്മനാഭതീർത്ഥനെ ഏൽപ്പിച്ചു. അദ്ദേ ഹം 6 വർഷം പൂജിച്ചു. പിന്നീട് രക്താക്ഷിസംവ ത്സരത്തിൽ നരഹരിതീർത്ഥന് കൈമാറി. അദ്ദേഹം പ്രഭാഷണങ്ങൾ നടത്തിയും പഠിപ്പിച്ചും ജീവിച്ചു. ഒരിക്കൽ സഞ്ചാരവേളയിൽ ഒരു നഗരത്തിൽ ഉറ ങ്ങുമ്പോൾ അദ്ദേഹം നാരായണനെ സ്വപ്നം കണ്ടു. കുളത്തിൽനിന്നാണ് വിഷ്ണു വരുന്നത് കണ്ട ത്. അദ്ദേഹം കുളത്തിൽനിന്ന് വിഗ്രഹം എടുത്ത്

പ്രതിഷ്ഠിച്ചു. നാരായണക്കേരേ എന്ന ആ സ്ഥലം ബെല്ലാരിജില്ലഹോസ്പെറ്റ് താലൂക്കിലാണ്. സീതാ രാമവിഗ്രഹങ്ങളെ മാധവതീർത്ഥന് കൈമാറി തുംഗ ഭദ്രാതീരത്തെ ആശ്രമത്തിലേക്ക് താമസം മാറ്റിയ നരഹരിതീർത്ഥൻ ശ്രീമുഖസംവത്സരത്തിൽ അവി ടെ സമാധിയായി. തുംഗഭദ്രാതീരത്ത് അദ്ദേഹം സ്ഥാപിച്ച ചക്രതീർത്ഥമഠം 9 വർഷത്തേക്ക് സ്ഥാനാ ധിപത്യം ഉള്ള മഠമായി പ്രവർത്തിച്ചു. അവിടെ വെച്ച് അദ്ദേഹം ആനന്ദതീർത്ഥന്റെ ഭാഷ്യത്തിന് വ്യാഖ്യാനം രചിച്ചു.

കലിംഗത്തിലെ പല ക്ഷേത്രങ്ങളിലും നരഹരിതീ ർത്ഥന്റെ ദാനരേഖകളുണ്ട്.

ബുദ്ധരാജന്റെ സന്തവോലു ലിഖിതം ശകം 1093


കൃഷ്ണജില്ല രേപള്ളേ താലൂക്ക് സന്തവോലു ലിംഗോത്ഭവസ്വാമിക്ഷേത്രത്തിലെ തൂണിലാണ് ലിഖിതം. ലിപി തെലുഗു. 13 സംസ്കൃതശ്ലോകം ഒരു തെലുഗു ഖണ്ഡിക അവസാനം 2 സംസ്കൃത ശ്ലോകം കൂടി ഉണ്ട്. സൌമ്യായനം ശകം 1093 നഡിന്ദലയിലെ വയൽ , വിളക്ക് ഇവ വേലനാന്ദു വിലെ ധനദപുരത്തെ (ധനദപ്രോലു) പാണ്ഡീശ്വരശി വക്ഷേത്രത്തിന് കൊടുത്തു. നരസരാവുപേട്ട താലൂ ക്കിലാണ് നഡിന്ദല. വേലനാന്ദുമുഖ്യരുടെ തലസ്ഥാ നമാണ്. ലിംഗോത്ഭവസ്വാമിക്ഷേത്രത്തിന്റെ ഉത്ത രത്തിലുള്ള ഒരു ലിഖിതപ്രകാരം വേലനാന്ദുവിലെ ഒരു മുഖ്യന്റെ നാമത്തിലാണ് പാണ്ഡീശ്വരക്ഷേത്രം. ഈ ലിഖിതത്തിലെ രാജാവ് മഹാമണ്ഡലേശ്വര

കൊണ്ടപാട്മതി ബുദ്ധരാജനാണ്. അദ്ദേഹത്തിന് അനിയങ്കഭീമ, എലദായസിംഹ എന്നും പേരുകളു ണ്ട് ദുർജ്ജയവംശത്തിലെ ഗിരിസിംഹമാണ്. കു ലോത്തുംഗചോഡദേവന്റെ പാദസേവകനാണ്. ചാ ലൂക്യചോളന്മാരുടെ സാമന്തരായിരുന്നു പൂർവ്വികർ. മറ്റുബിരുദങ്ങളിൽ ഗിരിപശ്ചിമശാസന, ശൈലപാ ശ്ചാത്യദീപ, എന്നും കാണുന്നു. പടിഞ്ഞാറൻ മല യുടെ അപ്പുറമാണ് അദ്ദേഹത്തിന്റെ നാടെന്ന് കരു തണം. സഹ്യനു പടിഞ്ഞാറുള്ള ദേശത്തിന്റെ ദീപ മാണ്. കൊണ്ടപത്മതി എന്നതും ഇതിന്റെ തെലുഗാ ണ്. കേത 2ന്റെ അമരാവതി ലിഖിതത്തിൽ കൊണ്ട പത്മതി സത്തേനപ്പള്ളി താലൂക്കിന്റെ കിഴക്കുഭാഗ മാണെന്നാണ് നിശ്ചയിച്ചിരുന്നത്. അതിനാല് മലയു ടെ പടിഞ്ഞാറ് എന്നത് സഹ്യനല്ല, കൊണ്ടവീടു മലയാണെന്നും സത്തേനപ്പള്ളിയുടെ കിഴക്കേ അതി ർത്തി ആ മലയാണെന്നും കൂടി ഓർക്കണം. ബുദ്ധ രാജന്റെ പൂർവ്വികനായ ബുദ്ധവർമ്മൻ ചതുർത്ഥ ബീജനവംശമാണ് (ശൂദ്ര). ചന്ദ്രവംശി കുബ്ജവി ഷ്ണുവർദ്ധനന്റെ ആശ്രിതനായ അദ്ദേഹത്തിന് വിഷ്ണുവർദ്ധനൻ മലക്ക് പടിഞ്ഞാറുള്ള 73 ഗ്രാ മം കൊടുത്തു. ബുദ്ധവർമ്മനു ശേഷം മണ്ഡലേ ശ്വര മന്ദ 1 (മന്ദന), മകൻ ഗണ്ഡ, മന്ദ 2 , മന്ദ 2 വിന്റെ മകൻ ബുദ്ധരാജാ എന്നിവർ ഭരിച്ചു. മന്ദ 2 , കുന്ദമാംബ ഇവരാണ് ബുദ്ധരാജന്റെ മാതാ പിതാക്കൾ. അങ്കമയുടെ സഹോദരനാണ് അദ്ദേഹം. അങ്കമ ഗോങ്കയുടെ മകൻ വേലനാടു മുഖ്യനായ രാജേന്ദ്രചോഡ (ഗോങ്ക 2) വിന്റെ ഭാര്യയായി. അങ്കമ അക്കാംബിക അഥവാ അക്കമ്മ എന്ന് അറിയപ്പെടുന്നു. പൃഥ്വീശ്വരന്റെ പിത്താപുരം സ്തംഭലിഖിതത്തിലും ബാപത്തലയിലെ അപൂർണ്ണ

ലിഖിതത്തിലും അവരുടെ പേരുണ്ട്. രാജേന്ദ്രചോഡ പുത്രനാണ് ഗോങ്ക 3. അദ്ദേഹം മലക്ക് പടഞ്ഞാറുള്ള ദേശത്തിലെ മുഖ്യന്മാരുടെ വംശത്തിലെ ജയാംബികയെ അഛന്റെ മാതൃക പിൻതുടർന്ന് വിവാഹം കഴിച്ചു.

ഉത്തരായനകാലത്ത് ധനദപ്രൊലുവിലെ 2 ഖണ്ഡം ഭൂമി പാണ്ഡീശ്വരമഹാദേവക്ഷേത്രത്തിലെ നിത്യച്ചെലവിനും, 55 ആടിനെ നിത്യനന്ദാവിലക്കിനുമായി ബുദ്ധരാജൻ കൊടുത്തു. ചാമേനബോയന്റെ മകൻ സൂര്യബോയ, അവയുടെ സുരക്ഷക്ക് ജാമ്യം നില്ക്കുകയും കൊമ്മനബോയയുടെ മകൻ ഭീമനബോയയും പരമ്പരയും നിത്യം ഒരു മാനം നെയ്യ് ആചന്ദ്രതാരം ക്ഷേത്രത്തിലേക്ക് കൊടുക്കാമെന്ന് ഏൽക്കുകയും ചെയ്തു.

നാദേന്ദലയിലെ ശിവവിഷ്ണുക്ഷേത്രങ്ങളിലായി 12 ലിഖിതം കൊണ്ടപത്മതി മുഖ്യന്മാരുടേതായി ഉണ്ട്. ഇർളപ്പാടിലെ സോമേശ്വരക്ഷേത്രത്തിലും 2 എണ്ണമുണ്ട്. ഇവയിൽനിന്ന് 3 പരമ്പര ലഭിക്കുന്നു.



മൂലസ്ഥാനേശ്വരക്ഷേത്രത്തിലെ സ്തംഭലിഖിതം (നദേന്ദല) ശകം 1052 മേഷപഞ്ചമി വ്യാവം. മഹാമണ്ഡലേശ്വരബുദ്ദന്റെ മകൻ മഹാമണ്ഡലേശ്വര, പഞ്ചമഹാശബ്ദവും ലഭിച്ച് , വീരമഹേശ്വരനായി, കുലോത്തുംഗചോഡദേവന്റെ ആരാധകനും ശത്രുസം ഹാരകനും എലാടസിംഹനും സാഹസോത്തുംഗനും യുദ്ദഭൂമിയിൽ രാമനും സത്യത്തിൽ രാധേയനുമായി അനേയാങ്കഭീമൻ എന്ന ദുർജ്ജയവംശജൻ ശുദ്ധിയി ൽ ഗാംഗേയനും കവിത്യത്തിൽ ആനന്ദിക്കുന്നവനും കവികളാകുന്ന തത്തകളുടെ മാവുമായി, സജ്ജനങ്ങ ളുടെ ബന്ധുവായി അശ്വപാലനത്തിൽ രേവന്തനായ യി വിവേകത്തിൽ ബ്രഹ്മാവായി ഗിരിപശ്ചിമശാ സനനായ എറ്റമന്ദൻ . അദ്ദേഹത്തിന്1റെ മകനാണ് ബുദ്ധവർമ്മൻ മകൻ മന്മമന്ദൻ അദ്ദേഹം 2 വിള ക്ക്, നൊഞ്ചിനിപ്പാട് ഗ്രാമത്തിലെ നിലം ഇവ മൂലസ്ഥാനത്തെ ക്ഷേത്രത്തിന് കൊടുത്തു.

അതേ ക്ഷേത്രത്തിലെ തൂണിലെ ശകം 1060ലെ ലിഖിതം നോഞ്ചിനിപ്പാടിലെ ചില നികുതികൾ , 2 വിളക്ക് നിത്യം എരിയിക്കാനുള്ള സംവിധാനം മഹാമണ്ഡലേശ്വര മന്മമന്ദ കൊടുത്തു. ശകം 1061 ലെ വേറെ ലിഖിതം മാഘസിതപഞ്ചമി വെള്ളി മന്മമന്ദ , മാണ്ഡലികബുദ്ധന്റെയും ഗഢിയമാദേവി യുടേയും മകൻ നൊഞ്ചേതിലപ്പൂണ്ടിയിൽ ശിവന് ഗുഡി (ക്ഷേത്രം) പണിതു. അമ്മ ഗഢിയമഹാദേവി, (മേദന്റെയും മേദമാംബയുടേയും മകൾ) മൂലസ്ഥാന ത്ത് 2 വിളക്ക്, മനുമമന്ദ ശിവന് ധാരാളം ആഭ രണം കൊടുത്തു. നൊഞ്ചിനപ്പാടി ഗ്രാമത്തിലെ ജനങ്ങളുടെ നികുതി ക്ഷേത്രത്തിലേക്ക് വിട്ടുകൊടു ത്തു.

1054ലെ ലിഖിതത്തിൽ സംസ്കൃതവും തെലുഗും മിശ്രമാണ്. കുബ്ജവിഷ്ണുവിനെ പുകഴ്ത്തി തുടങ്ങുന്നു. രാജകീയചിഹ്നങ്ങളും 2 ഗ്രാമവും അദ്ദേഹം ബുദ്ധവർമ്മന് കൊടുത്തു. ബുദ്ധവർമ്മ ൻ എന്ന എളാടയസിംഹൻ മന്ദ 1 ന്റെ മകനായി ജനിച്ചു. അദ്ദേഹത്തിന്റെ മകൻ മന്ദ 2 അനിയങ്ക ഭീമനെന്ന് പ്രസിദ്ധനായി. ഗംഗ,കലിംഗരാജാക്കന്മാ രെ വധിച്ച് മാണ്ഡലിക മന്ദ 2 അട്ടഹസിച്ചു. ശത്രുക്കളെ വധിച്ച് അവരുടെ ആനകളെ രാജേന്ദ്ര ചോഡന് സമ്മാനിച്ചു. അദ്ദേഹത്തിന്റെ മകൻ ബുദ്ധ, ഭാര്യ ബാദാംബിക. അവരുടെ മകൻ ചോഡ മൂലസ്ഥാനക്ഷേത്രത്തിന് വിളക്കും ആഭര ണങ്ങളും മണിയും ശംഖും കൊടുത്തു.

മഹാമണ്ഡലേശ്വര ചോഡദേവ അനിയങ്കദേവ എളാടസിംഹ അമ്മ ബാദമാദേവിയുടെ ശ്രേയസ്സിന് വിളക്കും നൊഞ്ചിനിപ്പാട് ഗ്രാമത്തിൽ ഭൂമിയും മൂലസ്ഥാനേശ്വരന് കൊടുത്തു. ശക 1054ലെ ലിഖിതം നാടിന്ദലയിലെ ഭൂമി മഹാജനങ്ങൾക്ക് മഹാമണ്ഡലേശ്വര ചോഡരാജൻ കൊടുത്തതാണ്. ഇർലപ്പാട് സോമേശ്വരക്ഷേത്രത്തിലെ സ്തംഭ ലിഖിതം.ശകം 1057 ചോഡരാജാ അനിയങ്കഭീമ എലയാടസിംഹ സാഹസോത്തുംഗ വിളക്കും ഭൂമിയും കൊടുത്ത രേഖ.
സോമേശ്വരക്ഷേത്രത്തിലെ മറ്റൊരു ലിഖിതം .ശകം 1057 സോമനപെഗ്ഗഡ (മാണ്ഡലികമന്ദന്റെ) സോമേശ്വ രമഹാദേവന് കുളം കുഴിക്കാനായി ഇറാലൂരിലെ ഭൂമി കൊടുത്തു. അവിടെ കുളം കുഴിപ്പിച്ചു, വിളക്ക് വെച്ചു. ഇറ്റാലൂരെന്ന ഗ്രാമം പുരാതനകാ ലത്ത് ത്രിനയനപല്ലവൻ വെണ്ണയഭടസോമയാജിക്ക് ഗന്ധഭട്ടനെ സഭയിൽ വെച്ച് വാദത്തിൽ തോൽപ്പിച്ച

തിന് ദാനം ചെയ്തതാണ്. സോമനപെഗ്ഗഡേയുടെ പൂർവ്വീകനാണ് വെണ്ണയഭട്ടസോമയാജി. ഗോവർദ്ധനസ്വാമിക്ഷേത്രം ശകം 1069 ലിഖിതം കുബ്ജവിഷ്ണുവിനെ കീർത്തിച്ച് ആരംഭിക്കുന്നു. മന്ദ 2 വരെയുള്ള വംശാവലി തരുന്നു. മല്ലന്റെ ജനനം പറയുന്നു. അനിയങ്കഭീമ എലേടസിംഹ കുന്ദാംബികാസുതൻ കേശവദേവ ക്ഷേത്രത്തിലേക്ക് വിളക്ക് , മൂലസ്ഥാനമഹാദേവനും വിളക്ക് സമ ർപ്പിച്ചു. (രണ്ടും നാദിന്ദലയിലാണ്)

ശകം 1094ൽ കേശവദേവക്ഷേത്രത്തിലേക്ക് മഹാമ ണ്ഡലേശ്വര കൊമ്ടപ്പടിപതി മന്ദേരാജയുടെ സാമ ന്തൻ വിളക്കുവെച്ചതും, ശകം 1095ൽ മഹാമണ്ഡ ലേശ്വര കൊണ്ടപതിമതി മല്ലരാജന്റെ മകൻ മന്ദേര രാജൻ അതേക്ഷേത്രത്തിലേക്ക് വിളക്കു വെച്ച്, മല്ല സമുദ്രക്കുളത്തിനു താഴെ ഭാഗത്ത് ഭൂമി കൊടുത്ത് നാദിൻദലയുടെ വടക്കുപടിഞ്ഞാറ് നിർമ്മാണപ്രവ ർത്തനം നടത്തിയതും ഗോവർദ്ധനസ്വാമിക്ഷേത്രത്തി ലെ തൂണിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടും തെലു ഗിലാണ്. ശകം 1065ൽ മൂലസ്ഥാനേശ്വരക്ഷേത്രത്തിൽ ബുദ്ധരാജൻ അവിടേക്ക് വിളക്ക് സമർപ്പിച്ചത് സംസ്കൃതവും തെലുഗും മിശ്രമായിട്ടാണ് എഴുതി യിരിക്കുന്നത്. മഹാമമ്ഡലേശ്വര ബുദ്ധരാജന്റെ പത്നി ഗുണ്ടമാതേവി ഗുണ്ടസമുദ്രമെന്ന പേരിൽ അവിടെ തടാകം കുഴിപ്പിച്ചുകൊടുത്തു. നടിനിന്ദയു ടെ തെക്കുവശത്താണ് ഇത്.

ശകം 1070 മൂലസ്ഥാനമഹാദേവന് രണ്ട് വിളക്ക് ബുദ്ധദേവൻ, ശകം 1093ൽ ബുദ്ധമഹാരാജന്റെ അഗ്രമഹിഷി ഗുണ്ടമഹാദേവി ഒരു വിളക്ക് മൂലസ്ഥാനമഹാദേവന്.

ചോളരാജാക്കന്മാരുടെ കാലം

1.കുലോത്തുംഗചോള 1

ചെബ്രോലു നാഗേശ്വരസ്വാമിക്ഷേത്രത്തിനടുത്ത്:-
സ്വസ്തി ശകവർഷമ്പുലു 998 നേംതി നളസംവത്സര
ശ്രാഹി സ്വസ്തി!
സർവ്വലോകാശ്രയശ്രീവിഷ്ണുവർദ്ധനമഹാരാജുല
പ്രവർദ്ധമാനവിജയരാജ്യസംവത്സരംബുലു. 7
നേണ്ടു..............മാഘമാസമുന പുന്നമയു
ശുക്രവാരമുന സോമഗ്രഹണനിമിത്തമുനൻ...

എഡി 1070 മാർച്ചിലാണ് കുലോത്തുംഗ 1 ഭര
ണാരംഭം. ഇതിനെ 8 ഒക്ടോബർ എഡി 1070
എന്ന് എഴുതിയത് ശരിയല്ല. അദ്ദേഹത്തിന്റെ 8ആം
ഭരണവർഷമല്ല. (1077 ആണ്). 1077 ഫെബ്രുവരി
10 ന് സോമഗ്രഹണം ഉണ്ടായിട്ടുണ്ട്.

ദ്രാക്ഷാരാമം ഭീമേശ്വരക്ഷേത്രം-

സ്വസ്തി! ശകവർഷമ്പുലു 1036 സ്വസ്തി
സർവ്വലോകാശ്രയ ശ്രീ വിഷ്ണുവർദ്ധനമഹാരാജു
ലു പ്രവർദ്ദമാന വിജയരാജ്യദിവ്യസംവത്സര 45
ധനു മാസമുന ശുക്ലപക്ഷമുന ഏകാദശിയു
ബുധവാരമു നാണ്ടു ഉത്തരായനവ്യതീപാത
നിമിത്തമുന.

45ആം ഭരണവർഷം ഉത്തരായനം ധനുമാസം
ശുക്ലപക്ഷഏകാദശി ബുധവാരം. 9 ജിസംബർ
എഡി 1114. അനുരാധം നക്ഷത്രം ഗന്ധയോഗവും
വൃദ്ധിയോഗവും.

2 വിക്രമചോള

സെവിലിമേടു കൈലാസനാഥക്ഷേത്രം - ശ്രീമദ് വിക്രമചോളദേവനൃപതേർവ്വ ശുഭേ ഷോഡശേ ഗ്രാമേ ശ്രീനൃപസുന്ദരീതി വിദിതേ വൈശാഖമാസേപരേ പക്ഷേ സോത്തരചന്ദ്രവാരവിദിതേ കാലേ.

16ആം ഭരണവർഷം വൈശാഖം അപരപക്ഷം ഉത്തരാ നക്ഷത്രം തിങ്കൾ . ഉത്തരാനക്ഷത്രം ഉത്തരഫാൽഗുനി, അത്തരആഷാഢം, ഉത്തരഭദ്ര പാദം ഇവയാണ്.വൈശാഖത്തിലെ കറുത്ത പക്ഷമാകയാൽ പഞ്ചമിയോടു ചേർന്ന ഉത്രാടമോ ഏകാദശിയോടു ചേര്ന്ന ഉത്തരഭദ്രപാദമോ ആവണം. ഉത്രാടം പഞ്ചമിതിഥി ആണ് വിവക്ഷിതം. ശകം 1046 തിങ്കൾ മേയ് 5 എഡി 1124 . എഡി 1108 ൽ ആരംഭിച്ച ഭരണം എഡി 1124ൽ 16 ഭരണവർഷമായി.

ചെബ്രോലു കേശവസ്വാമിക്ഷേത്രലിഖിതം- ശ്രീമദ് ത്രിബുവനചക്രവർത്തി വിക്രമചോളദേവര പ്രവർദ്ധമാനവിജയരാജ്യസംവത്സരംബുലു 9 ആഗുനേന്തി ശകവരുഷംബുലു 1049 അഗു പ്ലവസംവത്സര ജ്യേഷ്ഠമാസസോമഗ്രഹണ നിമിത്യമുന.

27 മേയ് 1127 ജ്യേഷ്ഠമാസപൌർണ്ണമിക്ക് സോമഗ്രഹണം ഉണ്ടായിരുന്നു.1108ൽ ആരംഭിച്ച ഭരണം അന്നേക്ക് 9 അല്ല 19 വർഷമായി.

നിഡുബ്രോലു ചോളേശ്വരക്ഷേത്രത്തിനു മുന്നിലുള്ള ത്:- സ്വസ്തി! ശ്രീമദ് ത്രിഭുവനചക്രവർത്തിശ്രീ വിക്രമചോഡരാജ്യസംവത്സരംബുലു ദേവര വിജയരാജ്യസംവത്സരംബുലു പതിയേടാഗുമെന്റു ശകവർഷംബുലു 1954 ഗുണേംതി വൈശാഖശുദ്ധ തൃതീയയു ഗുരുവാരമു നാണ്ടു.

ഏപ്രിൽ 2 എഡി 1131 . എന്നാൽ 17ആം വർഷം എഡി 1125ലാണ് വരേണ്ടത്. ലിഖിതം എഴുതിയ ആളുടെ തെറ്റെന്ന് കരുതും മുമ്പ്, എഡി 1108ലാണ് ഭരണാരംഭമെന്ന് വിചാരിക്കുന്നതാവില്ലേ തെറ്റ് എന്നു കൂടി ചിന്തിക്കണം. രണ്ടുവശവും ചിന്തിക്കാതെ അഭിപ്രായം പറയരുതല്ലോ.

3 കുലോത്തുംഗചോള 3 .അശ്വതിയും ആനവന്റു.

ശ്രീരംഗം ജംബുകേശ്വരക്ഷേത്രം. സ്വസ്തി! ശ്രീമന്നി ....കോ ഇരാശകേസരിപർമ്മനാന ത്രിഭുവനചക്രവർത്തിഗൾ ശ്രീരാജരാജദേവരുക്കു യാണ്ടു 16 വതിൻ എതിരാമാണ്ടു കന്നിഞായറു പൂർവ്വപക്ഷത്തു ദശമിയും ശനിക്കിഴമൈയും പെറ്റ തിരുവോണത്തുനാൾ

1216ലാണ് ഭരണാരംഭമെന്ന് സങ്കൽപ്പിച്ചാണ് കണക്കുകൾ. 16ന് എതിരാമാണ്ട് 17ആം ഭരണവർഷം. എഡി 1232

ഏകാമ്രനാഥക്ഷേത്രം കാഞ്ചീപുരം- സ്വസ്തിശ്രീ ത്രിഭുവനചക്രവർത്തിഗൾ ശ്രീരാജരാജദേവർക്കു യാണ്ടു 17ആവതു .... മഗരഞായിറ്റു പൂർവ്വപക്കത്തു ചെവ്വായിക്കിഴമൈയും അശ്വതിയും ആനവന്റു

18 ജനുവരി എഡി 1233 . അശ്വതി 17ആം വർഷം.

മണിമംഗലം ധർമ്മേശ്വരക്ഷേത്രം . ത്രിഭുവനചക്രവർത്തിഗൾ ശ്രീരാജരാജദേവർക്കു യാണ്ടു 18ആവതു സിംഹഞായിറ്റു അപരപക്ഷത്തു ദ്വിതീയയും ജെവ്വായ്ക്കിഴമൈയും പെറ്റ രേവതിനാൾ.. 23 ആഗസ്ത് എഡി 1233 .

മണിമംഗലം രാജഗോപാലപ്പെരുമാൾ ക്ഷേത്രം. ....ത്രിഭുവനചക്രവർത്തിഗൾ ശ്രീരാജരാജദേവ ർക്കു യാണ്ടു 18ആവതു ധനുഞായിറ്റു പൂർവ്വപക്ഷത്തു പഞ്ചമിയും ബുധൻകിളമൈയും പെറ്റ അവിട്ടത്തിൻ നാൾ...ഡിസംബർ 7 എഡി 1233

മണിമംഗലം രാജഗോപാലപ്പെരുമാൾ ക്ഷേത്രം- ത്രിബുവനചക്രവർത്തികൾ ശ്രീ രാജരാജദേവർക്കു യാണ്ടു 18 ആവതു മഗരഞായിറ്റു പൂർവ്വപക്ഷത്തു പ്രഥമൈയും തിങ്കത്കിളമൈയും പെറ്റ തിരുവോണ ത്തുന്നാൾ...

എഡി 1234 ജനുവരി 2 മകരമാസം തിരുവോണം നക്ഷത്രം. ഞായരാഴ്ച.

തിരുവൊറ്റിയൂർ ആദിപുരീശ്വരക്ഷേത്രം . ത്രിഭുവനചക്രവർത്തിഗൾ ശ്രീരാജരാജദേവർക്കു യാണ്ടു 19ആവതു സിംഹഞായിറ്റു പൂർവ്വപക്ഷ ത്തു തൃതീയയും ഉത്തിരട്ടാതിയും പെറ്റ ഞായിറ്റു ക്കിളമൈ നാൾ. (13 ആഗസ്ത് 1234 എന്നാണ് കണക്കാക്കിയിരിക്കുന്നത്.)

തിരുവേങ്ങാട് ശ്വേതനാരായണക്ഷേത്രം. സ്വസ്തിശ്രീ ത്രിഭുവനചക്രവർത്തിഗൾ ശ്രീരാജരാജദേവർക്കു യാണ്ടു 22 വതു മീനഞായിറ്റു അപരപക്ഷത്തു ചതുർത്ഥിയും സെവ്വായിക്കിളമൈയും പെറ്റ ഉത്രട്ടാതി നാൾ. മാർച്ച് 16 എഡി 1238 എന്നാണ് കണക്കാക്കി കാണുന്നത്.

മണ്ണാർഗുഡി രാജഗോപാലപ്പെരുമാൾ ക്ഷേത്രം. സ്വസ്തിശ്രീ ത്രിഭുവനചക്രവർത്തിഗൾ ശ്രീരാജ രാജദേവർക്കു യാണ്ടു ഇരുബത്തിരണ്ടാവതിൻ

എതിരാമാണ്ടു മീനഞായിറ്റു അപരപക്ഷത്തു നവമിയും തിങ്കൾകിളമൈയും പെറ്റ പൂരാടത്തു ന്നാൾ. 23ആം ഭരണവർഷം 28 ഫെബ്രുവരി എഡി 1239 .

മണ്ണാർഗുഡി കൈലാസനാഥക്ഷേത്രം . സ്വസ്തിശ്രീ ത്രിഭുവനചക്രവർത്തിഗൾ ശ്രീരാജരാജദേവർക്കു യാണ്ടു ഇരുപത്തിരണ്ടാവതിനു എതിരാമാണ്ടു മീനഞായിറ്റു അപരപക്ഷത്തു ദശമിയും ബുധൻകിളമൈയും പെറ്റ ഉത്തിരാടത്തുന്നാൾ 23ആം ഭരണവർഷം മാർച്ച് എഡി 1239.

മണ്ണാർഗുഡി കൈലാസനാഥക്ഷേത്രം സ്വസ്തിശ്രീ ത്രിഭുവനചക്രവർത്തിഗള് ശ്രീരാജരാജദേവർക്കു യാണ്ടു ഇരുപത്തിരണ്ടാവതിൻ എതിരാമാണ്ടു മീനഞായിറ്റു ....ത്രയോദശിയും വെള്ളിക്കിളമൈയും പെറ്റ അവിട്ടത്തു നാൾ..

എഡി 1239 മാർച്ച് 4 വെള്ളി അവിട്ടം 23ആം ഭരണവർഷം

ഗുജറാത്തിലെ ദന്തിവർമ്മന്റെ പ്ലേറ്റുകൾ. ശകം 789

3 പ്ലേറ്റ്. വൃത്താകൃതിയുള്ള സീലിൽ മുമ്പിലേക്ക് തിരിഞ്ഞ്, ഇരിക്കുന്ന ഗരുഡൻ. ഭാഷ സംസ്കൃതം. വ്യാകരണനിയമം പാലിച്ചിട്ടില്ല.
രാഷ്ട്രകൂടവംശത്തിലെ തലപ്രഹരി ദന്തിവർമ്മദേവ നെന്ന് വിളിക്കുന്നു. അപരിമിതവർഷനെന്ന് ബിരുദം. അനേരം മഹാസാമന്തരുടെ പ്രഭുവും പഞ്ചമഹാശബ്ദവും സിദ്ധിച്ചവനുമാണ്. ഓംനമോ നമോ ബുദ്ധായ എന്ന് ലിഖിതാരംഭം രാജാവ് ബുദ്ധമതം

സ്വീകരിച്ചിരുന്നതായി കാണിക്കുന്നു. എന്നാൽ മറ്റു രാഷ്ട്രകൂട ഗ്രാന്റുകളെ പോലെ വിഷ്ണുവിനേയും ശിവനേയും സ്തുതിക്കുന്നുണ്ട്. ധ്രുവരാജ 2 ന്റെ ബാഗുമ്ര പ്ലേറ്റിലുള്ള വംശാവലി തന്നെ ഇവിടെ 1-49 വരികളിലുണ്ട്. ഈ ജീവിതത്തിന്റെ നിരർത്ഥകത പറയുന്ന പ്രസിദ്ധശ്ലോകവുമുണ്ട്. ലിഖിതോദ്ദേശം പറയുന്നത് ഗദ്യത്തിലാണ്. ധ്രുവരാജ 2 ന്റെ ഇളയ അനുജനാണ് ദന്തിവർമ്മനെന്ന് പറയുന്നുണ്ട്. രാഷ്ട്രപതി, വിഷയപതി, ഗ്രാമകൂട, നിയുക്ത, അധികാരിക, വാസപാക, മഹത്തര മുതലായ എല്ലാ ഉദ്യോഗസ്ഥരേയും വിളിച്ചുകൂട്ടി, പൂരാവി നദിയിൽ ശകം 789 ലെ പൌഷമാസകൃഷ്ണപക്ഷ നവമിക്ക് ഉത്തരായനത്തില് കുളിച്ച് അദ്ദേഹം ഒരു വിഹാരം ദാനം ചെ.യ്തു. സാർത്ഥാതൈലാട 42 ഗ്രാമത്തിലെ ചൊക്കക്കുടി ഗ്രാമത്തിലെ പുണ്യസ്ഥാനമായ കാംപില്ല്യതീർത്ഥത്തിലാണ് വിഹാരം കൊടുത്തത്. ആര്യസംഘത്തിലെ പിൻഗാമികൾക്ക് ദീപധൂപപുഷ്പസുഗന്ധാദികളുടെ ചെലവ് വഹിക്കാനും അറ്റകുറ്റപ്പണികൾക്കുമാണ് ദാനം. അതിർത്തികൾ:- കിഴക്ക് ദന്തേല്ലംക ഗ്രാമം, തെക്ക് അപസുന്ദരഗ്രാമം, പടിഞ്ഞാറ് കാളുപള്ളികഗ്രാമം, വടക്ക് മന്ദാകിനീനദി. ദൂതക മന്ത്രി കൃഷ്ണഭട്ട. എഴുതിയത് റാണപ്പന്റെ മകൻ സേനാഭോഗിക ഗൊല്ല, അകാലവർഷന്റെ മക്കളായ ധ്രുവരാജദേവ, ദന്തിവർമ്മ ഇവരുടെ സന്തോഷം. ദന്തിവർമ്മന്റെ മകനാണ് കൃഷ്ണരാജ അകാലവർഷ 2.

കാമ്പില്യം ദക്ഷിണപാഞ്ചാലത്തിന്റെ തലസ്ഥാനമായിരുന്നു. ജൈനരുടെ തീർത്ഥാടനകേന്ദ്രവുമായിരുന്നു. പൂരവിനദി പൂർണ്ണാനദിയാണ്. (സൂറത്തിലെ). കാമ്പില്യം മഹാഭാരതകാലത്തു തന്നെ

പറയപ്പെടുന്നുണ്ട്. പൂരാവി നാഗസാരികയുടെ അടുത്താണെന്നും അത് പുതിയ നൌസാരിയാണെന്നും അതിന്നടുത്ത നദി പൂർണ്ണയാണെന്നും പറയുന്നത് ശ്രദ്ധേയമാണ്. മന്ദാകിനി ഗംഗയുടെ പര്യായമാണ്. ഗുത്ധറാത്തിലെ സ്ഥലം ഗംഗാനദി വരെ എത്തിയിരുന്നുവോ എന്ന് സംശയം പ്രകടിക്കപ്പെട്ടിട്ടുണ്ട്. വടക്കുപടിഞ്ഞാറൻ പ്രവിശ്യയിലെ ഉത്തരകാംപില്ല്യത്തിലെ ബുദ്ധവിഹാരത്തിലേക്ക് വരവ് ഉണ്ടായിരുന്നത് ഗുജറാത്തിലെ ദക്ഷിണ കാംപില്യത്തിൽ നിന്നാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കേലളത്തിലെ പൂർണ്ണാനദി, ഇവിടുത്തെ കച്ചവടം, ധനാഗമമാർഗ്ഗം, പാഞ്ഞാളെന്ന പാഞ്ചാലദേശം ഇവയും ഈ ധനാഗമമാർഗ്ഗത്തിലെ കണ്ണിയായിരുന്നിരിക്കണം. ഇതിനെക്കുറിച്ച് നേരത്തെ ഞാൻചർച്ച ചെയ്തിരുന്നു.


ബുദ്ധരാജന്റെ സരസവനി പ്ലേറ്റ് കാലചൂരി സംവത് 361

ബറോഡ സ്റ്റേറ്റിലെ പാദ്രയിൽനിന്ന് നാലര മൈൽ തെക്കാണ് സർസവ്നി അഥവാ സരസവനിഗ്രാമം. 2 താമ്രപത്രം. സീൽ ഇല്ല. ലിപി തെക്കൻ ലിപി. വലഭിലിഖിതങ്ങളിലും ഗുജറാത്തിലെ ചാലൂക്യ ലിഖിതങ്ങളിലും ഇതേ ലിപിയാണ്.പാലിയോട് സാമ്യം. 300, 60, 10, 5 , 1 മുതലായവ സംഖ്യയിലാണ് എഴുതിയിരിക്കുന്നത്. ഭാഷ സംസ്കൃതം. ഏതാനും ശ്ലോകങ്ങളൊഴിച്ചാൽ ബാക്കി ഗദ്യം. കാലചൂരിവംശത്തിലെ കൃഷ്ണരാജപുത്രൻ ശങ്കരഗണന്റെ മകൻ ബുദ്ധരാജന്റെയാണ് ലിഖിതം. ആനന്ദപുരത്തെ വിജയശിബിരത്തിൽനിന്ന് ഭാരുകഛരവിഷയത്തിലെ ഗോരജ്ജാഭോഗത്തിലെ

ബൃഹന്നാരികയുടെ സമീപമുള്ള കുമാരിവാടം ബുദ്ധരാജൻ ദേബകത്തിലെ ബപ്പസ്വാമിനെന്ന ബ്രാഹ്മണന് കൊടുത്തു. വർഷം 361 കാർത്തികമാസം കൃഷ്ണപഞ്ചദശി. ഇത് എഡി 609-610 ലാണ്. ശങ്കരഗണപുത്രൻ ബുദ്ധരാജൻ നേരൂർ പ്ലേറ്റിലെ ബുദ്ധരാജപുച്രൻ ശങ്കരഗണനെന്നതിനെ തിരിച്ച് പറയുന്നു. പടിഞ്ഞാറൻ ചാലൂക്യമംഗളേശ (മംഗല രാജാ) തോൽപ്പിച്ച ബുദ്ധരാജനെന്നാണ് നേരൂർ പ്ലേറ്റിലുള്ളത്. ശാന്തില്ലന്റെ സങ്കേത പ്ലേറ്റ് കൃഷ്ണ രാജപുത്രൻ ശങ്കരണന്റെ പാദാനുധ്യായിയാണ് ഭോഗികപാല മഹാപീലുപതി നിരിഹുല്ലക എന്നാണ് പറയുന്നത്. ഇത് ശങ്കരഗണനാണെന്ന് ബൂഹ്ലർ. ശങ്കഗണന്റെ ചില വിശേഷണങ്ങൾ ചില ഗുപ്ത ലിഖിതങ്ങളിലുള്ളതാണ്. ഗുർജ്ജരരാജാക്കന്മാരെ മഹോദധി എന്ന് വിളിക്കുന്നു. വിവിധ,വിമല, ഗുണരത്ന, ഉദ്ഭാസിത,അവിലഗ്നിതാവധി, ഗാംഭീര്യ ,മഹാസത്വയാതിദുരവഗാഹേ എന്നാണ് ആ മഹോദധിയുടെ വിശേഷണങ്ങൾ. കൃഷ്ണരാജ ജന്മനാ ശിവഭക്തനാണ്. അതേ സമയം ജന്മനാ സൂര്യാരാധകനുമാണ്. വിന്ധ്യനഗോപത്യകനുമാണ്. കാലചുരി ബുദ്ധരാജനു ശേഷമാണ് ഇവർ രാജവംശമായി ഉയർന്നുവന്നത്. ദദ്ദ പ്രശാന്തരാഗനു മുമ്പ് മറ്റ് ഗുർജ്ജരരാജാക്കന്മാരുണ്ടായിരുന്നുവെങ്കിൽ ഇപ്രകാരം കാലചുരി, ഗുപ്തഗ്രാന്റുകളെ അനുകരിക്കില്ലായിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ദദ്ദ പ്രശാന്തരാഗന്റെ 2 ഗ്രാന്റുകൾ ഇതിനോട് സദൃശമാണ്. ശിലാദിത്യ 7 ന്റെ അലീന ഗ്രാന്റ് ആനന്ദപുരംത്തുനിന്നു തന്നെയാണ്. (ധ്രുവഭട്ട വലഭി. 447ലെ കൈരജില്ലയിലെ ആനന്ദപുരം ഇപ്പോഴത്തെആനന്ദ്). ഭാരുകച്ഛം ബ്രോച്ച്. ബറോഡ സ്റ്റേറ്റിലെ ദബ്ക്ക

ദേബക്ക. ഗോരജ്ജ ഗോരജ്. (പാഞ്ച് മഹളിലെ ഹലോൽ ഡിവിഷൻ) കുമാരിവാടോ കവർവര . ബൃഹന്നാരിക ബണൈയ്യ കർവരക്ക് നാലര മൈൽ തെക്കാണ്.

Sarsavni Plates of Buddharaja.—[Kalachuri-]Samvat 361.



E. HULTZSCH. SCALE ·8 W. GRIGGS, PHOTO-LITH.

തിരുനെൽവേലി നെല്ലൈയപ്പർ ക്ഷേത്രം.

സ്വസ്തിശ്രീ പൂവിൻ കിളത്തി....ശ്രീ കോ ച്ചടൈയ പ്പന്മരാന ത്രിഭുവനചക്രവർത്തിഗൾ ശ്രീകുലശേഖ രദേവർക്കു യാണ്ടു പതിന്മൂന്റാവതിനാ എതിരാമാ ണ്ടു മീനഞായിറ്റു നാലാന്തിയതിയും അപരപക്ഷ ത്തു ദശമിയും വിയാളക്കിളമൈയും പെറ്റ പൂരാട ത്തുന്നാൾ. കോ ചടൈയകുലശേഖരവർമ്മന് 13ആം വർഷം മീനം 4 വ്യാഴം പൂരാടം. എഡി 1204 ഫെബ്രുവരി 26 മീനസംക്രാന്തി. എഡി 1180ലാണ് ഭരണാരംഭം.

മാരവർമ്മൻ സുന്ദരപാണ്ഡ്യൻ 1. അതേ ക്ഷേത്രം.

സ്വസ്തിശ്രീ കോ മാരപന്മരാന ത്രിഭുവനചക്രവ ർത്തികൾ സോനാടു കൊണ്ടു മുടിക്കൊണ്ടസോല പുരത്തു വീരാഭിഷേകം പണ്ണിയരുളിയ ശ്രീസുന്ദ രപാണ്ഡ്യദേവർക്കു യാണ്ടു പതിനേളാവതിൻ എതിരാമാണ്ടു ....യിവ്വാത്തൈ പുരട്ടാതിമാസത്തു ദശമിയും തിങ്കട്കിളമൈയും പെറ്റ ഉത്രാടത്തു ന്നാൾ.. എഡി 1234 കന്യയിലെ ആം ദിനം സെപ്തംബർ 4 നായിരുന്നു.

മാരവർമ്മസുന്ദരപാണ്ഡ്യന്റെ മറ്റൊരു ലിഖിതം- ശ്രീകോ മാരവന്മനാന ത്രിഭുവനചക്രവർത്തികൾ സോനാടു ഗൊണ്ടു മുടിക്കൊണ്ട വീരാഭിഷേകം പണ്ണിയരുളിയ ശ്രീസുന്ദരപാണ്ഡിയദേവർക്കു യാണ്ടു 17ആവതു എതിരാം ആൻ.....റു ഇരുപത്തെട്ടാംതിയതിയും പൂർവ്വപക്ഷത്തു പ്രഥമൈയും ദിങ്കൾക്കിളമൈയും പെറ്റ പൂരാരട്ടാതി നാൾ. എഡി 1235 ഫെബ്രുവരി 19 തിങ്കൾ.

ശ്രീരംഗം രങ്കനാഥക്ഷേത്രം - ശ്രീ കോ മാരപന്മരാന

ജനുവരി 18 എഡി 1251
ത്രിബുവനചക്രവർത്തിഗൾ സോനാടു വളങ്കി അരുളിയ ശ്രീസുന്ദരപാണ്ഡ്യതേവർക്കു യാണ്ടു ഒൻപതാവതു മേഷഞായിറ്റു അപരപക്ഷത്തു തൃതീയൈയും വെള്ളിക്കിഴമൈയും പെറ്റ വിസാഖത്തു നാൾ. എഡി 1224-25. 28 മാർച്ച് മേടത്തിലെ നാലാം ദിവസം. വിശാഖം വെള്ളിയാഴ്ച.

തിരുക്കാട്ടുപ്പള്ളി അഗ്നീശ്വരക്ഷേത്രം സ്വസ്തി! ശ്രീ കോ മാരപർമ്മനാന ത്രിഭുവനചക്രവർത്തികൾ സോനാടു വളങ്കിയ സുന്ദരപാണ്ഡ്യദേവർക്കു യാണ്ടു 7ആവതു മീനഞായിറ്റു പൂർവ്വപക്ഷത്തു നവമിയും ....യും പെറ്റ പൂശത്തുനാൾ ഋഷഭം മുഹൂർത്തത്തു.

എഡി 1223 മാർച്ച് 13 തിങ്കൾ. മാരവർമ്മ സുന്ദരപാണ്ഡ്യ 1 ന്റെ ഭരണം 1218ൽ 29 മാർച്ചിനും സെപ്തംബർ 4നും ഇടക്കാണ് ആരംഭിച്ചതെന്ന് ഈ തീയതികൾ വെട്ട് കണക്കാക്കുന്നു

മാരവർമ്മ സുന്ദരപാണ്ഡ്യ 2

തിരുനെൽവേലി നെല്ലൈയപ്പർ ക്ഷേത്രം.

സ്വസ്തി! ശ്രീ കോ മാരപന്മരാന ത്രിഭുവനചക്രവർത്തികൾ ശ്രീസുന്ദരപാണ്ഡ്യദേവർക്കു യാണ്ടു പതിനൊന്റാവതിൻ എതിരാം ആണ്ടിൻ ആണ്ടു മകരഞായിറ്റു ഇരുപത്തുനാലാന്തീയതിയും അപരപക്ഷത്തു ദശമിയും ബുധൻകിഴമൈയും പെറ്റ അനിലത്തു നാൾ എഡി 1251 ജനുവരി 18.

അതേ ക്ഷേത്രത്തിൽ:- അതേ രാജാവ് 12 ആം ഭരണവർഷം മകരഞായർ 24ആം തിയ്യതി അപരപക്ഷം ദശമി ബുധൻ അനിഴം.

അതേ ക്ഷേത്രം അശ്വിനി ബുധൻ 12ആം വർഷം അപരപക്ഷം നവമി മീനം. 19. എഡി 1251 ജൂൺ 14 മഥുനസംക്രാന്തി.

അതേ ക്ഷേത്രം 11ആം വർഷം വൈകാശിമാസം പ്രഥമദിനം ഞായർ ഹസ്തം നക്ഷത്രം എഡി 1249 ഏപ്രിൽ 25 .മാരവർമ്മ സുന്ദരപാണ്ഡ്യ 2 ഭരണം ആരംഭിച്ചത് 1238 ജൂൺ 15നും 1239 ജനുവരി 18നും ഇടയിലാണ്.

ജടാവർമ്മ സുന്ദരപാണ്ഡ്യ 1

തിരുവൈയ്യാറു പഞ്ചനദേശ്വരക്ഷേത്രം. 2ആം ഭരണ വർഷം മേഷഞായറ് അപരപക്ഷം ഏകാദശി വ്യാ ഴം ചതയം . ഏപ്രിൽ 20- 28 ന് അകത്ത് എഡി 1251 നാണ് ജടാവർമ്മസുന്ദരപാണ്ഡ്യ 1 ന്റെ ഭരണാരംഭം. ഈ ലിഖിതം 1253 മാര്ച്ച് 27 വ്യാഴം.

തിരുമലവാടി വൈദ്യനാഥക്ഷേത്രം 3ആം വർഷം വൃശ്ചികം ഞായർ പൂർവ്വപക്ഷം ഷഷ്ഠി ബുധൻ ഉത്തരം . എഡി 1253 ഒക്ടോബർ 29 ബുധൻ. ഉത്രാടം.

തിരുക്കഴുംകുന്റെ വേദഗിരീശ്വരക്ഷേത്രം -9ആം വർഷം പുനർവസു, ഋഷഭത്തിലെ പൂർവ്വപക്ഷ ത്തിലെ പഞ്ചമി. ചൊവ്വ എഡി 1259 ഏപ്രിൽ 29.

അതേ ക്ഷേത്രം 9ആം വർഷം മിഥുനഞായര് അപരപക്ഷം നവമി രേവതിനാൾ. എഡി 1259 ജൂൺ 15

ശ്രീരംഗം ജംബുകേശ്വരക്ഷേത്രം

10ആം വർഷം ഋഷഭഞായർ അപരപക്ഷം ബുധൻ പ്രഥമ അനിഴം. എഡി 1260 ഏപ്രിൽ 28

തിരുപ്പന്തുരുത്തി പുഷ്പവനേശ്വരക്ഷേത്രം - 7ആം വർഷം കന്നിഞായർ അപരപക്ഷം ത്രയോദശി അത്തം. എഡി 1257 ഒക്ടോബർ 7 (തുലാം 10 ആണ്).

തിരുമലവാടി വൈദ്യനാഥക്ഷേത്രം 11ആം വർഷം കർക്കടക ഞായർ അശ്വതി. എഡി 1261 ജൂലൈ 19

മാരവർമ്മൻ കുലശേഖരൻ 1

തിരുനെൽവേലി നെല്ലൈയപ്പൻ ക്ഷേത്രം 27ആം വർഷം ധനു ഞായർ 14 വെള്ളി അപരപക്ഷം സപ്തമി ഉത്തിരനാൾ എഡി 1294 ഡിസംബർ 10 ഉത്തരഫാൽഗുനി

ശ്രീരംഗം ജംബുകേശ്വരക്ഷേത്രം 10ആം വർഷം മകരഞായർ പൂർവ്വപക്ഷം ദശമി ബുധൻ രോഹിണി എഡി 1278 ജനുവരി 5

തിരുനെൽവേലി നെല്ലൈയപ്പർ ക്ഷേത്രം 26ആം വർഷം വൃശ്ചികഞായർ 24ആം തിയ്യതി അപരപക്ഷം ദ്വിതീയ ബുധൻ പുനർവസു. എഡി 1293 നവംബർ 18

കടപ്പേരി ശ്വേതനാരായണേശ്വരക്ഷേത്രം- 40ആം വർഷം മീനഞായർ പൂർവ്വപക്ഷം ദ്വിതീയ ശനി രേവതി. എഡി 1308 ഫെബ്രുവരി 24.

ജടാവർമ്മ സുന്ദരപാണ്ഡ്യ 2

താരാമംഗലം ഇളമീശ്വരക്ഷേത്രം. 13ആം വർഷം സിംഹഞായർ പൂർവ്വപക്ഷം ത്രയോദശി ഉത്രാടം എഡി 1289 ആഗസ്ത് 1.

തിരുവൊറ്റിയൂർ ആദിപുരീശ്വരക്ഷേത്രം 13ആം വർഷം സിംഹഞായർ അപരപക്ഷം തൃതീയ വെള്ളി ഉത്രട്ടാതി എഡി 1289 ആഗസ്ത് 5

താരാമംഗലം ഇളമീശ്വരക്ഷേത്രം ആറാം വർഷം കർക്കടകഞായർ. പൂർവ്വപക്ഷം ചതുർത്ഥി തിങ്കൾ ഉത്തരഫാൽഗുനി. എഡി 1281 ജൂലൈ 21

മണ്ണാർഗുഡി ജയംകൊണ്ടനാഥക്ഷേത്രം 12ആം വർഷം കന്നിഞായർ പൂർവ്വപക്ഷം ത്രയോദശി വെള്ളി ചോതി. എഡി 1287 സപ്തംബർ 12.

താരാമംഗലം ഇളമീശ്വരക്ഷേത്രം 14ആം വർഷം എതിരെ (15) ഋഷഭഞായർ തിങ്കൾ പുഷ്യം എഡി 1290 മേയ് 15 എഡി 1275 സപ്തംബർ 13- 1276 മേയ് 15 ന് ഇടക്കാണ് ഭരണാരംഭം.

മാരവർമ്മകുലശേഖര 2

തിരുനെൽവേലി നെല്ലെയപ്പക്ഷേത്രം - 8ആം വർഷം വൃശ്ചികം ഞായർ 14ആം തിയ്യതി അപരപക്ഷം നവമി ശനി ഉത്തിരത്തു നാള്. (ഉത്തരഫാൽഗുനി) എഡി 1321 നവംബർ 14.

ബൃഹദീശ്വരക്ഷേത്രം ഗംഗൈകൊണ്ടചോളപുരം-4ആം വർഷം കർക്കടകഞായർ പൂർവ്വപക്ഷം ചതുർദ്ദശി ശനി ഉത്രാടം. എഡി 131 ജൂലൈ 23

ബൃഹദീശ്വരക്ഷേത്രം ഗംഗൈകൊണ്ടചോളപുരം-5ആം വർഷം സിംഹഞായർ പൂർവ്വപക്ഷം ത്രയോദശി തിങ്കൾ പൂയം. എഡി 1319 മാർച്ച് 5 . ഇവ വെച്ച് അദ്ദേഹത്തിന്റെ ഭരണം എഡി 1314 മാർച്ച് 6നും ജൂലൈ 23നും ഇടയിൽ ആരംഭിച്ചിരിക്കണം.

ഓരോ രാജാവിന്റേയും ഭരണാരംഭം-

1.ജടാവർമ്മകുലശേഖര എഡി 1190 ഫെബ്രുവരി 27-നവംബർ 29

2 മാരവർമ്മസുന്ദരപാണ്ഡ്യ 1 എഡി 1216 മാർച്ച് 29-സപ്തംബർ 4

3.മാരവർമ്മ സുന്ദരപാണ്ഡ്യ 2 എഡി 1238 ജൂണ് 15- എഡി 1239 ജനുവരി 8

4.ജടാവർമ്മസുന്ദരപാണ്ഡ്യ 1 എഡി 1251 ഏപ്രിൽ 20-28

5 മാരവർമ്മകുലശേഖര 1 എഡി 1268 ഫെബ്രുവരി 25-നവംബർ 18

6 ജടാവർമ്മസുന്ദരപാണ്ഡ്യ 2 എഡി 1275 സപ്തംബർ 13- എഡി 1276 മേയ് 15

7 മാരവർമ്മ കുലശേഖര 2 എഡി 1314 മാർച്ച് 6- ജൂലൈ 23

കൊണ്ടമുടി പ്ലേറ്റ് ജയവർമ്മൻ.

കൃഷ്ണജില്ല തെനാലി താലൂക്ക് കൊണ്ടമുടി ഗ്രാമം. 8 താമ്രപത്രം. വൃത്താകൃതിയുള്ള സീലിന്റെ നടുവിൽ ത്രിശൂലം. അതിന്റെ പിടി അസ്ത്രം പോലെ ഒന്നിലവസാനിക്കുന്നു ധനുസ്സും ചന്ദ്രനും ത്രികോണാകൃതിയിലുള്ള ഒന്നും കാണാം സീലിന്റെ ചുറ്റുമായി വളരെ പഴയ സംസ്കൃതത്തിലുള്ള അക്ഷരങ്ങളുണ്ട്. ഭാഷ പ്രാകൃതമാണ്. ശിവക്കന്ത വർമ്മന്റെ മയിഡവോലു പ്ലേറ്റിലെ ലിപിയാണ്. സംസ്കൃതപദങ്ങളായ മഹേശ്വരി, ബൃഹദ്ഫലായ ന, തെലുഗു ഗ്രാമമായ പംതൂര , ഇവ കാണാം. ഗുഹാലിഖിതശൈലിയാണ് (മയിദവോലു പോലെ) അർദ്ധമാഗധി വാക്കുകളുമുണ്ട്. 1, മുതൽ 8 വരെ സംഖ്യകളുണ്ട്. 10, 20 ഇവയുമുണ്ട്. ബൃഹദ് ഫലായനഗോത്രത്തിലെ മഹാരാജാ ജയവർമ്മന്റെ ലിഖിതമാണ്. അദ്ദേഹം മഹേശ്വരാരാധകനാണ്. തലസ്ഥാനം കൂദൂരയിൽ നിന്ന് അദ്ദേഹം താൻ പന്തൂര ഗ്രാമം (കുദൂരബാര) 8 ബ്രാഹ്മണർക്ക് ദാനം ചെയ്തതായി അറിയിക്കുന്നു. 10ആം ഭരണവർഷത്തിലാണ് ശാസനം പൂർവ്വപക്ഷപ്രഥമ നാളിൽ സൈനികോദ്യോഗസ്ഥൻ പകർത്തിഎഴു തുന്നത്.

ഈ ഗോത്രമോ ഈ രാജാവോ വേറെ ഒരു രേഖയിലുമില്ല. ശിവക്കന്തവർമ്മപല്ലവന്റെ കാലത്ത് ജീവിച്ച രാജാവാകണം. ഗൌതമിപുത്രശതകർണ്ണി യുടെ നാസിക് ലിഖിതത്തോടും വസിഷ്ഠപുത്രപുലു മായി ലിഖിതത്തോടും സാമ്യമുണ്ട്. ഈ രണ്ട് ആന്ധ്രരാജാക്കന്മാരുടെ കാലത്തിനടുത്താവണം ജയവർമ്മകാലവും. ലിപിയും വളരെ പുരാതന


മായ സംസ്കൃതമുള്ള സീലും ഇതിന് സാക്ഷ്യം വഹിക്കുന്നു. കൂദൂരഹാര ഗുദ്രഹാര (ഗുധ്രവാര, ഗുധ്രാര) എന്നതിന്റെ പ്രാചീനരൂപമാവണം. വിജയനന്ദിവർമ്മന്റെ പ്ലേറ്റുകളിലും ഈ നാമമുണ്ട്.

സ....പതോ വിജയകന്തവാരനഗര കൂടൂരാതോ മഹേശ്വരപാദപരിഗഹിതോ ബൃഹദ് ഫലായനസഗോതോ രാജാ സിരിജയവമ്മോ ആനാപയതി കൂടൂരേ വാപതം അംഹേ ദാനി അംഹ-വെജയികേ ആയു-വധനികേ ചബമ്മനാനം ഗോതമസഗോതജയപരശ സവഗുതജസ അസിയോ 3 കൊടിനസഗോതസ ഭവംനജസ അസിയോ ബെ 2 ഭാരദായസ രുദവെംനുജസ അംസി ദിവധാ -കംനായനസ ഈസരദത്തജസ അസി ദിവദാഒപമംനവസ രുദഗോസജസ അംശികാദ്ധ ചംജനാനം 8 അംസിയോ 20 4 കാടുന കൂടൂരഹാരേ ഗാമം പംതൂരാം ബമ്മദേയം ദദാമ ഏ്വതാംസി തം ഗാമ പാടൂര ബമ്മദേയം കാടുനാ ഒയപാപേഹി ഏ്വതസ ചസ ഗാമസ പംതൂരസ ബമ്മദേയം കാടൂന പരിഹാരേ വിതരാമ അപാപേസം അനോമസം അലോനഖാടകം അരത്തസംവിനയികം സവജാതപാരിഹാരികം ച എ്വതേഹി നം പരിഹരേഹി പരിഹരഹി ഏ്വതം ചസിം ഗാമം പാടൂരം ബമ്മദേയം കാതുന ഏ്വത നിബന്ധാപേഹി അവിയേന ആനതം സയം ഛതോ സിരിഅതസതാവിജയോ ദാതോ പടികാ സംവ 10 ഹേ പ 1 ദിവ മഹാതാഗിവരേന മഹാദംദനായകേന ബാപഹാനവമ്മേന കതാപി ബമ്മനാനാം സവഗുതജമഹാജനാനാം ജനാനാം 8 കൂടൂരഹാരേ പാംതൂരസ ബമ്മദേയസ


സീലിൽഃ- ബൃഹത്ഫലായനസഗോത്രസ്യ മഹാരാജ ശ്രീ ജയവമ്മനഃ



iii b.




iv a.



iv b.



v a.



കുടൂരയിലെ വ്യപതരോടാണ് (ഉദ്യോഗസ്ഥരോട്) ജയവമ്മൻ ആജ്ഞാപിക്കുന്നത്. ബ്രഹ്മദേയമാണ്. ഗൌതമഗോത്രത്തിലെ ഗൃഹസ്ഥനായ സർവ്വഗുപ്താ ര്യന് 8 ഭാഗം, താനവ്യഗോത്രത്തിലെ സവിഗിജന്ന് 3 ഭാഗം, കൌണ്ഡിന്യഗോത്രത്തിലെ ഭവണ്ണജന് 2 ഭാഗം ഭരദ്വാജഗോത്രത്തിലെ രുദവെണ്ണുജ (രുദ്രവി ഷ്ണ്വാചാര്യ) ന് ഒന്നര ഭാഗം, കാർഷ്ണോായന ഗോത്രത്തിലെ ഈശ്വരദത്താര്യന് ഒന്നര ഭാഗം, ഔപമന്യനായ രുദ്രഘോഷാചാര്യന് 1 ഭാഗം, കൌശികഗോത്രത്തിലെ കന്തരുദ്രാര്യന് അര ഭാഗം. ഈ ജില്ലയിലെ പാന്തൂരഗ്രാമം ബ്രഹ്മദേയമായി കൊടുത്തിരിക്കുന്നു. ഇതിന് എല്ലാ നികുതിയും ഒഴിവാക്കിയിരിക്കുന്നു. മറ്റുള്ളവർക്ക് ഇവിടെ ഉപ്പ് കുഴിക്കാനോ അരത്തസംവിനായികക്കോ പ്രവേശനത്തിനോ അനുവാദമില്ല. പന്തൂര ബ്രഹ്മ ദേയമാക്കിയതിന് പ്രമാണം ഉണ്ടാക്കുക. വാക്കാലാണ് ശാസനം കൊച്ചുത്തത്. ശാസനം രാജാവു തന്നെ ഒപ്പു വെച്ചു. ഭാഗ്യവും ധനവും ശക്തിയും (അധികാരവും) വിജയവും രാജാവ് അവർക്ക് സമ്മാനമായി നൽകി. ഹേമന്തത്തിലെ പൂർവ്വപക്ഷം ഒന്നാംദിവസം 10ആം ഭരണവർഷം , പത്രം ഉണ്ടാക്കിച്ചത് മഹാതാഗി വംശത്തിലെ മഹാദണ്ഡനായക ബാപഹാനവർമ്മൻ. കൂടൂരഹാരയിലെ ബ്രഹ്മദേയം പന്തൂര 8 ബ്രാഹ്മണർക്കും സവഗുപ്തജന്റെ നേതൃത്വത്തിലുള്ള മഹാജനങ്ങൾക്കും ജനങ്ങൾക്കുമായി കൊടുക്കുന്നു. മഹാരാജാ ജയവർമ്മൻ ബൃഹദ്ഫലായനഗോത്രം.

സിയാമംഗലത്തെ 2 ഗുഹാലിഖിതങ്ങൾ

വന്തവാസി താലൂക്ക് വടക്കേ ആർക്കോട്ട് ജില്ല, ദേസൂരിനടുത്താണ് സിയാമംഗലം. സ്തംഭേശ്വരം അഥവാ തൂണാണ്ടാർ എന്ന ശിവക്ഷേത്രം പാറ തുരന്ന ഗുഹാക്ഷേത്രമാണ്. പ്രവേശനദ്വാരത്തിന ടുത്ത് 2 ശിലാസ്തംഭമുണ്ട്. ഇവയിലാണ് 2 ലിഖിതം. കൂടാതെ നിരവധി ചോളലിഖിതങ്ങൾ ഗുഹാഭിത്തിയിലും പുറത്തെ പാറയിലുമുണ്ട്. (ക്ഷേത്രത്തിന്റെ വടക്കുകിഴക്കേ ഭാഗത്ത്) അതി ൽനിന്ന് സിയാമംഗലം ജയഗൊണ്ടചോളമണ്ഡ ലത്തിലെ പലഗുന്റകോട്ടം എന്ന ജില്ലയിലെ തെന്നാറ്റൂർ നാട്ടിലാണ് എന്ന് കാണുന്നു.

ലളിതാങ്കുരന്റെ ലിഖിതം.

വാതിലിന്റെ വലത്തുവശത്തെ തൂണിൽ. ഒരേ ഒരു സെസ്കൃതശ്ലോകം ആര്യാവൃത്തത്തിൽ. തൃശ്ശിനാ പ്പള്ളി, മഹേന്ദ്രവാടി ഗുഹാലിഖിതങ്ങളിലെ അതേ പഴയ ലിപി. അവനിഭാജനപല്ലവേശ്വരക്ഷേത്രം നിർമ്മിച്ചത് ലളിതാങ്കുരനെന്ന രാജാവാണെന്ന് ലിഖിതം പറയുന്നു. വള്ളം ഗുഹാലിഖിതത്തി ൽനിന്ന് മഹേന്ദ്രപോതരാജാവിന്റെ മറ്റൊരു നാമ മാണ് ലളിതാങ്കുരനെന്ന് കാണുന്നു. ഇദ്ദേഹം ഏഴാം നൂറ്റാണ്ടിന്റെ ആദ്യം ഭരിച്ച പല്ലവരാജാവ് മഹേന്ദ്രവർമ്മൻ 1 ആണെന്ന് വെങ്കയ്യ. പറയുന്നു. അതായത് മഹേന്ദ്രവർമ്മൻ പാറ തുരന്ന് നിർമ്മി ച്ച 4 ഗുഹാക്ഷേത്രം കണ്ടെത്തിയിട്ടുണ്ട്. മഹേന്ദ്രവാ ടി വിഷ്ണുവിനും മറ്റു മൂന്നും ശിവനുമാണ്. സിയാമംഗലം ഗുഹയുടെ അവനിഭാജനപല്ലവേ

ശ്വരനാമം അവനിഭാജനനെന്ന പല്ലവരാജാവിന്റെ നാമത്തിലാണ്. ഇതും മഹേന്ദ്രവർമ്മ 1 ന്റെ നാമമാണ്. തൃശ്ശിനാപ്പള്ളി വള്ളം ഗുഹകളിൽ ശത്രുമല്ല,(തൃശ്ശിനാപ്പള്ളി, വള്ളം) ഗുണഭര (തൃശ്ശിനാപ്പള്ളി, മഹേന്ദ്രവാടി, വള്ളം) എന്ന നാമങ്ങളും കാണാം. ഭുവനഭാജനനാമം പല്ലവനരസിംഹ, രാജസിംഹ ഇവരുടെ മാ്ല്ലപുരം , കാഞ്ചി ലിഖിതങ്ങളിൽ അവരുടെ നാമമായും ഉണ്ട്.

ലളിതാങ്കുരേണ രാജ്ഞാവനീഭാജനപല്ലവേശ്വരനാമാ കാരിതം ഏതത് സ്വധാഛ കരണ്ഡം ഇവ പുണ്യരത്നാനാം.

ലളിതാങ്കുരൻ അവനിഭാജനപല്ലവേശ്വരക്ഷേത്രം പണിയിച്ച്, സ്വന്തം ഇഛയാൽ പണിയിച്ച പെട്ടിയിൽ രത്നങ്ങളും സദ്കർമ്മങ്ങളും ഇവിടെ സമർപ്പിച്ചു.

വിജയനന്ദിവിക്രമവർമ്മന്റെ ലിഖിതം

മൂന്നാം ഭരണവർഷം. ഇടത്തെ തൂണിലെ ലിഖിതം. ഗംഗപല്ലവ വിജയനൃപതുംഗവിക്രമവർമ്മന്റെ അഛനാണ് വിജയനന്ദിവിക്രമവർമ്മൻ,ഇത് അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ ആദ്യത്തേതാണ്. വേറെ 5 രേഖ സാദുപ്പേരി, വിരിഞ്ചപുരം തിരുവല്ലം എന്നിവിടങ്ങളിൽ നിന്ന് കിട്ടി. അവ 9,62 ഭരണവർഷങ്ങളുടെ ഇടയിലാണ്. തമിഴ് ലിപി സ്വസ്തിശ്രീ ഗ്രന്ഥലിപി. ഭാഷ തമിഴ്. ജടിലവർമ്മന്റെ മദ്രാസ് മ്യൂസിയം പ്ലേറ്റു പോലെ പെരുമ്പാലൈയൂരിന് പെരുംപാലൂരെന്നും അളിയാമൽ എന്നതിന് അളിയാമൈ എന്നും പ്രയോഗിക്കു

ന്നു. മുഖമണ്ഡപത്തിന് മുഖമണ്ഡുഗം എന്ന് ഇതി വലും കൃഷ്ണ 3 യുടെ ഉക്കൽ ലിഖിതത്തിലും കാണാം.

വിജയനൃപതുംഗവർമ്മന്റെ ആംബൂർ പ്ലേറ്റ് 2 എണ്ണം, ഉത്തരമല്ലൂർ, ചിങ്കൽപേട്ട് ജില്ല 4 എണ്ണം, മുത്തശ്ശനായ വിജയദന്തിവിക്രമവർമ്മന്റെ 2, (ഇവ ലഭ്യമാണ്. കോവിലടിയിലെ തിരുച്ചെന്നാംപൂണ്ടി സാദൈയൂർ ക്ഷേത്രം 3 ലിഖിതം
വിജയനന്ദിവിക്രമന്റെ കാണുന്നു. ഇതിലെ 2 എണ്ണം നന്ദിപ്പൊട്ടരൈയാരിന്റെ മഹാരാജ്ഞി മാരംബാവൈ പരാമർശിക്കുന്നു. ഈ രാജ്ഞിയെ തഞ്ചാവൂരിലെ നിയമത്ത് രാഡകേസരിവർമ്മന്റെ (ചോള) ലിഖിത ത്തിലും പറയുന്നുണ്ട്.ഗംഗപല്ലവരുടെ ഭരണശേഷം വിജയനൃപതുംഗവിക്രമവർമ്മൻ ചോളരാജാവിന്റെ സാമനതനായിട്ടുണ്ടാവാം. ഗുഹാക്ഷേത്രത്തിനു മുന്നിലെ മണ്ഡപം ഗംഗാമുഖ്യനായ നേർഗുട്ടിയുടെ അനുവാദത്തോടെ ഊറ്റുക്കാട്ടുക്കൂട്ടത്തിലെ പെരുംപാലയൂ രിലെ മുഖ്യനായ അടവി നിർമ്മി ച്ചു. കാഞ്ചീപുരം താലൂക്കിലാണ് ഊത്തുക്കാട്ടു കാശക്കുടി പ്ലേറ്റിലെ പാലയൂരാണ് പെരുംപാലൈ യൂർ.

സ്വസ്തിശ്രീ കോ വിജൈയനന്ദിവിക്കിരമപരുമ ർക്കു യാണ്ടു മൂന്റാവതു ഊറ്റുക്കാട്ടുക്കോട്ടത്തു പ്പെരുംബാലൈയൂർ തിരുപ്പാലൈയൂർ
കിളവൻഅടവി ശ്രീഗംഗൈരായർ നേർഗുട്ടി
പെരുമാനടിർക്കു വിണ്ണപ്പഞ്ചെയ്തു അടവി
തന്റായാർ നങ്കൈ നങ്കൈയാർക്കാഗച്ചെയ്ത

ുഗമണ്ഡഗം ഇദളിയാമൈക്കാത്താൻ അടിയേൻ മുടി മേല

അടവിയുടെ അമ്മ നങ്കയുടെ സ്മരണക്കാണ് മുഖമണ്ഡപം. ഇതിനെ നശിക്കാതെ കാക്കുന്നവ രുടെ പാദം എന്റെ ശിരസ്സിൽ ധരിക്കുമെന്ന് പ്രതിജ്ഞയും ചെയ്യുന്നു.

Reference Epigraphica Indica Volume 6